marggam
Digital Library of Christianity in India
www.marggam.com



# തനിമയുടെ മധുഗീതി

# മാർഗ്ഗംകളി പാട്ട്



ഡോക്ടർ ജേക്കബ് വെള്ളിയാൻ
എസ്. കുര്യൻ വേമ്പേനി

www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# തനിമയുടെ മധുഗീതി

## മാർഗ്ഗംകളിപ്പാട്ട്

www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



MALAYALAM

**Thanimayude Madhugeethi**

**Margamkalipattu**

Sweet Melody of Identity: Songs of Margamkali

By **Dr. Jacob Vellian**

**S. Kurian Vembeni**

First Published: March 1995

Published By

**HADUSA,** The Department of Margamkali

All Indic Institute for Performing Arts

Chaithanya, S.H.Mount, Kottayam - 6.

Cover design

O. C. Raju

Rights Reserved

Typesetting & Page Lay out:

Supreme DTP, Kottayam - 1.

Printed at

Udaya Offset Printers, Kottayam.

Distributors

**CURRENT BOOKS**

Kottayam, Thiruvananthapuram, Kollam, Pathanamthitta, Alappuzha
Ernakulam, Aluva, Palakkad, Kozhikode, Vatakara, Thalassery, Kalpetta.

**Rs.25.00**

ISBN 81-240-0205-3

95/27-CIII-CBP. 726-1000-0395

www.knanayology.org



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# തനിമയുടെ മധുഗീതി

## മാർഗ്ഗംകളിപ്പാട്ട്

ഡോ. ജേക്കബ് വെള്ളിയാൻ
എസ്. കുര്യൻ വേമ്പേനി

കറൻറ് ബുക്സ്

കോട്ടയം തിരുവനന്തപുരം കൊല്ലം പത്തനംതിട്ട
ആലപ്പുഴ എറണാകുളം ആലുവ പാലക്കാട് കോഴിക്കോട്
വടകര തലശ്ശേരി കല്പറ്റ

വില 25.00 രൂപ

www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## ഡോ. വെള്ളിയാനും ശ്രീ. വെമ്പേനിയും സഹകരിച്ചെഴുതിയ കൃതികൾ

ഓർമ്മകളേ ഉണരൂ
കൈക്കുമ്പിളിൽ കനകനിധി
തനിമയിൽ പുലരുന്ന ഒരു ജനത
വല്ലംബ്രോസയിൽനിന്നും ഒരു സന്യാസലത
തനിമയുടെ മധുഗീതി

## വേമ്പേനിയുടെ കൃതികൾ

കലാമുകുളം
സ്മരണകളിലെ കുരിശ്
ചിതറിയ ചിത്രങ്ങൾ
ഓർമ്മയുടെ വഴിത്താരയിൽ
അധ്യാപനത്തിനു പുതിയരൂപം പുതിയഭാവം
ചങ്ങമ്പുഴ
വെളിച്ചംതേടി
മലരുകൾ മധുകണങ്ങൾ
ജീവിതദർശനം

## ഡോ. വെള്ളിയാൻെറ കൃതികൾ

എൻെറ ഓർമ്മയ്ക്കായി
ആരാധനാക്രമം നൂറ്റാണ്ടുകളിലൂടെ
അനുരഞ്ജനവേദി
റെഡിന്ത്യൻമാർ
ദൈവജനവും ബലിയർപ്പണവും
മാതൃമഹിമ
Rasa: The Solemn Qurbana of The Malabar Church
Romanization Tendency
Baptismal Rites
Holy Spirit in Syrian Baptismal Rites
Crown, Veils, Cross



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# മധുഗീതിക്കൊരു ആമുഖം

മരണംമൂലം ഇഷ്ടജനങ്ങൾ മറയുമ്പോൾ എല്ലാം മണ്ണോടു മണ്ണായി എന്നു നമുക്കു തോന്നുമെങ്കിലും മണ്ണിൽനിന്നും അവരുടെ സ്ഥാനം ഹൃദയത്തിലേക്കു മാറുകയാണ്, ഓർമ്മകളുടെ നാലുകെട്ടിലേയ്ക്ക്. ജീവിക്കുന്നവരേയും മരിച്ചവരേയും തമ്മിൽ ബന്ധിപ്പിക്കാൻ ഒരു സുവർണ്ണ ശൃംഖലയേയുള്ളു: ഓർമ്മകൾ!

കണ്ണിൽനിന്നു മറയുമ്പോൾ മനസ്സിൽനിന്നു മായുന്നതാണല്ലോ മനുഷ്യപ്രകൃതം. അതിനാലാണല്ലോ മൺമറഞ്ഞുപോയ ഇഷ്ടഭാജനങ്ങളുടെ ഓർമ്മയുണർത്തുന്ന എന്തെങ്കിലുമൊന്ന് — അവർ ഉപയോഗിച്ച ആടയാഭരണങ്ങളോ ശയ്യോപകരണങ്ങളോ — നാം പ്രത്യേകമായി സൂക്ഷിച്ചുവയ്ക്കുന്നത്. ഇത് സാധാരണക്കാരുടെ കാര്യം. ഭരണാധിപതികളും ലക്ഷാധിപതികളും പ്രിയപ്പെട്ടവരെ തങ്ങൾ എത്രയധികം സ്നേഹിച്ചിരുന്നുവെന്ന് വ്യക്തമാക്കുന്നതിനും തലമുറകളിലേയ്ക്കു അവരുടെ ഓർമ്മ പകരുന്നതിനുംവേണ്ടി സ്മാരകസൗധങ്ങൾതന്നെ പണിതുയർത്തുന്നു. അപ്രകാരമുള്ള ലോകപ്രശസ്ത മണിസൗധമാണല്ലോ ഷാജഹാൻ ചക്രവർത്തി തൻെറ പ്രാണപ്രേയസിക്കുവേണ്ടി കെട്ടിപ്പെടുത്ത ടാജ്മഹൽ! പ്രിയതമയ്ക്കുവേണ്ടി മാർബിളിൽ രചിച്ച ഒരു മഹാകാവ്യംതന്നെയാണത്!! ഡൽഹിയിലെ ചെങ്കോട്ടയ്ക്കുള്ളിൽ ദിവാനിവാസും മയൂരസിംഹാസനവും ഷാജഹാൻെറ സ്മരണ ഉണർത്തിക്കൊണ്ട് "ഭൂമിയിൽ ഒരു സ്വർഗ്ഗമുണ്ടെങ്കിൽ അതു ഇവിടെയാണ്, അതു ഇവിടെയാണ്...... "എന്നു ഉദീരണം ചെയ്തുകൊണ്ടിരിക്കുന്നു!

ഈജിപ്തിൽ പിയോപ്സ്! രാജാവിൻെറ സ്മരണകൾ അയവിറക്കിക്കൊണ്ട് "ഗ്രേറ്റ് പിരമിഡ് " വാനമേഘങ്ങളെ തൊട്ടുരുമ്മിക്കൊണ്ട് നിൽക്കുന്നു!

സ്മാരകങ്ങൾ പടുത്തുയർത്താനും പൂജ്യാവശിഷ്ടങ്ങൾ സൂക്ഷിക്കാനും കഴിയാതെപോയ സ്മരണീയരായ പൂർവ്വികരുടെ ഓർമ്മകൾ, വരും തലമുറയക്കു നൽകുവാൻ എന്തുണ്ടൊരു മാർഗ്ഗം? മൺമറഞ്ഞുപോയ വ്യക്തികളെ ഇന്നു സ്മരിക്കുമ്പോൾ ഓർമ്മകളിലൂടെ നാം അവർക്കൊരു പുനർജനനം നൽകുകയാണ് ചെയ്യുന്നത്. സ്മരണകൾവഴി അവർക്കൊരു ജീവിതമേകുവാൻ എന്താണു ചെയ്യേണ്ടത് ?

www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഈ ചിന്താധാരയിൽനിന്നു ഉരുത്തിരിഞ്ഞതാണു, മാർഗ്ഗംകളിപ്പാട്ടുപാടി ആട്ടം നടത്തിയ പൂർവ്വക്രിസ്ത്യാനികളുടേയും ആശാൻമാരുടേയും അവരുടെ പിൻഗാമികളുടേയും ഓർമ്മയ്ക്കുവേണ്ടി ഒരു ഗ്രന്ഥരചന നടത്താമെന്ന ഞങ്ങളുടെ ആശയം. ഈ ആശയത്തിന്റെ രൂപപരിണാമമാണ് ***തനിമയുടെ മധുഗീതി.***

ശ്രീ. പി. യു. ലൂക്കാസ് പ്രസാധനം ചെയ്ത "മലയാളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ട്" കളിലൂടെയാണ് ആദ്യമായി 'മാർഗ്ഗംകളിപ്പാട്ട്' വെളിച്ചംകണ്ടത്. അതിനെ ആധാരമാക്കിയും, ക്രിസ്തീയ പുരാതനപ്പാട്ടുകളുടെ നിക്ഷേപമായ താളിയോലഗ്രന്ഥങ്ങൾ പരിശോധിച്ചും ക്രമപ്പെടുത്തിയ മാർഗ്ഗംകളിപ്പാട്ടാണ് ഞങ്ങൾ ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ളത്.

കളിയാശാൻമാർ പാടിപ്പാടി പാട്ടിന്റെ പ്രാചീനതയ്ക്കു ഭംഗം വരുത്തുന്ന പദങ്ങൾ മാർഗ്ഗംകളിപ്പാട്ടിൽ വന്നുകൂടിയിട്ടുണ്ട്. തിരവിയത്തിനു ദ്രവ്യം, ചവത്തിനു പകരം ശവം മുതലായവ ഉദാഹരണങ്ങളാണ്. ഇപ്രകാരം വന്നുചേർന്നിട്ടുള്ള പദങ്ങൾ താളിയോലഗ്രന്ഥം നോക്കിയാണ് തിരുത്തിയിരിക്കുന്നത്.

ഔദ്യോഗിക കൃത്യാന്തരബാഹുല്യങ്ങൾക്കിടയിൽ ഇപ്പുസ്തകം സഹൃദയ സമക്ഷം അവതരിപ്പിക്കുന്ന പരിണത പ്രജ്ഞനും സഭാ പണ്ഡിതനുമായ ഡൽഹി ഹൈക്കോടതി ജസ്റ്റീസ് ശ്രീ. സിറിയക് ജോസഫിനോടു ഞങ്ങൾക്ക് നിസ്സീമമായ കൃതജ്ഞതയുണ്ട്.

ഈ മധുഗീതിക്കു അഭിപ്രായം കുറിച്ച രണ്ടു മഹത് വ്യക്തികളുണ്ട്: കാലടി അദ്വൈതാശ്രമത്തിലെ സ്വാമി പുരന്ദരാനന്ദൻ, പണ്ഡിതരത്നം ഏ. ശങ്കരവർമ്മ. ഇരുവർക്കും ഞങ്ങളുടെ ഹൃദയംഗമമായ നന്ദി.

ഈ പുസ്തകത്തിലെ ചരിത്രപരാമർശം മുഴുവൻ സസൂക്ഷ്മം പരിശോധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ തന്ന റോമൻ പൗരസ്ത്യ യൂണിവേഴ്സിറ്റിയിലെ പ്രോഫസറും സഭാചരിത്രപണ്ഡിതനുമായ റവ. ഡോ. ജേക്കബു കൊല്ലാപറമ്പിലിനു ഞങ്ങളുടെ ഹൃദയപൂർവ്വകമായ സ്നേഹാദരസ്മരണകൾ.

**ഡോ. ജേക്കബ് വെള്ളിയാൻ** | **എസ്. കുര്യൻ വേമ്പേനി**

ഡയറക്ടർ, ഹാദൂസാ, കോട്ടയം
1995 മാർച്ച് 10



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## ഉള്ളടക്കം

സഹൃദയ സമക്ഷം
*ജസ്റ്റീസ് സിറിയക് ജോസഫ്, ഡൽഹി.*

മധുഗീതി ഉണർത്തിയ ആത്മഗീതി
*ശ്രീ. പുരന്ദരാനന്ദ സ്വാമികൾ, കാലടി*

സൗകുമാര്യമുണർത്തിയ ചിന്താശകലങ്ങൾ
*എ. ശങ്കരവർമ്മ, കാലടി*

1. മാർഗ്ഗംകളിയുടെ തിരുമുറ്റത്ത് 17
2. മാർഗ്ഗംകളി: ഉപജ്ഞാതാക്കളുടെ ചരിത്രം 25
3. ഗാനം - ഗാനകല 38
4. മാർഗ്ഗംകളിയും മാർഗ്ഗംകളിപ്പാട്ടും 43
5. മാർത്തോമ്മായുടെ നടപടികൾ 52
6. സെറൂഗിലെ യാക്കോബിന്റെ പ്രസംഗങ്ങൾ 70
7. തനിയമയുടെ മധുഗീതി 75
8. മാർഗ്ഗംകളി, പതിന്നാലു പാദങ്ങളിൽ 87



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# സഹൃദയ സമക്ഷം

കേരളത്തിലെ സ്കൂൾ യുവജനോത്സവ വേദികളിൽ എക്കാലത്തും ഏറ്റവും ജനപ്രീതിയുള്ള മത്സര ഇനങ്ങൾ സമൂഹനൃത്തം, ഒപ്പന എന്നിവയായിരുന്നു. അടുത്തകാലത്ത് 'മാർഗ്ഗം കളി' എന്ന കലാരൂപവും മേൽപ്പറഞ്ഞ കലാരൂപങ്ങൾക്കൊപ്പം ജനപ്രീതിയാർജ്ജിച്ചിട്ടുണ്ട്. സുറിയാനി ക്രിസ്ത്യാനികളുടെ, വിശിഷ്യാ ക്നാനായ ക്രൈസ്തവരുടെ, കുടുംബ സദസ്സുകളിലും സാമൂഹ്യാഘോഷങ്ങളിലും മാത്രമരങ്ങേറിയിരുന്ന മാർഗ്ഗംകളി, ഇന്ന് മതപരവും സാമുദായികവും സാമൂഹ്യവുമായ അതിർവരമ്പുകൾ കടന്ന്, കേരളീയ സാംസ്കാരിക ജീവിതത്തിൻെറ ഭാഗമായി കഴിഞ്ഞിരിക്കുന്നു. എന്നാൽ മനോഹരമായ ഈ രംഗകലയുടെ ചരിത്രപരവും മതപരവും സാമൂഹികവും കലാപരവുമായ മാനങ്ങളെക്കുറിച്ച് വേണ്ടത്ര അറിവ് കലാസ്നേഹികൾക്കു പോലുമില്ല. അപ്രകാരം അറിവു പകർന്നു നൽകത്തക്ക നിലവാരമുള്ള ഗ്രന്ഥങ്ങളുമില്ല. ഈ കുറവു പരിഹരിക്കുന്നതിനുള്ള ഉദാത്തമായ ഒരു ഉദ്യമമാണ് '*തനിമയുടെ മധുഗീതി - മാർഗ്ഗംകളിപ്പാട്ട്*' എന്ന ഗ്രന്ഥം. ഗൗരവമുള്ള ഗവേഷണത്തിനും ആഴമേറിയ പഠനത്തിനും ശേഷം തയ്യാറാക്കപ്പെട്ട ഈ ഗ്രന്ഥം കലാസ്നേഹികൾക്കും സാഹിത്യ കലാവിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുമെന്നതിൽ സംശയമില്ല. ഈ ഗ്രന്ഥത്തിൽ നാട്യശാസ്ത്രത്തെക്കുറിച്ചും നൃത്തകലയെക്കുറിച്ചും ഹ്രസ്വമായി പ്രതിപാദിച്ചിട്ടുണ്ട്. 'മാർഗ്ഗംകളി' എന്ന ദൃശ്യകലയെ സമഗ്രമായി പഠിക്കുന്നതിന് ഇതുപകരിക്കും. തനതായ വ്യക്തിത്വവും ചരിത്രവും പാരമ്പര്യവും സാമൂഹ്യാചാരങ്ങളുമുള്ള ഒരു ക്രൈസ്തവ വിഭാഗമായ ക്നാനായ ക്രിസ്ത്യാനികളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഈ പുസ്തകം അവസരമൊരുക്കുന്നു. മാർഗ്ഗംകളി ക്നാനായ ക്രിസ്ത്യാനികളുടെ തനതായ നാട്യകലാരൂപമാകയാൽ, മാർഗ്ഗംകളിയെക്കുറിച്ചുള്ള പഠനത്തിൽ ക്നാനായ ക്രിസ്ത്യാനികളുടെ ചരിത്രവും പാരമ്പര്യങ്ങളും കടന്നുവരുക സ്വാഭാവികം മാത്രമാണ്. മാർഗ്ഗംകളിയുടെ ആത്മാവും ഓജസ്സുമായ മാർഗ്ഗംകളിപ്പാട്ടുകളുടെ ഇതിവൃത്തം വിശദീകരിക്കുന്ന



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



തോടൊപ്പം അവയുടെ മധുരിമ അനുഭവവേദ്യമാക്കുന്നതിലും ഗ്രന്ഥകർത്താക്കൾ വിജയിച്ചിട്ടുണ്ട്. ക്രൈസ്തവ വിജ്ഞാനീയം പരിചയമില്ലാത്തവർക്ക് ക്രൈസ്തവ ദർശനത്തെക്കുറിച്ച് അല്പം ഉൾക്കാഴ്ച ലഭിക്കുന്നതിനും ക്രിസ്തു ശിഷ്യനായിരുന്ന സെൻറ് തോമസിൻെറ പ്രേഷിത ജീവിതത്തെക്കുറിച്ചറിയുന്നതിനും ഈ പുസ്തകം അവസരം നൽകുന്നു. ചില സ്ഥലങ്ങളിൽ ഭാരതീയ സങ്കൽപങ്ങളെക്കുറിച്ചും ചിന്താധാരകളെക്കുറിച്ചും പുരാണ കഥാപാത്രങ്ങളെക്കുറിച്ചും സാന്ദർഭികമായി പരാമർശിച്ചിട്ടുള്ളത് മാർഗ്ഗംകളിപ്പാട്ടുകളെ, ഭാരതീയ പശ്ചാത്തലത്തിൽ മനസ്സിലാക്കുന്നതിനും ആസ്വദിക്കുന്നതിനും സഹായിക്കുന്നുണ്ട്. സർവ്വമതസമഭാവന നിലനിർത്തേണ്ട നമ്മുടെ രാഷ്ട്രത്തിൽ തെറ്റിദ്ധാരണ ഉണ്ടാക്കുന്നതിനും തെറ്റായ സൂചനകൾ നൽകുന്നതിനും സാധ്യതയുള്ള ചില പാട്ടുകളെ ഉചിതമായ പശ്ചാത്തല വിശദീകരണത്തിലൂടെയും സോദ്ദേശകമായ വ്യാഖ്യാനത്തിലൂടെയും നിരുപദ്രവമാക്കാൻ ഗ്രന്ഥകർത്താക്കൾ നടത്തിയിട്ടുള്ള ശ്രമം ശ്ലാഘനീയമാണ്.

ഗവേഷകനും പണ്ഡിതനുമായ റവ. ഡോ. ജേക്കബ്ബ് വെള്ളിയാനേയും, സാഹിത്യോപാസകനും കലാനർമ്മജ്ഞനുമായ ശ്രീ. എസ്. കുര്യൻവേമ്പേനിയേയും ഹാർദ്ദവമായി അനുമോദിക്കുന്നു. ഈ ഗ്രന്ഥം കേരളത്തിൻെറ സാംസ്കാരിക പൈതൃകത്തെ കൂടുതൽ ധന്യമാക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഈ ***മധുഗീതി*** സഹൃദയ ലോകത്തിനു മുൻപിൽ സമർപ്പിക്കുന്നു.

**ജസ്റ്റീസ് സിറിയക് ജോസഫ്**
*ഡൽഹി ഹൈക്കോടതി ജഡ്ജി*

ഡൽഹി
1-3-95



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# "മധുഗീതി" ഉണർത്തിയ ആത്മഗീതി

സുഖത്തെ ആഗ്രഹിച്ചുകൊണ്ട് ലോകത്തു പ്രവർത്തിക്കുന്ന മനുഷ്യർക്കു ഒരു ലക്ഷ്യവും മാർഗ്ഗവും കാണിച്ചുകൊടുക്കുകയാണു മതങ്ങൾ ചെയ്യുന്നത്. ഈ ലോകത്ത് അനുഭവിക്കുന്ന സുഖം ഭൗതികമാകയാൽ ഒരിക്കലും നിത്യമാക്കുവാൻ സാദ്ധ്യമല്ലെന്നാണു സനാതന ധർമ്മം ഉപദേശിക്കുന്നത്.

നശ്വരങ്ങളായ ഭൗതിക കാര്യങ്ങളിൽനിന്നും നിത്യവും നിരതിശയവുമായ സുഖം ലഭിക്കുക സാദ്ധ്യമല്ലെന്നറിഞ്ഞ ഭാരതീയ ഋഷീശ്വരൻമാർ അവരുടെ ഗവേഷണത്തെ ബാഹ്യലോകത്തുനിന്നും ആന്തര ലോകത്തിലേക്കു തിരിക്കുകയാണു ചെയ്തത്. അതിന്റെ ഫലമാണ് ആദ്യനാട്യം സ്വർഗ്ഗത്തിൽ അരങ്ങേറി എന്ന ഭരതമുനിയുടെ പ്രസ്താവം. ഏകാന്തമായ വനാന്തരങ്ങളിൽവച്ചു ചെയ്ത നിരീക്ഷണ പരീക്ഷണങ്ങളുടെ ഫലമായി, ഈ പ്രപഞ്ചപ്രതിഭാസങ്ങളുടെയെല്ലാം മൂലകാരണം ആത്മാവാണെന്നും ഋഷീശ്വരൻമാർ കണ്ടെത്തി. ആ ഏകത്വദർശനമാണു ഭാരതീയ സംസ്കാരത്തിന്റെ കാതലായ ഭാഗം.

മതങ്ങൾ ദൈവാനുഭൂതിയ്ക്കുള്ളവയാണ്. നാമം, രൂപം, മാർഗ്ഗം ഇവയിൽ ഉള്ള വ്യത്യാസം മാത്രം. ആരാണോ അനുഭൂതിക്കു ശ്രമിക്കുന്നത് അവനു ശാന്തി ലഭിക്കുന്നു. ഹിന്ദുവും, ക്രിസ്ത്യാനിയും മുസ്ലൽമാനും അവരവരുടെ മാർഗ്ഗത്തിൽ സഞ്ചരിക്കട്ടെ. ശാന്തി അനുഭവ വേദ്യമാകട്ടെ.

ക്രിസ്തുമാർഗ്ഗം പ്രഘോഷിക്കുവാൻ ഭാരതത്തിലെത്തിയ മാർത്തോമ്മായുടെ കഥയാണ് *തനിമയുടെ മധുഗീതി* അഥവാ മാർഗ്ഗംകളിപ്പാട്ട് എന്ന ഈ കൃതി. മഹാ പുരുഷൻമാരുടെ മാർഗ്ഗം തേടുന്നതുതന്നെയാണു മുക്തിമാർഗ്ഗം. ക്ഷേത്രോപാസനയായി ആചരിച്ചുവന്ന കേരളകലകളെപ്പോലെ മാർഗ്ഗംകളിയും മാർഗ്ഗംകളിപ്പാട്ടും ഈശ്വരോപാസനയ്ക്കായി ഭവിക്കട്ടെ.

എന്റെ അപരാവിദ്യാഗുരുവും സഹൃദയനുമായ ശ്രീ. എസ്. കുര്യൻവെമ്പേനിയും, ഡോ. ജേക്കബ് വെള്ളിയാനുമാണു ഈ കൃതിക്കു രൂപംകൊടുത്തിട്ടുള്ളത്. ഇവർക്കു ഈശ്വരകൃപയും ഈ കൃതിക്കുപ്രചുരപ്രചാരവും ലഭിക്കട്ടെ എന്നു ആശംസിച്ചുകൊള്ളുന്നു.

**ശ്രീ. പുരന്ദരാനന്ദ സ്വാമികൾ**
*ശീരാമകൃഷ്ണ അദ്വൈതാശ്രമം, കാലടി.*

www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## *ഭരതമുനിയുടെ നാട്ടിൽ നാട്യകലയുടെ തിരുമുറ്റത്ത് അരങ്ങേറിയ മാർഗ്ഗംകളിപ്പാട്ടിൻേറയും മാർഗ്ഗംകളിയുടെയും ആമുഖ സൗകുമാര്യമുണർത്തിയ ചിന്താശകലങ്ങൾ*

നാട്യശാസ്ത്രത്തിൻെറ ഉപജ്ഞാതാവു ഭരതമുനിയാണ്. കലകളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് നാട്യകല. മനഃപ്രസാദത്തിനും ശാന്തിക്കും വേണ്ടി കലകൾ ഉപയോഗിക്കപ്പെടുന്നു.

ശിവനു തണ്ഡു എന്നൊരു ശിഷ്യൻ ഉണ്ടായിരുന്നുവെന്നും അദ്ദേഹം ആദ്യമായി നാട്യസഹിതം നൃത്തം അഭ്യസിപ്പിച്ചതു തണ്ഡുവിനെയാണെന്നും പ്രസിദ്ധിയുണ്ട്. അതിനാലാണ് ശിവനു തണ്ഡുപ്രിയൻ എന്നു പേരുണ്ടായതെന്നു പറയുന്നു. ശിവതാണ്ഡവം സുപ്രസിദ്ധമാണ്. പ്രദോഷസമയങ്ങളിൽ ശിവനു സച്ചിദാനന്ദത്തിൽ ലയിച്ചുകൊണ്ടുള്ള നൃത്തമുണ്ട്. ഭസ്മരുദ്രാക്ഷാദികൾ ധരിച്ചു ഉടുക്കു കൊട്ടിക്കൊണ്ട് ഒറ്റക്കാലിൽ നിന്നാണ് ആ നൃത്തം.

നൃത്താവസാനേ നടരാജരാജോ
നനാദ ഢക്കാം നവപഞ്ചവാരം
ഉദ്ധർത്തുകാമഃ സനകാദിസിദ്ധാ-
നേതദ്വിമേർശ ശിവസൂത്രജാലം.

നടരാജരാജൻ, നൃത്താവസാനം ഢക്കാ പതിന്നാലു പ്രാവശ്യം മുഴക്കിയെന്നും അതു സനകാദി മഹർഷിമാരെ സച്ചിദാനന്ദ കോടിലേയ്ക്കു ഉദ്ധരിക്കുവാനാണെന്നും കാണുന്നു. ആ പതിനാലു ശബ്ദങ്ങൾ അവിടെ തപസ്സുചെയ്തുകൊണ്ടിരുന്ന പാണിനി ഗ്രഹിച്ചുവെന്നും അതാണ് ശിവസൂത്രജാലമായ സൂത്രങ്ങളായതെന്നും അഭിയുക്തൻമാർ പറയുന്നു. പാണിനീ പ്രോക്തമായ വ്യാകരണ ശാസ്ത്രം സകല ഭാഷകളിലും വ്യാപിച്ചിട്ടുണ്ട്.

എല്ലാ സമുദായത്തിലും ഹൃദയാഹ്ലാദകരങ്ങളായ ഗാനനൃത്താദിനയകലകളുണ്ട്. അങ്ങനെയുള്ള ഒരു നടനകലയാണ് മാർഗ്ഗം കളിയും അതിനാധാരമായ മാർഗ്ഗംകളിപ്പാട്ടും. ദുരിതങ്ങളിലും വിഷമങ്ങളിലും മറ്റനേകം കെട്ടുപാടുകളിലും കുടുങ്ങിക്കിടക്കുന്ന മാനവ സമുദായത്തിന് മനോവിനോദം പ്രദാനം ചെയ്യാൻ ഈ *തനിമയുടെ മധുഗീതി* ഉപകരിക്കട്ടെ.

പണ്ഡിതരത്നം
എ. ശങ്കരവർമ്മ
കാലടി.

www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# 1

# മാർഗ്ഗംകളിയുടെ തിരുമുറ്റത്ത്

**ക്ഷേ**ത്രോപജീവിയാണ് ദൃശ്യകലകൾ. കൂത്ത്, കൂടിയാട്ടം, കഥകളി തുടങ്ങിയ ദൃശ്യകലാരൂപങ്ങൾ ക്ഷേത്രസന്നിധാനത്തിൽ ഗീതവാദ്യങ്ങളുടെ ഈറ്റില്ലത്തിലാണ് പിറന്നത്.

ഭൂമുഖത്തു ആദ്യമായി ഗീതനൃത്തനാടകങ്ങൾ രചിച്ച് വിജയം വരിച്ച ഗ്രീസിൽ അവ മുളയെടുത്തത്, ബാക്കസ് ദേവിയുടെയും ഡയനീഷ്യസ് ദേവന്റേയും ക്ഷേത്രസന്നിധിയിലായിരുന്നു.ഈശ്വരസാന്നിദ്ധ്യം വിളിച്ചറിയിക്കുന്ന ആരാധനാലയങ്ങളോടു ബന്ധപ്പെട്ട എല്ലാറ്റിനും ഒരു ദൈവിക പരിവേഷമുള്ളതായി പൂർവ്വികൻമാർ വിശ്വസിച്ചിരുന്നു. തൻനിമിത്തം ക്ഷേത്രത്തോടു ബന്ധപ്പെട്ട വ്യക്തികൾക്കും വസ്തുക്കൾക്കും ലഭിച്ചത്ര ദൈവിക മഹത്വം ക്ഷേത്രകലകൾക്കും ലഭിച്ചു.

## *നാട്യോല്പത്തി*

ഈ ലോകം നശ്വരം. ജീവിതാനന്ദം, നൈമിഷികവും ദുരന്തപര്യവസായിയും എന്നു കണ്ടറിഞ്ഞിട്ടുള്ള ഭരതമുനി അലൗകികാനന്ദപ്രദായിനിയായ നാട്യകലയെ അനശ്വരാനന്ദമയിയായ സ്വർഗ്ഗത്തോട് ബന്ധപ്പെടുത്തി ചിന്തിച്ചു. ആ ചിന്താസന്താനമാണ് " ആദ്യനാട്യം സ്വർഗ്ഗത്തിൽ അരങ്ങേറി" എന്നഭാവന.

| | | |
|---|---|---|
| നാട്യശാലയുടെ ശില്പി | - | ബ്രഹ്മാവ് |
| രംഗസംവിധാനം | - | ദേവൻമാർ |
| നൃത്തം | - | പരമശിവൻ |
| കാവ്യസംഗീതം | - | മഹാവിഷ്ണു |

ഈ നാട്യകലയുടെ വിധാതാവോ? ബ്രഹ്മാവ് !



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ചതുർ വേദങ്ങളുടെ സത്ത കടഞ്ഞെടുത്ത് പഞ്ചമവേദമായി അദ്ദേഹം നാട്യകലയെ സൃഷ്ടിച്ചു.

ഋഗ്വേദത്തിൽ നിന്നു കഥാതന്തു
സാമവേദത്തിൽ നിന്നു സംഗീതം
യജ്ജുർ വേദത്തിൽനിന്നു അഭിനയം
അഥർവ വേദത്തിൽ നിന്നു രസം.

ഇതിൽപ്പരമെന്തുവേണം ഭാരതീയർക്കു നാട്യം പ്രിയങ്കരമാകാൻ? മനോവിനോദവും മനഃസംസ്ക്കരണവുമായിരുന്നു നാട്യാദികല കളുടെ ലക്ഷ്യം.

നാട്യോല്പത്തിയെക്കുറിച്ചുള്ള ഭരതമുനിയുടെ വിവരണം അദ്ദേഹത്തിന്റെ അഭിപ്രായമോ ഐതിഹ്യമോ ആയിട്ടേ ധരിക്കേണ്ടതുള്ളു. ആധുനിക നിരൂപകൻമാർ ഭരതമുനിയുടെ അഭിപ്രായം അംഗീകരിക്കാനിടയില്ല. അനുനിമിഷം വികസിച്ചുകൊണ്ടിരിക്കുന്ന സംസ്ക്കാരമാണ് നാട്യോൽഭവത്തിനു ഹേതുവെന്നേ അവർ കരുതുന്നുള്ളു.

കൃഷ്ണഭക്തരുടെ ഘോഷയാത്ര, പാട്ട്, നൃത്തം എന്നിവ നാട്യോൽപത്തിക്കു നിദാനമായിത്തീർന്നുവെന്നു കൃഷ്ണഭക്തിമതക്കാർ അഭിപ്രായപ്പെടുന്നുണ്ട്. ഇതോടൊപ്പം ശിവഭക്തി, രാമഭക്തി എന്നിവയൊക്കെ നാടകനിർമ്മിതിക്കു കാരണമായിത്തീർന്നുവെന്ന വാദമുഖങ്ങളുമുണ്ട്.

മഹാഭാരതത്തിലും ബാലരാമായണത്തിലും കഥാസരിത്സാഗരത്തിലും പാവകളിയെക്കുറിച്ചുള്ള പരാമർശനങ്ങളുണ്ട്. നൃത്തമാടുന്ന പാവ, വെള്ളം കൊണ്ടുവരുന്ന പാവ, ചോദ്യങ്ങൾക്കുത്തരം നൽകത്തക്ക രീതിയിൽ വായിൽ തത്തയെ തിരുകിയ സീതാരൂപത്തിലുള്ള പാവ, ഇങ്ങനെയുള്ള പാവകളിയിൽ നിന്ന് ഉരുത്തിരിഞ്ഞതാവാം നാട്യമെന്ന് അഭിപ്രായപ്പെടുന്ന പണ്ഡിതൻമാരുമുണ്ട്.

ജീവിച്ചിരിക്കുന്ന വ്യക്തികളെയും അവരുടെ പ്രവർത്തനങ്ങളേയും പരിഹാസരൂപത്തിൽ അവതരിപ്പിക്കുന്ന ഒരു പ്രവണത മനുഷ്യനുണ്ടല്ലോ. ഈദൃശപരിഹാസഭാവനയിൽ നിന്നാകാം നാട്യമുണ്ടായതെന്നു അഭിപ്രായവുമുണ്ട്. (Hillebrand)

## *നാട്യശാസ്ത്രം*

**കർത്താവ്, കാലം.**

ഭരതമുനിയാണ് നാട്യശാസ്ത്രത്തിന്റെ കർത്താവ്. നാട്യശാസ്ത്രം ഒന്നാം അധ്യായത്തിൽ മുപ്പത്തിയാറു ശ്ളോകങ്ങളിലായി അദ്ദേഹം നാട്യത്തിന്റെ ഉൽഭവ കഥ വിവരിക്കുന്നു.

സത്യയുഗമായ കൃതയുഗം അവസാനിച്ചു. സത്യവും, ധർമ്മവും, നീതിയും, ക്രമേണ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ത്രേതായുഗം ആരം



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഭിച്ചു. മനുഷ്യരാശിയിൽ ദുഃഖം നിഴലിച്ചു തുടങ്ങി. അപ്പോൾ ഇന്ദ്രന്റെ നേതൃത്ത്വത്തിൽ യക്ഷഗന്ധർവ്വന്മാരും, ദേവാസുരന്മാരുമെല്ലാം ഒത്തൊരുമിച്ച് ബ്രഹ്മാവിന്റെ പക്കൽ ചെന്നു ദുഃഖനിവൃത്തിക്കായി അപേക്ഷിച്ചു. ബ്രഹ്മാവിന് ദുഃഖാകുലരായ മനുഷ്യരുടെ മേൽ കൃപ തോന്നി. മനുഷ്യന് കാണാനും കേൾക്കാനും ഉൽക്കൃഷ്ടവും അനശ്വരവുമായ നാട്യവേദത്തെ സൃഷ്ടിച്ചു. ഈ നാട്യത്തെ ഭരതമുനിക്കു നൽകുകയും ചെയ്തു.

നാട്യശാസ്ത്രത്തിന് നാട്യസൂത്രമെന്നും പേരുണ്ട്. നാട്യ ശാസ്ത്രം ആധുനിക ലോകത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതു പാശ്ചാത്യ പണ്ഡിതന്മാരാണ്. എഫ്. ഹാൾ (F. Hall) പോൾ റെഞ്ഞോ (Paul Regnaud) ജെ. ഗ്രോസേ (J. Grosset) എന്നിവരാണ് ആ പണ്ഡിതന്മാർ. 1894-ൽ ആണ് നാട്യശാസ്ത്രം പൂർണ്ണമായി പ്രകാശനം ചെയ്യപ്പെട്ടത്. ശിവദത്തനും, കാശീനാഥ് പാണ്ഡുരംഗ്പരബും ചേർന്ന് ബോംബേയിൽ നിന്നാണ് ഇതു പ്രസിദ്ധീകരിച്ചത്.

(കാവ്യമാല ബോംബെ 1894)

നാട്യശാസ്ത്രത്തിന്റെ രചനാകാലത്തെ സംബന്ധിച്ച് പണ്ഡിതന്മാരുടെയിടയിൽ വിവിധാഭിപ്രായങ്ങളാണുള്ളത്.

ക്രിസ്തുവിനു മുൻമ്പ് അഞ്ചാം നൂറ്റാണ്ടെന്നും ഒന്നാം നൂറ്റാണ്ടെന്നും രണ്ടാം നൂറ്റാണ്ടെന്നും അതല്ല ക്രിസ്തുവിനുശേഷം മൂന്നാം നൂറ്റാണ്ടാണെന്നുമൊക്കെയുള്ള അഭിപ്രായങ്ങളാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ചന്ദ്രഗുപ്തമൗര്യന്റെ കാലത്തോ അതിനു മുൻപോ - അതായതു ക്രിസ്തുവിനു മൂന്നുനാലു ശതകങ്ങൾക്കു മുൻപ് നാട്യശാസ്ത്രം രചിച്ചുവെന്നുള്ളതാണ് പൊതുവേ സ്വീകാര്യമായ അഭിപ്രായം.

*നൃത്തം - നാട്യശാസ്ത്രത്തിന്റെ അടിത്തറ.*

വികാരവിചാരങ്ങളുടെ പ്രചോദനത്താൽ അഭിനയമല്ലാതെ താളാനുസൃതമായി നടത്തുന്ന ശാരീരിക ചലനങ്ങളെ നൃത്തമെന്നു പറയാം.

അഭിനയ ദർപ്പണത്തിൽ നൃത്തത്തെ ഇപ്രകാരമാണ് നിർവ്വചിക്കുന്നത്.

രസഭാവ വിഹിനന്തു നൃത്തമിത്യഭിധീയതേ.

സംഗീതരത്നാകരത്തിൽ പറയുന്നു:

ഗാത്രവിക്ഷേപമാത്രന്തു-
സർവ്വാഭിനയവർജ്ജിതം
ആംഗികോക്തപ്രകാരേണ നൃത്തം
നൃത്ത വിദോവിദു.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



"നൃത്തം താളലയാശ്രിതം" എന്നു ദശരൂപകാരികയിൽ പറയുന്നു. ഈ പ്രകൃതിതന്നെ നൃത്തവിലോലയാണ്.

കാർമേഘങ്ങൾ കണ്ടു മയിലുകൾ നൃത്തമാടുന്നു. രസനിഷ്യന്ദിയായ രാഗം കേട്ട് സർപ്പങ്ങൾ ഫണം വിരിച്ചാടുന്നു. മധുവുണ്ണാൻ വരുന്ന കരിവണ്ടുകൾ നറു സുമങ്ങൾക്കു ചുറ്റും മധുരരാഗം മൂളി നൃത്തം വയ്ക്കുന്നു. കുളിർകാറ്റിൽ പൂവല്ലികൾ ആടിക്കളിക്കുന്നു. ജലാശയങ്ങളിൽ തരംഗ രമണിമാർ ആലോല നടനം ചെയ്യുന്നു.

ലോകമെമ്പാടുമുണ്ടായിരുന്ന ആദിവാസികളുടെ നൃത്തം പ്രകൃതിയെ കണ്ടും, നിരീക്ഷിച്ചുംപഠിച്ചതാവണം. സന്തോഷത്തികവിലും വിനോദമേളയിലും കരചരണങ്ങൾ ചലിപ്പിച്ചു ആദിമനുഷ്യർ നൃത്തം ചെയ്തു. നൃത്തമെന്ന വാക്കുകേൾക്കുന്നതിനു എത്രയെത്രയോ വർഷം മുൻപുതന്നെ നടന്ന നൃത്തമാണത് !

വികാരാവേശത്താൽ വദനേന്ദ്രിയങ്ങളും കരചരണങ്ങളും ചലിപ്പിച്ചു വട്ടം ചവിട്ടുന്ന മനുഷ്യൻ, പരപ്രേരണ കൂടാതെ തന്നെ ശബ്ദവും പുറപ്പെടുവിച്ചുപോകുന്നു. അങ്ങനെ നൃത്തത്തിൽ ആംഗ്യചലനത്തോടൊപ്പം സംഗീതവും ഉൾച്ചേർന്നു. പൂവും ഗന്ധവും പോലെ ആംഗ്യചലനങ്ങളും സംഗീതവും സമ്മേളിച്ചു നൃത്തപുഷ്പം വിരിഞ്ഞു. പരിഷ്ക്കാര സംസ്ക്കാരങ്ങളുടെ വളർച്ചയോടെ നൃത്തം ഒരു സുകുമാര കലയായി പരിണമിച്ചു. മനുഷ്യരാശിയോളം പഴക്കമുള്ളതാണ് നൃത്തകല. ബി.സി. 1500നു മുൻപു വേദങ്ങൾ ഉൽഭവിച്ചുവെന്നാണല്ലോ പണ്ഡിത മതം. വേദങ്ങളിലും നൃത്തത്തെക്കുറിച്ചുള്ള പരാമർശം കാണാം.

നൃത്തമാനോ അമൃത ജഗമാ നൃത്ത്യതേ
നർത്തനായ കർമ്മാണി ഗാത്രവിക്ഷേപയാ.

## *അറിവിനും അക്ഷരങ്ങൾക്കും മുൻപ് നൃത്തം.*

വന്യമൃഗങ്ങളെപ്പോലെ മനുഷ്യൻ ജീവിച്ചകാലം. കാട്ടുപഴങ്ങൾ തിന്നും കാട്ടുതേൻ കുടിച്ചും കൂട്ടം കൂടി നടന്ന മനുഷ്യൻ ആരും പറയാതെ ചുവടുവച്ചും കൈകൂപ്പിയും കൈവിരിച്ചും ഈണത്തിൽ മൂളുകയും വട്ടത്തിൽ നിന്നു നൃത്തം ചവിട്ടുകയും ചെയ്തു. തങ്ങളെ കൊന്നുതിന്നാൻ ഓടിച്ച ഹിംസ്രമൃഗത്തെ വകവരുത്തിയ മനുഷ്യൻ വിജയലഹരിയിൽ മതിമറന്നു സന്തോഷാരവം പുറപ്പെടുവിച്ചു. അങ്ങനെ കാട്ടിൽ ആട്ടം പിറന്നു. ക്രമേണ നാദത്തിന്റെ മധുരിമയിൽ തുള്ളിച്ചാട്ടത്തിന്റെയും കയ്യടിയുടേയും ആഹ്ലാദകാരിത്വവും അവരറിഞ്ഞു. അതോടെ നൃത്തകല വനാന്തരത്തിൽ വിരിഞ്ഞു. ഇപ്രകാരം അതിപുരാതന കാലത്ത് മനുഷ്യൻ മനുഷ്യത്വം കൈവരിക്കുന്നതിന്റെ മുന്നോടിയായി നൃത്തം ജനിച്ചു.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഭരതമുനി നടനത്തെ മൂന്നായി വിഭജിച്ചു.

ഏതത് ചതുർവിധോ പേത
നടനം ത്രിവിധം സ്മൃതം
നാട്യം, നൃത്യം, നൃത്തമിതി
മുനിഭിർ ഭരതാദിഭിഃ

മനുഷ്യന്റെ ആംഗ്യചലനങ്ങൾക്കു ഒരു ക്രമവും നിഷ്ഠയും നിയത രൂപഭാവങ്ങളും കൈവന്നതോടെ അതിനു ഒരു ശാസ്ത്ര വീക്ഷണം ലഭിച്ചു. അങ്ങനെ നാട്യ ശാസ്ത്രമുണ്ടായി.

മയിലുകളുടെ നൃത്തം, നൃത്തകലയല്ല, കോകിലഗാനം ഗാനകല യല്ല. മയൂരത്തെ അനുകരിച്ചുനൃത്തം ചെയ്യുമ്പോൾ അതു നൃത്തകലയും കുയിലിനെ അനുകരിച്ച് ഗാനമാലപിക്കുമ്പോൾ അതു ഗാനകലയുമായി. അനുകരണമാണ് കലയുടെ ആത്മാവും ജീവനും. കാനന മധ്യത്തിൽ കഴിഞ്ഞ മനുഷ്യൻ മയൂരനടനവും തൈത്തെന്നലിൽ ദലങ്ങളുടെ ആലോ ലനൃത്തവും കണ്ടപ്പോൾ അവയെ അനുകരിച്ചു ആത്മാനന്ദപ്രചോദി തനായി നൃത്തം ചെയ്തു.

ആദിവാസിശിശു ജനിച്ചതുപോലെതന്നെ കാനനത്തിൽ ആദ്യ നൃത്തവും ജനിച്ചു, ആരോരുമറിയാതെ.

അനുകരണത്തിൽ നിന്നു മുളയെടുക്കുന്നതാണ് നാട്യമെന്ന് പ്രസിദ്ധ കലാചിന്തകന്മാരെല്ലാം സമ്മതിക്കുന്നുണ്ട്.

"അവസ്ഥാനുകൃതിനാട്യം" എന്ന് അഭിനയദർപ്പണകാരനും

" ലോകവൃത്താനുകരണം നാട്യം" എന്നു ഭരതമുനിയും

" അനുകൃതി" (mimesis) തന്നെ നാട്യമെന്ന് അരിസ്റ്റോട്ടിലും സിദ്ധാന്തിക്കുന്നു.

വെറും ബാഹ്യയാഥാർത്ഥ്യമല്ല; അതിന്റെ അഗാധതലങ്ങളെ കൂടി വെളിപ്പെടുത്തുന്ന അനുകരണമാണ് അരിസ്റ്റോട്ടിൽ, ഭരതമുനി തുടങ്ങി യവർ വിവക്ഷിക്കുന്ന അനുകരണം.

കലാത്മകമായ അനുകരണത്തെപ്പറ്റി ഡാർളിങ്ടൽ പറയുന്നു: Sense of Comprehension of the changeless depths below the changeful surface of life (Literature in the theatre)

### *ദേവാലയങ്ങളും ദേവദാസികളും.*

പ്രാകൃതമനുഷ്യൻ ദേവപ്രീതിക്കായി കന്യകകളെ ബലികൊടുക്കുക പതിവായിരുന്നു പണ്ട്, രണ്ടായിരമാണ്ടുകൾക്കു മുൻപ്. കാലം മാറുകയും

മുന്നേറുകയും ചെയ്തപ്പോൾ കന്യകകളെ ബലികഴിക്കുന്ന രീതി അവസാനിച്ചു. പകരം ഒരു കോവിൽ കെട്ടി ജീവിതകാലം മുഴുവൻ അവിടെ ദേവപ്രീതിക്കായി പെൺകുട്ടികളെ പാർപ്പിച്ചുതുടങ്ങി. ഇങ്ങനെ കോവിലിൽക്കഴിയുന്ന അടിമക്കിടാത്തികൾക്കു കുടുംബവുമായോ പുറം ലോകവുമായോ യാതൊരു ബന്ധവും അനുവദിക്കപ്പെട്ടിരുന്നില്ല. ഇവ്വിധം ക്ഷേത്രോപാന്തത്തിലുള്ള കോവിലുകളിൽ പാർപ്പിക്കപ്പെടുന്ന കുമാരിമാരെ ഭഗവാൻെറ മണവാട്ടികളായി വിളംബരം ചെയ്യുന്നതിനാൽ അവർ എന്നെന്നും അവിവാഹിതരായി - ദേവവധുക്കളായി ജീവിച്ചു. പിൽക്കാലത്ത് ദേവാലയങ്ങളിൽ ഇവർ അണിഞ്ഞൊരുങ്ങി നൃത്തമാടിത്തുടങ്ങി.

ആര്യന്മാരുടെ കേരളപ്രവേശത്തോടെ കേരളത്തിൽ ആര്യസംസ്ക്കാരം പ്രബലപ്പെട്ടു. അതോടെ ക്ഷേത്രങ്ങളിൽ താന്ത്രികവിധിപ്രകാരമുള്ള പൂജയും ആരംഭിച്ചു. ഈ പൂജാസമ്പ്രദായത്തിൽ നർത്തകികൾക്കും അവരുടെ നൃത്തത്തിനുമെല്ലാം മാന്യസ്ഥാനം ലഭിച്ചു. ഇവരെ തേവടിച്ചികൾ എന്നും ഇക്കൂട്ടരുടെ നൃത്തത്തിന് തേവടിച്ചിയാട്ടം എന്നും വിളിച്ചുവന്നു. "തേവടിച്ചി" എന്ന വാക്കിന് ദേവൻെറ അടിയുടെ അച്ചി അതായത് ദേവദാസി എന്ന് അർത്ഥം. ഈ കന്യകമാരെ കലാകാരികളും സാംസ്ക്കാരിക നിലവാരമുള്ളവരുമാക്കിത്തീർക്കാൻ വേണ്ടി ക്ഷേത്രങ്ങളോടനുബന്ധിച്ച്, നൃത്തഗൃഹങ്ങളും പാഠശാലകളും സ്ഥാപിക്കപ്പെട്ടതോടെ, ഈശ്വര ദൃഷ്ടിയിൽ എന്നപോലെ സമൂഹ ദൃഷ്ടിയിലും ഇവർക്കു മാന്യത കൈവന്നു. അഞ്ചുമുതൽ എട്ടുവയസ്സുവരെ ഇവരെ നൃത്തഗീതാദികൾ പഠിപ്പിച്ചു. എട്ടുമുതൽ പന്ത്രണ്ടുവയസ്സുവരെ കാവ്യനാടകാദികളും പഠിപ്പിച്ചു. അതേവരെ "മുക്കാൽവട്ട"ത്തിൽ കഴിഞ്ഞിരുന്ന തേവടിച്ചികൾ, നൃത്തവും കാവ്യാദികളും പഠിച്ചതോടെ ആരാധനാ ചക്രവാളത്തിലെ ആരാധ്യരായി മാറി. ആ ദേവ വധുക്കളുടെ കാൽച്ചിലമ്പൊലി കേൾക്കാനും അവരുടെ മധുരാധരങ്ങളിൽനിന്നും വഴിഞ്ഞൊഴുകുന്ന മുഗ്ദ്ധഗാനം നുകരുവാനും, ഭക്തജനങ്ങൾ ശ്രീകോവിലിൽ കാത്തിരിപ്പായി.

ഡോ. ജോൺ ഷോർട്ടിയുടെ (Dr. John Shorty) The Dancing Girls of Southern India എന്ന ഗ്രന്ഥത്തിൽ ദേവദാസികളെപ്പറ്റിയുള്ള സവിസ്തര വിശദീകരണം കാണാം.

### *റോമൻ ക്ഷേത്രങ്ങളിലെ ഭക്തകന്യകകൾ (Vestal Virgins)*

ഭാരതത്തിലെ ദേവദാസികളോട് സാധർമ്യമുള്ള ക്ഷേത്രകന്യകകൾ റോമൻ സാമ്രാജ്യത്തിലുമുണ്ടായിരുന്നു. റോമൻ സാമ്രാജ്യത്തിൽ കുലീന

margam
Digital Library of Christianity in India
www.marggam.com



കുടുംബത്തിൽപെട്ട പെൺകുട്ടികളെയാണ് ഭക്തകന്യകകളായി (Vestal Virgins) തിരഞ്ഞെടുത്തിരുന്നത്. ആറിനും എട്ടിനും ഇടയ്ക്ക് പ്രായമുള്ള ബാലികമാരായിരുന്നു ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ടവർ. ഓരോ ക്ഷേത്രത്തിനുമുണ്ടായിരുന്നു ഭക്തകുമാരിമാർ. അവർ സുന്ദരികളും സുശീലകളുമായിരിക്കണമെന്നു നിർബന്ധമുണ്ടായിരുന്നു. അതോടൊപ്പം തന്നെ ഈ ബാലികമാർ പാടാനും, ആടാനും ജന്മവാസനയുള്ളവരായിരിക്കണമെന്നും നിഷ്കർച്ചിരുന്നു. ദേവദാസിമാർക്ക് പാർക്കാൻ കോവിലകങ്ങൾ ഉള്ളതുപോലെ ഈ ഭക്തതരുണിമാർക്ക് കന്യാഗൃഹങ്ങളുമുണ്ടായിരുന്നു. തൂവെള്ള വസ്ത്രമായിരുന്നു ഇവരുടെ വേഷം. വെസ്റ്റാ ദേവിയുടെ (Godess Vesta) ശുശ്രൂഷയ്ക്കാണ് ഇവർ നിയോഗിക്കപ്പെട്ടിരുന്നത്. മുപ്പതു വർഷമായിരുന്നു ഇവരുടെ സേവനകാലം. ഇക്കാലമത്രയും ദേവീ സന്നിധിയിലെ കെടാവിളക്ക് അണയാതെ സൂക്ഷിക്കേണ്ടത് ഇവരുടെ കർത്തവ്യമായിരുന്നു. നൃത്ത ഗീതാദികൾകൊണ്ട് വെസ്റ്റാ ദേവിയെ പ്രീണിപ്പിക്കുക എന്നതായിരുന്നു ഇവരുടെ മുഖ്യചുമതല.

സാന്മാർഗികാധഃപതനം സംഭവിക്കുന്ന ഭക്തകന്യകയ്ക്കുള്ള ശിക്ഷ മരണമായിരുന്നു!

***തുണങ്കക്കൂത്ത്***

ക്ഷേത്രസന്നിധിയിലെന്നപോലെ യുദ്ധരംഗത്തും നർത്തകികളെ നിയോഗിച്ചിരുന്നതായി "പതിറ്റിപ്പത്തിൽ" പറയുന്നുണ്ട്. സൈനികർക്കു ഉണർവ്വും ഉൻമേഷവും നൽകുന്നതിനുവേണ്ടിയായിരുന്നു, രസാഭിനയ ചതുരരായ "വിറലികളെ" (നർത്തകികൾ) സമരമുഖത്തേയ്ക്ക് അയച്ചിരുന്നത്.

പടകുടീരങ്ങളിൽ മദ്ദളധ്വനിക്കൊത്ത് "വിറലികൾ" നടത്തിയിരുന്ന ആട്ടത്തിനു "തുണങ്കക്കൂത്ത്" എന്നാണ് പറയുന്നത്.

ആര്യൻമാർ സംഭാവനചെയ്ത ചാക്യാർകൂത്തിൻെറ അടിവേരുകൾ ദ്രാവിഢരുടെ നൃത്തപ്രധാനങ്ങളായ പടയണി, വേലകളി, തിറ, തീയാട്ട്, മുടിയേറ്റ് മുതലായവയിൽ കണ്ടെത്താൻ കഴിയും. ചാക്യാർകൂത്തിൽ നിന്ന് ഉരുത്തിരിഞ്ഞുവന്നതാണ് പുരാണ കഥകൾതന്നെ നൃത്തനാടക രൂപത്തിൽ അവതരിപ്പിക്കുന്ന കൂടിയാട്ടം. നാട്യ ശാസ്ത്ര വിധിപ്രകാരമുള്ള അഭിനയാദികളും നൃത്തനൃത്ത്യങ്ങളും കൂടിയാട്ടത്തിൽ അന്തർഭവിച്ചിട്ടുണ്ടല്ലോ.

**നൃത്ത ദേവൻ - ശിവൻ**

നാട്യം, നൃത്തം, നൃത്യം എന്നിവ ഭരതമുനി ഗന്ധർവ്വൻമാരെയും അപ്സരസ്സുകളെയും അഭ്യസിപ്പിച്ചു. അദ്ദേഹം അവരെക്കൊണ്ടുതന്നെ



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അവ പരമശിവന്റെ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്തു. സന്തുഷ്ടനായ ശിവൻ തന്റേതു മാത്രമായ നടനമുറകൾ ഭരതമുനിക്ക് ഉപദേശിച്ചുകൊടുക്കാൻ തന്റെ പ്രഥമ ശിഷ്യനായ തണ്ഡുവിനെ നിയോഗിച്ചു. തണ്ഡുവിൽ നിന്നു ഗ്രഹിച്ച നൃത്തരീതിയാണ് താണ്ഡവം. ശിവന്റെ പ്രിയതമയായ ഉമാദേവിയും ചില നാട്യമുറകൾ ഭരതമുനിക്ക് ഉപദേശിച്ചുകൊടുക്കുകയുണ്ടായത്രെ. ആ നൃത്തസമ്പ്രദായമാണ് ലാസ്യം.

ശിവനെ നടരാജ മൂർത്തിയായിട്ടാണല്ലോ ഭാരതീയർ കാണുന്നത്. ശിവന്റെ നാലു രൂപങ്ങളിൽ, സംഹാരമൂർത്തി, ദക്ഷിണാമൂർത്തി, അനുഗ്രഹമൂർത്തി, എന്നിവയേക്കാൾ ദക്ഷിണേന്ത്യർക്കു പ്രിയം നടരാജമൂർത്തിയെയാണ്.

നൂറ്റിയെട്ടുവിധം നൃത്തഭാവങ്ങളുള്ള നടരാജവിഗ്രഹത്തെ നൃത്തോപാസകരായ ദക്ഷിണഭാരതീയർ പ്രീതിപൂർവ്വം വണങ്ങുന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ.

നടരാജന്റെ ഇടതുപാദം അഭയമുദ്രയാണ്. വലതുകരത്തിലുള്ള "ഡമരു" ആദിനാദത്തിന്റെ പ്രതീകമാണ്. പരമശിവൻ അർദ്ധനാരീശ്വരനാണല്ലോ. സൃഷ്ടി സംബന്ധമായ സൂചനകൾ നൽകുന്നതാണ് ഈ രൂപം. ദക്ഷിണഭാഗമായ ശിവൻ താണ്ഡവത്തെയും വാമഭാഗമായ ശക്തിസ്വരൂപിണി ലാസ്യത്തെയും പ്രതിനിധാനം ചെയ്യുന്നു.

*വിഷ്ണു നൃത്തം*

പാലാഴിമഥനത്തിൽ നിന്നും ലഭിച്ച അമൃതം കയ്യടക്കി കഴിവതും വേഗം അതു ഭക്ഷിക്കാനിരിക്കുന്ന അസുരൻമാരെ വിഷ്ണു, മോഹിനീ വേഷം ധരിച്ച് നൃത്തം ചെയ്ത് വശീകരിച്ച കഥ പ്രസിദ്ധമാണല്ലോ. അസുരൻമാർക്ക് അമൃതത്തേക്കാൾ പ്രിയമങ്കരമായിരുന്നു നൃത്തം! അമൃതം വെടിഞ്ഞ് അവർ നൃത്തസുധ നുകർന്നു!

*സുബ്രഹ്മണ്യ നൃത്തം*

ശൂരപത്മൻ എന്ന അസുരനെ നിഗ്രഹിച്ചശേഷം വിജയോന്മത്തനായി സുബ്രഹ്മണ്യൻ നൃത്തമാടി. അലയാഴിയിലെ തരംഗമായിരുന്നു രംഗവേദി.

*ഗണേശനൃത്തം*

'നൃത്തഗണപതി' എന്ന വിശിഷ്ട നാമം ലഭ്യമാകുമാറ് പരമശിവസാന്നിദ്ധ്യത്തിലായിരുന്നു ഗണപതിയുടെ നൃത്തം.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



### *അപ്സരസ്സുകളുടെ നൃത്തം*

സ്വർല്ലോക നർത്തകികളാണ് അപ്സരസ്സുകൾ. ദേവൻമാരുടേയും ഗന്ധർവൻമാരുടേയും മനുഷ്യരുടേയും മനം മയക്കുന്ന കമനീയാംഗി കളാണ് അപ്സരസ്സുകൾ. അവർ ആരേയും വശീകരിക്കുന്നത് നൃത്തം കൊണ്ടാണ്. വിശ്വാമിത്രമഹർഷിക്ക് തപോവിഘ്നം വരാൻ ഹേതു മേനക എന്ന സ്വർല്ലോക സുന്ദരിയുടെ നൃത്തമായിരുന്നു.

ഉജ്ജയിനിയിലെ രാജാവായ വിക്രമാദിത്യൻ ഉർവ്വശിയിൽ അനുര ക്തനായിത്തീർന്ന ഒരു കഥയുണ്ട്. ഉർവ്വശിയും രംഭയും തമ്മിൽ നൃത്ത ത്തെക്കുറിച്ച് ഒരു തർക്കമുണ്ടായി. അത് രമ്യതയിലെത്തിക്കാൻ അമരാവതിയിലെത്തിയതായിരുന്നു വിക്രമാദിത്യൻ. സർവ്വാംഗമോഹി നിയായ ഉർവ്വശിയെ കണ്ടതും അദ്ദേഹം അവളിൽ അനുരക്തനായി ഭവിച്ചതും അവിടെവെച്ചാണ്. ഇവിടെ അനുരാഗമാധ്യമമായിത്തീർന്നു നൃത്തം.

### *ശ്രീകൃഷ്ണനൃത്തം*

കൃഷ്ണനെക്കുറിച്ചു പറയുമ്പോൾ നമ്മുടെ മനസ്സിൽ ഉയർന്നുവ രുന്നത് ഇടതുകാൽ ഉയർത്തി ഓടക്കുഴലും അധരപുടങ്ങളിൽ ചേർത്തു നില്ക്കുന്ന ഉണ്ണിക്കൃഷ്ണൻെറ നാട്യരൂപമാണല്ലോ. ഒരു നൃത്ത ദേവനാ യിട്ടാണ് ശ്രീകൃഷ്ണനെ നാം പരിഗണിച്ചുവരുന്നത്. അദ്ദേഹം ഉഗ്രവിഷ സർപ്പമായ കാളിയൻെറ ഫണോപരിയിൽ ചെയ്ത നൃത്തത്തെ 'കാളിയ മർദ്ദന'മെന്നാണ് സാധാരണക്കാർ വിശേഷിപ്പിക്കാറുള്ളത്. എങ്കിലും,

തളയും വളയും കിലുങ്ങുമാറിളകീടും
പദപാണിതാളമേളം ലളിതം നടനം മനോഭിരാമം

എന്നാണ് ആ നൃത്തത്തെ കവികൾ വർണ്ണിക്കുന്നത്.

ശ്രീകൃഷ്ണൻെറ ബാല്യകാലത്ത് നടന്നതാണ് കാളിന്ദീനദിയിൽ സർ പ്പഫണത്തിൽ കയറിനിന്നുള്ള ഈ നൃത്തം. കാളിയൻെറ ഉഗ്രവിഷംകൊണ്ട് കാളിന്ദീജലം തന്നെ വിഷമയമായിത്തീർന്നിരുന്നു. അത് പാനംചെയ്ത കാലികളെല്ലാം ചത്തൊടുങ്ങുമ്പോഴാണ് ഗോപാലബാലൻമാർ വിവരം അമ്പാടിക്കണ്ണനെ അറിയിക്കുന്നത്. നദീതീരത്തുനിന്ന കടമ്പുമരത്തിൽ കയറി കൃഷ്ണൻ നദിയിലേക്ക് എടുത്തുചാടാൻ പിന്നെ താമസമുണ്ടാ യില്ല.ഉഗ്രപോരാട്ടത്തിൽ കാളിയനെ കീഴ്പ്പെടുത്താൻ ചക്രായുധമോ ഗദയോ ഒന്നും കൃഷ്ണൻ പ്രയോഗിച്ചില്ല. "നൃത്തകല"യേ ഉപയോ ഗിച്ചുള്ളൂ; പൂമ്പാദങ്ങൾകൊണ്ടുള്ള നൃത്തം ചവിട്ടൽ മാത്രം. തിൻമയുടെ



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പ്രതീകമാണ് കാളിയൻ. ശ്രീകൃഷ്ണൻ നൻമയുടെ പ്രതീകവും. തിൻമയെ കീഴ്പ്പെടുത്താൻ നൃത്തമെന്ന സുകുമാരകലയ്ക്കുള്ള കഴിവാണ് ഭംഗ്യന്ത രേണ ഇവിടെ വിളംബരം ചെയ്യപ്പെടുന്നത്.

വൃന്ദാവനത്തിലെ ഗോപകുമാരിമാരുമായി ചേർന്ന് ബാലഗോപാലൻ നൃത്തം ചെയ്തിരുന്നതായി പുരാണങ്ങളിൽ പറയുന്നുണ്ട്. അമ്പാടിയിലെ സൗന്ദര്യധാമമായ രാധയും കൃഷ്ണനുമായുള്ള പ്രേമൈക സുരഭിലമായ നൃത്തത്തെ പരാമർശിക്കുകയും പ്രകീർത്തിക്കുകയും ചെയ്യാൻ ജയദേവർ ഒരു ഗാനകാവ്യംതന്നെ എഴുതിയിരിക്കുന്നു! "ഗീതാ ഗോവിന്ദം". മഹാവിഷ്ണുവിൻെറ അവതാരമായ ശ്രീകൃഷ്ണനെ ദിവ്യമണാളനായി കണ്ടുകൊണ്ട് അവിടുത്തേക്ക് അർപ്പിക്കുന്ന പ്രേമം ഭക്തിമാർഗ്ഗവും മുക്തിമാർഗ്ഗവുമാണെന്ന തത്വമാണ് രാധാകൃഷ്ണ നൃത്തത്തിലൂടെ അനാവരണം ചെയ്യപ്പെടുന്നത്.

## *നൃത്തം ഒരു വ്രതാനുഷ്ഠാനം*

മഹാവ്രതാഘോഷങ്ങളിൽ വനിതകൾ ജലകുംഭവും തലയിൽവെച്ച് ഹോമാഗ്നിക്കുചുറ്റും നൃത്തം ചെയ്തിരുന്നതായി വേദങ്ങളും പുരാണങ്ങളും ചൂണ്ടിക്കാട്ടുന്നു. യഥാകാലം മഴപെയ്ത് സമൃദ്ധിയായി വിളവുകിട്ടി സുഭിക്ഷത നാട്ടിൽ നടമാടാൻവേണ്ടിയുള്ളതായിരുന്നു കമനീയാംഗികളുടെ ഈ കുഭനൃത്തം. അശ്വമേധയാഗങ്ങളിൽ തരുണിമാർ യാഗാഗ്നിക്കുചുറ്റും നൃത്തം ചെയ്തിരുന്നു. ഈ നൃത്തത്തോടെയായിരുന്നു യാഗങ്ങളുടെ പരിസമാപ്തി; ഈശ്വരപ്രീതിക്കുള്ള കൃതജ്ഞതാ പ്രകടനം!

ഹൈന്ദവജനതയെ സംബന്ധിച്ചിടത്തോളം കല അവർക്കു മതപരവും ദിവ്യവുമായ ഒന്നാണ്. കലകൾവഴിയാണ് സാമാന്യ ജനങ്ങൾ മതാഭ്യാസനം നടത്തിയിരുന്നത്. നൃത്തവും ഗീതവും വാദ്യവുമില്ലാതെ ഹൈന്ദവർക്കു മതാഘോഷങ്ങളില്ല. നൃത്തം നടത്തേണ്ട സന്ദർഭങ്ങൾ ഭരതമുനിയും നന്ദികേശ്വരനും തങ്ങളുടെ നാട്യശാസ്ത്ര ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## *പൗരാണിക കാലത്തെ ഇന്ത്യൻ നൃത്തകല*

ഭൂമികുലുക്കംകൊണ്ടോ മറ്റോ ഭൂമിക്കടിയിലായിപ്പോയ സംസ്കാര കേന്ദ്രങ്ങളും വിദ്യാ കേന്ദ്രങ്ങളും പരിഷ്കാര കേന്ദ്രങ്ങളുമാണല്ലോ മോഹൻജദാരോ, ഹാരപ്പ, ഇൻഡസ് വാലി എന്നീ സ്ഥലങ്ങൾ. അവിടെ നടത്തപ്പെട്ട ഭൂഗർഭ ഗവേഷണത്തിൽ ഒരു നർത്തകിയുടെ വിഗ്രഹം



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കണ്ടെടുക്കുകയുണ്ടായി. ഏകദേശം 5000 കൊല്ലങ്ങൾക്കു മുമ്പുതന്നെ നൃത്തകല ഇന്ത്യയിൽ ശരിയായ വളർച്ചയിലെത്തിയിരുന്നു എന്നതിനെ സാധൂകരിക്കുന്നതാണ് നർത്തകിയുടെ ഈ പ്രതിമ.

## *സുന്ദരകലകളും സാൻമാർഗിക ജീവിതവും*

അസൻമാർഗികളെ സൻമാർഗികളാക്കി മാറ്റുവാൻ സുന്ദരകലകൾക്ക് കഴിയുമെന്ന് ജൈനൻമാരും ബുദ്ധൻമാരും വിശ്വസിച്ചിരുന്നു. അസൻ മാർഗിക ജീവിതത്തിൽനിന്നും മനുഷ്യരെ പിന്തിരിപ്പിക്കാൻ പോന്ന ശക്ത മായ മാധ്യമമായിട്ടാണ് നൃത്തഗീതാദികളെ അവർ കരുതിയിരുന്നത്. അതി പ്രാചീനങ്ങളായ ബുദ്ധവിഹാരങ്ങളുടെ തൂണുകൾ നർത്തകികളുടെ വിഗ്ര ഹങ്ങൾകൊണ്ട് അലങ്കൃതമാണ്. ബുദ്ധമതസ്ഥരുടെ നൃത്തകലാഭിനിവേ ശമാണല്ലോ ഈ തൂണുകൾ വെളിവാക്കുന്നത്.

## *നൃത്തം*

രസഭാവ വിഹീനന്തു നൃത്തമ്യഭിധീയതേ

(അഭിനയ ദർപ്പണം)

രസഭാവാദികളൊന്നും വ്യഞ്ജിപ്പിക്കാത്തതും ശോഭാകാരിയുമായ ഒരു വിനോദമാണ് നൃത്തം.

ഗാത്രവിക്ഷേപ മാത്രന്തു സർവ്വാഭിനയ വർജ്ജിതം
ആംഗികോക്ത പ്രകാരേണ നൃത്തം നൃത്തമിദോ വിദുഃ

(സംഗീതരത്നാകരം)

*നൃത്തം രണ്ടുവിധം - താണ്ഡവം, ലാസ്യം*

പുംനൃത്യം താണ്ഡവം പ്രാഹുഃ
സ്ത്രീ നൃത്യം ലാസ്യമുച്യതേ

ഇതേവരെ പ്രതിപാദിച്ച സർവ്വാതിശായിയായ നാട്യകലയുടെ തിരു മുററത്തു നിന്നുകൊണ്ട് മാർഗ്ഗംകളി നടത്തിയ ക്നാനായ സമുദായത്തെ ക്കുറിച്ചും അവരുടെ കലാകേളിയേക്കുറിച്ചും നമുക്കു ഒരു സൂക്ഷ്മാ വലോകനം നടത്താം.

## BIBLIOGRAPHY

1. *ഭരതമുനിയുടെ നാട്യശാസ്ത്രം* - കേരള സാഹിത്യ അക്കാദമി 1987
2. *നാട്യനിരീക്ഷണം* - ചന്ദ്രശേഖരൻ, ശാന്താപ്രിൻേറഴ്, തിരുവനന്തപുരം 1986
3. *മോഹിനിയാട്ടം* - കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ D.C. Books, 1992



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

4. *ചവിട്ടുനാടകം* - ശ്രീമതി സെലീനാ റാഫി. N.B.S, കോട്ടയം, 1976
5. Dancing Religious, *The New Catholic Encyclopaedia*, Vol. 4
6. Dance, *Encyclopaedia Judaica*, Vol. 5
7. "Dance, the Art of", *Encyclopaedia Britanica*, Vol. 16
8. Franciz Peter Barbosa, *Christianity in Indian Dance Forms*, Delhi, Sri Satgiri Publications, 1990, pp 25-41.
9. Raghavan M.D, *Flokplays and Dances of Kerala*, Trichur, Archaeological Society, 1947

marggam
Digital Library of Christianity in India
www.marggam.com



# 2
# മാർഗ്ഗംകളി:
# ഉപജ്ഞാതാക്കളുടെ ചരിത്രം

**കേ**രളത്തിലെ ക്നാനായ സമുദായത്തിന്റെ അഥവാ തെക്കുംഭാഗ സമുദായത്തിന്റെ തനതായ ഒരു നാട്യകലാരൂപമാണ് മാർഗ്ഗംകളി. ഈ ക്രൈസ്തവ സമുദായത്തിന്റെ ഇപ്പോഴത്തെ ജനസംഖ്യ രണ്ടുലക്ഷത്തോളം വരും. മറ്റു മതസ്ഥരുമായോ ഇതര ക്രൈസ്തവ വിഭാഗത്തിൽപെട്ടവരുമായോ ഇവർ വിവാഹ ബന്ധത്തിൽ ഏർപ്പെടാറില്ല. സ്വസമുദായത്തിൽപെട്ടവരെയല്ലാതെ മറ്റു ക്രൈസ്തവ സഭാവിഭാഗത്തിൽ പെട്ടവരെ വിവാഹം കഴിക്കാൻ പാടില്ല എന്നുള്ളത് ഇന്നും ഈ സമൂഹത്തിൽ നിലനിൽക്കുന്ന ഒരു അലിഖിത ശാസനമാണ്. ഇക്കാരണങ്ങളാൽ കലർപ്പില്ലാത്ത ഒരു സമുദായമാണ് തങ്ങളുടേതെന്നും ഇവർ അഭിമാനംകൊള്ളുന്നു.

ഈ സമുദായത്തിന്റെ കേരള പ്രവേശം കേരളചരിത്രത്തിലെ ഒരു സുവർണാധ്യായമാണ്.

ക്രിസ്തുവർഷം 345-ൽ കീനായിതോമ്മ എന്ന വണിഗ്വരനും 72 കുടുംബങ്ങളും ഇറാഖിന്റെ തലസ്ഥാനമായ ബാഗ്ദാദിൽനിന്നു 72 കിലോമീറ്റർ തെക്കു 'കീനായി' എന്ന നഗരം ഉൾപ്പെടുന്ന തെക്കൻ മെസപ്പൊട്ടോമിയായിൽ നിന്നാണ് കേരളത്തിലേക്ക് പുറപ്പെട്ടത്. 1650-ഓളം വർഷങ്ങൾക്കുമുമ്പ് ആധുനിക യാത്രാമാധ്യമങ്ങളായ വിമാനങ്ങളോ കപ്പലുകളോ ഒന്നും ഇല്ലാതിരുന്ന കാലത്തായിരുന്നു അപരിഷ്കൃതമായ പാക്കപ്പലിലുള്ള കീനായിതോമ്മായുടേയും കൂട്ടരുടേയും കേരളയാത്ര! ബന്ധുജനങ്ങളും സുഹൃത്തുക്കളും വേദനാജനകമായ ഒരു യാത്രയയപ്പാണ് അവർക്കു നൽകിയത്. ഹൃദയ സ്പർശിയായ ആ രംഗം പുരാതന പാട്ടുകളിൽ വർണിച്ചിട്ടുണ്ട്.

തങ്ങളിൽതങ്ങളിൽ അൻപോടെ തഴുകുന്നു
മാർവ്വത്തു കണ്ണുനീർ മാർവ്വം നനയുന്നു



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഇന്നത്തെ മാതിരി കേവലം തൊഴിൽതേടിയോ ഉപജീവനാർത്ഥമോ ഉള്ളഒരു കുടിയേറ്റമായിരുന്നില്ല കിനായിതോമായുടേയും 72 കുടുംബങ്ങളുടെയും കേരളപ്രവേശം.

നാലാം നൂറ്റാണ്ടിൻെറ പൂർവ്വാർദ്ധത്തിൽ പേർഷ്യൻ സാമ്രാജ്യ തലസ്ഥാനമായ സെലൂഷ്യായിലെ "കാതോലിക്കോസ് " എന്ന ഔദ്യോഗിക നാമത്തിൽ അറിയപ്പെടുന്ന ഒരു ക്രൈസ്തവ സഭാമേലധ്യക്ഷൻ നിർബന്ധപൂർവ്വം ആവശ്യപ്പെടുകയാലാണ് ക്നായിതോമ്മ കേരളക്കരയിലേക്ക് പുറപ്പെട്ടത്. ഭാരത സഭയിലെ ക്രൈസ്തവ സഹോദരങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും കേട്ടറിഞ്ഞിട്ടാണ് കേരള ക്രൈസ്തവരെ സമാധാനിപ്പിക്കുവാനും അവർക്ക് മതപരമായ ഉണർവ്വു നൽകാനും സഭാഭരണത്തിൽ അവരെ സഹായിക്കാനുമായി ക്നായിതോമ്മായെ ഇന്ത്യയിലേക്കയച്ചത്. അക്കാലത്ത് കേരള ക്രൈസ്തവ സഭയിൽ ബിഷപ്, ആർച്ച് ബിഷപ് തുടങ്ങിയ ഉന്നത സ്ഥാനികൾ ഉണ്ടായിരുന്നില്ല. ഈ അഭാവം പരിഗണിച്ചാണ് സെലൂഷ്യായിലെ കാതോലിക്കോസ് കാനായിതോമ്മായുടെ കൂട്ടത്തിൽ ഉറൂഹായിലെ യൗസേപ്പു മെത്രാനേയും നാലു വൈദികരേയും ശെമ്മാശൻമാർ എന്ന പേരിൽ വിളിക്കുന്ന വൈദികാർത്ഥികളേയും കേരളത്തിലേക്ക് അയച്ചത്.

കിഴക്കിൻെറ കാതോലിക്കോസിന് കേരള ക്രൈസ്തവ സഭയുടെ പേരിലുണ്ടായ താത്പര്യം ഒരു കല്പിത കഥയല്ല.

വെട്ടിക്കുട്ടേൽ മത്തായികത്തനാർ എഴുതിയ "മലയാളത്തിലൊള്ള സുറിയാനിക്കാർക്ക് ഭവിച്ച ഭവിതങ്ങൾ"(1720 A.D.) എന്ന കൃതിയിൽ ഇക്കാര്യങ്ങൾ സവിസ്തരം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കൃതിയുടെ സുറിയാനിയിലും, മലയാളത്തിലുമുള്ള പതിപ്പുകൾ ഹോളണ്ടിലെ "ലെയ്ഡൻ അക്കാദമി" ഗ്രന്ഥശേഖരത്തിലുണ്ട്. ക്രിസ്തു മനുഷ്യരാശിക്കു നൽകിയ സദ്വാർത്ത പ്രചരണം (സുവിശേഷം) കൂടി ലക്ഷ്യമാക്കിക്കൊണ്ടാണ് ക്നായിതോമ്മായും അനുയായികളും കേരളത്തിൽ കുടിയേറിയത്. അതിനാൽ ഈ കുടിയേറ്റത്തെ പ്രേഷിത കുടിയേറ്റം എന്നാണ് ക്നാനായ ക്രൈസ്തവർ വിശേഷിപ്പിക്കുന്നത്.

ക്നായി തൊമ്മനെ കാതോലിക്കോസ് കേരളത്തിലേക്ക് നിയോഗിക്കാനുണ്ടായ പ്രധാന കാരണം ആവണിക് ശ്രേഷ്ഠൻ കേരളവുമായി സ്ഥിരപരിചയമുള്ളയാളും, ഇവിടുത്തെ ജനങ്ങളുമായി സൗഹൃദബന്ധമുള്ളവനുമായിരുന്നു എന്നതാണ്.

അതിപ്രാചീന കാലംമുതലേ കേരളം വിദേശികളുടെ ആകർഷണ കേന്ദ്രമായിരുന്നു. വർണ്ണപ്പൊലിമയും വൈവിധ്യവുമുള്ള പക്ഷികൾ,



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



സസ്യഭുക്കുകളും മാംസഭുക്കുകളുമായ നാനാതരം മൃഗങ്ങൾ, സുഗന്ധ പുഷ്പങ്ങൾ, സുഗന്ധ സസ്യങ്ങൾ! സുഗന്ധ വൃക്ഷങ്ങൾ!! ഇങ്ങനെയെല്ലാംകൊണ്ടും കേരളം മറുനാട്ടുകാർക്ക് ഒരു സുരലോക സുരഭിയായിരുന്നു. ആനക്കൊമ്പ്, ഏലം, കുരുമുളക്, കറുവാപ്പട്ട, ചുക്ക് മുതലായവ കയറ്റുമതി ചെയ്യാനായിരുന്നു ക്നായിതോമ്മായെപ്പോലെയുള്ള വിദേശവണിക്കുകൾ കേരളത്തിലെത്തിയിരുന്നത്. അതിനു പുറമെ ആന, മയിൽ, കുരങ്ങ് തുടങ്ങിയ പക്ഷമൃഗാദികളെയും വിദേശികൾ കയറ്റുമതിചെയ്തിരുന്നു. "കറുത്തപൊന്ന് " എന്നുപേരുകേട്ട കുരുമുളക് പാശ്ചാത്യർക്ക് കനകത്തെക്കാൾ കാമ്യമായിരുന്നു.

ക്നായിതോമ്മ പേർഷ്യയിലെ പൗരസ്ത്യ കത്തോലിക്കാ സഭയോട് ആത്മാർത്ഥത പുലർത്തിയിരുന്നതുകൊണ്ടും യാത്രയ്ക്കു സ്വന്തമായി കപ്പലുള്ള ആളായിരുന്നതുകൊണ്ടും കൂടിയാണ് പേർഷ്യൻ സഭാതലവൻ ഇദ്ദേഹത്തെ കേരളത്തിലേക്ക് നിയോഗിച്ചത്.

ഈ സഭാസ്നേഹിയെ 'കീനായിതൊമ്മൻ' എന്നും 'തൊമ്മൻ കീനാൻ' എന്നും വിളിക്കുന്നുണ്ട്. സുറിയാനി ക്രിസ്ത്യാനികളുടെ പുരാതന പാട്ടുകളിൽ ഈ രണ്ടുപേരും കാണാം.

"പുതുമയിൽവന്നു കിനായിതൊമ്മൻ

സുറിയാനി ക്രിസ്ത്യാനികളുടെ പുരാതന പാട്ടുകളിലെ "മാർ അബ്രഹാമിൻെറ പാട്ട് "

"തൊമ്മൻ കിനാനവൻ കൂടെയുണ്ട് "
(ഒത്തുതിരിച്ചവർ എന്ന പാട്ട് )

പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ യൂറോപ്യൻമാരായ എഴുത്തുകാരും പുരാതനപ്പാട്ടുകളിലെ പേരുതന്നെയാണ് ഈ കുടിയേറ്റനേതാവിനെ പരാമർശിക്കുമ്പോൾ രേഖപ്പെടുത്തിയിട്ടുള്ളത്. പിന്നീടു മാത്രമാണ് കാനാതോമാ, (Thomas of Kana) എന്നു സംജ്ഞ പ്രത്യക്ഷപ്പെട്ടത്.

പുരാതന കാലംമുതൽക്കേ മറുനാടുകളിൽനിന്നും നമ്മുടെ ഇടയിൽ താമസിക്കുന്നവരെ അവരുടെ ജൻമനാടിൻെറ പേരുചേർത്തുവിളിക്കുക സാധാരണമാണല്ലോ. അങ്ങനെ കീനായിൽനിന്നുവന്ന തോമായെ കീനായിതോമ്മ എന്നും അദ്ദേഹത്തിൻെറ കൂടെവന്നവരെ കീനായക്കാർ-ക്നാനായക്കാർ എന്നും നാട്ടുകാർ വിളിക്കാൻ തുടങ്ങി. ക്രമേണ ആ പേരിന് കേരളത്തിലും പുറം നാടുകളിലും സ്ഥിരപ്രതിഷ്ഠ ലഭിക്കുകയും ചെയ്തു. ഈ കുടിയേറ്റ ജനതയിലെ പിൻതലമുറക്കാരെ, തെക്കുംഭാഗർ എന്നും സുറിയാനിക്കാർ എന്നും വിളിക്കാറുണ്ട്.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

margam
Digital Library of Christianity in India
www.marggam.com



മെസ്സോപൊട്ടോമിയുടെ തെക്കൻ ഭാഗങ്ങളിൽ താമസിച്ചിരുന്ന യഹൂദ ക്രിസ്ത്യാനികളാണ് കുടിയേറിയ ക്നാനായക്കാർ.

ക്രിസ്തു, കാനായിലെ കല്യാണവിരുന്നിൽ വെള്ളംവീഞ്ഞാക്കി മാറ്റിയ ഒരു സംഭവം സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കല്യാണ വിരുന്നു നടന്ന "കാനാ" അല്ല ഈ കുടിയേറ്റ നേതാവിൻെറ ജൻമസ്ഥലം. അത് 'കീനായി' ആണ്. കോട്ടയത്തുനിന്ന് ക്നാനായ സമുദായാംഗങ്ങളിൽ പ്പെടുന്ന ഒരു ഗവേഷക സംഘം ഇറാഖിൽ നടത്തിയ പഠന പര്യടനത്തിൽ "കീനായി" എന്ന സ്ഥലം കാണുകയും അതാണ് ക്നാനായക്കാരുടെ കുടിയേറ്റനേതാവിൻെറ ജൻമഭൂമിയെന്ന് തിട്ടപ്പെടുത്തുകയുമുണ്ടായി.



*ഗവേഷണസംഘം കീനായിയിൽ*

കോട്ടയം രൂപതാദ്ധ്യക്ഷൻ റവ. ഡോ. കുര്യാക്കോസ് കുന്നശ്ശേരി, റവ. ഡോ. ജേയ്ക്കബ് കൊല്ലാപറമ്പിൽ, റവ. ഡോ. ജേക്കബ് വെള്ളിയാൻ, റവ. ഡോ. സിറിയക് തേവർമണ്ണിൽ എന്നിവരാണ് 1990-ൽ നടന്ന ഈ ഗവേഷണ സംഘത്തിലുണ്ടായിരുന്നത്.

## *കുടിയേറ്റകാലം - പശ്ചാത്തലം*

ദുരിതപൂരിതവും നിന്ദ്യവുമായ ഒരു ജാതി വ്യവസ്ഥ നിലനിന്നിരുന്ന കാലത്താണ് കിനായിത്തൊമ്മനും കൂട്ടരും കേരളത്തിൽ വരുന്നത്. ജാതി നിർണ്ണയ പ്രകാരം കേരളത്തിലെ ജാതികൾ 64



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



| | | |
|---|---|---|
| ബ്രാഹ്മണർ | - | 8 |
| ന്യൂനവർഗ്ഗം | - | 2 |
| അന്തരാളുജാതി | - | 12 |
| ശൂദ്രർ | - | 18 |
| ശില്പി | - | 6 |
| പതിതർ | - | 10 |
| താണജാതി | - | 8 |

.വിചിത്രമായ ജാത്യാപചാരങ്ങളെക്കുറിച്ച് മഹാകവി കുമാരനാശൻ ദുരവസ്ഥയിൽ വരച്ചുകാട്ടുന്ന വാഗ്മയ ചിത്രം നമ്മെ ലജ്ജിപ്പിക്കുന്നതാണ്.

"തൊട്ടുകൂടാത്തവർ ...............
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ!
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ
ഒട്ടല്ലഹോ! ജാതിക്കോമരങ്ങൾ!
......................................................."
അക്ഷരമെന്നതറിവീല ചാത്തനും
യക്ഷിയും പേയുമിവർക്കു ദൈവം!
കുക്ഷിയിൽക്കൊണ്ട കരിക്കാടിയല്ലാതെ
നിക്ഷേപമായിവർക്കൊന്നുമില്ല.
കൂറത്തരമില്ല, താരുണ്യത്തിൽ ചിലർ
കീറക്കരിന്തുണിച്ചീന്തൽ ചാർത്തി
നാണം മറയ്ക്കും, ചിലർ നിജായുസ്സൊരു
കോണകം കൊണ്ടു കഴിച്ചുകൂട്ടും.
ഇപ്പോലെ കഷ്ടമധിവസിച്ചീടുന്നി
തിപ്പൊഴും ലക്ഷങ്ങൾ കേരളത്തിൽ
"എന്തൊരു വൈകൃതം! ബ്രഹ്മവിദ്യേ നിന്നിൽ
എന്താണീക്കാണുന്ന വൈപരീത്യം?
നിർണ്ണയം നിന്നെപ്പോൽ പാരിലധോഗതി
വിണ്ണവർ ഗംഗയ്ക്കുമുണ്ടാവില്ല!"

* * * * *

അതിപ്രാചീനമായ മോഹൻജദാരോ നാഗരികതയിൽ, കുളി, ദേഹശുദ്ധി മുതലായവയ്ക്കുണ്ടായിരുന്ന അലോകസാധാരണമായ പ്രാബല്യമാണ് ജാതി വ്യത്യാസത്തിലെ തീണ്ടൽ, തൊടീൽ മുതലായവയ്ക്കു നിമിത്തമെന്നു വാദിക്കുന്നവരുണ്ട്.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

margGam
Digital Library of Christianity in India
www.marggam.com



ദരിദ്രരുടേയും രോഗികളുടേയും പാർപ്പിടരഹിതരുടേയും അശരണരുടേയും അടിച്ചമർത്തപ്പെട്ടവരുടേയും സംഖ്യ ഇന്നത്തേക്കാൾ എത്രയോ മടങ്ങു കൂടുതലായിരുന്നു കാനായിതോമ്മ കേരളത്തിലെത്തുമ്പോൾ! കേരളത്തിൽവന്ന കിനായിതൊമ്മൻെറ ദൗത്യം ക്രിസ്തുവിൻെറ ദൗത്യം തന്നെയായിരുന്നു. ക്രിസ്തുവിൻെറ ദൗത്യം സുവിശേഷത്തിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. "ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കും സ്വാതന്ത്ര്യവും....." നൽകുക എന്നുള്ളതായിരുന്നു ക്രിസ്തുവിൻെറ തിരുവവതാര ലക്ഷ്യം. ലൂക്ക (4/18 - 19)

കിനായിതൊമ്മായും 72 കുടുംബങ്ങളും വന്നിറങ്ങിയത് പ്രാചീന കാലത്തെ വാണിജ്യകേന്ദ്രങ്ങളിലൊന്നായ കൊടുങ്ങല്ലൂരാണ്. ഈ തുറമുഖ നഗരത്തിന് ഗ്രീക്കുകാർ അന്ന് പറഞ്ഞിരുന്ന പേര് 'മുസിരീസ്' എന്നായിരുന്നു. 1341-ൽ ഉണ്ടായ വെള്ളപ്പൊക്കത്തോടെ ഈ തുറമുഖം നശിച്ചു. അതോടെ ഇതിൻെറ പ്രാധാന്യവും നിലച്ചു.

### *ക്നാനായ കുടിയേറ്റം നടക്കുന്ന കാലത്തെ കേരളത്തിൻെറ ഭൂമിശാസ്ത്രവും ചരിത്രവും.*

കുന്നുകളാകുന്ന കുലകന്യകകൾ പുഴകളുടെ ധവളച്ചേലയണിഞ്ഞ് പരിലസിക്കുന്ന ദേശമാണല്ലോ കേരളം. സഹ്യപർവ്വതം, അതിനോടു ചേർന്ന മലകൾ, കൊടുമുടികൾ, സമതലപ്രദേശങ്ങൾ, ഇടയ്ക്കിടെ കുന്നുകൾ, ചെറുതും വലുതുമായ നാല്പത്തിനാലു നദികൾ, നദീതീരങ്ങളിൽ ഗ്രാമങ്ങൾ, കിഴക്കുഭാഗത്ത് സഹ്യപർവ്വതനിര, പടിഞ്ഞാറ് അറേബ്യൻ സമുദ്രം. ഇത്രയുമായാൽ പ്രാചീന കേരളത്തിൻെറ ഭൂമിശാസ്ത്രമായി.

നമ്മുടെ നാടിൻെറ ആധുനികനാമമാണ് കേരളം. ചരിത്രത്തിൽ പറയുന്ന പേരുകൾ മലനാട്, മാല്യങ്കര, മലബാർ എന്നിങ്ങനെയായിരുന്നു. മലബാറെന്ന് നമ്മുടെ നാടിന് പേരിട്ടത് അറേബ്യയിൽനിന്നും പേർഷ്യയിൽനിന്നും വന്ന കപ്പൽക്കച്ചവടക്കാരാണ്.

### *നാടുവാഴിയും നാട്ടാരും അറിയുന്നു.*

മൂന്നു കപ്പലുകളിലായി വാണിജ്യ സാമ്രാട്ടായ ക്നായിത്തോമ്മായുടെ നേതൃത്വത്തിൽ നാനൂറോളംപേർ കൊടുങ്ങല്ലൂർ തുറമുഖത്തു വന്നെത്തിയ വിവരം അന്നത്തെ കേരളാധിപനായ ചേരമാൻ പെരുമാൾ അറിഞ്ഞു. ഗംഭീരമായൊരു സ്വീകരണമാണ് ചേരമാൻ പെരുമാളിൽനിന്നും ആ കുടിയേറ്റ സംഘത്തിന് ലഭിച്ചത്. വ്യാപാരികളായ വിദേശ്യർ തുറമുഖനഗരത്തിൽ സ്ഥിരതാമസമാക്കുന്നത് സുഗന്ധ ദ്രവ്യങ്ങളുടേയും വിശിഷ്ട പക്ഷി മൃഗാദികളുടേയും നാടായ കേരളത്തിലെ



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വാണിജ്യം പതിൻമടങ്ങ് വർദ്ധിക്കാൻ ഇടയാകുമെന്ന് വിശ്വസിച്ചാണ് കേരളാധിപൻ ക്നായിതോമ്മായ്ക്കും അനുയായികൾക്കും ആഡംബര സമന്വിതമായ വരവേല്പ് നൽകിയത്. ഒരു വലിയ സ്ഥാനപ്പേരുതന്നെ കുടിയേറ്റ നേതാവിന് അദ്ദേഹം കല്പിച്ചു നൽകി, കോ ചേരകോൻ - ചേരരാജാവിന്റെ പ്രഭു.

ഇതിനെല്ലാം പുറമെ 72 വീടുകൾ പണിയുവാനും കോട്ടകൊത്തളങ്ങൾ നിർമ്മിക്കുവാനും ദേവാലയങ്ങൾ സ്ഥാപിക്കാനും ആവശ്യമായ ഭൂപ്രദേശമത്രയും അദ്ദേഹം കുടിയേറ്റ സംഘത്തിനു കരമൊഴിവായി നൽകി. എല്ലാറ്റിനുമുപരി രാജസന്താനങ്ങൾക്കും ഉന്നത ജാതിക്കാർക്കും മാത്രം അനുഭവിക്കാവുന്ന 72 പദവികളും സമ്മാനിച്ചു.

മഹാനായ ദാവീദു രാജാവിന്റെ വംശപാരമ്പര്യമുള്ളവർ എന്നനിലയ്ക്കാണ് പെരുമാൾ ക്നായിതോമ്മായേയും അനുചരരേയും പരിഗണിച്ചത്. ചരിത്രപണ്ഡിതനായ എൻ. കെ. അനന്തകൃഷ്ണയ്യർ Anthropology of the Syrian Christians എന്ന ഗ്രന്ഥത്തിൽപറയുന്നു "They (Knanites) were numbered among the noble races of Malabar. They were prefered to the Nayars and enjoyed the privilege of being called by none other name than that of the "Sons of Kings"

ക്നാനായക്കാർ കുടിയേറിപ്പാർത്ത സ്ഥലം മഹാദേവർ പട്ടണം- "City of Great God" എന്നപേരിൽ അറിയപ്പെട്ടുതുടങ്ങി. കുടിയേറ്റ ജനതയേയും അവരുടെ മതത്തേയും ചേരരാജാവും പൗരജനങ്ങളും എത്ര മതിപ്പോടു കൂടിയാണ് കരുതിപ്പോന്നതെന്ന് ഇതിൽനിന്നും മനസ്സിലാക്കാമല്ലോ.

ക്നായിതോമ്മായ്ക്കും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന കുടുംബാംഗങ്ങൾക്കും ചേരരാജാവ് ചെമ്പുതകിടിൽ ഭൂമിയും പദവിയും മറ്റും ആധാരം ചെയ്തുകൊടുത്തു. അതാണ് ചരിത്രപ്രസിദ്ധമായ ക്നായിത്തൊമ്മൻ ചെപ്പേട്. ക്നാനായക്കാർക്കു 72 പദവികൾ അനുഭവിക്കാനുള്ള അധികാരാവകാശങ്ങളാണ് ഈ താമ്രശാസനത്തിലുള്ളത്.

## *ക്നായിത്തൊമ്മൻ ചെപ്പേട്*

ദേവൻമാരുടെ ദിവ്യ ദാസനും ബലവാനും സത്യവാനും.... ആയ കൊച്ചേരകോൻ മഹാദേവർ പട്ടണത്തു വിജയിക്കുമാറാക!..... ഉൾപ്പെട്ട പറമ്പുകളോടും കൂടെ തൊമ്മനും അവന്റെ സന്തതികൾക്കുമായി എന്നെന്നേക്കും കൊടുത്തു.

സാക്ഷി: (പെരുമാളുടെ ഒപ്പ് )
അമനാട്ടു കണ്ടൻ കേരുളൻ (പടത്തലവൻ)



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അണിയാവുന്ന ആഭരണങ്ങൾ, ചാർത്താവുന്ന അലങ്കാരങ്ങൾ, ഉപയോഗിക്കാവുന്ന വാദ്യങ്ങൾ, സഞ്ചരിക്കാവുന്ന വാഹനങ്ങൾ, സ്വീകരിക്കാവുന്ന രാജോചിത ബന്ധങ്ങൾ ഉപയോഗിക്കാവുന്ന ഗൃഹോപ കരണങ്ങൾ തുടങ്ങിയവയെല്ലാം ഈ പദവികളിൽപ്പെടുന്നു. എല്ലാ ക്രിസ്ത്യാനികളും ഈ പദവികളുടെ ഗുണഭോക്താക്കളായിത്തീർന്നു. ചേരമാൻ പെരുമാളിൽനിന്നും ക്നായിത്തോമ്മായ്ക്ക് വിശേഷ വിധിയായി ഒരു കിരീടവും ലഭിക്കുകയുണ്ടായത്രെ. ഈ മുടിക്ക് വേന്തൻമുടി എന്നാണ് പേര്.

വൃക്ഷലതാദികൾ നിറഞ്ഞ ഭൂപ്രദേശങ്ങളും അഭികാമ്യങ്ങളും അത്യുദാരമായ പദവികളും ചേരമാൻ പെരുമാളിൽനിന്നും സംലബ്ധമായ ക്നാനായക്കാർ മതിമറന്നു സന്തോഷിച്ചു. അവർ പാടുകയും, ആടുകയും ചെയ്തു. ആഹ്ലാദത്തികവിൽ ആട്ടവും പാട്ടും നടത്തുന്നത് യഹൂദപാരമ്പര്യവുമാണ്. യഹൂദപാരമ്പര്യത്തിൽ അടിയുറച്ചുനില്ക്കുന്ന അവർ നൃത്തമാടുക എന്നുള്ളതു സ്വാഭാവികംതന്നെ. അവരുടെ മഹാനായ ദാവീദു രാജാവ്, വാഗ്ദാനപേടകം, നഗരകൂടാരത്തിൽ പ്രതിഷ്ഠിക്കുന്നതിനുവേണ്ടി ആഘോഷപൂർവ്വം കൊണ്ടുവരുമ്പോൾ ഒരു അരക്കച്ച മാത്രം ഉടുത്തുകൊണ്ട് സർവ്വശക്തിയോടുംകൂടി നൃത്തം ചെയ്യുകയുണ്ടായി. (2 സാമൂവൽ 4, 45) ഈ പാരമ്പര്യ വാസന ഓർക്കാപ്പുറത്ത് സ്ഥാനമാനാദികൾ ലഭിച്ചപ്പോൾ അവരിൽ ഉണർന്നിരിക്കണം. കൃതജ്ഞതാസൂചകമായും വിജയസൂചകമായും ആട്ടവും പാട്ടും നടത്തുക ഈ ജനതയ്ക്ക് അന്യമായിരുന്നില്ല.

## *ബൈബിളിൻെറ മണിയറയിൽ*
## *നൃത്തത്തിൻെറ കാൽച്ചിലമ്പൊലി*

യഹൂദരുടെ ജീവിതം മതാധിഷ്ഠിതമായിരുന്നു; സർവ്വോപരി ബൈബിൾ അധിഷ്ഠിതവും. ബൈബിളിലെ പഴയനിയമഗ്രന്ഥങ്ങളിൽ അവരുടെ വിശ്വാസാചാരങ്ങളും നിയമാനുഷ്ഠാനങ്ങളും ചിന്തകളും വിചാരവികാരങ്ങളുമെല്ലാം നിഴലിട്ടുനിൽക്കുന്നതു കാണാം. തങ്ങളുടെ മസൃണവികാരങ്ങളെ പകർത്താൻ അവർ ഭാരതീയരെപ്പോലെതന്നെ കലാമാധ്യമങ്ങൾ ഉപയോഗിച്ചിരുന്നു.

ആനന്ദത്തിൻേറയും അദ്ധ്യാത്മികോണർവിൻേറയും പ്രകാശനമായിരുന്നു യഹൂദർക്കു നൃത്തം. എല്ലാറ്റിനും ഒരു സമയമുണ്ടെന്നും അവർ വിശ്വസിച്ചിരുന്നു. "വിലപിക്കാൻ ഒരു കാലം, നൃത്തം ചെയ്യാൻ ഒരു കാലം." (സഭാപ്രസംഗകൻ 3.4)



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

നിർവ്യാജാനന്ദത്തിനുള്ള ഒരുപാധിയായിരുന്നു യഹൂദർക്കു നൃത്തം. ആഹ്ലാദത്തിൻെറ പര്യായവും അതായിരുന്നു. അവരുടെ ഒരാത്മാലാപം നോക്കൂ;

യുവാക്കൻമാർ സംഗീതമാലപിക്കുന്നില്ല!
തങ്ങളുടെ ഹൃദയത്തിൻെറ സന്തോഷം അവസാനിച്ചു.
തങ്ങളുടെ നൃത്തം വിലാപമായി മാറി.
(വിലാപങ്ങൾ 5, 15)

ജെറമിയാ പ്രവാചകൻ ഇസ്രായേലിനെ സമാശ്വസിപ്പിക്കുന്നതിങ്ങനെയാണ് :

കന്യകയായ ഇസ്രായേലേ,
നിന്നെ ഞാൻ പണിതുയർത്തും
നീ വീണ്ടും തപ്പുകൾ എടുത്തു
നർത്തകരുടെ ഇടയിലേയ്ക്കു നീങ്ങും.

യുദ്ധത്തിൽ വിജയിക്കുമ്പോഴും ദൈവാനുഗ്രഹം ലഭിക്കുമ്പോഴും അഭീഷ്ടസിദ്ധി കൈവരുമ്പോഴും യഹൂദജനത പാട്ടുപാടി നൃത്തം ചെയ്തിരുന്നതായി പഴയനിയമഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഗിലയാദുകാരൻ ജഫ്നാ എന്ന സേനാനി അമ്മോന്യ രാജാവിനെ യുദ്ധത്തിൽ തോല്പിച്ചശേഷം തൻെറ ഭവനത്തിലേക്കു വരുമ്പോൾ അദ്ദേഹത്തിൻെറ ഏകപുത്രി തപ്പുകൊട്ടി നൃത്തം ചെയ്തുകൊണ്ട് ജഫ്നായെ എതിരേററ്റായി ന്യായാധിപൻമാരുടെ പുസ്തകത്തിൽ പറയുന്നു. (ന്യായാധിപൻമാർ 11, 34-35)

സാവൂൾ, ഗോലിയാത്തിനെ സംഹരിച്ചശേഷം മടങ്ങിവരുമ്പോൾ ഇസ്രായേലിലെ എല്ലാ നഗരങ്ങളിലും സ്ത്രീകൾ തപ്പും മറ്റു വാദ്യങ്ങളുമായി മതിമറന്ന് നൃത്തം ചെയ്യുകയുണ്ടായി. (1 സാമുവൽ 18:6)

ഈജിപ്പുകാരുടെ അടിമത്തത്തിൽനിന്ന് ഇസ്രായേൽ ജനങ്ങളെ മോചിപ്പിച്ചുകൊണ്ട് ചെങ്കടൽവരെ എത്തിയപ്പോഴേയ്ക്കും ഈജിപ്പിലെ രാജാവായ ഫറവോൻെറ സൈന്യം അവരെ പിടികൂടാനായി തൊട്ടു പിന്നിൽ വന്നുചേർന്നു. ദൈവാജ്ഞപ്രകാരം മോശ തൻെറ കൈയ്യിലെ വടി കടലിനുമീതെ നീട്ടി. പെട്ടെന്നു കടലിനുമീതേ വെള്ളമില്ലാതെ ഒരു വഴി ഉണ്ടാവുകയും ഇസ്രായേൽജനം ചെങ്കടലിനു മറുകര എത്തുകയും ചെയ്തു. അവരുടെ പിന്നാലെ ഫറവോൻെറ സൈന്യങ്ങളുമുണ്ടായിരുന്നു. ഇസ്രായേൽ കരപറ്റിയപ്പോൾ രണ്ടായി വിഭജിക്കപ്പെട്ട കടൽ പൂർവ്വസ്ഥിതിയിലാവുകയും ഫറവോൻെറ സൈന്യം കടൽവെള്ളം മൂടി നശിക്കുകയും ചെയ്തു. (പുറപ്പാട്, 15/20)

marggam
Digital Library of Christianity in India
www.marggam.com



ദൈവത്തിന്റെ അത്ഭുതകരമായ സംരക്ഷണം കിട്ടിയപ്പോൾ അഹറോന്റെ സഹോദരി മിറിയം മറ്റു സ്ത്രീകളോടൊപ്പം തപ്പുകൊട്ടി നൃത്തം ചെയ്തു.

വിളവെടുപ്പു കാലങ്ങളിൽ യഹൂദസ്ത്രീകളും പുരുഷൻമാരും ഒത്തുചേർന്നു നൃത്തമാടിയിരുന്നു. വെളവെടുപ്പിനോടനുബന്ധിച്ചുള്ള കൂടാരപ്പെരുനാളിൽ ബലിയർപ്പണത്തിനുശേഷം ജറുസലേം ദേവാലയത്തിൽ അൾത്താരയ്ക്കു ചുറ്റും പ്രദിക്ഷണം നടത്തുകയും ആടിപ്പാടുകയും ചെയ്തിരുന്നു. തലയിൽ ജലകുംഭവും പേറിയുള്ള സ്ത്രീകളുടെ നൃത്തമായിരുന്നു ഈദൃശ അഘോഷങ്ങളുടെ സമാപനചടങ്ങ്.

വിളവെടുപ്പിലെന്നപോലെ കൃഷിയിടങ്ങളിലും യഹൂദവനിതകൾ നൃത്തം ചെയ്യുമായിരുന്നു. പ്രധാനമായും മുന്തിരിത്തോട്ടങ്ങളിലായിരുന്നു അവരുടെ നൃത്തം. നൃത്തം ചെയ്തിരുന്നവരോ കന്യകമാരും. ഈ നൃത്തോത്സവം കാണാൻ വന്നുകൂടുന്ന യുവാക്കൾ ഭാര്യമാരെ തിരഞ്ഞെടുത്തിരുന്നത് ഈ നർത്തകികളിൽനിന്നുമായിരുന്നു.

ഇസ്രായേൽ ആവ്മാസം (ആഗസ്റ്റുമാസം) 15-നു നടക്കുന്ന പരിഹാരത്തിരുനാളിൽ ജറുസലേം പുത്രിമാർ വെള്ളവസ്ത്രമണിഞ്ഞ് മുന്തിരിത്തോട്ടത്തിൽ വന്നുചേരും. വട്ടത്തിൽ നിന്നുകൊണ്ടായിരുന്നു അവരുടെ നൃത്തം. നൃത്തവേളയിൽ അവർ ഇങ്ങനെ പാടിയിരുന്നു.

യുവത്തിടമ്പേ, നയനങ്ങളുയർത്തി
നീ വധുവായി സ്വീകരിക്കുന്നവളെ
സൂക്ഷിച്ചുനോക്കൂ.

നവവധുക്കളുടെ ബഹുമാനാർത്ഥം നൃത്തം ചെയ്യുന്നതും മതപരമായ ഒരു ചടങ്ങായിട്ട് അക്കാലത്ത് കരുതപ്പെട്ടിരുന്നു.

സാബത്തിനോടനുബന്ധിച്ചും പണ്ടു നൃത്തമുണ്ടായിരുന്നു. ശനിയാഴ്ചയാണല്ലോ സാബത്ത്.

ആറു ദിവസംകൊണ്ട് ദൈവം പ്രപഞ്ചസൃഷ്ടി പൂർത്തിയാക്കി. ഏഴാം ദിവസം അവിടുന്നു വിശ്രമിച്ചു. പ്രവൃത്തികളിൽനിന്നും വിരമിച്ചു വിശ്രമിച്ച ഏഴാം ദിവസത്തെ ദൈവം അനുഗ്രഹിച്ചു വിശുദ്ധമാക്കി. അതാണ് സാബത്ത്. ആ വിശുദ്ധ ദിനത്തെ സ്വാഗതം ചെയ്യാനെന്നവണ്ണം വെള്ളിയാഴ്ച സൂര്യാസ്തമനത്തിനു മുൻപ് ഇസ്രായേൽ ജനം പ്രദക്ഷിണങ്ങളും നൃത്തങ്ങളും നടത്തിയിരുന്നു. ശനിയാഴ്ച വൈകുന്നേരം നൃത്തം നടത്തിയായിരുന്നു യഹൂദജനങ്ങൾ സാബത്തിനോട് വിടപറഞ്ഞിരുന്നതും. സാബത്തിൽ പുരുഷൻമാർ സിനഗോഗുകളിൽ പോകുമ്പോൾ



www.knanayology.org
https://www.knanayology.org/2012/02/02/margamkali-songs-by-dr-jacob-vellian-and-s-kurian-vembeni/ 37/133
www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



സ്ത്രീകൾ ഏതെങ്കിലും ഒരു വീട്ടിൽ ഒന്നിച്ചുകൂടിയിരുന്നു. ആനന്ദനൃത്തമാടുന്നതിനു വേണ്ടിയായിരുന്നു സ്ത്രീകളുടെ ഈ കുടുംബസമ്മേളനങ്ങൾ. ചിലയിടങ്ങളിൽ സാബത്തുദിവസം ഉച്ചകഴിഞ്ഞ് സിനഗോഗിന്റെ അങ്കണത്തിൽ യുവാക്കൾ നൃത്തം ചെയ്തിരുന്നു! പണ്ട് യഹൂദവനിതകൾ പ്രസവമുറിയിലും നടനം ചെയ്തിരുന്നു. ശിശു ജനിച്ചദിവസം മുതൽ എട്ടാം ദിവസം ഛേദനാചാരകർമ്മം നടത്തുന്നതുവരെ ശിശുവിന്റെ അമ്മയുടെ കിടക്കയ്ക്കു ചുറ്റുമായിരുന്നു പെൺ കൊടികളുടെ നടനം.

വടക്കേ ആഫ്രിക്കയിലെ യഹൂദൻമാർ ശിശുക്കളുടെ ഛേദനാചാരകർമ്മത്തിന് ഒരു താലം ഉപയോഗിച്ചിരുന്നു. ഇതിനു "ഏലീശയുടെ താലം" എന്നാണ് പറയുന്നത്. ഈ താലവുമായി നൃത്തം ചെയ്തുകൊണ്ടായിരുന്നു യഹൂദർ സിനഗോഗുകളിൽ ഛേദനാചാരകർമ്മത്തിന് എത്തിയിരിന്നത്.

യഹൂദന്റെ നൃത്തം, സൃഷ്ടാവിന്റെ മുൻപിൽ അവൻ അർപ്പിക്കുന്ന പ്രാർത്ഥനയാണ് എന്നുവരെ ചിന്തിക്കാൻ ദൈവാരാധനകകരും കലോപാസകരുമായ യഹൂദർ തയ്യാറായിട്ടുണ്ട്. ഹസീദീം വിഭാഗത്തിൽപ്പെട്ട യഹൂദരുടെ നൃത്തം വട്ടമിട്ടുനിന്നുകൊണ്ടായിരുന്നു. ഇതേക്കുറിച്ചു ഇപ്രകാരമാണ് പറയുന്നത് :

This is symbolic of the hasidic philosophy that every one is equal, each one being a link in the chain, the circle having no front or rear, no beginning or ending.

സിംഹത് തോറ (Simhat Torah) തിരുനാളിൽ, വേദപുസ്തകച്ചുരുളും പിടിച്ചുകൊണ്ടാണ് യഹൂദരുടെ പ്രദക്ഷിണം.

പണ്ട് ഈ പ്രദക്ഷിണത്തിന്റെ പരിസമാപ്തിയിൽ റബ്ബിയുടെ നൃത്തവുമുണ്ടായിരുന്നു. ഭക്തർ ചുറ്റും നിന്നു കൈയ്യടിച്ചുപാടുമ്പോഴായിരുന്നു റബ്ബിയുടെ നടനം.

മരിച്ചവരുടെ ഓർമ്മത്തിരുനാളിൽ മെറോനിലെ (Meron) റബ്ബിയായ ശെമയോൻ ബാർ മോഹിമിന്റെ ശവകുടീരത്തിനു ചുറ്റും തീർത്ഥാടകർ ആടുകയും പാടുകയും ചെയ്തിരുന്നു.

പഴയനിയമകാലത്ത് യഹൂദവംശജരായ പ്രവാചകൻമാരും നൃത്തം ചെയ്തിരുന്നു. പ്രവചനം നടത്തിക്കൊണ്ടിരുന്ന വേളയിലായിരുന്നു വാദ്യോപകരണം സഹിതമുള്ള അവരുടെ നൃത്തം.

വിശ്രമവിനോദമെന്ന നിലിയലും മാനസോല്ലാസത്തിനുമായി സമാരംഭിക്കപ്പെട്ട നൃത്തം പുരാതന ജനതകൾ ഈശ്വരാരാധനയ്ക്കായി വിനി



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



യോഗിച്ചുപോന്നു. ആകെ കൈവശമുള്ള കലാസമ്പത്ത് നൃത്തമെന്നുവ ന്നപ്പോൾ 'തൊട്ടതിനു പിടിച്ചതിനു'മെല്ലാം നൃത്തമാടുന്ന ഒരു സ്ഥിതി വിശേഷം പ്രാചീന ജനങ്ങളുടെ ഇടയിൽ വന്നുകൂടി.

കിരാതവർഗക്കാരുടെ ഇടയിൽ നൃത്തമില്ലാത്ത ചടങ്ങുകളില്ല.

അഗ്നിനൃത്തം, മൃത്യുനൃത്തം, സ്വപ്നനൃത്തം, ചികിത്സാനൃത്തം, ശവസംസ്കാരനൃത്തം എന്നിങ്ങനെ ഒട്ടേറെയുണ്ട് അവർക്ക് നൃത്തങ്ങൾ.

ക്രിസ്തുവിൻെറ കാലത്ത് ഹേറോദേസ് രാജാവിൻെറ ജൻമദിനാ ഘോഷത്തിൽ സലോമി എന്ന രാജകുമാരി നടത്തിയ മനോഹര നൃത്ത ത്തെക്കുറിച്ചുള്ള ഒരു വിവരണം പുതിയനിയമഗ്രന്ഥത്തിലുണ്ട്. മർക്കോസിൻെറ സുവിശേഷം 6-ാം അദ്ധ്യായത്തിലെ സലോമിയുടെ നൃത്തകഥ ഇങ്ങനെയാണ് :

ഹേറോദോസ് രാജാവ് സ്വന്തം സഹോദരനായ ഫിലിപ്പോസിൻെറ ഭാര്യ ഹേറോദ്യായെ സ്വന്തമാക്കി രാജകൊട്ടാരത്തിൽ പാർപ്പിച്ചിരുന്നു. ക്രിസ്തുവിനു വഴിയൊരുക്കാൻ വന്ന സ്നാപകയോഹന്നാൻ ഹേറോദേ സിൻെറ ഈ കുത്സിത പ്രവൃത്തിയെ ചോദ്യം ചെയ്യുകയും കഠിനമായി അപലപിക്കുകയും ചെയ്തു. യോഹന്നാൻെറ ശകാരവർഷം കേട്ടു കുപി തനായ ഹേറോദ്യായുടെ പ്രേരണ നിമിത്തം രാജാവ് യോഹന്നാനെ പിടിച്ച് കാരാഗൃഹത്തിലടച്ചു. ആയിടയ്ക്കായിരുന്നു ഹേറോദോസ് രാജാ വിൻെറ പിറന്നാൾ. രാജാവ് തൻെറ ജൻമദിനത്തിൽ രാജസേവകൻ മാർക്കും സഹസ്രാധിപൻമാർക്കും ഗലീലിയിലെ പ്രമാണിമാർക്കും സമൃദ്ധമായ ഒരു വിരുന്നൊരുക്കി. വിരുന്നിനു മോടികൂട്ടുവാൻ ഹേറോദ്യ ഒരു നൃത്ത പരിപാടികൂടി സംഘടിപ്പിച്ചു. ഹേറോദ്യയുടെ മകൾ സലോ മിയായിരുന്നു നർത്തകി. അതിഥികളെ നൃത്തം ഹഠാദാകർഷിച്ചു. മദ്യല ഹരിക്കു പുറമേ നൃത്തലഹരികൂടിയായപ്പോൾ ഹേറോദോസ് മതിമറന്ന് സമ്മാനമായി എന്തും, രാജ്യത്തിൻെറ പകുതിപോലും, ആവശ്യപ്പെട്ടു കൊള്ളാൻ നർത്തകിയോടു പറഞ്ഞു.

അമ്മയുടെ പ്രേരണകൊണ്ട് അവൾ ആവശ്യപ്പെട്ടത് സ്നാപകയോഹ ന്നാൻെറ ശിരസ്സായിരുന്നു. അത് ഒരുതാലത്തിൽവച്ച് തനിക്കു തരണമെ ന്നായിരുന്നു അവളുടെ അഭ്യർത്ഥന! ഗത്യന്തരമില്ലാതെ കാരാഗൃഹത്തിൽ കിടന്ന യോഹന്നാൻെറ ശിരസ് ഛേദിച്ചു ഹേറോദേസ് അവൾക്കു നൽ കുകയും ചെയ്തു! പ്രവാചകൻെറ ശിരസ്സിനേക്കാൾ വില രാജാവ് നൃത്തത്തിനു കല്പിച്ചു! നൃത്തത്തിൻെറ മാസ്മരശക്തി എത്രമാത്രമെന്ന് അറിഞ്ഞവരായിരുന്നു യഹൂദർ.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## BIBLIOGRAPHY

1. Vellian Jacob & Vembeni, *തനിമയിൽ പുലരുന്ന ഒരു ജനത,* Kottayam , Jyothi Books, 1991.
2. പി. യു. ലൂക്കോസ്, *കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകൾ,* കോട്ടയം - 1910
3. Kollaparampil Jacob, *The Babylonian Origin of the Southists Among the St. Thomas Christians,* Rome OCA, 1992.
4. Vellian Jacob, (ed) *Symposium on Knanites,* Kottayam - 1986.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# 3

# ഗാനം - ഗാനകല

### *വിശ്വഭാഷയാണ് ഗാനം.*

മാതൃഭാഷയല്ലാതെ മറ്റൊരു ഭാഷയും അറിയുകയോ കേൾക്കുകയോ ചെയ്യാത്തവർക്കു കൂടി ലോകത്തിലെ ഏതു ഭാഷയിലേയും ഗാനം ശ്രവിച്ചാസ്വദിക്കാനും ആത്മനിർവൃതി നേടാനും കഴിയുന്നു. ലോകത്തിലാർക്കും പരസഹായം കൂടാതെ മനസ്സിലാക്കാൻ കഴിയുന്ന വിശ്വഭാഷയാണ് ഗാനം. സംഗീതാസ്വാദനത്തിന് ഭാഷ അനുപേക്ഷണീയ ഘടകമല്ല. അർത്ഥാപേക്ഷ കൂടാതെ ഗാനങ്ങൾ നാം ആസ്വദിക്കുന്നു. ചരാചരങ്ങൾ ഒരുപോലെ നുകരുന്നതാണ് സംഗീതം. കർണാനന്ദകരമായ മകുടി നാദം കേട്ട് കരിമൂർഖൻകൂടി ഫണമുയർത്തി ആടുന്നുണ്ടല്ലോ. പാലുചുരത്തിക്കൊടുക്കാൻ മടികാട്ടുന്ന ഗോക്കൾ മന്ദ്രമധുരധ്വനി കേൾക്കുമ്പോൾ സ്വയം മറന്നു പാലുചുരത്തിപ്പോകുന്നു!

"പശുവും ശിശുവും പാമ്പും പാട്ടിൻ ഗുണമറിഞ്ഞിടും" എന്ന ചൊല്ല് എത്രയോ അർത്ഥവത്താണ് എന്ന് നമ്മുടെ അനുഭവം വിളിച്ചുപറയുന്നു. അമ്മയെ കാണാഞ്ഞ് ചീവീടുപോലെ കരയുന്ന കുഞ്ഞ് "രാരാ.... രോരോ...." താരാട്ടുകേട്ട് ഉറങ്ങുന്നുണ്ടല്ലോ. ഗാനം ഔഷധം കൂടിയാണ്. സർവ്വ ദുഃഖങ്ങളും ഗാനശ്രവണത്തിൽ നാം മറന്നുപോകുന്നു.

ശബ്ദമേ സംഗീതത്തിനുവേണ്ടൂ. ആ ശബ്ദം അർത്ഥവത്തായിക്കൊള്ളണമെന്നില്ല. സാർത്ഥക ശബ്ദമാണല്ലോ ഭാഷയായിത്തീരുന്നത്. അർത്ഥവത്തായ ശബ്ദത്തോടുകൂടിയതാണ് ഗാനമെങ്കിൽ അത് കൂടുതൽ ആസ്വാദ്യകരവും ആലോചനാമൃതവുമായിരിക്കുമെന്നുള്ളതിൽ തർക്കമില്ല. സംഗീതത്തിൻെറ ജീവന് അർത്ഥവത്തായ ഭാഷാ ശബ്ദമോ സാഹിത്യമോ ഒന്നും വേണ്ടെന്നു ചുരുക്കം.

ശബ്ദത്തിൻെറ മാസ്മരികതയാണ് വേദമന്ത്രങ്ങളുടെ അടിത്തറ. ഉയർന്ന മർദ്ദത്തിലുള്ള ശബ്ദം ഒരു മിസൈൽപോലെ രോഗിയിലേക്കു എത്തുമെന്നാണ് സംഗീത ചികിത്സകരുടെ അഭിപ്രായം.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



സോവിയറ്റ് യൂണിയനിലെ അലക്സാണ്ടർ ആൻഡ്രിയേവംകോ എന്ന പ്രമുഖനാണ് സംഗീത ചികിത്സയ്ക്ക് നേതൃത്വം നൽകിയിട്ടുള്ളത്. മനോരോഗ വിദഗ്ദരും സംഗീതജ്ഞരുമടങ്ങിയ ഒരു സംഘമാണ് സംഗീതം കാസറ്റിലാക്കുന്നതും, രോഗികൾക്കുമേൽ സംഗീത ജലധാര ഒഴുക്കുന്നതും!

അർബുദം, ആസ്മ, ജലദോഷം, ഉദരാസ്വാസ്ഥ്യം, ത്വക്രോഗം, വൈകാരിക സംഘർഷം ഇവ ഭേദമാക്കാൻ സംഗീത ചികിത്സയ്ക്ക് കഴിയുമെന്നാണ് സംഗീത ഭിഷഗ്വരൻമാർ സിദ്ധാന്തിക്കുന്നത്.

നൃത്തമോ ഗാനമോ ആദ്യമുണ്ടായത്? ഗാനമാകാം നൃത്തവുമാകാം. സന്തോഷാതിരേകത്താൽ ആദ്യം സംഗീതഛായയുള്ളശബ്ദം പുറപ്പെടുവിക്കുന്നു. അനന്തരം ശബ്ദ പ്രവാഹത്തിനൊത്ത് കരചരണങ്ങളും ശിരസ്സും ചലിപ്പിക്കുന്നു. അതല്ല ആനന്ദാതിരേകത്താൽ കരചരണാദികൾ ചലിപ്പിച്ച് ശിരസ്സാട്ടി ആട്ടം നടത്തുന്നു. അതോടൊപ്പം അർത്ഥശൂന്യമെങ്കിലും പാട്ടും. ഈ സ്ഥിതിയിൽ സാഹിത്യ ഗീതാദികളെ സരസ്വതിയുടെ ഇരു സ്തനങ്ങളായി പൗരാണികപണ്ഡിതൻമാർ കരുതിയതിൽ അപാകതയില്ലല്ലോ.

സംഗീതമപി സാഹിത്യം സരസ്വദ്യാസ്തനദ്വയം
ഏകമാപാദമധുരം അന്യദാലോചനാമൃതം

അതിപുരാതന കാലത്ത് കാനനങ്ങളിൽ നായാടിയായി നടക്കുന്ന മനുഷ്യൻ ചുറ്റുനിന്നും കേൾക്കുന്നത് പക്ഷിമൃഗാദികളുടെ ശബ്ദമാണ്. അതിൽ ഇമ്പം തോന്നിയ ശബ്ദം അവൻ അനുകരിച്ചു. പക്ഷിമൃഗാദികളുടെ ശബ്ദമാണല്ലോ സംഗീത ശാസ്ത്രത്തിൻെറ അടിസ്ഥാനമായ സപ്തസ്വരങ്ങൾ.

ഷഡ്ജം രൗതി മയുരസ്തു
ഗാവോ നർദ്ദിന്തി ഋഷഭ:
അജാവി കൗതു ഗാന്ധാരം
ക്രൗഞ്ചോ നർദ്ദിതി പഞ്ചമം
അശ്വസ്തു ധൈവതം രൗതി
നിഷാദം രൗതി കുഞ്ജരഃ

ഷഡ്ജം - സ - മയൂരം, ഋഷഭം - രി - ഗോവു
ഗാന്ധാരം - ഗ - ആട്, മധ്യമം - മ അരയന്നം
പഞ്ചമം - പ - കുയിൽ, ധൈവതം - ധ - കുതിര
നിഷാദം - നി - ആന

അക്ഷരമാലയും സാർത്ഥകമായ ശബ്ദങ്ങൾകൊണ്ട് കൊരുത്ത പദങ്ങളും ഉണ്ടാകുന്നതിനു മുമ്പുതന്നെ നിയതമായ അർത്ഥമോ രൂപമോ



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഒന്നും ഉണ്ടായിരുന്നില്ലെങ്കിലും പാട്ടുകൾ ഉടലെടുത്തിരുന്നു. വാമൊഴിയായി മാത്രം പ്രചരിച്ച അത്തരം പാട്ടുകൾ തലമുറകൾകടന്നു പഴയ ഈണത്തിലും താളത്തിലും ഇന്നത്തെ പരിഷ്കൃത സമൂഹത്തിലുംഎത്തിരിയിരിക്കുന്നു! ഈ പാട്ടുകളുടെ തായ്‌വേരിൽ നിന്നായിരിക്കണം ആദ്യം പദ്യഭാഷയും പദ്യസാഹിത്യവും പൊട്ടിമുളച്ചത്.

പണ്ട് കൃഷിപ്പണിനടത്തുന്നവരും ഭാരവണ്ടിവലിക്കുന്നവരുമൊക്കെ ഒരു ഊർജ്ജിതം കിട്ടാൻവേണ്ടി വായിൽതോന്നിയതൊക്കെ ഒരീണത്തിൽ പാടിപ്പോന്നു.

ഒന്നുരണ്ടു ഉദാഹരണങ്ങൾ:

വെറ്റിലാ, വെറ്റിലാ
നല്ലിളങ്കൊടി വെറ്റില
ആനപ്പുറംകേറി ആറാടും വെറ്റില
കുതിരപ്പുറംകേറി കൂത്താടും വെറ്റില
...............................................

താണജാതിക്കാരനായ ഒരുവന്റെ അനുഭവ കഥനം:

മഞ്ഞക്കാട്ടിൽ പോയാലോ പിന്നെ
മഞ്ഞക്കിളിയേ പിടിക്കാല്ലോ
മഞ്ഞക്കിളിയേ പിടിച്ചാലോ പിന്നെ
ചട്ടീലിട്ടുപൊരിക്കാല്ലോ
ചട്ടീലിട്ടു പൊരിച്ചാലോ പിന്നെ
പച്ചിലവാട്ടി പൊതിയാല്ലോ
പച്ചിലവാട്ടി പൊതിഞ്ഞാലോ പിന്നെ
തണ്ടാൻമാട്ടേ പോകാല്ലോ
തണ്ടാൻമാട്ടേ പോയാലോ പിന്നെ
കള്ളേലിത്തിരി മോന്താല്ലോ...
........................... ......................
കഴൂന്മേക്കേറീട്ടങ്ങാടാല്ലോ...

മതപരമായ പാട്ടുകൾ, കൃഷിപ്പാട്ടുകൾ, ഓണപ്പാട്ടുകൾ, കല്യാണപ്പാട്ടുകൾ, വാതിൽതുറപ്പാട്ടുകൾ തുടങ്ങി വിവിധതരം പാട്ടുകൾ കൗതുകകരമായ പഴയ ജീവിതത്തിന്റെ നെടുവീർപ്പുകളാണ്. നമ്മുടെ മുന്നിൽ മലർക്കെ തുറന്നിട്ടിരിക്കുന്ന പാട്ടുകളുടെ ഇനങ്ങളും വൈവിധ്യവും നോക്കുക.

***ഹിന്ദുമത സംബന്ധിയായ പാട്ടുകൾ:***

1. ഗണപതി സ്തുതി





www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



2. സരസ്വതി സ്തുതി
3. ഭദ്രകാളിപ്പാട്ടുകൾ
4. കോലൻതുള്ളൽ, ഭദ്രകാളിക്കോലം, പിശാചുകോലം, മറുതാക്കോലം
5. ഉടുക്കുപാട്ട് - അയ്യപ്പൻ ചരിതം
6. മുചേട്ടപാട്ട്
7. പാണരുടെ പാട്ടുകൾ - ഹരിച്ചന്ദ്രകഥ, കൃഷ്ണലീല, പൂതനാമോക്ഷം
8. വേലൻമാരുടെ പാട്ടുകൾ - വേലൻ പ്രവൃത്തി, ദശാവതാരകഥ, പ്രഹ്ളാദമോക്ഷം കഥ, കുചേലമോക്ഷം കഥ, വേലൻപിറവി - മുതലായവ.
9. വേടരുടെ പാട്ടുകൾ - കാതിക വേടന്റെ കഥ, ഗുരുവന്ദനം
10. കുറുവൻകളിപ്പാട്ട് - മാരിചൻവന്നപ്പോൾ, പാൽനെയ്യടപ്പാട്ട്
11. കൃഷിപ്പാട്ടുകൾ - ഞാറ്റുപാട്ടുകൾ

    ഒന്നാം തിരനെല്ലേ 2. മാരിമഴകൾ നനഞ്ചേ 3. ഞാറെല്ലാം ലാക്യ 4. സൂര്യനുദിച്ചുകണ്ടേ 5. മഴവരുന്നു കിളിയടിക്കാൻ 6. നല്ലവളിറങ്ങി 7. ചക്രപ്പാട്ട് 8. ആദിച്ചൻ ചന്തിരൻ രണ്ടല്ലോ കാള, മുതലായവ
12. കാളകളിപ്പാട്ട് - ഇക്കാള കളിക്കാള

    ഭഗവാന്റെ കളിക്കാള
13. ഓണപ്പാട്ടുകൾ - ഓണംവന്നു ഊഞ്ഞാലോ മക്കാണി തുമ്പപ്പൂവേ പൂത്തിരളേ

    ആരോമൽ പൈങ്കിളിപെൺകിടാവേ, മുതലായവ.
14. കല്യാണപ്പാട്ടുകൾ

    പെണ്ണുവാഴ്ത്തുമന്ത്രം, വാതിൽതുറപ്പാട്ടുകൾ, തോഴമ്മപ്പാട്ട്, അമ്മാനപ്പാട്ട് മുതലായവ
15. പലവകപാട്ടുകൾ -

    ഒന്നാംകുന്നിൻമേൽ, ഒരു സ്വപ്നം, നല്ലനല്ലേ, കറുത്തപെണ്ണ്, അരയാത്തറവേണം മുതലായവ.

മനുഷ്യൻ പിറന്നുവീഴുന്നത് മണ്ണിൽ, നാവും കണ്ണും തെളിയാറായാൽപിന്നത്തെ നോട്ടം ആകാശത്തേക്ക്. പിന്നത്തെ ചാട്ടം അമ്പിളിയമ്മാവനെ പിടിക്കാൻ! ഭൂമിയ്ക്കൊരു മേൽക്കൂരയാണ് ആകാശം. ആകാശപ്പന്തലിന്റെ അടിത്തറയാണ് ഭൂമി. ഒരു മുക്കുറ്റിച്ചെടിപോലും



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വേരുപിടിക്കണമെങ്കിൽ ഭൂമിവേണം, പച്ചപിടിക്കണമെങ്കിൽ ആകാശം വേണം, സൂര്യോർജ്ജം. ഭൂമിയുടെ അവലംബമില്ലാതെ ഒരു ജീവിക്കും നിലനില്പില്ല. ഭൂപ്രദേശത്തിന്റെ സ്ഥാനത്ത് നാടോടിപ്പാട്ടുകളെയും പഴഞ്ചൊല്ലുകളെയും നാം കാണുക. വിശ്വപ്രകാശം തൂകുന്ന സംഗീത സാഹിത്യങ്ങളുടെ അടിവേര് പഴഞ്ചൊല്ലുകളുടേയും നാടോടി പാട്ടുകളുടേയും വളക്കൂറുള്ള മണ്ണിലാണ്. മൺമറഞ്ഞുപോയ തലമുറയുടെ ഹൃദയത്തുടിപ്പുകൾ ഈ നാടൻപാട്ടുകളിലും പഴഞ്ചൊല്ലുകളിലൂടെയുമാണ് നാം കേൾക്കുന്നത്. പുരാതനപ്പാട്ടുകൾ മലയാള സാഹിത്യത്തിന്റെ പിള്ളത്തൊട്ടിലും മലയാളികളുടെ പൊതുസ്വത്തുമാണ്. കേരളത്തിൽ ജീവിക്കുന്ന വിവിധ ജാതി മതസ്ഥരുടേയും വിവിധ സമുദായങ്ങളുടേയും സംഭാവന പുരാതനപ്പാട്ടുകളുടെ ഈടുവെയ്പിലുണ്ട്.

ഭാരത സംസ്കാരവും ഭാരതീയ കലകളും ഗാനകലയുടെ അവലംബമായ പുരാതനപ്പാട്ടുകളും മതാടിസ്ഥാനത്തിൽ ചിന്തിച്ചാൽ ഹിന്ദുമതാനുസാരികളുടേതാണ്. ഇത്തരുണത്തിൽ ക്രൈസ്തവ കലാക്ഷേത്രത്തിൽ കാന്തിയും മൂല്യവുമുള്ളവയായി വല്ലതുമുണ്ടോയെന്ന് അന്വേഷിക്കുമ്പോഴാണ് ക്രൈസ്തവരുടേതായ പുരാതപ്പാട്ടുകളും അവയെ അധികരിച്ചുള്ള നൃത്തങ്ങളും ദൃഷ്ടിഗോചരമാകുന്നത്.

## *ക്രിസ്തീയഗാനം*

1. ക്രിസ്തീയ ഗാനങ്ങളിൽ സർവ്വപ്രധാനം- മാർഗ്ഗം കളിപ്പാട്ട്.
2. കല്യാണപ്പാട്ടുകൾ - മാർത്തോമ്മൻ, മംഗല്യവട്ടക്കളി, മയിലാഞ്ചിപ്പാട്ട്, അന്തംചാർത്തുപാട്ട്, അയനിപ്പാട്ട്, എണ്ണപ്പാട്ട്, തണ്യ ദിവസം പാട്ട്, അടച്ചതുറപ്പാട്ട്, വാഴ്വ്പാട്ട്, കിളിപ്പാട്ടു മുതലായവ.
3. റമ്പാൻ പാട്ട്
4. വേദപുസ്തക ചിന്തകൾ
5. പള്ളിപ്പാട്ടുകൾ: കടുത്തുരുത്തി വലിയ പള്ളിയുടെ പാട്ട്, ഉഴവൂർ പള്ളിയുടെ പാട്ട്, കോട്ടയത്തു വലിയപള്ളിയുടെ പാട്ട്.

   ചങ്ങനാശ്ശേരി പള്ളിയുടെ പാട്ട്, മലയാറ്റൂർ കുരിശിന്റെ പാട്ട്, പുതുപ്പള്ളിപള്ളിയുടെ പാട്ട് മുതലയാവ
6. പാണൻപാട്ടുകൾ: കിനായിതോമ്മായുടെ വീരചരിതം.

## BIBLIOGRAPHY

1. *മലയാളത്തിലെ നാടോടിപ്പാട്ടുകൾ II*, തൃശ്ശൂർ, 1980



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# 4

# മാർഗ്ഗംകളിയും മാർഗ്ഗംകളിപ്പാട്ടും

പുരാതന ക്രൈസ്തവ കലയുടെ തൊടുകുറിയാണ് മാർഗ്ഗം കളി, സമീപകാലം വരെ മോഹിനിയാട്ടം, ഭരതനാട്യം സംഘനൃത്തം, തിരുവാതിരകളി, ഓട്ടൻ തുള്ളൽ, കഥകളി തുടങ്ങിയ നാട്യകലകൾ അരങ്ങുതകർക്കുന്ന സ്ക്കൂൾ യുവജനോത്സവ - മത്സരവേദിയിൽ നിന്നും സുറിയാനികർണ്ണാടക സംഗീത സമ്മിളിതമായ ഒരു ഗാനാലാപനം കേട്ടുതുടങ്ങിയിരിക്കുന്നു. അടുത്ത കാലം വരെ കേൾക്കാത്ത പാട്ടും കാണാത്ത കാൽവയ്പുകളും കാണികൾ കൗതുകപൂർവ്വം ശ്രദ്ധിക്കുന്നു. കലോത്സവ വേദിയിൽ ഈ ഗാനത്തിനൊത്തു നൃത്തമാടുന്നതോ ഒരു പറ്റം തരുണിമാർ, കരിമ്പനയോല വിശറിപോലെ ഞൊറിയിട്ടുള്ള കച്ചമുറി ഉടുത്തു ചട്ടയും ധരിച്ച് മേക്കാതിൽ കുണുക്കും കാൽപാദങ്ങളിൽ തളകളും കൈകളിൽ വളകളുമിട്ടു പഴയ സുറിയാനിപ്പെണ്ണുങ്ങളുടെ വേഷത്തിലുള്ള മൃദുലാംഗികൾ. സ്കൂൾ കലോത്സവങ്ങളിലും സർവ്വകലാശാലാ കലോത്സവങ്ങളിലും ഇന്നു രംഗസ്ഥിതർ ശ്രദ്ധാപൂർവ്വം വീക്ഷിക്കുന്ന നൃത്തമാണ് "മാർഗ്ഗംകളി".

ക്നാനായ സമുദായം വേരുപിടിപ്പിച്ചുകൊണ്ടു വന്ന ഈ മാർഗ്ഗംകളി പരിശീലിച്ചു നടനമാടാൻ വിവിധ ജാതിക്കാരായ കുമാരികുമാരൻമാർ ഇന്നു രംഗത്തുവന്നുകൊണ്ടിരിക്കുന്നു.

## *മാർഗ്ഗംകളിയിലെ മാർഗ്ഗം.*

'മാർഗ്ഗം' എന്ന പദത്തിന്റെ അർത്ഥം, അന്വേഷണം, വഴി, മതം എന്നിങ്ങനെയാണ്. മതപരിവർത്തനം നടത്തി ക്രസ്തുമതം സ്വീകരിക്കുന്ന താണവർഗ്ഗത്തിൽ പെട്ടവരെ മാർഗ്ഗം കൂടിയവർ എന്നും മാർഗ്ഗവാസികളെന്നും അടുത്തകാലം വരെ പറയാറുണ്ടായിരുന്നു. ക്രിസ്തുമതത്തെ സംബന്ധിച്ചിടത്തോളം "മാർഗ്ഗ"ത്തിനു വഴിയെന്ന അക്ഷരാർത്ഥമല്ല ഉള്ളത്. അതിനുപരിയായ അർത്ഥവ്യാപ്തി അതിനുണ്ട്. ക്രിസ്തുവിന്റെ



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മുന്നോടിയായി വന്ന സ്നാപകയോഹന്നാൻ ആരെന്നറിയുവാൻ യഹൂദർ ജറുസലേമിൽനിന്നു പുരോഹിതൻമാരേയും ലേവ്യരേയും യോഹന്നാൻെറ അടുക്കൽ പറഞ്ഞയയ്ക്കുകയുണ്ടായി. "നീ ആര്" എന്നുള്ള അവരുടെ ചോദ്യത്തിനു അദ്ദേഹം പറഞ്ഞ മറുപടി നോക്കുക:

ഞാൻ ക്രിസ്തു അല്ല....

കർത്താവിൻെറ (ക്രിസ്തുവിൻെറ) വഴികൾ നേരെയാക്കുവാൻ വന്നവനാണ്. തുടർന്ന് അദ്ദേഹം ജനതതിയോട് പ്രസംഗിക്കുന്നത്

"കർത്താവിൻെറ വഴിയൊരുക്കുവിൻ. അവൻെറ പാതകൾ നേരെയാക്കുവിൻ" എന്നാണ്.

കർത്താവായ ക്രിസ്തു വന്നുകഴിഞ്ഞാൽ സംഭവിക്കുന്നതെന്തെന്നും അദ്ദേഹം പ്രസംഗിക്കുന്നുണ്ട്. താഴ്വരകൾ നികത്തപ്പെടും. കുന്നും മലയും നിരത്തപ്പെടും വളഞ്ഞവഴികൾ നേരെയാക്കപ്പെടും. പരുപരുത്തവ മൃദുവാക്കപ്പെടും. ലൂക്കാ ( 3, 4-6)

ക്രിസ്തു തന്നെക്കുറിച്ചുതന്നെ പറയുന്നു:

"ഞാൻ മാർഗവും സത്യവും ജീവനുമാകുന്നു." ക്രിസ്തുതന്നെത്തന്നെ മാർഗമായിട്ടാണ് വിശേഷിപ്പിച്ചിരിക്കുന്നത്. "മാർഗ്ഗത്തിൻെറ" ആഴവും അർത്ഥവും ഇതിൽ നിന്നും അനുമാനിക്കാമല്ലോ.

ക്രിസ്തുവിൻെറ തിരുവചനങ്ങളിൽ വിശ്വസിച്ച് അവിടുത്തെ അനുഗമിക്കുന്നവരാണ് ക്രിസ്തുമാർഗം സ്വീകരിച്ചവർ.

ക്രിസ്തുമാർഗം ഭാരതീയർ കേൾക്കുന്നതിനു വളരെമുമ്പുതന്നെ മാർഗശബ്ദവുമായി പരിചയം പുലർത്തിയിരുന്നവരായിരുന്നു കേരളീയർ.

കേരളത്തിൽ ഹിന്ദുമതത്തിനു മുൻപേ വേരൂന്നിയതു ജൈന-ബുദ്ധമതങ്ങളായിരുന്നു. ആദി ദ്രാവിഡർക്കു കൂടുതൽ ഹിതകാരിയായിരുന്നത് ബുദ്ധമതമായിരുന്നു. അന്നത്തെ ആളുകൾ യഥേഷ്ടം ജൈന ക്ഷേത്രങ്ങളിലോ ബുദ്ധക്ഷേത്രങ്ങളിലോ (പഗോഡ) ദൈവാരാധനയ്ക്കു പൊയ്ക്കൊണ്ടിരുന്നു.

ദുഃഖത്തിനുള്ള കാരണങ്ങളും സന്തോഷത്തിലേക്കുള്ള മാർഗ്ഗങ്ങളുമാണല്ലോ ബുദ്ധമതത്തിൻെറ പ്രബോധന സാരം. ശ്രീബുദ്ധൻ ലോകത്തിന് ഉപദേശിച്ചുകൊടുത്തത് നിർവാണപ്രാപ്തിക്കുള്ള അഷ്ടമാർഗ്ഗങ്ങളാണ്.

സമ്യക് ദൃഷ്ടി, സമ്യക് സങ്കല്പം, സമ്യക് വാക്ക്, സമ്യക് കർമ്മം, സമ്യഗാ ജീവം, സമ്യക് വ്യായാമം, സമ്യക് സ്മൃതി, സമ്യക് സമാധി ഈ അഷ്ടാംഗ മാർഗ്ഗങ്ങൾ ബുദ്ധമതാവലംബികളായ ചണ്ഡാലർ പോലും



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

margam
Digital Library of Christianity in India
www.marggam.com



ബുദ്ധിമുട്ടുകൂടാതെ ഗ്രഹിച്ചിരുന്നു. കുമാരനാശാൻ ചണ്ഡാലഭിക്ഷുകിയിൽ:

"അഷ്ടാംഗമാം ദിവ്യമാർഗ്ഗം - ബാല

കഷ്ടതയെന്യേ ശീലിച്ചു"വെന്നു പറയുന്നത് ഇതിനുപോൽബലകമായ തെളിവാണ്. അഷ്ടാംഗ മാർഗ്ഗങ്ങൾ കേട്ടുശീലിചവർക്കു ക്രിസ്തുമാർഗം എന്നു കേട്ടാൽ എളുപ്പം മനസിലാകുമായിരുന്നു. അതുകൊണ്ടാവും ക്നാനായ സമുദായത്തിൽപെട്ട കലാപ്രേമികൾ തങ്ങളുടെ മതാനുബന്ധിയായ നൃത്ത, ലീലാ വിനോദത്തിനു "മാർഗ്ഗം കളി" എന്നും മാർഗംകളിക്കാധാരമായ പാട്ടിനു മാർഗ്ഗംകളിപ്പാട്ട് എന്നും പേർ വിളിച്ചത്.

## *ഉറവിടങ്ങൾ*

### *മാർഗ്ഗംകളിപ്പാട്ടിന്റെ ഇതിവൃത്തം*

മാർത്തോമ്മായുടെ നടപടികളാണ് മാർഗ്ഗം കളിപ്പാട്ടിന്റെ ഇതിവൃത്തമെന്നാണല്ലോ പൊതുവെയുള്ള ധാരണ. ഈ ധാരണ പൂർണ്ണമായും ശരിയല്ല. രണ്ടു കൃതികളുടെ ആശയങ്ങളിലെ സമ്മോഹന സമ്മേളനമാണ് മാർഗ്ഗംകളിപ്പാട്ടിൽ കാണുന്നത്. ഒന്ന്, മൂന്നാം നൂറ്റാണ്ടിൽ സുറിയാനിയിൽ വിരചിതമായ മാർത്തോമായുടെ നടപടികൾ. മറ്റൊന്ന്, സെറൂഗിലെ മാർ ജേക്കബിന്റെ തോമ്മാശ്ലീഹായെപ്പറ്റിയുള്ള മൂന്നു പ്രഭാഷണങ്ങൾ.

"മാർത്തോമ്മായുടെ നടപടികൾ" എന്ന കൃതി രചിക്കപ്പെട്ടതു സുറിയാനി ഭാഷയിലാണ്. വിവിധ ഭാഷകളിൽ ഈ കൃതിയുടെ പരിഭാഷകളുണ്ട്. മിക്ക പുരാതന ഗ്രന്ഥങ്ങളുടേയും കാര്യത്തിലെന്നപോലെ ഈ കൃതിയുടേയും കാലവും കർത്താവും അറിയുവാൻ ഗവേഷകൻമാരെ ആശ്രയിക്കുകയേ തരമുള്ളു.

ഈ ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് വിവർത്തനത്തിന് അവതാരിക എഴുതിയിട്ടുള്ള അലക്സാണ്ടർ വാൾക്കറുടെ അഭിപ്രായത്തിൽ മാർത്തോമ്മായുടെ നടപടികളുടെ കാലം ക്രിസ്തുവർഷം 180നും 230നുമിടയ്ക്കാണ്. എദേസായിലെ ബർദയ്സാൻ എന്ന സിറിയനാണ് ഗ്രന്ഥകർത്താവ് എന്നു പറയപ്പെടുന്നു. ഈ ഗ്രന്ഥം തികച്ചും ചരിത്രപരമല്ല. പാരമ്പര്യത്തെ ആധാരമാക്കിയുള്ളതാണ്. സുവിശേഷംപോലെ ക്രിസ്തുസഭ ഔദ്യോഗിക രേഖയായി ഇതിനെ കണക്കാക്കുന്നില്ല. ഇത് ഒരു അപ്രമാണിക ഗ്രന്ഥമാണ് (Apocryphal Book)

"മാർത്തോമ്മായുടെ നടപടികൾ" ഒന്നും രണ്ടും പതിമൂന്നും നടപടികളിലെ ആശയങ്ങൾകൊണ്ടു കൊരുത്തെടുക്കപ്പെട്ടതാണ്, മാർഗ്ഗം കളി



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പ്പാട്ടിലെ പതിനാലു പാദങ്ങളുമെന്നു സാമാന്യമായി പറയാം. സൂക്ഷ്മാവലോകനത്തിൽ സെറുഗിലെ ജേക്കബിൻെറ പ്രഭാഷണങ്ങളിലെ സ്വാധീനം നിഴലിട്ടുനില്ക്കുന്നതും കാണാൻ കഴിയും.

മാർത്തോമ്മായുടെ നടപടികളിലും സെറൂഗിലെ ജേക്കബിൻെറ പ്രഭാഷണ പരമ്പരയിലും ഒരു പോലെ കാണുന്നതും മാർഗ്ഗംകളിപ്പാട്ടിലുള്ളതുമായ സുപ്രധാന കാര്യങ്ങൾ താഴെചേർക്കുന്നു.

1. പരിശുദ്ധാത്മാവിനെ സ്വീകരിച്ച ശേഷം ക്രിസ്തു ശിഷ്യൻമാർ ഒരുമിച്ചുകൂടി സുവിശേഷ പ്രഘോഷണാർത്ഥം പോകേണ്ട സ്ഥലം കുറിയിട്ടെടുത്തപ്പോൾ തോമ്മായ്ക്ക് കിട്ടിയത് ഇന്ത്യയാണ്. അപരിചിതവും വിദൂരവുമായ ഇന്ത്യയിലേക്ക് പോകുകയില്ലെന്ന് തോമ്മാ ശഠിച്ചു.
2. രാജാവിൻെറ നിർദ്ദേശാനുസരണം ഹാബാൻ വിദഗ്ദ്ധനായ ശില്പിയെത്തേടി ജറുസലത്തുചെല്ലുകയും അവിടെവെച്ച് യേശു തോമ്മായെ ഹാബാനു ഏൽപ്പിച്ചുകൊടുക്കുകയും ചെയ്തു.
3. രാജധാനിയിലേക്കു പോകുംവഴിക്ക് ഒരു രാജകീയ വിവാഹത്തിൽ തോമ്മാ പങ്കുകൊണ്ടു. വിവാഹപന്തലിൽവെച്ച് നർത്തകിയെ അനാദരിച്ചതിൻെറ പേരിൽ പാചകക്കാരൻ തോമ്മായെ അടിക്കുകയുണ്ടായി. തോമ്മായെ തല്ലാനുപയോഗിച്ച ഭൃത്യൻെറ വലതുകരം ഒരു കടുവ കടിച്ചുമുറിച്ചു. ആ കൈ ഒരു നായ് കടിച്ചെടുത്തുകൊണ്ട് വിരുന്നുശാലയിൽ തോമ്മായുടെ മുന്നിൽവന്നു നിന്നു. എല്ലാവരും ആശ്ചര്യപരതന്ത്രരായി!
4. രാജാവ് കൊട്ടാരംപണിക്ക് ഏല്പിച്ച പണമത്രയും തോമ്മാ പാവങ്ങൾക്ക് കൊടുക്കുകയും രാജാവിനുള്ള കൊട്ടാരം സ്വർഗ്ഗത്തിൽ നിർമ്മിക്കപ്പെട്ടുകഴിഞ്ഞുവെന്ന് അദ്ദേഹത്തെ ധരിപ്പിക്കുകയും ചെയ്തു.
5. ഭാരതത്തിൽ പലയിടങ്ങളിലും തോമ്മാശ്ലീഹാ സുവിശേഷം പ്രസംഗിക്കുയും, ധാരാളം പേർ മാമോദീസ സ്വീകരിക്കുകയും ചെയ്തു.
6. തോമ്മാശ്ലീഹാ ക്രിസ്തുവിനെ പ്രതി രക്തസാക്ഷിത്വം വരിച്ചു.

### *വ്യത്യസ്ത ചിന്താധാരകൾ*

മാർത്തോമ്മായുടെ മരണ ശിക്ഷയ്ക്കു ഹേതുഭൂതമായ സംഭവത്തെ സംബന്ധിച്ചിടത്തോളം നടപടിയിൽ പറയുന്നു:

തോമ്മായുടെ സുവിശേഷ പ്രസംഗം ശ്രവിച്ച മസ്ദൈ രാജാവൻെറ ഉറ്റബന്ധുവും തോഴനുമായ കാരീഷിൻെറ ഭാര്യ മിഗ്ദോണിയ, ഭർത്തൃബന്ധം വിഛേദിച്ചു സുവിശേഷ പ്രഘോഷണ ശ്രവണത്തിലും



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ദൈവാരാധനയിലും മുഴുകി ജീവിച്ചു. ഭർത്താവു കാലുപിടിച്ചപേക്ഷിക്കുകയും വിലപിക്കുകയും ചെയ്തിട്ടും അവൾ അദ്ദേഹത്തോടൊത്ത് ദാമ്പത്യ ജീവിതം നയിക്കാനോ അദ്ദേഹത്തിന്റെ സമീപത്തു ചെല്ലാൻ പോലുമോ കൂട്ടാക്കിയില്ല. മസ്ദൈരാജാവ് തന്റെ പത്നിയെ മിഗ്ദോണിയായുടെ പക്കൽ പറഞ്ഞയച്ചു. ഭർത്താവിനെ പരിത്യജിക്കാതിരിക്കാൻ രാജപത്നി അവളെ ഉപദേശിച്ചു. ഫലമുണ്ടായില്ല. വിവാഹം തീരെ വിലയില്ലാത്തതും ദാമ്പത്യസുഖം വെറും മിഥ്യയുമാണെന്നായിരുന്നു മിഗ്ദോണിയുടെ ദൃഢവിശ്വാസം. അവൾ ഭർത്തൃസവിധത്തിൽ പോകാൻ തയ്യാറായില്ല. മാത്രമോ, മിഗ്ദോണിയായെ ഉപദേശിക്കാൻചെന്ന മസ്ദൈ രാജ്ഞി - തേർസ്യാ, ഭർത്താവായ രാജാവിനെ ഉപേക്ഷിച്ചു ദൈവവചന ചിന്തയിൽ നിമഗ്നയായിത്തീർന്നു. പ്രിയതമയെ നഷ്ടപ്പെട്ട രാജാവ് ദുഃഖിതനും കോപാകുലനുമായിത്തീർന്നു. ദാമ്പത്യജീവിതത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന തോമ്മായെ ഇനി ഒരുനിമിഷംകൂടി ജീവിക്കാൻ അനുവദിക്കരുതെന്നു അദ്ദേഹം നിശ്ചയിച്ചു. തോമ്മായെ പിടിച്ചു വധശിക്ഷ നൽകാൻ സൈനികരെ നിയോഗിക്കുകയും ചെയ്തു.

ഇതുപോലുള്ളൊരു സംഭവമല്ല തോമ്മായുടെ മരണശിക്ഷയ്ക്കു ഹേതുവായി സെറൂഗിലെ ജേക്കബും നടപടികളുടെ ലത്തീൻ പകർപ്പായ Martyrium Sancti Thomac എന്ന ഗ്രന്ഥവും വിവരിക്കുന്നത്.

സുവിശേഷ പ്രസംഗം നടത്തിയും അത്ഭുതങ്ങൾ പ്രവർത്തിച്ചും നടന്ന തോമ്മായെ നാട്ടുകാർ പണ്ടേ വെറുത്തിരുന്നു. തോമ്മായോടു വിദ്വേഷം പുലർത്തിയിരുന്ന നാട്ടുകാരിൽ ചിലർ അദ്ദേഹത്തോടു കാളി ദേവിയെ ആരാധിക്കാൻ ആവശ്യപ്പെട്ടു. തോമ്മാ അവരുടെ നിർദ്ദേശത്തിനു വഴങ്ങിയില്ല. എന്നുമാത്രമല്ല, കാളിയുടെ കാവിനെ നിമിഷാർദ്ധംകൊണ്ട് അഗ്നിവീഴ്ത്തി എരിയിച്ചുകളയുകയും ചെയ്തു! ഈ സംഭവത്തിൽ ക്രുദ്ധരായ നാട്ടുകാരിൽ ഒരാൾ അദ്ദേഹത്തെ കുന്തം കൊണ്ടു കുത്തിക്കൊന്നു.

മാർത്തോമ്മായുടെ മരണത്തിനു നിമിത്തമായി സെറൂഗിലെ ജേക്കബും ലത്തീൻ ഭാഷയിലുള്ള നടപടിയും വിവരിക്കുന്ന ഈ സംഭവമാണ് മാർഗ്ഗം കളിപ്പാട്ടിലും പരാമർശിക്കപ്പെടുന്നത്.

മാർത്തോമ്മായുടെ നടപടിയിൽ ഗ്രന്ഥകാരൻ വിവരിക്കുന്നതുപോലെ ദാമ്പത്യ ജീവിതം നിഷിദ്ധമായി വീക്ഷിക്കുന്ന ഒരു പ്രവണത ക്രിസ്തുസഭയ്ക്കില്ല. ദാമ്പത്യ-ബന്ധത്തെ വിലകുറഞ്ഞതോ വിലയില്ലാത്തതോ ആയി കാണുന്നത് സഭാവിരുദ്ധമായ ഒരു കാഴ്ചപ്പാടാണ്.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

margGam
Digital Library of Christianity in India
www.marggam.com



"ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു. സന്താന പുഷ്ടിയുള്ളവരായി പെരുകുവിൻ" എന്ന് അവരെ അനുഗ്രഹിക്കുകയും ചെയ്തു. (ഉൽപത്തി 1, 27-28)

ദൈവത്തിൻെറ സൃഷ്ടികർമ്മത്തിൽ മനുഷ്യനെ പങ്കാളികളാക്കുകയാണ് വിവാഹത്തിൻെറ ലക്ഷ്യം. അതിനാൽ തോമ്മാശ്ളീഹാ വിവാഹബന്ധത്തിനു ശൈഥില്യം വരുത്തുന്നതൊന്നും പ്രസംഗിക്കാൻ സാദ്ധ്യതയില്ല. യുക്തിസഹവും സഭാപരവുമായ നിലപാടാണു, സെറൂഗിലെ ജേക്കബ് സ്വീകരിച്ചിട്ടുള്ളത്. മാർഗ്ഗംകളിപാട്ടുകാരൻ ആശ്രയിച്ചിട്ടുള്ളതും ഈ നിലപാടിനെയാണ്.

പിന്നെ എന്തേ മാർത്തോമ്മായുടെ നടപടികളിൽ ഇങ്ങനെയോരുപ്രതിപാദ്യം വന്നുകൂടിയത്?

ഇന്നു ലഭ്യമായിരിക്കുന്ന മാർത്തോമ്മായുടെ നടപടികളുടെ മൂലഗ്രന്ഥം ഗ്നോസ്റ്റിക് സിദ്ധാന്തക്കാർ (Gnostics -ജ്ഞേയ വാദികൾ) അവരുടെ സിദ്ധാന്തങ്ങൾക്കനുസൃതം പരിഷ്ക്കരിച്ചിട്ടുള്ളതാണെന്നു കരുതപ്പെടുന്നു. ഗ്നോസ്റ്റിക് സിദ്ധാന്തവാദികൾ, വിവാഹവും വിവാഹജീവിതവും മിഥ്യയും നിഷിധവുമാണെന്ന് വിശ്വസിച്ചിരുന്നു. അവരുടെ വിശ്വാസപ്രമാണത്തെ അരക്കിട്ടുറപ്പിക്കാനാണ് മസ്ദൈരാജപത്നിയായ തേർസ്യയേയും കാരിഷിൻെറ ഭാര്യയായ മിഗ്ദോണിയേയും ഒക്കെ വിവാഹ വിരോധികളായും ഭർത്തൃവിരുദ്ധരായും ചിത്രീകരിച്ചിരിക്കുന്നത്.

### *മാർഗംകളിയിലെ മാർത്തോമ്മാ*

തൻെറ സന്തത സഹചാരികളായി വർത്തിക്കുന്നതിനും ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുന്നതിനും വേണ്ടി ക്രിസ്തു 12 പേരെ തിരഞ്ഞെടുക്കുകയുണ്ടായി. ഇവരെ അപ്പസ്തോലന്മാരെന്നും ശ്ളീഹന്മാരെന്നും പറഞ്ഞുവരുന്നു. ഇവരിൽ ഒരാളാണ് ദിദിമോസ് എന്നു കൂടി പേരുള്ള തോമ്മ. അദ്ദേഹത്തെ സിറിയൻരീതി അനുസരിച്ചുള്ള ബഹുമാന്യ ശബ്ദം ചേർത്ത് മാർ തോമ്മാ എന്നു വിളിച്ചു വരുന്നു. 'മാർ' ശബ്ദത്തിൻെറ അർത്ഥം 'പ്രഭു' 'Lord' എന്നാണ്. ക്രിസ്തു ശിഷ്യന്മാരിൽ ക്രിസ്തുവിൻെറ പുനരുത്ഥാനത്തിന് സാക്ഷ്യം വഹിച്ചവനും, അവിടുത്തേയ്ക്കുവേണ്ടി ജീവത്യാഗം ചെയ്യാൻ സന്നദ്ധനുമായ ശിഷ്യോത്തമനായിട്ടാണ് മാർത്തോമ്മാ സുവിശേഷങ്ങളിൽ പ്രകീർത്തിക്കപ്പെടുന്നത്. സുവിശേഷത്തിലെ സെൻറു ജോൺ 11-ാം അദ്ധ്യായം 1 മുതൽ 16 വരെയുള്ള വാക്യങ്ങളിലും 20-ാം അധ്യായം 24 മുതൽ 29 വരെയുള്ള വാക്യങ്ങളിലുമായി ഈ വസ്തുതകൾ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ക്രിസ്തു തന്റെ സ്വർഗ്ഗാരോഹണ വേളയിൽ ഇപ്രകാരം തന്റെ ശിഷ്യഗണത്തോടു കല്പിച്ചു:

ഭൂമിയുടെ അതിർത്തികൾവരെ എനിക്കു സാക്ഷ്യം വഹിക്കുവിൻ. എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ... അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. (St. Mt 28/19-20)

ഈ കല്പനാനുസൃതം ക്രിസ്തു ശിഷ്യൻമാർ നാനാദിക്കുകളിലേക്കും സുവിശേഷ പ്രചരണാർത്ഥം പുറപ്പെട്ടു. ഭാരതത്തിലേക്കു പുറപ്പെട്ടതു തോമ്മാശ്ലീഹാ ആയിരുന്നു. അദ്ദേഹം ഭാരതത്തിൽനിന്നു വന്നത് AD 52 ലാണ്. അതിന് അസന്നിഗ്ദമായ തെളിവുകളുമുണ്ട്. അതിന്റെ ഏറ്റവും പുരാതനമായ തെളിവാണ് തോമ്മാസ്ലീഹായുടെ നടപടികൾ. (Act of Thomas)

ഇന്ത്യയുടെ ഇങ്ങു തെക്കേ അറ്റമായ കേരളത്തിലെ പ്രസിദ്ധതുറമുഖ നഗമരമായ കൊടുങ്ങല്ലൂരാണ് തോമസ് അപ്പോസ്തോലൻ കാലുകുത്തിയത്. ഇദ്ദേഹം കേരളത്തിൽ വന്നകാലത്ത് ചേര രാജ്യം എന്നപേരിലാണ് കേരളം അറിയപ്പെട്ടത്. അന്നത്തെ കേരളീയർ ദ്രാവിഡരായിരുന്നു. ദക്ഷിണേന്ത്യൻ ഭാഷകളായ തമിഴ്, മലയാളം തെലുങ്ക്, കന്നട, തുളു എന്നീ ഭാഷകൾ സംസാരിക്കുന്ന നാടുകളിലെ പൂർവികരെയാണ് ദ്രാവിഢരായി പരിഗണിച്ചുപോരുന്നത്. 'തമിഴ' എന്ന അർത്ഥത്തിലാണ് 'ദ്രാവിഡ' ശബ്ദം ഉപയോഗിച്ചിരുന്നത്.

(അന്നത്തെ കേരളം P 11)

മാർത്തോമ്മാ കേരളത്തിൽവരുന്ന കാലഘട്ടത്തിൽ ഭൂരിപക്ഷ ജനങ്ങൾക്കും പ്രത്യേക മതമൊന്നും ഉണ്ടായിരുന്നില്ല. യാതൊരു മതത്തിലും അധിഷ്ഠിതമല്ലാത്ത ദ്രാവിഡാചാരങ്ങളായിരുന്നു അവരുടേത്. വൃക്ഷങ്ങൾ അവർക്കു ആരാധ്യദേവതകളായിരുന്നു. ഈ രീതി ക്രിസ്തുവർഷം 300 വരെ നിലനിർന്നിരുന്നു. തോമ്മാശ്ലീഹാ കേരളത്തിൽ വരുന്ന കാലത്ത് തമിഴും പാലിയുമായിരുന്നു ഇവിടുത്തെ സംസാര ഭാഷകൾ. (പള്ളിയെന്ന വാക്കും പാലിഭാഷയോടു ബന്ധപ്പെട്ടതാണ്) കേരളത്തിൽ തോമ്മാശ്ലീഹാ 7 പള്ളികൾ സ്ഥാപിച്ചതായി സഭാ ചരിത്രകാരൻമാർ പറയുന്നു. പള്ളിയെന്നതിന് ഇന്നത്തെ രീതിയിലുള്ള ദേവാലയമെന്നർത്ഥമില്ല. ക്രൈസ്തവരുടേതായ ഒരു സമൂഹം എന്ന വിവക്ഷയേ അതിനുള്ളു.

തോമ്മാശ്ലീഹാ സ്ഥാപിച്ച പള്ളികൾ അഥവാ സഭാ സമൂഹങ്ങൾ കോക്കമംഗലം, കോട്ടക്കാവ് (പറവൂർ), മലയാറ്റൂർ, പാലയൂർ, കൊല്ലം, നിരണം, നിലയ്ക്കൽ (ചായൽ) എന്നിവയാണ്.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

margam
Digital Library of Christianity in India
www.marggam.com



കേരളത്തിൽനിന്നും തോമ്മസ് അപ്പസ്തോലൻ മൈലാപ്പൂരിലേക്കാണ് പോയത്. അവിടെ പ്രബലമായ ഒരു ക്രൈസ്തവ സമൂഹത്തിനു രൂപം കൊടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഭാരത ക്രൈസ്തവർ എല്ലാ വർഷവും മാർത്തോമ്മായുടെ ചരമദിനമായ ജൂലൈ 3 തോമ്മാശ്ലീഹായുടെ ഓർമ്മ തിരുനാളായി ആഘോഷിക്കുന്നു. തോമ്മാശ്ലീഹായുടെ ഈ ഓർമ്മ തിരുനാളിന് ദുക്റാന എന്നാണ് പറയുന്നത്. ആ സുറിയാനി വാക്കിന് സ്മരണ എന്നാണർത്ഥം.

തോമ്മാ ശ്ലീഹാ ഭാരതത്തിൽവന്നത് ക്രിസ്തുവിനെക്കുറിച്ചും അവിടുത്തെ പ്രബോധനങ്ങളെക്കുറിച്ചും അറിയിക്കുന്നതിനും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നതിനുംവേണ്ടിയാണ്.

യേശു, തൻെറ ശിഷ്യൻമാർ മുഖേന ലോകത്തിനു നൽകിയ കല്പന "നിങ്ങൾ എൻെറ ശിഷ്യൻമാർ ആകുന്നുവെന്ന് ലോകം അറിയുന്നതിനുവണ്ടി നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ " എന്നാണ്.

കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവൻ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുന്നത് വ്യാജമാണെന്ന് ക്രിസ്തുവിൻെറ അരുമ ശിഷ്യനായ സെൻറ് ജോൺ പറയുന്നു.

'തന്നെപ്പോലെ സ്നേഹിക്കുവിൻ'

'ശത്രുക്കളെക്കൂടി സ്നേഹിക്കുവിൻ'

'സഹോദരനുവേണ്ടി സ്വ ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല'

"ദൈവം സ്നേഹമാകുന്നു. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു." എന്നിങ്ങനെയുള്ള സ്നേഹത്തിൻെറ തേൻമൊഴികളാണ് ക്രിസ്തുവിൻെറ പ്രബോധന സാരം.

ദൈവത്തെ സ്നേഹിക്കുയും സേവിക്കുകയും ചെയ്യുന്നവർക്കാണ് യേശു സ്വർഗ്ഗരാജ്യം വാഗ്ദാനം ചെയ്തിട്ടുള്ളത്. ഈ ഭൂമിയിൽ എപ്രകാരം ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യണമെന്ന് അവിടുന്നു പഠിപ്പിച്ചിട്ടുണ്ട്.

താഴെചേർക്കുന്ന ആറു പരാധീനതകൾമൂലം സങ്കടപ്പെടുന്ന ഓരോ സ്ത്രീക്കും ഓരോ പുരുഷനും ചെയ്തുകൊടുക്കുന്ന സഹായം തനിക്കുതന്നെ ചെയ്യുന്നതായി ക്രിസ്തു പ്രഖ്യാപിക്കുന്നു.

വിശപ്പ്, ദാഹം, നഗ്നത, രോഗം, പാർപ്പിടമില്ലായ്മ, പാരതന്ത്ര്യം ഈ ആറു പരാധീനതകൾമൂലം സങ്കടപ്പെടുന്നവരെ ഈശ്വരപുത്രനു സഹായം



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ചെയ്യുന്നുവെന്ന ചിന്തയോടെ സഹായിക്കുന്നവർക്കാണ് യേശു സ്വർഗ്ഗഭാഗ്യം വാഗ്ദാനം ചെയ്തിരിക്കുന്നത്.

(St. Mathew 25)

ഈ പ്രബോധനാനുസൃതമുള്ള ഒരു നവ്യജീവിതം ഭൂമുഖമെങ്ങും പ്രഘോഷിക്കുന്നതിനുള്ള ആവേശം നിമിത്തമാണ് ക്രിസ്തു ശിഷ്യൻമാർ തങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്യാത്ത പുറം നാടുകളിലേക്കു യാത്രതിരിച്ചത്.

അങ്ങനെ ക്രിസ്തുവിൻെറ സ്നേഹത്താൽ പ്രചോദിതനാകയാലാണ് തോമ്മാശ്ലീഹാ കേരളക്കരയിൽ വന്നത്. മാർത്തോമ്മായുടെ ഭാരതത്തിലെ പ്രവർത്തനം അഥവാ നടപടി എദേസായിലുള്ള ജനങ്ങളെ ഹഠാദാകർഷിച്ചു. ആ നടപടികൾ സുവിശേഷംപോലെ അവർ മനഃപാഠമാക്കി പാടി.

## BIBLIOGRAPHY

1. വെള്ളിയാൻ - ചൂണ്ടൽ, *മാർഗ്ഗംകളി ആട്ടപ്രകാരം*, കോട്ടയം 1985
2. ചുമ്മാർ ചൂണ്ടൽ, *മാർഗ്ഗം കളി*, കോട്ടയം, NBS, 1972
3. ഉള്ളൂർ എസ്. പരമേശ്വരയ്യർ, *സാഹിത്യ ചരിത്രം*, തിരവനന്തപുരം 1957
4. ഡോ. പി. ജെ. തോമസ്, *കേരളത്തിലെ ക്രിസ്തീയ സാഹിത്യം*, അതിരമ്പുഴ, 1935



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

# 5

# മാർത്തോമായുടെ നടപടികൾ

മുഖ്യമായും മാർഗ്ഗംകളിപ്പാട്ടിൻെറ ഇതിവൃത്തം മാർത്തോമ്മായുടെ നടപടികളാണല്ലോ. മാർഗ്ഗംകളിപ്പാട്ട് ആസ്വദിക്കാനാകണമെങ്കിൽ ആദ്യം ആ നടപടികളുടെ ഏകദേശരൂപമെങ്കിലും മനസ്സിലാക്കിയിരിക്കണം.

മാർത്തോമ്മായുടെ നടപടികൾ പതിമൂന്നുഭാഗമായി തിരിച്ചിരിക്കുന്നു.

### *നടപടികളും പ്രതിപാദ്യവും.*

#### ഒന്നാം നടപടി

ഒരു ദിവസം അപ്പസ്തോലൻമാരെല്ലാം ജറുസലേത്തു സമ്മേളിച്ചു. "ഭൂമിയുടെ അതിർത്തികൾവരെ പോയി ഞാൻ കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ ജനങ്ങളെ പഠിപ്പിക്കുവിൻ" എന്ന് യേശുവിൻെറ ആജ്ഞ പ്രാവർത്തികമാക്കാൻ അവർ നിശ്ചയിച്ചു. ഓരോരുത്തരും ഏതുരാജ്യത്തേക്കാണ് പോകേണ്ടതെന്ന കാര്യം കുറിയിട്ടാണവർ തീരുമാനിച്ചത്. കുറിയെടുത്തപ്പോൾ തോമ്മായ്ക്ക് ഇന്ത്യയാണു കിട്ടിയത്. തീരെ അപരിചിതമായ ഇന്ത്യയിലേക്കു പോകാൻ തോമ്മാ അശേഷം തല്പരനായിരുന്നില്ല. ഇതികർത്തവ്യതാ മൂഢനായി ഏതാനും നാളുകൾ കഴിച്ചുകൂട്ടി. തീരെ അപരിചിതമായ നാട്ടിലെങ്ങനെപോകും? ഭാഷ വശമില്ലാതെ എങ്ങനെ ആശയവിനിമയം നടത്തും? എന്നിങ്ങനെയായിരുന്നു അദ്ദേഹത്തിൻെറ ചിന്തകൾ.

ഈ കാലഘട്ടത്തിലാണ് തക്ഷശിലയിലെ രാജാവായ ഗുണ്ടഫർ വിദഗ്ദനായ ഒരു തച്ചനെ കണ്ടുപിടിക്കുന്നതിനായി വണിഗീശരനായ ഹാബാനെ മറുനാടുകളിലേക്ക് അയയ്ക്കുന്നത്. ചഞ്ചലമനസ്കനും ദുഃഖിതനുമായ തോമ്മായ്ക്കുവേണ്ടി ദൈവപുത്രൻ തന്നെ പ്രത്യക്ഷപ്പെട്ടു

marggam
Digital Library of Christianity in India
www.marggam.com



പ്രവർത്തിച്ചു. അവിടുന്ന് തെരുവിലൂടെ നടന്നുപോകുന്ന ഹാബാനെ കണ്ടു. ഇരുവരും പരിചയപ്പെട്ടു സംസാരിച്ചു. തോമ്മാ ഒരു ശില്പകലാ നിപുണനാണെന്ന് യേശു, ഹാബാനോടു പറഞ്ഞു. 20 വെള്ളിനാണയങ്ങൾക്കു തോമ്മായെ വിറ്റു. ആ നാണയങ്ങൾ അവിടുന്നു തോമ്മായ്ക്കു നൽകുകയും ചെയ്തു. ഹാബാനും തോമ്മായും കപ്പലിൽ കയറി ചന്ദ്രഗിരിയിലെത്തി. (ആന്ഡ്രായുടെ മറ്റൊരു പേരാണ് ചന്ദ്രഗിരി)

ഹാബാനും തോമ്മായും ചന്ദ്രഗിരിയിലെത്തുമ്പോൾ അവിടെ ഒരു രാജകുമാരിയുടെ വിവാഹാഘോഷം നടക്കുകയായിരുന്നു. നാട്ടാർ മുഴുവൻ വിവാഹാഘോഷത്തിൽ പങ്കെടുത്തിരുന്നു. ഹാബാനും തോമ്മായും രാജകീയ സദ്യയിൽ പങ്കുകൊണ്ടു. സകലരും തിന്നുംകുടിച്ചും കൂത്താടിയപ്പോൾ തോമ്മാ മാത്രം പ്രാർത്ഥനാ നിരതനായി ഇരുന്നതല്ലാതെ ഒന്നും ആഹരിച്ചില്ല.

വിരുന്നു ശാലയിൽ അപ്പോൾ ഒരു എബ്രായ യുവതിയുടെ നൃത്തം പൊടിപൊടിക്കുകയായിരുന്നു. വിദേശീയനായ തോമ്മായുടെ അടുത്തു വന്നു. അവൾ നൃത്തമാടിയിട്ടും അദ്ദേഹം അധോമുഖനായിരുന്നതേയുള്ളു. ഇതിൽ ക്ഷുഭിതനായ ഒരു വിളമ്പുകാരൻ തോമ്മായുടെ കരണത്തടിച്ചു! "നായ്ക്കൾ നിന്റെ കൈകൾ വലിച്ചിഴയ്ക്കുന്നതു ഞാൻ കാണു" മെന്നല്ലാതെ അദ്ദേഹം മറ്റൊന്നും ഉരിയാടിയില്ല. തോമ്മായെ പ്രഹരിച്ച ഭൃത്യൻ വനത്തിനടുത്തുള്ള ഒരു കാട്ടരുവിയിൽ വെള്ളംകോരാൻ ചെന്നപ്പോൾ ഒരു ചെന്നായ് അവന്റെമേൽ ചാടിവീണു അവനെ കടിച്ചുകീറി. നായ്ക്കൾ ഛിന്നഭിന്നമായ ഓരോ അവയവവും എടുത്തുകൊണ്ടോടി. മുറിഞ്ഞു കിടന്ന വലതുകൈ കടിച്ചെടുത്തുകൊണ്ട് ഒരു നായ് ഓടിച്ചെന്നത് വിരുന്നു പന്തലിലേക്കാണ്. തോമ്മായെ അടിക്കാൻ ഉയർത്തിയ കരമായിരുന്നു അത്! എബ്രായക്കാരി പെൺകുട്ടിക്ക് കാര്യങ്ങൾ മനസ്സിലായി. "നായ്ക്കൾ നിന്റെ കൈകൾ വലിച്ചിഴയ്ക്കുന്നതു ഞാൻ കാണും" എന്നു ഹീബ്രൂ ഭാഷയിൽ തോമ്മാ പറഞ്ഞത് ആ എബ്രായ തരുണിക്കേ ഗ്രഹിക്കാൻ കഴിഞ്ഞിരുന്നുള്ളു. അവളിൽനിന്നും കർണ്ണാകർണ്ണികയാ രാജാവിന്റെ കാതുകളിലും വിവരം എത്തി. രാജാവ് നവവധുവായ മകൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു തോമ്മായോടഭ്യർത്ഥിച്ചു. മണവറയിലേക്ക് അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയി. ആ യുവ മിഥുനങ്ങൾക്കുവേണ്ടി അദ്ദേഹം പ്രാർത്ഥിച്ചു. ഫലമോ? ആ നവദമ്പതികൾ ഭൗതിക സുഖങ്ങൾ വെടിഞ്ഞ് ദൈവാരാധനയിൽ ശിഷ്ടജീവിതം നയിച്ചു.

ഈ ഒന്നാം നടപടിയിൽ വിവരിക്കുന്ന കാര്യങ്ങളാണ് മാർഗ്ഗംകളിപ്പാട്ടിന്റെ ഒന്നുമുതൽ ഒൻപതുവരെയുള്ള പാദങ്ങളിലെ പ്രതിപാദ്യം.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## രണ്ടാം നടപടി

### *തോമ്മാ, ഹാബാനുമൊത്ത് ഗുണ്ടഫർ രാജാവിനെ മുഖം കാണിക്കുന്നു.*

രാജാവ് ഭാവനചെയ്യുന്നവിധം മനോഹരമായ കൊട്ടാരം പണിയാൻതക്ക വൈഭവമുള്ളയാളാണ് ഈ വന്നിരിക്കുന്നതെന്നു പറഞ്ഞ് ഹാബാൻ തോമ്മായെ രാജാവിനു പരിചയപ്പെടുത്തിക്കൊടുത്തു. അദ്ദേഹം രാജസൗധ നിർമ്മാണം തോമ്മായെ ഏല്പിച്ചു. രാജാവ് ധാരാളം പണവും തോമ്മായ്ക്കു നൽകി. ആവശ്യാനുസരണം ചിലവഴിക്കാനായി ഇടയ്ക്കിടെ സ്വർണവും വെള്ളിയും അയച്ചുകൊടുത്തുകൊണ്ടുമിരുന്നു. തോമ്മായാകട്ടെ കിട്ടിയ പണമത്രയും ദരിദ്രർക്കും പീഢിതർക്കുമായി വ്യയംചെയ്തു.

വളരെ നാളുകൾ കഴിഞ്ഞിട്ടും കൊട്ടാരംപണി നടന്നിട്ടില്ലെന്ന് അറിഞ്ഞ് രാജാവ് ക്രുദ്ധനായി. ഹാബാനെയും തോമ്മായെയും ആളയച്ചു വരുത്തി. കൊട്ടാരം പണികഴിഞ്ഞോ എന്നു രാജാവ് ചോദിച്ചു. പണിതില്ലെങ്കിലും തോമ്മാ പറഞ്ഞത് പണിതു എന്നുതന്നെയായിരുന്നു.ഒരു കാര്യംകൂടി അദ്ദേഹം കൂട്ടിച്ചേർത്തു. "ഇപ്പോൾ അങ്ങയ്ക്ക് അതു കാണാൻ സാധിക്കുകയില്ല. ഈ ലോകം വിട്ടുപോകുമ്പോഴേ അങ്ങയ്ക്കതു കാണാനാവൂ"!

ഹാബാനേയും തോമ്മായേയും ജയിലിലടയ്ക്കാനും ചോദ്യം ചെയ്ത ശേഷം വധിക്കാനും രാജാവ് സേവകൻമാർക്ക് കല്പന കൊടുത്തു.

ഇതിനിടെ രാജാവിൻെറ സഹോദരൻ ആസന്ന മരണനായി. അയാളുടെ അന്ത്യാഭിലാഷം തോമ്മാ എന്ന മാന്ത്രികനെ വധിക്കണമെന്നുള്ളതായിരുന്നു. ഈ അവസാന അഭിലാഷം രാജാവിനെ അറിയച്ചശേഷം അയാൾ ദീർഘനിദ്രയിലാണ്ടു. പിന്നെ അയാൾ കാണുന്നത് മാലാഖമാർ തൻെറ ആത്മാവിനെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുന്നതായിട്ടാണ്. പോകുന്ന വഴിക്ക് ആ രാജ സഹോദരൻ സ്വർഗ്ഗത്തിൽ ഒരു സൗധം കണ്ടു. അവിടെ പാർക്കാൻ തന്നെ അനുവദിക്കണമെന്ന് അയാൾ മാലാഖമാരോടപേക്ഷിച്ചു. അവർ പറഞ്ഞു! "നിൻെറ സഹോദരനുവേണ്ടി തോമ്മാ എന്ന ഒരു ക്രിസ്ത്യാനി നിർമ്മിച്ച കൊട്ടാരമാണത്. അദ്ദേഹത്തിനല്ലാതെ അതു മറ്റാർക്കും കൈമാറാൻ പറ്റുകില്ല".

ഇത്രയുമായപ്പോഴേയ്ക്കും മരിച്ചുവെന്നു കരുതിയ ആ രാജ സഹോദരനു ജീവൻവെച്ചു!

വിവരം അറിഞ്ഞു ഗുണ്ടഫർ രാജാവ് സഹോദര സവിധത്തിലെത്തി. ആ സഹോദരൻ, രാജാവിനായി ഒരു ക്രിസ്ത്യാനി സ്വർഗ്ഗത്തിൽ തീർത്തി



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



രിക്കുന്ന രമ്യഹർമ്യത്തെക്കുറിച്ച് വർണ്ണിച്ചു കേൾപ്പിച്ചു. തനിക്കും അതുപോലൊരു കമനീയ ഭവനം നിർമ്മിച്ചുതരാൻ ആ ക്രിസ്തുശിഷ്യനോട് പറയണമെന്നു അപേക്ഷിച്ചു. ഇതുകേട്ട് ഗുണ്ടഫർ കാരാഗൃഹത്തിൽ നിന്നും തോമ്മായെയും ഹാബാനെയും മോചിപ്പിച്ചു. തോമ്മായുടെ ദൈവത്തിന്റെ ഒരാരാധകനാകാനുള്ള അഭിലാഷം രാജാവ് അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു.

തോമ്മാ, അദ്ദേഹത്തോട് പശ്ചാത്തപിക്കാൻ ആവശ്യപ്പെട്ടു. പിന്നീട് രാജാവിനെയും പരിവാരങ്ങളെയും സ്നാനപ്പെടുത്തി. അവരെ അപ്പം മുറിക്കൽ ശുശ്രൂഷയിൽ പങ്കുകൊള്ളിച്ചു. അനന്തരം തോമ്മാ പ്രാർത്ഥിച്ചു:

ഈ ബലി, നിങ്ങളുടെ ശിക്ഷാ വിധിക്കും പ്രതികാരത്തിനും കാരണമാകാതെ കൃപയും കരുണയും പ്രദാനം ചെയ്യട്ടെ. ഈ പ്രാർത്ഥനയോടെ ആ രംഗം സമാപിക്കുകയാണ്.

### മൂന്നാം നടപടി

### *കറുത്തപാമ്പിന്റെ കഥ*

വൈശ്യംപായന മഹർഷി എറുമ്പുകളോടും നരികളോടുമൊക്കെ സംസാരിച്ചിരുന്നതായി പുരാണങ്ങളിൽ പറയുന്നുണ്ടല്ലോ. അമ്മാതിരിയുള്ള ഒരു കഥാകഥനരീതിയാണ് മൂന്നാം നടപടിയിൽ കാണുന്നത്.

ഒരുനാൾ യാത്രവേളയിൽ പാതയരുകിൽ കിടക്കുന്ന ഒരു യുവാവിന്റെ ജഡം തോമ്മാ കാണാനിടയായി. അദ്ദേഹത്തിന്റെ മനംനൊന്തു. ആ കോമളയുവാവിനു പുനർജീവൻ ലഭിക്കുവാൻവേണ്ടി അദ്ദേഹം പ്രാർത്ഥിച്ചു. പ്രാർത്ഥന അവസാനിക്കുമ്പോൾ ഒരു കറുത്ത പാമ്പ് മാളത്തിനു പുറത്തുവന്നു. അത് ആ യുവാവിന്റെ മരണഹേതു വിശദീകരിച്ചുതുടങ്ങി:

ഒരു കോമളാംഗി ഈ വഴിയെ കടന്നുപോയി. ദർശനമാത്രയിൽ ഞാൻ അവളിൽ അനുരക്തനായി. അവളെ ഞാൻ പിന്തുടർന്നു. അപ്പോൾ ഈ യുവാവ് അവളെ ചുംബിക്കുന്നതും അവളോടൊത്ത് ശയിക്കുന്നതും കണ്ടു. ഇതു കണ്ടുനിൽക്കാൻ എനിക്കാകുമായിരുന്നില്ല. ഞാൻ അവനെ കടിച്ചുകൊന്നു. ഈ വിവരണത്തിനു ശേഷം വിലക്കപ്പെട്ട കനിപറിക്കാൻ ഹവ്വായെ സഹായിച്ച തന്റെ ഒരു പൂർവികന്റെ കഥ പാമ്പുപറയുന്നു. എല്ലാം കേട്ടശേഷം യുവാവിന്റെ കോൾവായിൽനിന്നും വിഷം വലിച്ചെടുക്കാൻ തോമ്മ പാമ്പിനോട് ആജ്ഞാപിച്ചു. പാമ്പ് വിഷം മുഴുവൻ വലിച്ചെടുക്കുകയും യുവാവ് ജീവൻ പ്രാപിക്കുകയും ചെയ്തു! പാമ്പാകട്ടെ അവിടെക്കിടന്നു ചത്തു. പുനർജ്ജീവൻ പ്രാപിച്ച യുവാവ് ദൈവം തോമ്മാവഴി തന്നോടു കാണിച്ച കൃപയും സ്നേഹവും മനസ്സിലാക്കി. ദൈവത്തെ പ്രകീർത്തിക്കുകയും സ്തുതിക്കുകയും ചെയ്തു.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



തോമ്മായുടെ പ്രസംഗവും പ്രാർത്ഥനയും ശ്രവിച്ച ജനം ഏക കണ്ഠമായി വിളിച്ചുപറഞ്ഞു.

"നീ പ്രസംഗിക്കുന്ന മഹത്വമുളള ദൈവത്തിൽനിന്നകന്നവരാണ് ഞങ്ങൾ. ഞങ്ങളുടെ മുൻകാല ദുഷ്കർമ്മങ്ങൾ പരിഗണിക്കാതെ ഞങ്ങളുടെ പാപങ്ങൾ ക്ഷമിച്ചാൽ ഞങ്ങൾ മേലിൽ അവിടുത്തെ ദാസരായി വർത്തിച്ചുകൊള്ളാം."

അജ്ഞതമൂലം ചെയ്തുപോയ കുറ്റങ്ങളും തെറ്റുകളും ദൈവം ക്ഷമിക്കുമെന്ന് പറഞ്ഞ് തോമ്മാശ്ലീഹാ അവരെ സമാശ്വസിപ്പിച്ചു.

### നാലാം നടപടി

***കന്യാതനുജന്റെ ബന്ധുവിന്റെ ബന്ധുവായ കഴുതക്കുട്ടി***

പഞ്ചതന്ത്ര കഥകളിലൂടെ ഭാരതീയ മനസ്സിൽ പതിഞ്ഞിട്ടുള്ള മൃഗങ്ങളുടെ കൂട്ടത്തിൽ കഴുതയ്ക്കാണല്ലോ പ്രമുഖ സ്ഥാനം. ഇവിടെയും കഥാപാത്രം കഴുതയാണ്. ഈ നടപടിയിലെ കഴുത മന്ദബുദ്ധിയല്ല; സംസാരശേഷിയും സംസർഗഗുണവും ലഭിച്ചവനത്രെ!

ഒരുദിവസം ജനക്കൂട്ടത്തോടു പ്രസംഗിച്ചുകൊണ്ടുനിൽക്കെ ഒരു കഴുതക്കുട്ടി ശ്ലീഹായുടെ മുമ്പിൽ വന്നുനിന്നു. അതു വാതോരാതെ വർത്തമാനം തുടങ്ങി:

ദൈവത്തിൽ നിന്നകന്നുപോയ ഒരു ജനതയുടെ രക്ഷകനായി നീ ഇന്ത്യയിൽവന്നിരിക്കുന്നുവല്ലോ. നിന്റെ ദിവ്യ വചനങ്ങളാൽ ആ ജനത ദൈവിക ജീവനിലേക്കു തിരിഞ്ഞിരിക്കുന്നു: നീയെന്റെ പുറത്തുകയറി സവാരിചെയ്യാനാണ് ഞാൻ ഇവിടെ വന്നിരിക്കുന്നത്.

നിന്റെ ഗുരുവായ യേശു ജെറുശലേത്ത് രാജകീയ ഘോഷയാത്ര നടത്തിയതു എന്റെ ഒരു ബന്ധുവിന്റെ പുറത്തു കയറിയാണ്. ക്രിസ്തു ശിഷ്യനായ നിനക്കു സഞ്ചരിക്കുവാനാണ് ഞാൻ ഇവിടെ നിൽക്കുന്നത്. കഴുതയുടെ പുറത്തുകയറി സഞ്ചരിക്കുവാൻ മടിച്ചുനിന്ന തോമ്മാ ഒടുവിൽ അതിന്റെ ഇംഗിതത്തിനു വഴങ്ങി. നഗര കവാടത്തിൽ എത്തിയപ്പോൾ തോമ്മാ കഴുതപ്പുറത്തുനിന്നുമിറങ്ങി. പിന്നീട് കഴുതയ്ക്ക് എന്തുസംഭവിക്കുമെന്ന് അറിയാൻ കാത്തുനിന്ന ജനങ്ങൾ കാണുന്നത് അത് അവിടെ വീണു ചാകുന്നതാണ് ! കണ്ടുനിന്നവർ അതീവ ദുഃഖിതരായി. കഴുതയ്ക്ക് വീണ്ടും ജീവനേകുവാൻ അവർ തോമ്മായോടപേക്ഷിച്ചു.ഈ കഴുതയ്ക്ക് വീണ്ടും ജീവൻകൊടുക്കാൻ അസാധ്യമായതിനാലല്ല പ്രത്യുത അതുകൊണ്ട് ഈ ജീവിക്ക് ഒരു പ്രയോജനവുമില്ലാത്തതിനാലാണ് താൻ അതിനൊരുങ്ങാത്തത് എന്നായിരുന്നു തോമ്മായുടെ മറുപടി.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



### അഞ്ചാം നടപടി

*ഒരു യുവതിയിൽ കുടിപാർപ്പിനെത്തിയ പിശാച്.*

താൻ ഉയർപ്പിച്ച യുവാവിൻെറ ഭവനത്തിൽപോകുന്നതിനെക്കുറിച്ച് തോമ്മാശ്ലീഹാ ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് ഒരു സ്ത്രീ അദ്ദേഹത്തിൻെറ പക്കൽവന്നു. മാനസികാസ്വാസ്ഥ്യംമൂലം അഞ്ചുവർഷമായി അവൾ പീഢിതയായിരുന്നു. പൈശാചികാ രൂപി നിമിത്തമാണ് താൻ ക്ലേശിക്കേണ്ടിവന്നിരിക്കുന്നതെന്ന് അവൾ വിശ്വസിച്ചിരുന്നു. വളരെ സുഖമായും സ്വസ്ഥമായും കഴിഞ്ഞിരുന്ന തന്നിൽ സംഭവിച്ച മാറ്റത്തെപ്പറ്റി അവൾ ശ്ലീഹായോടു വിവരിച്ചു പറഞ്ഞു:

ഒരുനാൾ കുളികഴിഞ്ഞുവരുമ്പോൾ ദുഃഖിതനും ക്ഷീണിതനുമായ ഒരാൾ എന്നെ കണ്ടു. നിന്നെ ഞാൻ സ്നേഹിക്കുന്നുവെന്നും ലൈംഗിക വേഴ്ചയിൽ നമുക്കേർപ്പെടാമെന്നും പറഞ്ഞു. വിവാഹ നിശ്ചയംപോലും കഴിയാത്ത ഞാൻ അന്യ പുരുഷനെ സ്വീകരിക്കുകയില്ലെന്ന് അറിയിച്ചു. അവൻെറ കെണിയിൽപെടാതെ രക്ഷപെടുകയും ചെയ്തു. അവനെക്കുറിച്ചുള്ള ഭയം സദാ എന്നെ അലട്ടിക്കൊണ്ടിരുന്നു. രാത്രികാലങ്ങളിൽ അവൻ വന്ന് എന്നെ പീഢിപ്പിച്ചുകൊണ്ടിരിക്കുന്നു. അങ്ങ് എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും എന്നെ പിശാചു ബാധയിൽനിന്ന് മുക്തയാക്കുകയും ചെയ്യണം.

തോമ്മാശ്ലീഹാ ആ പിശാചിനെ ശാസിച്ചു. തീയും പുകയും വമിച്ചുകൊണ്ട് പിശാച് അവളെ വിട്ടകലുകയും ചെയ്തു. തോമ്മാ അവളുടെ ശിരസ്സിൽ കരങ്ങൾവെച്ച്, "കർത്താവിൻെറ കൃപ നിൻെറമേൽ ഉണ്ടാകട്ടെ" എന്നാശംസിച്ചു. അവളുടെ ആഗ്രഹപ്രകാരം അദ്ദേഹം അവൾക്കു മാമ്മോദീസാ നൽകി.

### ആറാം നടപടി

*സ്ത്രീയെ കൊന്ന യുവാവ്*

ഒരു ദിവസം അപ്പം മുറിക്കൽ ശുശ്രൂഷയിൽ പങ്കുകൊണ്ട ഒരു യുവാവ് അപ്പത്തിൻെറ ഒരു കഷ്ണം വായിലേക്ക് വയ്ക്കവേ അവൻെറ ഇരുകൈകളും തളർന്നുപോയി. വിവരം മനസ്സിലാക്കിയ തോമ്മാശ്ലീഹാ അവനെ സമാശ്വസിപ്പിക്കുകയും അവനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. താൻ ചെയ്ത ദുഷ്പ്രവർത്തി അവൻ ശ്ലീഹായെ പറഞ്ഞുകേൾപ്പിച്ചു. നഗരപ്രാന്തത്തിലെ സത്രത്തിൽ താമസിക്കുന്ന ഒരു പെൺകുട്ടിയും ആ യുവാവും തമ്മിൽ പ്രേമബദ്ധരായി. എന്നാൽ ലൈംഗിക ബന്ധത്തിൽ



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഏർപ്പെടുന്നത് ദൈവകോപത്തിന് കാരണമാകുമെന്നു വിശ്വസിച്ച ആ യുവാവ് യുവതിയെ തന്നോടുള്ള സ്നേഹത്തിൽ നിന്നും പിന്തിരിയാൻ പ്രേരിപ്പിച്ചു. അവൾ അതിനു സമ്മതിച്ചില്ല. തൻമൂലം അവളോടൊത്തു ശയിച്ച ഒരു രാത്രിയിൽ അവൻ അവളെ കൊന്നു കളഞ്ഞു! ശ്ലീഹാ ആ യുവാവിനോടുകൂടി സത്രത്തിലേക്കുപോയി. സത്രത്തിൽ ആ പെൺകുട്ടി മരിച്ചുകിടക്കുന്നുണ്ടായിരുന്നു. അവൾ താരുണ്യപ്രായം കഴിയാത്ത ഒരു വൾ ആയിരുന്നതിനാൽ ശ്ലീഹായ്ക്കു ദുഃഖം തോന്നി. അദ്ദേഹം തീക്ഷ്ണ മായി പ്രാർത്ഥിച്ചു. അതിനുശേഷം അദ്ദേഹം ആ യുവാവിനെ ആശിർവദിച്ചുകൊണ്ടു പറഞ്ഞു:

നീ അവളുടെ കൈക്കു പിടിച്ചുകൊണ്ടു പറയുക "എന്റെ കൈകൾകൊണ്ട് നിന്നെ ഞാൻ കൊന്നു; എന്നാൽ എന്റെ വിശ്വാ സത്താൽ ഈശോ തന്റെ കൃപയാൽ നിന്നെ ഉയർപ്പിക്കുന്നു."

ശ്ലീഹാ പറഞ്ഞപ്രകാരം അവൻ പ്രവർത്തിക്കുകയും ആ കുമാരി ജീവൻ പ്രാപിക്കുകയും ചെയ്തു.

തോമ്മാശ്ലീഹാ ചുറ്റുംകൂടിനിന്ന ജനങ്ങളോട് ക്രിസ്തുവിനെക്കുറിച്ചു പ്രസംഗിക്കുകയും തിൻമയിൽനിന്നു അകന്നു ജീവിക്കുവാൻ അവരെ ഉപദേശിക്കുകയും ചെയ്തു.

## ഏഴാം നടപടി

### *സൈന്യാധിപനു സംഭവിച്ച ദുരന്തം*

തോമ്മാശ്ലീഹാ പ്രസംഗപര്യടനം നടത്തിക്കൊണ്ടിരിക്കുന്ന വേളയിൽ സിംഫൂർ എന്നൊരു സൈന്യാധിപൻ അദ്ദേഹത്തിന്റെ പക്കൽവന്നു തന്റെ കദനകഥകൾ പറഞ്ഞ് ശ്ലീഹായോടു സഹായമർത്ഥിച്ചു. അയാൾ പറഞ്ഞത് ഇപ്രകാരമായിരുന്നു:

എനിക്കു സുന്ദരിയായ ഭാര്യയും ഒരു മകളുമുണ്ട്. ഒരിക്കൽ എന്റെ സ്നേഹിതൻമാർ പട്ടണത്തിൽ എന്റെ ഭാര്യയ്ക്കും മകൾക്കുംവേണ്ടി ഒരു വിരുന്നൊരുക്കി. വിരുന്നിൽ പങ്കെടുത്ത ഒരു ഭീകര മനുഷ്യനും അയാളുടെ മകനും എന്റെ സഹധർമ്മിണിയേയും പ്രിയപുത്രിയേയും തെരുവിലൂടെ മടങ്ങിപ്പോരുമ്പോൾ അടിച്ചു നിലംപതിപ്പിച്ചു. ഭൃത്യനിൽനിന്നും വിവരം കേട്ടറിഞ്ഞ ഞാൻ ഭാര്യയേയും മകളേയും എടുത്തുകൊണ്ടു വീട്ടിലേക്കു പോന്നു. സമനിലതെറ്റിയ ഇരുവരേയും ഞാൻ ഒരു മുറിക്കുള്ളിൽ പൂട്ടി യിട്ടിരിക്കുന്നു. മൂന്നു വർഷമായി എന്റെ ഭക്ഷണമേശ ഒഴിഞ്ഞു കിടക്കു കയാണ്.

ആ സൈന്യാധിപനോട് തോമ്മാശ്ലീഹായ്ക്ക് സഹതാപം തോന്നി. "എന്റെ നാഥനായ യേശുവിന് അവരെ സുഖപ്പെടുത്തുവാൻ സാധി



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ക്കുമെന്ന് നീ വിശ്വസിക്കുന്നുവെങ്കിൽ നിനക്ക് അവരെ സൗഖ്യം പ്രാപിച്ചവരായി ഉടനെ കാണാൻ കഴിയും" എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം സേനാധിപൻെറ മകൾക്കും ഭാര്യയ്ക്കുംവേണ്ടി പ്രാർത്ഥിച്ചു.

### എട്ടാം നടപടി

### *കാട്ടുകഴുതകൾ*

തോമ്മാ ശ്ലീഹാ സിംഫൂർ എന്ന സേനാധിപൻെറ കൂടെ നാലു കാളകളെ പൂട്ടിയ ഒരു രഥത്തിൽ കയറി അയാളുടെ ഭവനത്തിലേക്കു തിരിച്ചു. കുറേദൂരം കഴിഞ്ഞപ്പോൾ കാളകൾ മടുത്ത് മുന്നോട്ടു ചുവടു വയ്ക്കാതെയായി. അങ്ങകലെ ഒരുകൂട്ടം കാട്ടുകഴുതകൾ മേഞ്ഞു നടക്കുന്നുണ്ടായിരുന്നു. തോമ്മായുടെ നിർദ്ദേശപ്രകാരം സേനാധിപൻ ആ കഴുതകളിൽ നാലെണ്ണത്തിനെ ഈശോയുടെ ശിഷ്യൻ വിളിക്കുന്നതായി അറിയിച്ചു. ഈ വാക്കുകൾ കേട്ടപ്പോൾ അവ കൂട്ടത്തോടെ രഥം കിടക്കുന്നിടത്തേക്കു നടന്നു. അവയിൽ നാലെണ്ണത്തിനെ രഥത്തിൽ കെട്ടി അവർ യാത്ര തുടർന്നു. കുറച്ചുദൂരം കൂടി രഥം വലിച്ച ശേഷം ആ കഴുതകൾ സേനാധിപൻെറ പടിപ്പുര വാതിൽക്കൽ നിന്നു. ഇതുകണ്ട് അവരോടൊപ്പം യാത്ര ചെയ്തിരുന്ന ജനങ്ങളും ഭടനായകനും അത്ഭുതപ്പെട്ടു. ജന്തുക്കൾപോലും ഈ ക്രിസ്തു ശിഷ്യൻെറ അന്തർഗതം അറിഞ്ഞു പ്രവർത്തിക്കുന്നല്ലോ എന്ന് അവർ ഉള്ളിൽ പറഞ്ഞു. തോമ്മാ ആ ഭവനത്തിൽ ചെല്ലുമ്പോൾ പിശാചുക്കളുടെ കടന്നാക്രമണത്താൽ സൈന്യാധിപൻെറ ഭാര്യയും മകളും ജീവച്ഛവങ്ങളായി കിടക്കുകയായിരുന്നു. ശ്ലീഹാ അവരിൽനിന്നും പിശാചുക്കളെ പുറത്താക്കി. അവരെ സുഖപ്പെടുത്തി.

### ഒമ്പതാം നടപടി

### *കാരീസിയൂസിൻെറ (കാരീസിൻെറ) ഭാര്യ*

തോമ്മാശ്ലീഹാ സൈന്യാധിപൻെറ വീട്ടിലായിരിക്കുമ്പോൾ ഒട്ടേറെ ജനങ്ങൾ പലയിടത്തുനിന്നുമായി അവിടെ വന്നുചേർന്നു. ആ രാജ്യത്തെ ഭരണാധികാരിയായ കാരിസിയൂസിൻെറ ഭാര്യ മിഗ്ദോണിയായും അക്കൂട്ടത്തിലുണ്ടായിരുന്നു. അവർ ഒരു പല്ലക്കിലാണു വന്നത്. തിക്കും തിരക്കും മൂലം പല്ലക്കു ചുമക്കുന്നവർക്കു മിഗ്ദോണിയായെ തോമ്മാശ്ലീഹായുടെ അടുക്കൽ എത്തിക്കാനായില്ല. ഒടുവിൽ കാരിസിയൂസിൻെറ ഉദ്യോഗസ്ഥൻമാർ അവിടെവന്ന് ജനങ്ങളെ തള്ളിമാറ്റി അവൾക്കുപോകാൻ വഴിയുണ്ടാക്കി. ഇതുകണ്ട തോമ്മാശ്ലീഹാ അവരോടു ചോദിച്ചു:

എന്നിൽനിന്നും അകന്നിരിക്കുന്ന നിങ്ങൾ എൻെറ അടുത്തേക്കു വരുവാനും എൻെറ അടുത്തിരിക്കുന്നവരെ അകറ്റുവാനും ഇച്ഛിക്കു



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



തെന്തിന് ? ഇതിനിടെ ആ സ്ത്രീ പല്ലക്കിൽനിന്നുമിറങ്ങി ശ്ലീഹായുടെ പാദങ്ങളിൽ സാഷ്ടാംഗ പ്രണാമം ചെയ്തു പറഞ്ഞു:

"അങ്ങ് എൻെറ നേരെ തിരിഞ്ഞു എനിക്കുവേണ്ടി പ്രാർത്ഥിക്കണം. അങ്ങയുടെ ദൈവത്തിൽനിന്നും ഞാനും അനുഗ്രഹം പ്രാപിക്കട്ടെ"

അദ്ദേഹം, 'ദൈവത്തിൻെറ കൃപ നിന്നോടുകൂടെ ഉണ്ടായിരിക്കു' മെന്നു പറഞ്ഞു അവളെ ധൈര്യപ്പെടുത്തി. തോമ്മായുടെ പ്രാർത്ഥനയും പ്രസംഗവും ശ്രവിച്ചശേഷം ആ സ്ത്രീ സന്തോഷത്തോടെ സ്വഭവനത്തിലേക്കു മടങ്ങി. മിഗ്ദോണിയായുടെ ഭർത്താവ് കാരിസിയൂസ് അത്താഴം കഴിക്കാനിരുന്നു. പതിവുപോലെ ഭക്ഷണമേശയ്ക്കരികിൽ ഭാര്യയെ കാണാഞ്ഞതിനാൽ അദ്ദേഹം തന്നെ ഭാര്യയുടെ സ്വകാര്യ മുറിയിൽചെന്നു ഭക്ഷണത്തിനു അവളെ ക്ഷണിച്ചു.

"ഇന്നു നിൻെറ കൂടെ ഭക്ഷിക്കുന്നതിൽനിന്നും ഉറങ്ങുന്നതിൽനിന്നും എന്നെ ഒഴിവാക്കണ"മെന്ന് അപ്പോൾ അവൾ അപേക്ഷിച്ചു. അവളുടെ മുറിവിട്ട് ഭക്ഷണശാലയിൽ വന്ന കാരിസിയൂസിന് തനിച്ചിരുന്ന് ഭക്ഷണം കഴിക്കാൻ തോന്നിയതേയില്ല. അയാൾ സേവകരോട് അവളെ തൻെറ മുമ്പിൽ കൊണ്ടുവരാൻ ആവശ്യപ്പെട്ടു. ഭർത്തൃസവിധം വന്നെത്തിയ മിഗ്ദോണിയ വിനീതയായി അപേക്ഷിച്ചു.

"എനിക്കിന്ന് ഭക്ഷിക്കാൻ തോന്നുന്നില്ല. ഇന്ന് തനിച്ചുറങ്ങാൻ എന്നെ അനുവദിക്കണം." കാരീസ്, ഭാര്യയുടെ അപേക്ഷകേട്ടപ്പോൾ മൗനമായി മറ്റൊരു കിടക്കയിൽ പോയികിടന്നു. പിറ്റേന്ന് പ്രഭാതമായപ്പോൾ കാരീസിൻെറ ഭാര്യ തോമ്മാശ്ലീഹായുടെ അടുത്തേക്കുപോയി. അവൾ ഇതിനകം യേശുവിനെ ആത്മാവിലും ഹൃദയത്തിലും സ്വീകരിച്ചു കഴിഞ്ഞിരുന്നു. തന്നോടുകൂടി ഭക്ഷിക്കുകയോ സഹവസിക്കുകയോ ചെയ്യാതെ മിഗ്ദോണിയ ഒരഭൗമിക ജീവിയെപ്പോലെ കഴിയുന്നതിൽ കാരീസ് ആശ്ചര്യപ്പെട്ടു. തോമ്മായാണ് അതിനു ഹേതുഭൂതനെന്നു അയാൾ മനസ്സിലാക്കി. കാരണം തോമാശ്ലീഹായെ കണ്ടതിനു ശേഷമായിരുന്നല്ലോ അവളുടെ മനംമാറ്റമെല്ലാം. നിരാശനായ കാരീസ് എങ്ങനെയും തോമ്മായെ ഒഴിവാക്കണമെന്നു നിശ്ചയിച്ചു. മസ്ദൈ രാജാവിൻെറ പക്കൽചെന്നു അയാൾ തൻെറ സങ്കടങ്ങൾ ഉണർത്തിച്ചു. എല്ലാ കാര്യങ്ങളും കേട്ടുകഴിഞ്ഞപ്പോൾ തോമ്മായേയും അദ്ദേഹത്തിൻെറകൂടെ കാണപ്പെടുന്ന മുഴുവൻപേരേയും പിടിച്ചുകൊണ്ടുവരാൻ രാജാവു കല്പനയായി. കാരീസ് നിരവധി പട്ടാളക്കാരെയും കൂട്ടി തോമ്മാശ്ലീഹാ തമാസിക്കുന്ന സിംഫൂരിൻെറ ഭവനത്തിലേക്കു പുറപ്പെട്ടു. അവിടെനിന്നും തോമ്മാശ്ലീഹായെ വലിച്ചിഴച്ചു



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കൊണ്ടാണ് രാജകൊട്ടാരത്തിൽ വന്നത്. രാജ ശാസനമനുസരിച്ച് പട്ടാള ക്കാർ 150 അടികൊടുത്തശേഷം അദ്ദേഹത്തെ കാരാഗൃഹത്തിലിട്ടു.

തോമ്മാശ്ലീഹായെ തടവറയിലിട്ടതോടെ കാരീസ് സംതൃപ്തനായി. ഇനി ഭാര്യയ്ക്കു തന്റെ ഹിതാനുവർത്തിയാകാതിരിക്കുവാൻ കഴിയുക യില്ലെന്ന് അയാൾ വിശ്വസിച്ചു. കാരീസിയൂസ് വീട്ടിലെത്തിയപ്പോൾ ഭാര്യ ഒരു ഭ്രാന്തിയെപ്പോലെ ഇരിക്കുന്നതാണ് കണ്ടത്! അയാൾ കിണഞ്ഞു ശ്രമിച്ചിട്ടും ഭാര്യയെ തനിക്കനുകൂലയാക്കാൻ കഴിഞ്ഞില്ല. അയാൾ ഭാര്യ യുടെ സദ്ഗുണങ്ങൾ എണ്ണിയെണ്ണിപറഞ്ഞു വിലപിച്ചു.

"നിന്റെ സമ്പാദ്യങ്ങളെക്കാളും നിനക്കുള്ള എല്ലാത്തിനെക്കാളും വലുതാണ് ഞാൻ സ്നേഹിക്കുന്ന ആ വ്യക്തി. നിനക്കുള്ളതെല്ലാം ഭൂമി യിലേതാണ്. അവ ഭൂമിയിൽതന്നെ നിലനിൽക്കുന്നു. എന്നാൽ ഞാൻ സ്നേഹിക്കുന്നവൻ സ്വർഗ്ഗത്തിലാണ് " അവൾ പറഞ്ഞു.

ഭാര്യയുടെ മനോഭാവത്തിന് മാറ്റമില്ലെന്നു കണ്ട കാരീസ് അവളെ വിട്ടു മറ്റൊരു മുറിയിലേക്കുപോയി. മിഗ്ദോണിയായാകട്ടെ തോമ്മായെ കാണാൻ കാരാഗൃഹത്തിലേക്കും നടന്നു.

### പത്താം നടപടി

### *മിഗ്ദോണിയ സ്നാനം സ്വീകരിക്കുന്നു.*

മിഗ്ദോണിയ ചിന്താവിഷ്ടയായി നിൽക്കുമ്പോൾ തോമ്മാശ്ലീഹാ അവളുടെ അടുത്തുവന്നു. അദ്ദേഹം അവളോട് യേശുവിന്റെ കൃപയെയും സ്നേഹത്തേയുംകുറിച്ചു സംസാരിക്കുകയും അവളുടെ ആഗ്രഹാനു സരണം അവൾക്ക് ജ്ഞാനസ്നാനം നൽകുകയും ചെയ്തു. നേരം പുലർ ന്നപ്പോൾ കാരീസ് സ്വഭവനത്തിലെത്തി ഭാര്യയെ സന്ദർശിച്ചു. തന്ന വിട്ടുപിരിഞ്ഞു പോകരുതെന്നും ഭാര്യാഭർത്താക്കൻമാർക്ക് അനുവദനീയ സുഖജീവിതം നയിക്കാൻ അനുവദിക്കണമെന്നും അയാൾ ആജ്ഞാപിക്കു കയല്ല അവളോട് യാചിക്കുകതന്നെചെയ്തു. കഴിഞ്ഞുപോയ കല്യാണ നാളിനെക്കുറിച്ചും കഴിച്ചുകൂട്ടിയ മധുവിധുവിനെക്കുറിച്ചും ഓർമ്മിക്ക ണമെന്നും കാരീസ് ഭാര്യയോട് അപേക്ഷിച്ചു. അതിനുള്ള അവളുടെ പ്രത്യുത്തരം ഇപ്രഹ മായിരുന്നു:

നമ്മുടെ ആ വിവാഹാഘോഷം കടന്നുപോയി. ഈ വിവാ ഹാഘോഷം ഒരിക്കലും കടന്നുപോകയില്ല. നാം കഴിച്ചതു നാശത്തിന്റെ വിവാഹ വിരുന്നാണ്. ഇപ്പോൾ ഞാൻ അനുഭവിക്കുന്നതു നിത്യജീവിത ത്തിന്റെ വിവാഹവിരുന്നാണ്!

കാരീസ് ഭാര്യപറഞ്ഞ കാര്യങ്ങളെല്ലാം രാജാവിനെ അറിയിച്ചു. തന്റെ ഭാര്യയെ മന്ത്രശക്തിയാൽ വശീകരിച്ചു തന്നിൽനിന്നും അകറ്റിക്ക



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഉയുന്ന തോമ്മായെ ശിക്ഷിക്കണമെന്നും അയാൾ രാജാവിനോടഭ്യർത്ഥിച്ചു.

എല്ലാം കേട്ടിട്ടു രാജാവ് തോമ്മായെ ആളയച്ചുവരുത്തി. കാരീസിൻെറ ഭാര്യയോട് പഴയമട്ടിൽ ഭർത്താവിനോടൊന്നിച്ചു ജീവിക്കുവാൻ നീ പ്രേരിപ്പിക്കുന്നപക്ഷം നിന്നെ ഞാൻ ജയിലിൽനിന്നു മോചിപ്പിക്കാമെന്ന് രാജാവ് തോമ്മായോടു പറഞ്ഞു.

'എൻെറ ഭാര്യയെ എന്നിൽനിന്നും വേർപ്പെടുത്തരുതെ'ന്ന് തോമ്മായുടെ കാലുപിടിച്ച് കാരിസിയും അപേക്ഷിച്ചു. കാരീസിൻെറ നിർബന്ധം നിമിത്തം തോമ്മാ അയാളുടെകൂടെ വീട്ടിലേക്കുപോയി. മിഗ്ദോണിയ തോമ്മായെ ഭയപ്പെടുകയും സ്നേഹിക്കുകയും ചെയ്യുന്നതിനാലാണ് തന്നെ അവൾ വെറുക്കുന്നതെന്നായിരുന്നു കാരീസിൻെറ വിചാരം. തോമ്മാപറഞ്ഞാൽ അതു അക്ഷരംപ്രതി അവൾ കേൾക്കുമെന്നും അയാൾ വിശ്വസിച്ചു.

ഭർത്താവായ കാരീസ്പറയുന്നതനുസരിച്ച് ജീവിക്കുവാൻ തോമ്മാ മിഗ്ദോണിയായെ ഉപദേശിച്ചു. അപ്പോൾ അവൾപറഞ്ഞു:

ഈ കാലിക ജീവിതം ഒരു വായ്പയാണെന്നും സമ്പാദ്യം നിലനിൽക്കുന്നതല്ലെന്നും. ഈ ജീവിതം വെറുക്കുന്നവൻ നിത്യജീവിതം സമ്പാദിക്കുമെന്നും അങ്ങല്ലേ പറഞ്ഞത് ? ഈ രാപകലുകൾ വെറുക്കുന്നവൻ രാത്രിയില്ലാത്ത പ്രകാശം സ്വീകരിക്കുമെന്നും അങ്ങുപറഞ്ഞു. ഞാൻ അങ്ങു പറഞ്ഞതു പൂർണ്ണമായി വിശ്വസിച്ചു. അതനുസരിച്ചു ജീവിക്കുമെന്നു ശപഥവും ചെയ്തു. ഒരുകാര്യം ചെയ്യുകയും അതിൽ ആഹ്ലാദം കൊള്ളുകയും ചെയ്തിട്ടു തിരിഞ്ഞ് അതിനെ നിഷേധിക്കുന്നവൻ ആരാണ്? മിഗ്ദോണിയായോടു പിന്നെയൊന്നും തോമ്മാ സംസാരിച്ചില്ല. അദ്ദേഹം അവിടംവിട്ടുപോയി.

## പതിനൊന്നാം നടപടി

### *മസ്ദൈ രാജാവിൻെറ പത്നി*

അത്താഴം കഴിച്ചുകൊണ്ടിരിക്കെ മസ്ദൈ രാജാവ് ഭാര്യയോടു കാരീസിനു സംഭവിച്ച നിർഭാഗ്യാവസ്ഥയെക്കുറിച്ചു വർണ്ണിച്ചു പറഞ്ഞു. മിഗ്ദോണിയായെ ഒന്ന് ഉപദേശിച്ചു നേർവഴിക്കു തിരിക്കുവാൻ അദ്ദേഹം ഭാര്യയെ നിയോഗിക്കുകയും ചെയ്തു.

പിറ്റേന്നു രാവിലെ താർസ്യാ ഭർത്താവിൻെറ സുഹൃത്തായ കാരീസിൻെറ വീട്ടിലേക്കു പോയി. അവിടെചെന്നപ്പോൾ കാണുന്നത് ആടയാഭരണങ്ങളണിഞ്ഞു നിൽക്കുന്ന കോമളാംഗിയായ പഴയ സഖിയെയായിരുന്നില്ല; ചാക്കുടുത്തു ദേഹത്തു ചാരം പൂശിയ മിഗ്ദോണിയായെയാ



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



യിരുന്നു! തൻെറ ആഗമനോദ്ദേശ്യം ഹൃദയദ്രവീകരണമാംവിധം അവൾ അവതരിപ്പിച്ചു.

മിഗ്ദോണിയ രാജപത്നിയോടു പറഞ്ഞു "പുതു ജീവിതത്തിൻെറ അലയടികളൊന്നും നീ കേൾക്കുന്നില്ല! ജീവൻെറ വചസ്സുകൾ നീ കേട്ടിട്ടില്ല. നാശത്തിൻെറ മണവറയിലാണ് നീ"

ഒരു തത്ത്വജ്ഞാനിയുടെ മട്ടിൽ സംസാരിക്കുന്ന അവളുടെയടുക്കൽ താർസ്യാ പിന്നെ നിന്നില്ല. അവൾ നേരേപോയത് സ്വന്തം അരമനയിലേക്കല്ല. തോമ്മാശ്ലീഹായുടെ അടുക്കലേക്കായിരുന്നു. അവളെക്കണ്ടപ്പോൾ നീ എന്തിനു വന്നുവെന്നു ശ്ലീഹാ തിരക്കി. ധനമോ പ്രതാപമോ ഒന്നുമില്ലാത്ത നിന്ദ്യനും ഹീനനുമായി മുദ്രയടിക്കപ്പെട്ടവൻെറ അടുക്കൽ നീ വരരുതാത്തതായിരുന്നു"വെന്നും അദ്ദേഹം അവളെ അനുസ്മരിപ്പിച്ചു. പിന്നീട് അദ്ദേഹം ഈ ജീവിതത്തിൻെറ നശ്വരതയെക്കുറിച്ചും വരാനിരിക്കുന്ന അനശ്വര ജീവിത്തെക്കുറിച്ചും ഹൃദയസ്പൃക്കായി സംസാരിച്ചു. എല്ലാം കേട്ടിട്ടു സന്തോഷത്തോടെ അവൾ രാജസന്നിധിയിലേക്കു മടങ്ങി.

തർസ്യായെ കണ്ടപ്പോഴേ രാജാവിനു പന്തികേടുതോന്നി. സംസാരം കേട്ടപ്പോൾ ആ ക്രിസ്തുശിഷ്യൻ അവളെയും വശീകരിച്ചുകഴിഞ്ഞിരിക്കുന്നുവെന്നു മനസ്സിലാക്കി.

അങ്ങയുടെ ഈ രാജത്വം കടന്നുപോകുമെന്നും വിശുദ്ധിയിൽ വ്യാപരിച്ചു നിത്യജീവൻ പ്രാപിക്കണമെന്നുമായിരുന്നു രാജാവിനോടുള്ള രാജ്ഞിയുടെ സംസാരം! രാജാവു തന്നത്താനേ തലയ്ക്കടിച്ചു! വസ്ത്രം കീറി. കാരീസിനു ഭാര്യയെ നഷ്ടപ്പെട്ടതുപോലെ തനിക്കും ഭാര്യയെ നഷ്ടപ്പെടാൻ പോവുകയാണല്ലോ എന്നോർത്തു വിലപിച്ചു. അദ്ദേഹം കാരീസിനെയും കൂട്ടി സിംഫൂറിൻെറ ഭവനത്തിൽ ചെന്നു. അവിടെക്കണ്ട ഒരു സ്റ്റൂളെടുത്തു അദ്ദേഹം തോമ്മായുടെ തലയ്ക്കടിച്ചു. അപ്പോൾ രാജസേവകൻമാർ തോമ്മായെ ബന്ധിച്ച് രാജാവിൻെറ ന്യായാസനത്തിലേക്കു കൊണ്ടുപോയി.

### പന്ത്രണ്ടാം നടപടി

### *മസ്ദൈ രാജപുത്രൻ വിസാൻ*

മസ്ദൈ രാജാവിൻെറ ന്യായാസനത്തിലേക്കു അദ്ദേഹത്തിൻെറ പുത്രനായ വിസാൻെറ കല്പനപ്രകാരം തോമ്മായെ രാജസേവകൻമാർ കൂട്ടിക്കൊണ്ടുവന്നു. വിസാൻ തോമ്മായോടു ചോദിച്ചു:

താങ്കൾ ആരാണ്?

ആരാണ് താങ്കളുടെ ദൈവം?



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

തോമ്മാ അറിയിച്ചു:

"ഞാൻ രാജാവായ യേശുവിന്റെ ദാസനാണ്."

അദ്ദേഹം തുടർന്നു

"നീ ഇച്ഛിക്കുന്നവരുടെ ജീവൻ രക്ഷിക്കാൻ നിനക്ക് അധികാരമുണ്ട്. നീ ജീവൻ നൽകിയാലും അതു എക്കാലവും നിലനിൽക്കുകയില്ല. എന്നാൽ ഞാൻ എന്റെ നാഥനോട് അപേക്ഷിച്ചാൽ അവിടന്നു, എന്റെ അപേക്ഷ ആർക്കുവേണ്ടിയാണോ അവന് നിത്യജീവൻ നൽകും. എല്ലാ നൻമകളുടെയും മൂലഹേതുവായ ക്രിസ്തുവിൽ നീ വിശ്വസിക്കുക"

താമസിയാതെ ന്യായാസനത്തിൽ രാജാവു വന്നിരുന്നു. നീ ആരാണെന്നും ആരുടെ അധികാരമുപയോഗിച്ചാണ് നീ ഈ അത്ഭുതകൃത്യങ്ങളെല്ലാം നിർവഹിക്കുന്നതെന്നുമായിരുന്നു തോമ്മായോടുള്ള രാജാവിന്റെ ചോദ്യം.

"ഞാൻ താങ്കളെപ്പോലെ ഒരു മനുഷ്യനാകുന്നു. ദൈവപുത്രനായ ഈശോയുടെ ശക്തിയാൽ ഞാൻ അത്ഭുത പ്രവർത്തനങ്ങൾ നടത്തുന്നു". ഇതായിരുന്നു തോമ്മായുടെ മറുപടി.

ചുട്ടുപഴുപ്പിച്ച ഇരുമ്പുതകിടിൻമേൽ നഗ്നപാദനായി തോമ്മായെ നിർത്താൻ രാജാവു സേവകൻമാർക്കു കല്പനകൊടുത്തു. സേവകൻമാർ കൊണ്ടുവന്ന ചുട്ടുപഴുത്ത ഇരുമ്പുതകിടിൽ കയിറിനിൽക്കാൻ തോമ്മാ തയ്യാറാകുമ്പോഴേക്കും ആസ്ഥലത്തു നിന്ന് ഒരു നീരുറവ പൊട്ടിപ്പുറപ്പെടുകയും തകിടുകൾ വെള്ളത്തിൽമുങ്ങിപ്പോകുകയും ചെയ്തു! വെള്ളപ്പാച്ചിൽ കണ്ടപ്പോൾ പ്രളയജലത്തിൽ ഞങ്ങൾ മുങ്ങിച്ചാവാതിരിക്കാൻ നിന്റെ ദൈവത്തോടു പ്രാർത്ഥിക്കാൻ മിസ്ദൈ രാജാവു തോമ്മായോടു ആവശ്യപ്പെട്ടു. അദ്ദേഹം പ്രാർത്ഥിച്ചു. വെള്ളത്തിന്റെ വരവു നിലച്ചു. ക്രമേണ സ്ഥലം ഉണങ്ങിവരണ്ടു! രാജാവ് തോമ്മായെ വീണ്ടും ജയിലിലേയ്ക്കുതന്നെ അയച്ചു. അദ്ദേഹത്തെ അനുഗമിച്ചു വിസാനും സിംഫൂറും അദ്ദേഹത്തിന്റെ പത്നിയും പുത്രിയും തോമ്മായോടു കൂടി ജയിലറയിൽ കടന്നു. അദ്ദേഹം സുദീർഘമായ ഒരു പ്രഭാഷണമാണ് അവിടെവച്ചു നടത്തിയത്. അതിനുശേഷം സ്വർഗ്ഗസ്ഥനായ പിതാവേ, എന്നുള്ള പ്രാർത്ഥന ആലപിച്ചു.

### പതിമൂന്നാം നടപടി

*വിസാനും ജ്ഞാനസ്നാനം സ്വീകരിക്കുന്നു.*

മസ്ദൈ രാജാവ് തന്റെ ഭാര്യയായ തർസ്യായെ, തന്നോടുകൂടി ഒരു ഭാര്യയെന്ന നിലയിൽ ജീവിക്കാൻ വിസമ്മതിച്ചതിനാൽ, ഒരു ഇരുട്ടു

marggam
Digital Library of Christianity in India
www.marggam.com



മുറിയിൽ ബന്ധിച്ചു. കാരീസ് തൻെറ ഭാര്യ മിഗ്ദോണിയേയും ദാസി നർക്യായേയും കൊണ്ടുവന്നു ആ ഇരുട്ടറയിൽ തന്നെയിട്ടു. കാരാഗൃഹത്തിൽ നിന്നും അവർ മോചിതരായി. അവർ തോമ്മായെ ബന്ധിച്ചിരുന്ന കാരാഗൃഹത്തിൽ ചെന്നു.

"ആ ഇരുട്ടറയിൽ നിന്നും ഞങ്ങളെ മോചിപ്പിച്ചതു അങ്ങയുടെ ശക്തിയാണ്. ഇരുട്ടറ സ്വയം തുറന്നു. ഞങ്ങൾ ഇറങ്ങി ഇങ്ങോട്ടുപോരുകയും ചെയ്തു." അവർ തോമ്മായോടു പറഞ്ഞു.

തോമ്മായും സിംഫൂറും, വിസാനും കിടന്നിരുന്ന ജയിലും സ്വയം തുറക്കപ്പെട്ടു. തോമ്മാ ജയിലിൽനിന്നും പുറത്തിറങ്ങിനടന്നു. അവനെ മറ്റുള്ളവർ അനുഗമിച്ചു. അവർ പോകുന്ന വഴിക്കു മാരകരോഗം പിടിപെട്ടു കിടന്നിരുന്ന വിസാൻെറ ഭാര്യ, മനാശ എതിരെ നടന്നു വരുന്നതായികണ്ടു! അവൾ എങ്ങനെ രോഗവിമുക്തയായി എന്ന് അവർ അത്ഭുതപ്പെട്ടു.

ഒരു യുവാവു തൻെറമേൽ കൈകൾ വച്ചപ്പോൾ താൻ സുഖം പ്രാപിച്ചുവെന്നു അവൾ അവരോടു പറഞ്ഞു. ആ ചെറുപ്പക്കാരൻ ആരെന്നു ഭർത്താവായ വിസാൻ ചോദിച്ചപ്പോൾ അദ്ദേഹത്തിൻെറ കൂടെ നിന്നിരുന്ന തോമ്മായെ അവൾ ചൂണ്ടിക്കാട്ടി! എല്ലാവരുംകൂടി വിസാൻെറ ഗൃഹത്തിൽ ചെന്നു. അവളെ രോഗവിമുക്തയാക്കുകയും അവളോടൊത്തു തങ്ങളെ കാണുന്നിടംവരെ അനുയാത്ര നടത്തുകയും ചെയ്തതു ഈശോ ആണെന്നു തോമ്മായ്ക്കു മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. അദ്ദേഹം യേശുവിനെ വിളിച്ചു പ്രാർത്ഥിക്കുകയും അവിടത്തേ സ്തുതിക്കുകയു ചെയ്തു.

മാർത്തോമ്മായുടെ നടപടികളിലെ സംഭവങ്ങളും വിവരണങ്ങളുമെല്ലാം ക്രിസ്തുശിഷ്യനായ തോമ്മാ ഒരു ദൈവിക മനുഷ്യനാണെന്ന് പ്രകീർത്തിക്കുവാനും അദ്ദേഹത്തിൻെറ അത്ഭുത പ്രവർത്തനങ്ങളും ദൈവവചന പ്രഘോഷണങ്ങളുംവഴി അനേകർ ക്രിസ്തുമാർഗ്ഗം സ്വീകരിക്കുകയുണ്ടായെന്ന് വെളിപ്പെടുത്താനുമാണ്.

മാർഗ്ഗംകളിപ്പാട്ടു മനസ്സിലാക്കാൻ "നടപടികളു"ടെ ഈ സംക്ഷിപ്തവിവരണവും ഉദ്ദേശ്യലക്ഷ്യങ്ങളും ഉപകരിക്കും.

***തോമ്മായുടെ രക്തസാക്ഷിത്വം***

ജയിലിൽനിന്നും ഇറങ്ങിപ്പോന്ന തോമ്മായും സഹചരരും വീണ്ടും ജയിലിലേയ്ക്കു തന്നെ മടങ്ങിപ്പോയി. സ്വയം തുറക്കപ്പെട്ട വാതിലിലൂടെ



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അവർ ഇറങ്ങിപ്പോയ വിവരം കാവൽക്കാർ അറിഞ്ഞിരുന്നില്ല, അതുപോലതന്നെ അവർ ചെന്നു കയറിയതും!

തോമ്മാ എല്ലാവരോടുമായി തൻെറ ദൗത്യം സമാപിക്കാറായെന്നും ദൈവകരങ്ങളിൽ നിന്നു പ്രതിസമ്മാനം സ്വീകരിക്കാനുള്ള സമയം സമാഗതമായെന്നും അറിയിച്ചുകൊണ്ടു പ്രസംഗിച്ചു.

കാവൽക്കാർ പരസ്പരം പറഞ്ഞു. ഈ മന്ത്രവാദിയെ ജയിലിൽ ഇനിയും സൂക്ഷിക്കാൻ വയ്യ. ഇവൻ യഥേഷ്ഠം മന്ത്രപ്രയോഗത്താൽ കതകു തുറക്കുന്നു! എപ്പോഴാണോ മന്ത്രപ്രയോഗത്താൽ കതകുതുറന്ന് സമസ്ത തടവുകാരെയും ഇവൻ മോചിപ്പിക്കുന്നതെന്ന് അറിഞ്ഞുകൂടാ. നമുക്കു രാജാവിനെ വേഗം വിവരം ധരിപ്പിക്കാം.

അവർ ചെന്ന് രാജസമക്ഷം ഉണർത്തിച്ചു:

തിരുമേനീ, ഒന്നുകിൽ തോമ്മാ എന്ന മന്ത്രവാദിയെ ജയിലിൽ നിന്നു വിട്ടയയ്ക്കുകയോ അല്ലെങ്കിൽ അവനെ മറ്റൊരു ജയിലിലേയ്ക്കു മാറ്റുകയോ ചെയ്യണം. അവനെ സൂക്ഷിക്കുവാൻ ഞങ്ങൾക്കു സാധിക്കുന്നില്ല. ഞങ്ങൾ ജയിലിൻെറ കതകുകൾ അടച്ചിട്ടാലും ആ മന്ത്രവാദി വിചാരിക്കുന്ന നിമിഷം അതുതാനെ തുറക്കപ്പെടുന്നു. അങ്ങയുടെ ഭാര്യയും മകനും മറ്റാളുകളും അവനോടുകൂടിയാണ് താമസിക്കുന്നത് !

മസ്ദൈ രാജാവു തോമ്മായെ പിടിച്ചുകൊണ്ടു വരുവാൻ സേവനകൻമാരെ നിയോഗിച്ചു. അവർ താമസംവിനാ തോമ്മായെ രാജസന്നിധിയിൽ ഹാജരാക്കി. രാജാവിൻെറ നിർദ്ദേശപ്രകാരം തോമ്മായെ പട്ടണത്തിനു പുറത്തുള്ള മലയിലേക്കു സൈനികർ കൊണ്ടുപോയി. രാജാവും അദ്ദേഹത്തിൻെറ പിന്നാലെ പോയിരുന്നു. കുറേ ദൂരം ചെന്നപ്പോൾ മലയുടെ മുകളിൽ കൊണ്ടുപോയി തോമ്മായെ കൊല്ലുവാൻ കല്പിച്ചിട്ട് രാജാവു പിൻവാങ്ങി. ഒരു പ്രഭു തോമ്മായുടെ കൈയ്യിൽ പിടിച്ചുകൊണ്ടാണ് മലകയറിയത്. തോമ്മായുടെ ഇടത്തും വലത്തും കുന്തം പിടിച്ച പട്ടാളക്കാരും ഉണ്ടായിരുന്നു. തോമ്മാ തന്നെ പിടിച്ചുകൊണ്ടുപോകുന്നവരോട് സ്നേഹമസൃണമായി സംസാരിച്ചു. ഒടുവിലത്തെ ഉൽബോധനം ഇപ്രകാരമായിരുന്നു:

"ദൈവിക ജിവനും മനുഷ്യമഹത്വവും സ്വാതന്ത്ര്യവും പ്രദാനം ചെയ്യുന്ന സുകൃതങ്ങളിൽ, നിങ്ങൾ വ്യാപരിക്കുവിൻ".

ഈ ഉപദേശത്തിനുശേഷം തോമ്മാ തനിക്കു വേണ്ടിത്തന്നെ പ്രാർത്ഥിച്ചു. പ്രാർത്ഥന കഴിഞ്ഞപ്പോൾ തോമ്മാ പടയാളികളോടായി പറഞ്ഞു:



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വന്നു നിങ്ങളെ അയച്ചവൻെറ ഇഷ്ടം നിറവേറ്റുവിൻ: പടയാളികൾ അപ്പോൾ കുന്തം കൊണ്ടു തോമ്മായെ കുത്തിവീഴ്ത്തി. അദ്ദേഹത്തിൻെറ മൃതശരീരം പുരാതന രാജാക്കൻമാരെ അടക്കം ചെയ്ത ശവകുടീരത്തിൽ സംസ്കരിക്കുകുയം ചെയ്തു.

സിംഫൂറും വിസാനും ആ ശവകുടീരത്തിങ്കൽ പ്രാർത്ഥനാ നിരതരമായി, കുറേ ദിനങ്ങൾ കഴിച്ചുകൂട്ടി. ഇക്കൂട്ടർ തൻെറ ഹിതത്തിനു വഴങ്ങുകയില്ലെന്നുകണ്ടപ്പോൾ മസ്ദൈ രാജാവ് അവരെ തങ്ങളുടെ ഹിതാനുസൃതം പ്രവർത്തിക്കുവാൻ വിട്ടിട്ട് ഭരണകാര്യങ്ങളിൽ വ്യാപരിച്ചു. സിംഫൂറും വിസാനും, അവരോടൊപ്പം തോമ്മായിൽ നിന്നും സ്നാനം സ്വീകരിച്ചവരും പ്രാർത്ഥികക്കുയും അപ്പം മുറിക്കൽ ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തുകൊണ്ട് ശിഷ്ടകാലം കഴിച്ചുകൂട്ടി.

കാലങ്ങൾ കഴിഞ്ഞു. ഭാരതത്തിൽ തോമ്മാശ്ലീഹാ തെളിച്ച വിശ്വാസ ദീപം കെടാതെ പ്രകാശിച്ചു. കുറെ വർഷങ്ങൾകഴിഞ്ഞ് മസ്ദൈരാജാവിൻെറ മക്കളിൽ ഒരാൾ പിശാചു ബാധിതനായിത്തീർന്നു. ആർക്കും അവനെ ബന്ധിക്കുവാൻ കഴിഞ്ഞിരുന്നില്ല. തോമ്മായുടെ കുഴിമാടം തുറന്ന് ഒരസ്ഥിക്കഷണമെടുത്തു പുത്രൻെറ കഴുത്തിൽ അണിയിച്ചാൽ അവൻ സുഖം പ്രാപിക്കുമെന്ന് രാജാവിന് തോന്നി. അദ്ദേഹം ചിന്നമലയിലെത്തി കബറിടം തുറന്നെങ്കിലും മാർത്തോമ്മായുടെ ഭൗതികാവശിഷ്ടങ്ങളൊന്നും കണ്ടെത്തിയില്ല. തോമ്മായുടെ സഹചാരികളിൽ ആരോ ഒരാൾ ഔതികാവശിഷ്ടം രഹസ്യമായി എടുത്ത് പശ്ചാത്യദേശത്തേയ്ക്കു മാറ്റിയിരുന്നു. ഭഗ്നാശനാകാതെ രാജാവു ശവകുടീരത്തിങ്കൽ നിന്ന് അല്പം മണ്ണെടുത്തു അതു നേരിയ തുണിക്കഷണത്തിൽ പൊതിഞ്ഞ് ചരടിൽ കെട്ടി, പിശാചു ബാധിതനായ മകൻെറ കഴുത്തിലിട്ടു. മാത്രമല്ല, ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറയുകയും മകൻെറ സുഖപ്രാപ്തിക്കുവേണ്ടി മനമുരുകി പ്രാർത്ഥിക്കുകയും ചെയ്തു. രാജാവിൻെറ പ്രാർത്ഥന ഫലിച്ചു. അചിരേണ മകൻ സുഖം പ്രാപിച്ചു. ദൈവരാജ്യത്തിൽ തനിക്കും പങ്കാളിത്തം കിട്ടുന്നതിനായി പ്രാർത്ഥിക്കണമെന്ന് മസ്ദൈ രാജാവു സ്നാനം സ്വീകരിച്ച എല്ലാവരോടും അപേക്ഷിച്ചു. ശേഷിച്ച ജീവിതത്തിൽ അദ്ദേഹം എല്ലാറ്റിനും മാർത്തോമ്മായുടെ മാധ്യസ്ഥ്യംതേടി.

-മാർത്തോമ്മായുടെ നടപടി ഇവിടെ അവസാനിക്കുന്നു.

## *കിളി പറന്നുപോയി ! ഇനി കൂടിൻെറ കഥ*

പഞ്ചവർണ്ണക്കിളിയുള്ളപ്പോൾ പഞ്ജരം സജീവമായിരിക്കുന്നു, കിളി മനോഹരം. കൂടും മനോഭിരാമം. കിളികൂടുവിട്ടു പോയിക്കഴിയുമ്പോഴോ? അതുവരെ ചൈതന്യം ഇടിച്ചുനിന്നിരുന്ന കൂടു നിർജ്ജീവം. എങ്കിലും ആ



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കൂടുകാണുന്നവരെല്ലാം പഞ്ചവർണ്ണകിളിയെ ഓർമ്മിക്കുന്നു. പിഞ്ചുബാലികാബാലൻമാർ - കിളിയെ ഉമ്മവച്ചോമനിച്ചവർ - കിളിപോയിക്കഴിഞ്ഞിട്ടും നിറകണ്ണുകളോടെ കൂടിനെ തഴുകി താലോലിക്കുന്നു. ഇതുപോലെ മാർത്തോമ്മായുടെ ആത്മാവ് ദേഹപഞ്ജരം വിട്ടുപറന്നു പോയിരിക്കുന്നു! ഇനി അദ്ദേഹത്തെ സ്നേഹിച്ചിരുന്നവർക്കു കാണാനുള്ളതു അദ്ദേഹത്തിൻെറ ആത്മാവു കൂടിക്കൊണ്ടിരുന്ന ഭൗതികാവശിഷ്ടം മാത്രം. മാർത്തോമ്മായെ ആദരിക്കുന്ന സമൂഹം ഇന്ന് ആ ഭൗതികാവശിഷ്ടത്തെ പൂജ്യമായിക്കരുതുന്നു. അതിൻെറ മുമ്പിൽ അവർ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

എ.ഡി. 165-ൽ എദേസ്സായിലെ "കാബിൻ" എന്ന വ്യാപാരി ഇന്ത്യയിൽ നിന്ന് തോമ്മാശ്ലീഹായുടെ ഭൗതികാവകാവശിഷ്ടം എദേസ്സായിലേക്കു കൊണ്ടുവന്നു എന്നതാണ് മെസ്സോപ്പൊട്ടേമിയരുടെ പരമ്പരാഗതവിശ്വാസം.

റോമൻ രക്തസാക്ഷികളെക്കുറിച്ചെഴുതിയിട്ടുള്ള പ്രബന്ധത്തിൽ (Roman Martyrology) ഇന്ത്യാക്കാർ ബഹുമാനാദരവുകളോടെ ആ പൂജ്യാവശിഷ്ടം കാത്തുസൂക്ഷിച്ചിരുന്നതായി രേഖപ്പെടുത്തുയിരിക്കുന്നു. അതു പിൽക്കാലത്തു എദേസ്സായിലേയ്ക്കും അവിടെനിന്ന് ഇറ്റലിയിലെ ഓർത്തോണായിലേയ്ക്കും മാറ്റി സ്ഥാപിച്ചതായും പ്രസ്തുത പ്രബന്ധത്തിൽ പറയുന്നുണ്ട്.

### *അപ്രേമിൻെറ വീണാനിനാദം*

"പരിശുദ്ധാത്മാവിൻെറ വീണ" എന്നറിയപ്പെടുന്ന സുറിയാനി കവിയാണ് മാർ അപ്രേം. അദ്ദേഹം തോമ്മോശ്ലീഹായുടെ ഭൗതികാവശിഷ്ടത്തെ പരാമർശിച്ചു ഇപ്രകാരം പറയുന്നു:

ഇന്ത്യയിൽ നിന്നുള്ള ഏറ്റം വിലപ്പെട്ട രത്നമായ പൂജ്യാവശിഷ്ടം ഒരു വ്യാപാരപ്രമുഖൻ ഏദേസ്സായിൽ കൊണ്ടുവന്നു. എദേസ്സാ ഭാഗ്യപ്പെട്ട ഒരു നഗരം തന്നെ.

മാർത്തോമ്മാ ഇപ്പോൾ ഇന്ത്യയിലും ഏദേസ്സായിലും അൽഭുതങ്ങൾ പ്രവർത്തിക്കുന്നു.

(മാർ അപ്രേം 373 A.D)

മൈലാപ്പൂരിലുള്ള ചിന്നമലയിൽവച്ചാണു മാർത്തോമ്മ കുന്തം കൊണ്ടുള്ള കുത്തേറ്റു മരിക്കുന്നത്.

മാർത്തോമ്മായുടെ ഭൗതികാവശിഷ്ടങ്ങളിൽ ഒരു ഭാഗം — വലതു കരത്തിൻെറ അസ്ഥി വത്തിക്കാൻെറ അനുമതിയോടെ പൗരസ്ത്യ തീരുസം



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഘത്തിന്റെ സെക്രട്ടറി കാർഡിനൽ ടിസ്സറാങ് 1952-ൽ ഇന്ത്യയിൽ കൊണ്ടുവരുകയുണ്ടായി. ആ പൂജ്യാവശിഷ്ടം സൂക്ഷിച്ചിരിക്കുന്നത് തോമ്മാശ്ലീഹാ കപ്പലിൽ ഇറങ്ങിയ കൊടുങ്ങല്ലൂർ അഴിമുഖത്തുള്ള ദേവാലയത്തിലാണ്.

ഇന്ത്യയിൽനിന്നും കൊണ്ടുപോയ ഭൗതികാവശിഷ്ടം എദേസ്സായിൽ തോമ്മശ്ലീഹായുടെ നാമത്തിലുള്ള പള്ളിയിൽ സൂക്ഷിച്ചിരിക്കുന്നതായി 4-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന മാർ എഫ്രേം (St. Ephrem) പറഞ്ഞിരിക്കുന്നു. കുരിശുയുദ്ധങ്ങളുടെ കാലത്തു മധ്യപൂർവ്വദേശങ്ങളിൽനിന്നും നിരവധി രക്തസാക്ഷികളുടെ ഭൗതികാവശിഷ്ടങ്ങൾ കൊണ്ടുപോയ കൂട്ടത്തിൽ ഇതും ഇറ്റലിയിലെ ഓർത്തോണാ പട്ടണത്തിലേക്കു കൊണ്ടുപോയി എന്നാണ് ചരിത്രപരമായ പ്രതിപാദ്യം. അവിടെ ഉള്ള സെൻറ് തോമസ് ബസലിക്കായിൽ നിന്നാണ് കാർഡിനൽ ടിസറാങ് കൊടുങ്ങല്ലൂരിലേക്കു തിരുശേഷിപ്പു കൊണ്ടുവന്നത്.

## BIBLIOGRAPHY

1. ഡോ. ഗീവർഗീസ് ചേടിയത്ത്, *മാർത്തോമ്മാശ്ലീഹായുടെ നടപടികൾ* KTM - 1984
2. Gielen Martin, *St. Thomas The Apostle of India*, Kottayam, OIRSI 1990
3. Klijn, A. F. J, *The Acts of Thomas*, Leiden, E. J. Brill, 1964.
4. Schurhammer George, *The Peacock Story of St. Thomas*, Placid Saptathy, Alleppey, 1970, pp 19-28.
5. Zaleski. M, *The Apostle ST. Thomas*, Mangalore, 1912



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# 6

# സെറൂഗിലെ ജേക്കബിൻെറ പ്രഭാഷണങ്ങൾ

മാർത്തോമ്മായുടെ നടപടികൾകൂടാതെ മാർഗ്ഗംകളിപ്പാട്ടിൻെറ രചനയ്ക്കു സഹായകമായ ഒരു പ്രബന്ധമാണ് "സെറൂഗിലെ ജേക്കബിൻെറ സുവിശേഷ പ്രസംഗങ്ങൾ" (Homiles of Mar Jacob) ക്രിസ്തുവർഷം 6-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു സുറിയാനി പണ്ഡിതനും വാഗ്മിയുമാണ് മാർ ജേക്കബ്. 1976-ൽ ജർമ്മൻ ഭാഷയിൽ മൂലഭാഷയായ സുറിയാനിയോടുകൂടി ഈ പ്രഭാഷണസമാഹാരം പ്രസാധനം ചെയ്തിട്ടുണ്ട്. മൂന്നു പ്രസംഗങ്ങളാണ് ഇതിലുള്ളത്.

1. "ഞാൻ ഇന്ത്യയിലേക്കില്ല"
2. "ഹാബാനു വില്ക്കപ്പെട്ട തോമ്മാ"
3. "തോമ്മാ സ്വർഗ്ഗത്തിൽ പണിത കൊട്ടാരം"

മാർജേക്കബിൻെറ പ്രഭാഷണങ്ങളുടെ ഒരു രൂപധാരണയ്ക്കുവേണ്ടി പ്രഥമ പ്രസംഗത്തിൻെറ ഒരു കരടുരൂപം ഇവിടെ ചേർക്കുന്നു.

ഹാബാനുവിൽക്കപ്പെട്ട തോമ്മായാണ് മാർ ജേക്കബിൻെറ പ്രസംഗ വിഷയം. ഹൃദയ ദ്രവീകരണമായ ഭാഷയിൽ യേശുവിനോട് കൃപയാചിച്ചുകൊണ്ടാണ് അദ്ദേഹം പ്രസംഗത്തിനൊരുങ്ങുന്നത്.

തൻെറ ശത്രുക്കളിൽനിന്ന് നിൻെറ സേവകനുവേണ്ടിയുള്ള വില സ്വീകരിച്ച രാജാവേ, എനിക്കുചിതമായ മൊഴികൾ തരൂ - നിൻെറ ദാസൻെറ ചരിത്രം പ്രസംഗിക്കുവാൻ.

ലോകത്തിനായി വില്ക്കപ്പെട്ട പുത്രാ, എനിക്കു കൃപതരൂ - നിന്നാൽ വില്ക്കപ്പെട്ട ശിഷ്യനെപ്പറ്റി പാടുവാൻ.

ദാസൻമാർക്ക് സ്വാതന്ത്ര്യം കൊടുക്കുന്നവനേ, സ്വതന്ത്രനായിരിക്കെ, ദാസനെപ്പോലെ സേവനം ചെയ്തവനേ, നിൻെറ ദാസനെപ്പറ്റി പാടുവാൻ എന്നെ അനുവദിക്കൂ.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



തച്ചൻെറ പുത്രാ, പണിക്കാരില്ലാതെ ഉന്നതത്തിൽ കൊട്ടാരം പണിത വനെപ്പറ്റി സംസാരിക്കാൻ എനിക്കു കൃപ നൽകിയാലും.

നീ നിമിത്തം അവൻ വലിയവനായിത്തീർന്നതിനാൽ അവൻെറ ധീരമായ പ്രവർത്തനങ്ങൾ വിലപ്പെട്ടതായി ഗണിക്കപ്പെടുന്നു. തൻെറ കൈകൊണ്ട് അവൻ നിന്നെ സ്പർശിച്ചു. അതിനാൽ സൃഷ്ടജാലങ്ങൾ അവൻെറ പക്കലേയക്കു ഓടിയടുക്കുന്നു. പാരതന്ത്ര്യമെന്തന്നറിയാത്ത വനേ, നിൻെറ ദാസനായി ഇന്ത്യയിലേയക്കയച്ചവൻെറ ചരിത്രം പ്രകീർ ത്തിക്കുവാൻ എന്നെ അനുവദിച്ചാലും.

ഇങ്ങനെപോകുന്നു മാർജേക്കബിൻെറ യാചനാപ്രാർത്ഥന.

ഈദൃശ അനുഗ്രഹപ്രാർത്ഥനയ്ക്കു ശേഷം പ്രസംഗം ആരംഭിക്കുക യാണ്.

പരിശുദ്ധാത്മാവു ഈ ഭൂമി 12 അപ്പോസ്തോലന്മാർക്കായി വീതി ച്ചുകൊടുത്തു. ഓരോരുത്തരും സുവിശേഷ പ്രഘോഷണത്തിനു പോകേണ്ട രാജ്യം നറുക്കിട്ടെടുക്കുവാൻ തീരുമാനിച്ചു. ശ്ളീഹന്മാരുടെ തലവനായ പത്രോസും മറ്റു പതിനൊന്നു പേരും കുറിയെടുത്തു തങ്ങൾ പോകേണ്ട രാജ്യം കണ്ടെത്തി. ഒരാൾ ഒഴികെ മറ്റുള്ളവരെല്ലാം സന്തുഷ് ടരായി കാണപ്പെട്ടു. അസന്തുഷ്ടനായ ആ ഒരാൾ തോമ്മാ ആയിരുന്നു. മറ്റുള്ളവർ തോമ്മായോടു ചോദിച്ചു:

സ്നേഹിതാ ! എന്തുപറ്റി? നിൻെറ മുഖം എന്തേ വാടിയിരിക്കുന്നത്? നിൻെറ വദനം വിളറിപ്പോയിരിക്കുന്നല്ലോ!. ഓരോരുത്തർക്കും കിട്ടിയ കുറിയിലൂടെ ദൈവം, തൻെറ ഹിതം നമ്മളെ അറിയിച്ചിരിക്കുകയാണ്. ഓരോരുത്തർക്കും പോകേണ്ടരാജ്യം നറുക്കിട്ടെടിക്കുക വഴി അവിടുന്നു കാണിച്ചു തന്നിരിക്കുന്നു.

പട്ടണങ്ങളുടെ മാതാവായ റോം പത്രോസിനു ലഭിച്ചിരിക്കുന്നു. അവൻ നമ്മുടെ തലവനല്ലേ? ഇന്ത്യ നിനക്കു കിട്ടിയത് ഒരുപക്ഷേ നീ ഗുരുവിൻെറ ഉയിർപ്പിൽ സംശയിച്ചതുകൊണ്ടാവാം. ഇന്ത്യ നിന്നിൽനിന്നും പഠിക്കട്ടെ; "യേശു മരണാനന്തരം ഉയർത്തെഴുന്നേറ്റെന്ന് "

യേശുവിൻെറ പുനരുത്ഥാനത്തിൽ നീ അവിശ്വസിച്ചവനാണെന്ന് നാടായ നാടെങ്ങും അറിഞ്ഞിട്ടുണ്ട്. യേശുവിൻെറ കൈത്തലങ്ങളിലെ ആണിപ്പഴുതുകളും പിളർക്കപ്പെട്ട മാർവിടവും കണ്ടിട്ടുമാത്രമല്ലേ തങ്ങ ളോടൊത്തു ജീവിച്ചുമരിച്ച ക്രിസ്തുതന്നെയാണ് ഉയർത്തെഴുന്നേറ്റതെന്ന് നീ വിശ്വസിച്ചുള്ളൂ. അങ്ങനെയുള്ള നിനക്കല്ലാതെ മറ്റാർക്കാണ് ക്രിസ്തു വിൽ വിശ്വസിക്കാത്ത ഇന്ത്യക്കാരെ, വിശ്വാസികളാക്കാൻ സാധിക്കുക? അതിനാൽ നീ ഇന്ത്യയിലേക്കു പോകുക. പ്രസംഗിക്കുക.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



തോമ്മാപറയുന്നു:

ഞാൻ പോകുന്നെങ്കിൽ റോമിനു പോകാം. ആ രാജ്യം ഇന്ത്യയേക്കാൾ മാനസാന്തരത്തിനു യോജിച്ച സ്ഥലമാണ്. ഞാൻപോയി ഞാൻ സ്പർശിച്ചവനെ പ്രസംഗിച്ചുകൊള്ളാം. അല്ലെങ്കിൽ വരുവിൻ നമുക്കൊരുമിച്ച് എല്ലാ രാജ്യങ്ങളിലും പോകാം. നിങ്ങൾ പ്രസംഗിക്കുവിൻ; ഞാൻ സാക്ഷ്യം നൽകുകയും ചെയ്യാം. ഞാൻ സ്പർശിക്കുകയും ദർശിക്കുകയും ചെയ്തവനെ ഞാൻ പ്രസംഗിക്കണമെന്ന് ഇന്ത്യ ആഗ്രഹിക്കുന്നുവെന്നോ നിങ്ങൾ പറയുന്നത് ? അങ്ങനെയെങ്കിൽ റോമാക്കാരും ഞാനില്ലാതെ പത്രോസിനെ സ്വീകരിക്കുകയില്ലല്ലോ. ഒന്നുകിൽ നിങ്ങൾ എന്നോടൊത്ത് ഇന്ത്യയിൽ പോരണം. അല്ലെങ്കിൽ ഞാൻ ശിമയോൻ പത്രോസിനോടൊപ്പം റോമിലേക്കുപോയി യേശുവിനു സാക്ഷ്യം നൽകാം.

ഞാൻ ഇന്ത്യയിലേക്കു പോവുകയില്ല. അകവും പുറവും കറുത്ത ജനതയോട് ഞാൻ പ്രസംഗിക്കുകയില്ല. അവരുടെ മുഖം അസുന്ദരം. ആകൃതി അനാകർഷകം. ഹൃദയം അന്ധവിശ്വാസ ജടിലം. ഞാൻ ഇന്ത്യയിൽപ്പോയി പ്രസംഗിക്കുകയില്ല. പരിശുദ്ധമായത് സ്വീകരിക്കാൻ ഹൃദയമില്ലാത്തവർക്കു ഞാൻ ഉപദേശം കൊടുക്കുകയില്ല. ഇന്ത്യ മുള്ളുകൾ നിറഞ്ഞ പാടം. അവിടെ മുള്ളും കളകളും പിഴുതുകളഞ്ഞ് വയൽ മണ്ണിളക്കി സജ്ജമാക്കണം. ഉഴാനും വിതക്കാനും കളകൾ പറിച്ചുമാറ്റാനും എങ്ങനെ എന്നെക്കൊണ്ടുതന്നെ കഴിയും? ഞാൻ അവിടെച്ചെന്നു വയൽ ഉഴുതുമറിക്കുമ്പോഴേക്കും നിങ്ങൾ പോകുന്ന രാജ്യങ്ങളിൽ ദൈവ വചനത്തിന്റെ വിത്തുകൾ മുളച്ചു വളർന്നു പവിഴക്കതിരുകൾ നിറഞ്ഞുകഴിയും! ഞാൻ അവിടെ വിത്തുവിതയ്ക്കുമ്പോഴേക്കും നിങ്ങളുടെ കൊയ്ത്തും മെതിയും കഴിഞ്ഞ് നെൻമണികൾ രാജാവിന്റെ പൊൻതളികയിൽ അപ്പമായി തീർന്നിരിക്കും!

യേശു ആരെന്നും അവൻ എവിടെനിന്നെന്നും ഇന്ത്യാക്കാർ എന്നിൽനിന്നും പഠിക്കുമ്പോഴേക്കും നിങ്ങളുടെ ശിഷ്യർ യേശുവിനെ അറിഞ്ഞു അവിടുത്തെ കൂട്ടായ്മയെക്കുറിച്ചു പഠിപ്പിക്കുന്നവരായി മാറിക്കഴിയും.

ഞാൻ അവിടെ ആത്മീയ പുത്രൻമാർക്കു ജൻമമേകാൻതുടങ്ങുമ്പോഴേക്കും നിങ്ങൾ പോകുന്ന രാജ്യങ്ങൾ നിങ്ങളുടെ ആത്മീയ പുത്രൻമാരെക്കൊണ്ടു നിറഞ്ഞുകഴിയും! അതുകൊണ്ട് നിങ്ങൾ ഒന്നു മനസ്സിലാക്കുവിൻ. ഞാൻ ഇന്ത്യയിലേക്കു പോകുകയില്ല.

ഭൂമുഖത്തു ക്രിസ്തുവിനെപ്പറ്റി പ്രസംഗിക്കാൻ തീരെ പറ്റാത്ത അന്തരീക്ഷമുള്ളിടം ഇന്ത്യമാത്രമാണ് എന്നത്രെ തോമ്മാശ്ലീഹായുടെ ധാരണ.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



തോമ്മാശ്ലീഹായുടെ പരിദേവനം കേട്ടിട്ടു മറ്റു ശിഷ്യൻമാർ പറയുന്നു:

സഹോദരാ, എന്തു മടയത്തരമാണ് നീ ഇപ്പറയുന്നത് ? ഞങ്ങളെ എന്തിനാണ് നീ കണക്കറ്റു ശകാരിക്കുന്നത്? ദൈവപുത്രനായ യേശുവാണ് ഇന്ത്യയിലേക്കുപോകാൻ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നത്. അവൻ നയിക്കുന്നിടത്തേക്കുപോയി നീ പ്രസംഗിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ ഇനി നീ എതിർക്കരുത്. നിനക്കതു വേണ്ടെങ്കിൽ നിൻെറ കൂട്ടുകാരെ കുററക്കാരാക്കരുത്. എന്തുകൊണ്ടെന്നാൽ നീ പോകുന്നത് ഞങ്ങളെയല്ല യേശുവിനെ പ്രസംഗിക്കുവാനാണ്. ഇന്ത്യയിൽപ്പോയി പ്രസംഗിക്കാനായി ഞങ്ങൾ നിന്നെ നിർബന്ധിച്ചു പറഞ്ഞയയ്ക്കുകയാണെന്ന രീതിയിൽ നീ സംസാരിക്കരുത്. നിനക്കു കിട്ടിയ കുറിയിൽ ഇന്ത്യാ രാജ്യമെന്നല്ലേ എഴുതിയിരിക്കുന്നത് ? ആ കുറിയിലൂടെ ദൈവഹിതമല്ലേ നിന്നെ അറിയിച്ചിരിക്കുന്നത്? അതിനു വെറുതെ ഞങ്ങളെ നീ കുറ്റക്കാരാക്കുന്നതെന്തിന്?

പന്ത്രണ്ടു രാജ്യങ്ങളുടെ പേരെഴുതി കുറിയിട്ടതിൽ എന്തോ സൂത്രം, മറ്റു ശിഷ്യൻമാർ കാണിച്ചിട്ടുണ്ടാകാമെന്നാണ് തോമ്മായുടെ സംശയം. അതിനാൽ രണ്ടാമതൊന്നുകൂടി കുറിയിടണമെന്നാണ് അദ്ദേഹം ശഠിക്കുന്നത്. റോം, എഫേസോസ്, യൂദയാ, സിയോൻ തുടങ്ങിയ മറ്റു പതിനൊന്നു രാജ്യങ്ങളും ഇന്ത്യയെക്കാൾ പരിഷ്കൃത ജനങ്ങളുടെ നാടായിട്ടായിരുന്നു മധ്യപൂർവ്വപൗരസ്ത്യ ദേശത്തെ ജനങ്ങളുടെ ധാരണ.

ഇന്ത്യ, കാടും മലയും കാട്ടുമൃഗങ്ങളും നിറഞ്ഞ നാട്. അന്ധവിശ്വാസികളും അജ്ഞരും അപരിഷ്കൃതരുമായ മനുഷ്യരുടെ ആവാസഭൂമി! ഇന്ത്യയെപ്പറ്റി ഓർക്കുവാൻകൂടി തോമ്മായ്ക്കു ഭയമായിരുന്നു. വെളുത്ത വർഗ്ഗക്കാരുടെ ദൃഷ്ടിയിൽ

"കറുത്ത വർഗ്ഗക്കാർ അടിച്ചുകൊല്ലേണ്ടോർ
അകലെ നിൽക്കേണ്ടോർ, അകലെ തള്ളേണ്ടോർ
തൊടൊല്ലാ തീണ്ടൊലാ, കുടിയേററിടൊല്ലാ
മനുഷ്യരായിത്തന്നെ കരുതാനും പാടില്ലാ" ത്തവരായിരുന്നു
(വാരനാട്ടു കെ.പി.ശാസ്ത്രികൾ)

ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടുന്നതിനു ഒരു നൂറ്റാണ്ടുമുമ്പ് ഇന്ത്യാക്കാരെക്കുറിച്ചുള്ള പാശ്ചാത്യ ചിന്താഗതി ഇതാണെങ്കിൽ പത്തൊൻപതു നൂറ്റാണ്ടുകൾക്കു മുമ്പുള്ള വിദേശികളുടെ വിലയിരുത്തൽ എന്തായിരിക്കുമെന്ന് ഊഹിക്കാമല്ലോ. ഈ പശ്ചാത്തലത്തിൽ വേണം ഇന്ത്യയെക്കുറിച്ചുള്ള തോമ്മാശ്ലീഹായുടേയും ധാരണകളെ വിലയിരുത്താൻ.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

മാർ ജേക്കബിൻെറ ഒന്നാം പ്രസംഗം മാർത്തോമ്മായും ഇതര അപ്പോസ്തോലൻമാരും തമ്മിലുള്ള ഒരു സംവാദമാണ്. "ഞാൻ ഇന്ത്യയിലേക്കില്ല" എന്ന നിശ്ചയത്തിനു ന്യായങ്ങൾ നിരത്തുകയാണ് തോമ്മാശ്ലീഹാ. ആ ന്യായവാദങ്ങളെ ദുർബ്ബലപ്പെടുത്തുന്ന ന്യായങ്ങൾ പറയുകയാണ് ഇതര ശിഷ്യൻമാർ. ഈ തർക്കവിതർക്കങ്ങളോടെ ഒന്നാം പ്രസംഗം അവസാനിക്കുന്നു.

മാർഗ്ഗംകളിപ്പാട്ടിൻെറ ഏഴാംപാദത്തിലെ ആശയങ്ങൾ മാർ ജേക്കബിൻെറ ഈ ഒന്നാം പ്രഭാഷണത്തിൽനിന്നും ഉരുത്തിരിഞ്ഞതാവണം.

## BIBLIOGRAPHY

1. Schrocter .R, *Gedicht ueber jacob Von Sarug*, ZDMG, 25 (1871) pp 321-377.

"ഞാൻ ഇന്ത്യയിലേക്കു പോവുകയില്ല"
സുറിയാനി ഭാഷയിൽ

ܠܐ ܢܚܬ ܐܢܐ ܠܗܢܕܘ ܀

ല് ഹെന്തോ .നാഹേത്ത് നാ.ലാ
to India - I will go down - Not
← ← ← ←
സുറിയാനിഭാഷ വലത്തുനിന്നു ഇടത്തോട്ടാണ് വായിക്കുന്നത്.

margam
Digital Library of Christianity in India
www.marggam.com



# 7
# തനിമയുടെ മധുഗീതി

പ്രാചീന കേരളത്തിലെ ഒരു ആയോധന കലയായിരുന്നു കളരിപ്പയററ്. ജാതിമത വ്യത്യാസമെന്യേ അരോഗ ദൃഢഗാത്രരായ സകല ബാലൻമാർക്കും കളരികളിൽ വർഷങ്ങളോളം തേപ്പും തിരുമ്മും നടത്തി മെയ്‌വഴക്കവും പയറ്റും പരിശീലിപ്പിച്ചിരുന്നു. അങ്ങനെ കളരികളിൽനിന്നും അഭ്യസനം നേടിയ ക്രൈസ്തവർ കൂത്തും കൂടിയാട്ടവുംപോലെയുള്ള ഒരു കലാകേളി തങ്ങൾക്കും വേണമെന്ന് ആഗ്രഹിക്കുക സ്വാഭാവികമാണല്ലോ. പുരാണ കഥകൾക്കുപകരം അവർക്കു മറ്റൊരു ക്രൈസ്തവ കഥ വേണ്ടിയിരുന്നു. മെസോപൊട്ടോമിയായിൽനിന്നും വന്ന ക്നാനായ ക്രിസ്ത്യാനികൾ തങ്ങൾക്കു യോജിച്ച ഒരു കഥ കണ്ടെത്തി; മാർത്തോമ്മായുടെ നടപടികൾ. അതിനെ അവലംബമാക്കി മലയാളത്തിൽ അവരിലെ ഒരു ഭാഷാനിപുണൻ ഒരു പാട്ടു തയ്യാറാക്കി. എല്ലാ നാടോടിപ്പാട്ടുകളുടേയും രചന ഏതാണ്ടിതുപോലെയാണല്ലോ. അങ്ങനെ മാർഗ്ഗംകളിപ്പാട്ടുണ്ടായി. കൂത്തിന്റെയും കൂടിയാട്ടത്തിന്റെയും ചുവടു പിടിച്ച് അവർ അതു സദസ്സുകളിൽ അവതരിപ്പിച്ചു. അങ്ങനെ മാർഗ്ഗംകളിയുമുണ്ടായി. ഈ കളി അവർ തിരുനാളുകളോടോ കല്യാണത്തോടോ അനുബന്ധിച്ചു നടത്തിപ്പോന്നു.

ക്രിസ്ത്യാനികളുടേതായ രംഗ കലകൾ മാർഗ്ഗംകളി, പരിചമുട്ടുകളി, വട്ടക്കളി, ചവിട്ടുനാടകം എന്നിവയാണ്. ഇവയിൽ സുറിയാനി ക്രിസ്ത്യാനികളുടേതു മാത്രമായ കലാരൂപമാണ് മാർഗ്ഗംകളി. ഈ നാടോടി നൃത്തത്തിന്റെ ആവിഷ്കാര കർത്താക്കളും പ്രചാരകരും ക്രൈസ്തവ സമൂഹത്തിലെ ക്നാനായ ക്രിസ്ത്യാനികളാണ്. മധ്യതിരുവിതാംകൂറിലെയും മലബാറിലെയും ക്നാനായ സമുദായം മാർഗ്ഗംകളിയെ തങ്ങളുടെ പൈതൃകമായിക്കണ്ട് കാത്തുസൂക്ഷിക്കുന്നു. മാർഗ്ഗംകളിയുടേയും ഇതര ക്രൈസ്തവ ദൃശ്യകലകളുടേയും പരിപോഷണാർത്ഥം ഒരു അഖിലഭാരത ക്രൈസ്തവരംഗ കലാകേന്ദ്രം 1984-ൽ കോട്ടയത്തു സ്ഥാപിക്കപ്പെട്ടു. നടത്തിവരുന്നു. അഖിലേന്ത്യാടിസ്ഥാനത്തിലുള്ള ഈ



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കലാകേന്ദ്രം ഹാദൂസാ എന്നപേരിൽ അറിയപ്പെടുന്നു. ആനന്ദം എന്നർത്ഥമുള്ള ഒരു സുറിയാനി വാക്കാണ് ഹാദൂസ. ഇന്ത്യയിലെ വിവിധ ക്രൈസ്തവ സമൂഹത്തിന്റെ പാരമ്പര്യകലകളേയും സാമൂഹ്യാചാരങ്ങളെയും പുരാതപ്പാട്ടുകളെയുംകുറിച്ചു ഗവേഷണം നടത്തുകയും അവയെ നാശോൻമുഖമാകാതെ കാത്തുരക്ഷിച്ചു രംഗത്തു കൊണ്ടുവരുകയുമാണ് ഹാദൂസായുടെ ലക്ഷ്യം.



*ഹാദൂസായുടെ ഉദ്ഘാടനം (സംസ്ഥാന ഗവർണ്ണർ)*

മാർഗ്ഗംകളിയുടെ പരിശീലനം, പ്രചരണം, പ്രസിദ്ധീകരണം എന്നിവയെ പ്രത്യേകാംവിധം കേന്ദ്രീകരിച്ചുകൊണ്ടുള്ള ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ബഹുകാതം പിന്നിട്ടിരിക്കുന്നു. ക്രൈസ്തവരും ക്രൈസ്തവേതരരുമായ പണ്ഢിതൻമാരെയും പ്രഗൽഭമതികളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഫാക്കൽറ്റികളും പാഠ്യപദ്ധതികളും ഹാദൂസ ഏർപ്പെടുത്തിയിട്ടുണ്ട്. വൈജ്ഞാനിക മേഖലയിൽ ജാതിയുടേയും സമുദായത്തിന്റെയും അതിർവരമ്പകളേ പാടില്ലാത്തതാണല്ലോ.

ഹാദൂസായ്ക്ക് ഒരു മികച്ച ഓഡിയോ ലൈബ്രറിയുണ്ട്. മാർഗ്ഗംകളി ആശാൻമാരുടെ പാട്ടുകൾ, പരിചമുട്ടുകളി ആശാൻമാരുടെ പാട്ടുകൾ,പള്ളിപ്പാട്ടുകൾ, കല്യാണപ്പാട്ടുകൾ, പ്രശസ്ത കലാകാരൻമാരുമായുള്ള അഭിമുഖ ഭാഷണങ്ങൾ എന്നിവ ശബ്ദലേഖനം ചെയ്ത് ഈ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. കേരളത്തിലെ യഹൂദർ പാടിവരുന്ന നാടോടി



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പാട്ടുകളുടെ സമ്പൂർണ്ണ ഗാനശേഖരം ജറുശലേം ഹീബ്രൂസർവ്വകലാശാലയിൽനിന്നും, ഹാദൂസ ഓഡിയോ ലൈബ്രറിക്ക് അടുത്തകാലത്തായി സമ്പാദിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

1984-ൽ കേരള ഗവൺമെൻറും, 1987-ൽ ഗാന്ധിജി സർവ്വകലാശാലയും കലോത്സവങ്ങളിൽ മാർഗ്ഗംകളി ഒരു മത്സര ഇനമായി അംഗീകരിച്ചു.

പരേതനായ ഡോ. ചുമ്മാർചുണ്ടൽ, കേരള രംഗകലകളിൽ ക്രിസ്ത്യാനികളുടെ സംഭാവന എന്ന ലേഖനത്തിൽ മാർഗ്ഗംകളിയെ ആസ്പദീകരിച്ചു ഇപ്രകാരം പറയുന്നു:

"തെക്കുംഭാഗക്കാരായ ക്നാനായ ക്രിസ്ത്യാനികൾക്കാണ് ഏറ്റം പഴക്കമേറിയതും വൈവിധ്യമാർന്നതുമായ കലാപൈതൃകം കാണുന്നത്. അവരുടെ പാരമ്പര്യ നൃത്തകലയാണ് മാർഗ്ഗംകളി. മാർഗ്ഗംകളി സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ വളർന്നുവന്ന ഒരു നൃത്തമെന്നാണ് പൊതുവേ പറഞ്ഞുവരുന്നത്. എന്നാൽ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ക്നാനായ ക്രിസ്ത്യാനികളാണ് മാർഗ്ഗംകളിയുടെ പ്രയോക്താക്കളും പ്രചാരകരും എന്നു തെളിയുന്നുണ്ട്. കേരളത്തിൽ സുറിയാനി പാരമ്പര്യമുള്ള ജനസംഖ്യ കൂടുതലുള്ള സ്ഥലങ്ങളിൽ പ്രത്യേകിച്ചു തൃശ്ശൂർ, പാലാ എന്നിവിടങ്ങളിൽ മാർഗ്ഗംകളിയുടെ വേരുകൾ കണ്ടെത്താൻ കഴിഞ്ഞില്ല.

(റവ. ഡോ. ഫ്രാൻസിസ് കല്ലറക്കലിൻെറ പൗരോഹിത്യ രജത ജൂബിലി പ്രമാണിച്ച് 1993-ൽ പ്രസിദ്ധീകരിച്ച സ്മരണികയിൽനിന്നും P. 57-62)

"മാർഗ്ഗംകളി" മുൻനിർത്തി ഡോ. ചുമ്മാർ നടത്തിയ ഗവേണഷണത്തിൽ നിന്നുംകണ്ടെത്തിയനിഗമനം, 70% മാർഗ്ഗംകളി പാരമ്പര്യം സജീവമായി നിലകൊള്ളുന്നതു ക്നാനായ കത്തോലിക്കരിലും 25% ക്നാനായ യാക്കോബായ സമുദായത്തിലുമാണെന്നാണ്. 1983-ൽ കേരളാടിസ്ഥാനത്തിൽ മാർഗംകളി ആശാൻമാരെ പഠനത്തിനും ചർച്ചയ്ക്കുമായി വിളിച്ചുകൂട്ടിയപ്പോൾ ആകെ എത്തിച്ചേർന്ന 33 പേരും ക്നാനായക്കാരാണെന്നത് പ്രസ്താവ്യമാണ്.

ക്രൈസ്തവ പുരാതന പാട്ടുകളുടേയും മാർഗ്ഗം കളിയുടേയും ഒരു നവോത്ഥാന കാലഘട്ടമാണ് 20-ാം നൂറ്റാണ്ടിൻെറ ഉത്തരാർദ്ധമെന്നു പറയാം. ക്രൈസസ്തവ രംഗ കലകളെക്കുറിച്ച് പഠിക്കുവാനും പഠിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും തുടക്കമിട്ടത് ഈ കാലസന്ധിയിലാണ്. പ്രചോദന പ്രഭവസ്ഥാനം ഹാദൂസായും. പ്രാണേതാവ് കോട്ടയം ബിഷപ് മാർ കുര്യാക്കോസ് കുന്നശ്ശേരിയും.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## മാർഗ്ഗംകളിപ്പാട്ടിൻെറ ഇതിവൃത്തം

മാർത്തോമ്മായുടെ ഭാരത യാത്രയുടെ കാര്യ കാരണങ്ങളും ഭാരതത്തിലെത്തിയ ശേഷമുള്ള അദ്ദേഹത്തിൻെറ പ്രവർത്തനങ്ങളും വിവരിക്കുന്ന "മാർത്തോമ്മായുടെ നടപടി"കളിലെ സുദീർഘമായ ഒന്നും രണ്ടും നടപടികളിലേയും ഹ്രസ്വമായ പതിമൂന്നാം നടപടിയിലേയും ഉള്ളടക്കമാണ് മാർഗ്ഗംകളിപ്പാട്ടിൻെറ ഇതിവൃത്തം എന്നു പൊതുവിൽ പറയാം. ഈ ഇതിവൃത്തം പതിന്നാലു പാദങ്ങളിലായി നിബന്ധിച്ചിരിക്കുന്നു.

## മാർഗ്ഗംകളിപ്പാട്ടിൻെറ ഗാനവും താളവും

മാർഗ്ഗംകളിപ്പാട്ടിൻെറ സംഗീതം സുറിയാനി യഹൂദ പാരമ്പര്യമുള്ള കളിയാശാൻമാരിൽനിന്നും നിർഗളിച്ചൊഴുകിയതാണ്. സാമൂഹ്യാചാരങ്ങളിലും ദേവാലയ അനുഷ്ഠാനങ്ങളിലും തങ്ങളുടെ യഹൂദ പാരമ്പര്യം കാത്തു സൂക്ഷിച്ചുപോരുന്നവരാണ് ക്നാനായ ക്രിസ്ത്യാനികൾ. അവരിൽനിന്നും പൊട്ടിപ്പുറപ്പെടുന്ന പാട്ടുകളിൽ നിന്നു കേൾക്കുന്നത് സുറിയാനി സംഗീതത്തിൻെറ മഞ്ജീരശിഞ്ജിതമാണ്. സുറിയാനി സംഗീത ജൻമവാസനയുള്ള ക്നാനായ സമൂഹത്തിനു ആ വാസന ഊതിത്തെളിച്ചതു ദേവാലയങ്ങളിൽ ബലിയർപ്പണവേണയിൽ പുരോഹിതൻമാർ ആലപിക്കുന്ന സുറിയാനി രീതിയിലുള്ള ഗീതങ്ങളായിരുന്നു. മാർഗ്ഗംകളിയാശാൻമാർ സുറിയാനി സംഗീത ശാസ്ത്രം പഠിച്ചിട്ടുള്ളവരോ പരിശീലിച്ചിട്ടുള്ളവരോ അല്ല. പാരമ്പര്യ വാസന മാത്രമായിരുന്നു അവരുടെ കൈമുതൽ. ഇന്നു ജീവിച്ചിരിപ്പുള്ള ആശാൻമാരുടെ മൂലധനവും. അതുതന്നെ.

## താളവും ഗാനവും

താളവും ഗാനവും തമ്മിൽ ചൂടും പ്രകാശവുംപോലെ ബന്ധപ്പെട്ടിരിക്കുന്നു. താളങ്ങളെക്കുറിച്ചു പഠിച്ചിട്ടല്ലല്ലോ അമ്മ കുഞ്ഞിൻെറ തുടയിൽ താളമടിച്ചു താരാട്ടുപാടുന്നത്. കുഞ്ഞ് ഉറങ്ങി താരാട്ടുതീർന്നാലും അമ്മയുടെ താളംപിടിത്തം തീരുന്നില്ല. പിന്നെയും മന്ദമായി തുടർന്നു അത് നേർത്ത് നേർത്ത് ഇല്ലാതാകുന്നു.

കൂട്ടംചേർന്ന് വയൽകിളയ്ക്കുന്നവർ കേട്ടുകേട്ടു പഠിച്ച പാട്ടുകൾ പാടാറുണ്ടല്ലോ. ഒരു താളക്രമമനുസരിച്ചാണ് അവർ തൂമ്പാ ഉയർത്തുന്നതും താഴ്ത്തുന്നതും. പാട്ടിൻെറ വേഗത അനുസരിച്ചാണ് അവർ കിളയ്ക്കു വേഗത കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നത്.

താളമില്ലാതെ ഗാനമില്ല. ഗാനത്തിൻെറ ജീവൻ താളമാണ്. മാർഗ്ഗംകളിപ്പാട്ട് താളനിബദ്ധമാണ്. ദ്രാവിഡ താളക്രമമാണ് ഈ പുരാതനപ്പാട്ടിനു



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ളളത്. പ്രകൃതിതന്നെ ഒരു താളക്രമമനുസരിച്ചാണല്ലോ നിലകൊള്ളുന്നത്. പ്രഭാതം വിരിയുന്നു. ഒരു ക്ലിപ്ത സമയം കഴിഞ്ഞു പ്രദോഷം വരുന്നു. പിന്നെ പുലരിയും സന്ധ്യയുംകൂടി കൃത്യമായി ദിനരാത്രങ്ങൾ നെയ്യുന്നു.

മനുഷ്യ ജീവിതത്തിനുമുണ്ട് ഒരു താളക്രമം. ശൈശവകാലം പിന്നി ടുമ്പോൾ ബാല്യം വരുന്നു. ഒരു നിശ്ചിത കാലം കഴിയുമ്പോൾ കൗമാരം വന്നുചേരുന്നു. പിന്നെയും ഒരു നിശ്ചിത കാലത്തിനുള്ളിൽ യൗവനം ആഗമിക്കുന്നു. ഒരു പരിധികഴിയുമ്പോൾ മധ്യപ്രായം വന്നെത്തും. അതും പോയി ഒരു നിശ്ചിത കാലം കഴിയുമ്പോൾ വാർദ്ധക്യം വന്നുകൂടും.

മനുഷ്യജീവിതത്തിൻെറ താളം തെറ്റിയാൽ ശിശു പെട്ടെന്ന് യുവാവാ യെന്നും യുവാവ് ഒറ്റദിവസംകൊണ്ട് വൃദ്ധനായെന്നും വരികയില്ലേ? അങ്ങനെയൊന്നും സംഭവിക്കാത്തത് ക്രമംതെറ്റാതെ താളാനുസാരിയായി ജീവിതം മുന്നോട്ടു നീങ്ങുന്നതുകൊണ്ടാണ്. നാട്യശാസ്ത്രത്തിൽ ഭാവരസാ ദികളാണ് പ്രധാനപ്രതിപാദ്യമെങ്കിലും പ്രമുഖസ്ഥാനം കല്പിച്ചിരിക്കുന്നത് താളത്തിനാണ്. നാട്യം ഈശ്വരദത്തമായിരിക്കുന്നതുപോലെതന്നെ താളവും ഈശ്വരദത്തമാണ്.

'ത' കാരം ശിവനേയും 'ള'കാരം പാർവ്വതിയേയും സൂചിപ്പിക്കുന്നു. ശിവൻേറയും ശക്തിസ്വരൂപിണിയുടേയും സമായോഗത്തിൽനിന്നും താള മുണ്ടായി എന്ന് നാട്യ ശാസ്ത്രകാരൻ പറയുന്നു.

തകാരഃ ശങ്കര പ്രോക്തം
ളകാരഃ ശക്തി രുച്യതേ
ശിവഃ ശക്തി സമായോഗം
താളയിത്യഭീധീയതേ.

സപ്തസ്വരങ്ങൾ പോലെതന്നെ സപ്ത താളങ്ങളുമുണ്ട്. ധ്രുവം, മഠ്യം, രൂപകം, ഝംപ, ത്രിപുട, അട, ഏകം ഈ സപ്ത താളങ്ങളെ അഞ്ചു ജാതികളായും ഓരോ ജാതിയേയും അഞ്ചു നടകളായും വിഭജിച്ചിരി ക്കുന്നു. അങ്ങനെ നോക്കുമ്പോൾ താളങ്ങൾ ആകെ 175. ഇവയിൽ 108 താളങ്ങൾക്കാണ് പ്രസക്തി.

താളത്തിനു കാലം, ക്രിയ, മാനം എന്ന് മൂന്ന് ഘടകങ്ങൾ ഉണ്ട്. താളത്തിൻെറ ആകെയുള്ള നിശ്ചിത സമയമാണ് കാലം. നിശ്ചിത സമയത്തിനിടയിലുള്ള സമയത്തെ ഭാഗിക്കുമ്പോൾ കിട്ടുന്ന അംഗക്രിയ കളാണ് ക്രിയ. അംഗക്രിയകൾക്കിടയിലുള്ള നിശ്ചിത സമയത്തിന് മാനംഎന്നു പറയുന്നു. താളങ്ങളെ തിരിച്ചറിയുന്നത് അതിനു നിശ്ചയിച്ചി രിക്കുന്ന കാലക്രിയാ മാനങ്ങളെക്കൊണ്ടാണ്.


www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഗാനനൃത്ത വാദ്യാദികളിൽ താളത്തിനുള്ള പ്രാധാന്യം അദ്വിതീയമാണ്. ഭരതമുനി താളമില്ലാത്തവനെ, നരാധമനെന്നാണു പരിഹസിക്കുന്നത്.

തൗര്യത്രികം, താളഹീനം
പ്രവർത്തന്തേനരാധമാഃ

സുറിയാനി പാട്ടുകൾ പൊതുവേപറഞ്ഞാൽ 'ചമ്പു'ക്കളിലേതിനോടും സമാനമാണ്.

ഗദ്യപദ്യോ മയം കാവ്യം
ചമ്പുരിത്യാ ഭി ധീയതേ

എന്ന ചമ്പുലക്ഷണം ഇവിടെ അനുസ്മരിക്കുക.

സുറിയാനി പാട്ടുകളിൽ താളാത്മകമല്ലാത്ത പാട്ടുകളുണ്ട്. മലബാർ റീത്തിലെ കുർബാനയിൽ ബലിയർപ്പണത്തിലുപയോഗിക്കുന്ന ആദ്യ ഈരടി നോക്കുക.

പുഖ്ദാനകോൻ
പുഖ്ദാനേ ദ്മ്ശീഹാ....

ഇതിനോടു തുല്യമായ ഒരു ശൈലിയാണ് മാർഗ്ഗം കളിയുടെ വന്ദന പാദത്തിലെ ആദ്യ ഈരടിയിൽ കാണുന്നത്.

മെയ്ക്കണിന്ത പീലിയും
മയിൽമേൽ തോന്നും മേനിയും

ഒരു സമൂഹഗാന ശൈലിയാണ് സുറിയാനി പാട്ടുകൾക്കു പൊതുവേ കാണുന്നത്.

ഭാരതത്തിലും മധ്യപൂർവ്വ പ്രദേശങ്ങളിലും ദേവാലയങ്ങളിൽ സുറിയാനിപ്പാട്ടുകൾ പാടുന്നതു പ്രത്യേക രീതിയിലാണ്. ദേവാലയത്തിൽ ബലിയർപ്പണ വേളയിൽ രണ്ടു ഗായക സംഘങ്ങളുണ്ടാകും. 'മദ്ബഹാ' എന്നു പറയുന്ന വിശുദ്ധ സ്ഥലത്തായിരിക്കും ഒരു സംഘം ഗായകർ നിൽക്കുന്നത്. ബേമാ എന്നു പേരുള്ള പീഠത്തിലായിരിക്കും മറ്റൊരു സംഘം. ചിലപ്പോൾ ഇരുകൂട്ടരും പാദങ്ങൾ മാറിമാറിപ്പാടുന്നു. മറ്റുചിലപ്പോൾ ഒരാൾ പാടിക്കൊടുക്കുകയും ഇതരർ അതാവർത്തിക്കുകയും ചെയ്യുന്നു. ഒരുകൂട്ടരുടെയും പാട്ടിന് പ്രത്യുത്തരമെന്ന നിലയിൽ ആരാധനാ സമൂഹവും പാടാറുണ്ട്.

## *മാർഗ്ഗംകളിപ്പാട്ടിന്റെ ഭാഷയും വൃത്തവിചാരവും*

തമിഴ് ഭാഷയിലെ ചിന്തുകളുടെ രചനാശൈലി മാർഗ്ഗംകളിപ്പാട്ടിലും കാണാം. മാർഗ്ഗംകളിപ്പാട്ടിന്റെ ഈരടികൾക്കു പ്രായേണ വൃത്തബന്ധ



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മുണ്ട്. വൃത്തബന്ധിയല്ലാത്ത ഈരടികളും ഇല്ലെന്നില്ല. സുറിയാനി ഭാഷയിൽപദ്യമെന്ന വ്യാജേനയുള്ള ഗദ്യംപോലെയാണ് ഇവയും. അവ ഒരു താളക്രമമനുസരിച്ചു പാടുകയേ തരമുള്ളൂ. പൗരസത്യ ഗാനങ്ങൾക്കിണങ്ങുംവിധം രചിച്ചിട്ടുള്ള മാർഗ്ഗംകളിപ്പാട്ടിൻെറ വൃത്തവിചാരത്തിനു പ്രസക്തിയില്ല. നാടോടിപ്പാട്ടുകളിലധികവും ഭാഷാപാണ്ഢിത്യമില്ലാത്തവരും എന്നാൽ ഗാനവാസനയുള്ളവരുമായ പാമരൻമാരുടേതായിരിക്കാനേ വഴിയുള്ളൂ. പൊതുവേ, ദ്രാവിഡവൃത്തം അവലംബിച്ച് എഴുതിയിട്ടുള്ള മാർഗ്ഗംകളിപ്പാട്ടുകളുടെ ഈണത്തിൽ സുറിയാനി ഗാനങ്ങളുടെ സ്വാധീനവും കാണാം.

ഊനകാകിളി, തരംഗിണി, മാവേലി എന്നീ ദ്രാവിഢ വൃത്തങ്ങളിലാണ് മാർഗ്ഗംകളിപ്പാട്ടിൻെറ രചന. പാടി ഫലിപ്പിക്കേണ്ടതായതിനാൽ വൃത്ത ഭംഗത്തെ അത്ര കാര്യമാക്കാനില്ല.

മാർഗ്ഗംകളിപ്പാട്ടിൻെറ രചനാ ശൈലിയിൽതന്നെയുള്ളവയാണ് വട്ടക്കളിപ്പാട്ടും, കല്യാണപ്പാട്ടും, പള്ളിപ്പാട്ടുമെല്ലാം. ഇവയൊന്നും ദ്രാവിഢവൃത്തം പഠിച്ച് എഴുതിയിട്ടുള്ളവയല്ല. അടുത്തകാലംവരെ വൃത്തബന്ധിയായിരുന്നല്ലോ മലയാള കവിതകൾ. ഇപ്പോഴാകട്ടെ ദ്രാവിഢ സംസ്കൃത വൃത്തങ്ങൾ മാനിക്കാതെയുള്ള കവിതാ രചനയാണല്ലോ സുലഭം.

## *മാർഗ്ഗംകളിപ്പാട്ടിൻെറ മംഗല്യകാലം*

സുറിയാനി ക്രിസ്ത്യാനികളുടെ കനകാഭരണമാണ് മാർഗ്ഗംകളിപ്പാട്ട്. കേരളത്തിൽ പോർട്ടുഗീസുകാരുടെ ആഗമനത്തിനു മുൻപുളള ഇന്നാടിൻെറ ഒരു പൂർവ്വ സ്വത്താണ് ഈ പാട്ട്. ഏതാനും പോർട്ട്ഗീസ് വാക്കുകൾ ഇതിലുണ്ടെന്നുള്ളതു വാസ്തവം. (ഉദാ: കുരിശ്.) പക്ഷേ രചന പോർട്ടുഗീസുകാരുടെ ആഗമനത്തിനുശേഷമെന്നു വരുന്നില്ല. ഓരോരോ കാലത്തു ഗായകൻമാർ പാട്ടുപാടുമ്പോൾ അന്നന്നു നടപ്പുള്ള ഉച്ചാരണം ആവർത്തിക്കുകയാൽ വാക്കുകൾക്കു രൂപാന്തരം സംഭവിക്കുന്നു. ഇങ്ങനെയാണല്ലോ പ്രാചീന ഗാനങ്ങളിൽ പുതിയ പുതിയ ശബ്ദങ്ങൾ കടന്നുകൂടിയിട്ടുളളത്. മാർഗ്ഗംകളിപ്പാട്ടിലെ പോർട്ട്ഗീസ് പദങ്ങളും ഇങ്ങനെ കടന്നുകൂടിയതായിരിക്കണം. മാർഗ്ഗംകളിപ്പാട്ടിൻെറ ആരംഭംതന്നെ നോക്കൂ: കാലപ്പഴക്കം വിളിച്ചറിയിക്കുന്ന തമിഴ് മയവും രസകരവുമായ ഈരടികൾകൊണ്ടു നിബദ്ധമാണത്.

"മെയ്ക്കണിന്ത പീലിയും .......
മയിൽമേൽ തോന്നും മേനിയും ......
അലങ്കരിച്ച പന്തലിൽ വന്നെഴുന്തരുൾക മാർത്തോമ്മൻ."



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



തോമ്മാശ്ലീഹായെ സംബന്ധിച്ചുള്ള പ്രസിദ്ധമായ ഒരാട്ടക്കഥ ഉറഹ അഥവാ എദേസ്സാ തുടങ്ങിയ ദേശങ്ങളിൽ ക്രിസ്തുവർഷം മൂന്നാം നൂറ്റാണ്ടുമുതൽ പ്രചാരത്തിലിരുന്നിരുന്നു. ആ ആട്ടക്കഥയാണ് മാർത്തോമ്മായുടെ നടപടികൾ - (Acta Thomae) എന്ന സുറിയാനീകൃതി. ഈ കൃതി പൊതുവേദികളിൽ അഭിനയിക്കുന്നത് ഒരു പുണ്യകർമ്മമായി അന്നാട്ടുകാർ കരുതിയിരുന്നു. ആ സ്ഥിതിക്കു അവിടെനിന്നും കുടിയേറിയ ക്നാനായ ക്രിസ്ത്യാനികൾ കൊണ്ടുവന്നതാണ് മാർഗ്ഗംകളിയുടെ പൂർവ്വരൂപമെന്നനുമാനിക്കുന്നതിൽ തെറ്റില്ല.

മാർഗ്ഗംകളിപ്പാട്ടിന്റെ ആവിർഭാവകാലം കൃത്യമായി നിർണ്ണയിക്കുക വയ്യ. 1600 നും 1900 നും മധ്യേ ജീവിച്ചിരുന്ന വെട്ടിക്കുന്നേൽ എന്നുകൂടി വീട്ടുപേരുള്ള ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ എഴുതിയതാണ് ഈ പുരാതനപ്പാട്ടെന്നു ചിലർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായം സാധൂകരിക്കാനുള്ള തെളിവുകളൊന്നുമില്ല. ഒരുപക്ഷേ ഇദ്ദേഹം മാർഗ്ഗംകളിപ്പാട്ടിന്റെ പരിഷ്ക്കർത്താവായിരിക്കാം. പോർട്ടുഗീസുകാരുടെ വരവിനു മുൻപാണു മാർഗ്ഗംകളിപ്പാട്ടുണ്ടായതെന്നു പ്രസിദ്ധ പണ്ഡിതനും കേരളത്തിലെ ക്രിസ്തീയ സാഹിത്യഗ്രന്ഥത്തിന്റെ കർത്താവുമായ ഡോ. പി.ജെ.തോമസ് അഭിപ്രായപ്പെടുന്നു. അദ്ദേഹം തന്റെ വാദഗതിക്കാധാരമായി മൂന്നു രേഖകളും നിരത്തുന്നു. ആ തെളിവുകൾ ഇങ്ങനെ സമാഹരിക്കാം.

1. പോർച്ചുഗീസുകാർ കേരളത്തിൽ വരുന്നകാലത്ത് അതായത് ക്രിസ്തുവർഷം പതിനാറാം നൂറ്റാണ്ടിനു മുമ്പ് തോമ്മാശ്ലീഹായെക്കുറിച്ചു അഭിമാനോചിതമായി എഴുതപ്പെട്ട പാട്ടുകൾക്കും കളികൾക്കും കേരളത്തിൽ പ്രചാരമുണ്ടായിരുന്നു. പോർട്ടുഗീസുകാർ ആദ്യമായി കൊച്ചിയിൽ കപ്പലിറങ്ങിയ കാലങ്ങളിൽ, സുറിയാനി ക്രിസ്ത്യാനികൾ തോമ്മാശ്ലീഹായുടെ വീരചരിതമുൾക്കൊള്ളുന്ന പാട്ടുകൾപാടി നൃത്തമാടുക പതിവായിരുന്നുവെന്ന് 1558-ൽ പീറ്റർ മഫേയ് എന്ന ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നു. (Maffei Vol ii P. 215)

2. ഈശോസഭാംഗമായ കൊറിയാ അമാൻഡർ (Coria Amander) 1564-ൽ കൊച്ചിയിൽ നിന്നും യൂറോപ്പിലേക്കു എഴുതിയ ഒരു കത്തിൽ, മലങ്കര നസ്രാണികൾ മാർത്തോമ്മാ കേരളത്തിൽ കാലുകുത്തിയ ദിനമായ നവംബർ 21-ാംനു മാല്യങ്കരയ്ക്കു തീർത്ഥയാത്രനടത്താറുണ്ടായിരുന്നുവെന്നും ആ തീർത്ഥാടനത്തിൽ തോമ്മാശ്ലീഹായെക്കുറിച്ചുള്ള മലയാളഗാനങ്ങൾ പാടി ആഹ്ലാദിക്കാറുണ്ടായിരുന്നുവെന്നും എഴുതിയിട്ടുണ്ട്.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



3. മെനേസ്സീസ് മെത്രാപ്പോലീത്താ, ഉദയംപേരൂർ സുന്നഹദോസ് വിളിച്ചുകൂട്ടുന്നതിനായി കേരളമൊട്ടുക്കു ചുറ്റിസഞ്ചരിച്ചു അങ്കമാലിയിലുമെത്തി. അവിടെവച്ചു നസ്രാണികൾ ഒരു രാത്രിയിൽ മെത്രാപ്പോലീത്തായെ സന്തോഷിപ്പിക്കാനായി മാർത്തോമ്മായെക്കുറിച്ചുള്ള പാട്ടുകൾ പാടിക്കളിക്കുകയുണ്ടായി. ഈ വസ്തുത 1606-ൽ പ്രസിദ്ധീകരിക്കപ്പെട്ട ജോർണാദായിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (Jornada - I, P. 87)

മെനേസ്സീസ് മെത്രോപ്പോലീത്തായുടെ മുൻപിൽ അവതരിപ്പിക്കപ്പെട്ട കളി, മാർഗ്ഗംകളിയായിരുന്നുവെന്ന് പല പുരാതന രേഖകളും ഐതിഹ്യങ്ങളും പരിശോധിച്ചശേഷം പല പണ്ഡിതൻമാരും അഭിപ്രായപ്പെട്ടിരിക്കുന്നു. പതിനാറാം നൂറ്റാണ്ടിൽ പ്രചാരം ലഭിക്കണമെങ്കിൽ അതിനു എത്രയോവർഷങ്ങൾ മുൻപുതന്നെ മാർഗ്ഗംകളിപ്പാട്ട് എഴുതിയിരുന്നിരിക്കണം.

### *ആദ്യ മുദ്രണം*

താളിയോലകളിൽ മറവിയുടെ മാറാലയിൽ പുതഞ്ഞുകിടന്നിരുന്ന പുരാതനപ്പാട്ടുകൾ തേടിപ്പിടിച്ച് പ്രസിദ്ധീകരിക്കുവാൻ ഉദ്യമിക്കുകയും അതിനായി വേണ്ട സഹായ സഹകരണങ്ങൾ നൽകുകയും ചെയ്തത് ചരിത്ര പണ്ഢിതനും സമുദായ സ്നേഹിയുമായ ഫാ. മാത്യുവട്ടക്കുളമായിരുന്നു. റോമിൽ പ്രോപ്പഗാന്താ കോളജിൽ ദൈവ ശാസ്ത്രവും ലത്തീൻ ഇറ്റാലിയൻ ഭാഷകളും പഠിച്ചു പൗരോഹിത്യ പട്ടം സ്വീകരിച്ച ധീഷണശാലിയായിരുന്നു ഇദ്ദേഹം. 1910 ലായിരുന്നു "പുരാതനപ്പാട്ടുകൾ" ആദ്യമായി അച്ചടി ആരംഭിച്ചത്. സമ്പാദകൻ സാഹിത്യ ഉപാസകനായ പുത്തൻപുരയ്ക്കൽ ഉതുപ്പ് ലൂക്കോസ് ആയിരുന്നു.

### *മാർഗ്ഗംകളിയുടെ ചമയങ്ങൾ*

അനുപേക്ഷണീയമാണു നാട്യത്തിനു വേഷവിധാനം. അതിനു ഭരതമുനി ആഹാര്യാഭിനയം എന്നാണ് പറയുന്നത്. ആഹാര്യഭിനയമെന്നത് വേഷവിധാനമാണെന്നും നാട്യം നന്നാവണമെങ്കിൽ വേഷവിധാനത്തിൽ ശ്രദ്ധിക്കണമെന്നുമാണ് നാട്യശാസ്ത്രകർത്താവ് ഉത്ബോധിപ്പിക്കുന്നത്.

ആഹാര്യാഭിനയോ നാമ
ജ്ഞേയോ നേ പഥ്യജോവിധിഃ
തത്രകാര്യഃ പ്രചത്നസ്തു
നാട്യസ്യ ശുഭമിച്ഛതാ.

പന്ത്രണ്ടു പുരുഷൻമാർ കളിച്ചിരുന്ന ഒരു നൃത്തമായിരുന്നു മാർഗ്ഗംകളി. അവരുടെ വേഷം ലളിതമായിരുന്നു. കസവുമുണ്ട്, കസവു തല



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ക്കെട്ട്, ചുവന്ന പട്ടുകൊണ്ടുള്ളഅരക്കെട്ട് (പിൽക്കാലത്ത് കൂട്ടിച്ചേർത്തത്) ഇത്രയുമായാൽ മാർഗ്ഗംകളിയുടെ വേഷമായി.



*പുരുഷൻമാരുടെ വേഷവിധാനം*

ക്നാനായ ക്രിസ്ത്യാനികളുടെ പാരമ്പര്യമനുസരിച്ചു 'ഞെട്ടും വാലുമിട്ടുള്ളതായിരുന്നു ഇവരുടെ തലക്കെട്ട്' പുസ്തം, അലങ്കാരം, അംഗരചന, സജീവം എന്നിങ്ങനെ നാലുവിധമാണ് വേഷവിധാനമെന്നു നാട്യശാസ്ത്രം വിധിക്കുന്നു.

ചതുർവിധം തു, നേപത്ഥ്യം
പുസ്താƒലങ്കാര ഏവച
തഥാംഗരചനാ ചൈവ
ജ്ഞേയം സജ്ജീവ ഏവച

ഇവയിൽ അലങ്കാര വിഭാഗത്തിൽപ്പെടുന്നവയും വസനാധിഷ്ഠിതവുമായ വേഷവിധാനമേ മാർഗ്ഗംകളി നടത്തുന്ന പുരുഷൻമാർക്കുള്ളൂ.

ഈ വേഷവിധാനം കേരളത്തിലെ ഒട്ടേറെ നാടോടി നൃത്തങ്ങളിൽ കാണാം. പൂരക്കളി, ഐവർകളി, കണ്ണിയാർകളി എന്നിവയിൽ മാർഗ്ഗംകളിയിലെ തലക്കെട്ടിൻെറ സവിശേഷതകളുണ്ട്.

marggam
Digital Library of Christianity in India
www.marggam.com



പുരുഷൻമാരുടേതു മാത്രമായിരുന്ന മാർഗ്ഗംകളി ഇന്ന് വനിതകൾ കയ്യടക്കിയിരിക്കുന്നു: സമർത്ഥരും വിവിധ ജാതി മതസ്ഥരുമായ യുവാക്കളും ഈ രംഗത്തു ഇന്നെത്തുന്നുണ്ടെന്നുള്ളതു വിസ്മരിച്ചുകൂടാ.

മാർഗ്ഗംകളി, സ്ത്രീകൾ ഏറ്റെടുത്തപ്പോൾ അവരുടെ വേഷവിധാനം എന്തായിരിക്കണമെന്നാലോചന വന്നു. കേരളത്തിലെ പുരാതന സുറിയാനി വനിതകളുടെ വേഷങ്ങളോടു സാധർമ്യമുള്ള ചമയങ്ങൾ സ്വീകരിക്കുകയും ചെയ്തു.

## *സ്ത്രീകളുടെ വേഷവിധാനങ്ങൾ*

പ്രധാന ഉടുവസ്ത്രങ്ങൾ കച്ചമുണ്ടും, പണിച്ചട്ടയും, കവണിയും തന്നെ. വസ്ത്രങ്ങളെല്ലാം കോടി നിറത്തിലുള്ളതായിരിക്കണം. ഉടുമുണ്ടിൻെറ അടുക്കിനു ഇരുപതിനും ഇരുപത്തിനാലിനുമിടയ്ക്ക് ഞൊറികൾ വേണം. അതുടുക്കുമ്പോൾ മനോഹരമായ വിശറിയടുക്കായിരിക്കും നിതംബഭാഗത്ത്. ഞൊറിയുടെ വീതി ഏതാണ്ട് രണ്ടിഞ്ചാണ്. വസ്ത്രങ്ങളിൽ പ്രത്യേക ചമയങ്ങളൊന്നും പാടില്ല. എന്നാൽ പൗരസ്ത്യ ചിത്ര ശില്പകലകളുടെ ചാതുരി കാട്ടുന്ന ഡിസൈനുകൾ, മുണ്ടിൻെറ വിതുമ്പുകളിലും, പണിച്ചട്ടയിലും കസവു നേരിയതിലുമൊക്കെയാകാം. അലങ്കാരപ്പണികൾ ചെയ്തിട്ടുള്ള ചട്ടയെ സൂചിപ്പിക്കാനാണ് പണിച്ചട്ട എന്നു പറയുന്നതു തന്നെ.

മാർഗ്ഗം കളിയിൽ പെൺകുട്ടികൾ കഴുത്തിൽ കാശുമാലയും മേക്കാതിൽ കുണുക്കും കരങ്ങളിൽ വളയും, കാലുകളിൽ തളയും ഇട്ടുവരുന്നു. കാൽത്തള മൊട്ടുകളോടു കൂടിയതായിരിക്കണമെന്നുണ്ട്.

കാൽപ്പാദങ്ങളിൽ മൈലാഞ്ചി ലേപനം ആകാം. മാർഗ്ഗംകളിക്കണയുന്ന യുവതികൾ മാല, ആഭരണങ്ങൾ വസ്ത്രം ഇവ വിശേഷവിധിയായി അണിയുന്നതിനാൽ നാട്യശാസ്ത്ര കർത്താവു അനുശാസിക്കുന്ന ആഹാര്യാലങ്കാരം എന്ന വേഷവിധാനം ഏതാണ്ടു പൂർണ്ണമായി മാർഗ്ഗംകളിയിലുണ്ടെന്നു കാണാം.

നാട്യത്തിൽ ആഭരണം നാലുവിധമാണ് ആവേദ്ധ്യം, ബന്ധനീയം, ക്ഷേപ്യം, ആരോപ്യം.

> ചതുർവിധം തു വിജ്ഞേയം
> നാട്യോഹ്യാഭരണം ബുധൈഃ
> ആവേദ്ധ്യം ബന്ധനീയം ച
> ക്ഷേപ്യമാരോപ്യമേവച.





www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മാർഗ്ഗംകളിക്കാരായ പെൺകുട്ടികൾ മേക്കാതിൽ ഇടുന്ന കുണുക്കു ആവേദ്ധ്യവിഭാഗത്തിൽപ്പെടുന്നു. അവരിടുന്ന കൈവളയും കാൽത്തളയും പ്രക്ഷേപ്യവിഭാഗത്തിൽപ്പെടുന്ന ആഭരണമാണ്. കഴുത്തിലണിയുന്ന കാശുമാല ആരോപ്യ വർഗ്ഗത്തിലും പെടുന്നു.

## BIBLIOGRAPHY

1. ഡോ. ചുമ്മാർ ചൂണ്ടൽ, *വേരുകൾതേടി,* തൃശ്ശൂർ 1990
2. ഡോ. ജേക്കബ്ബ് വെള്ളിയാൻ, *മാർഗ്ഗംകളിപ്പാട്ട് അവതരണ ശൈലിയിൽ,* കോട്ടയം ജ്യോതി ബുക്ക് ഹൗസ് -1994
3. മാത്യു ചെറുശ്ശേരി, *ക്നാനായക്കാരുടെ മാതൃദേവാലയം,* കോട്ടയം 1982 (കൽക്കുരിശിൽ കൊത്തിയ നൃത്തരൂപങ്ങൾ)
4. ആനന്ദക്കുട്ടൻ, *ഭാഷാഗാനങ്ങൾ,* തിരുവനന്തപുരം.
5. Raghavan M. D, *Folkplays and Dances of Kerala*, Trichur, Archaeological Society, 1947.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# 8

# മാർഗ്ഗംകളിപ്പാട്ടു പതിന്നാലു പാദങ്ങളിൽ



മാർഗ്ഗംകളി ഒരുദൃശ്യം

പതിന്നാലു പാദങ്ങളിലായി നിബന്ധിച്ചിരിക്കുന്ന പാട്ടുകൾ മാത്രമാണ് മാർഗ്ഗംകളിപ്പാട്ടുകൾ. ഇടക്കാലത്ത് പരിചമൊട്ടുകളിപ്പാട്ടുകളും പള്ളിപ്പാട്ടുകളും മാർഗ്ഗംകളിപ്പാട്ടിൻെറ വിലാസത്തിൽ വിരളമായെങ്കിലും ഉപയോഗിക്കുകയുണ്ടായിട്ടുണ്ട്.

മാർഗ്ഗംകളിപ്പാട്ടിൽ ആദ്യത്തേ 12 വരികൾ വന്ദനഗാനമെന്ന പേരിലാണ് ഇവിടെ ചേർത്തിരിക്കുന്നത്. നാട്യകലകൾക്കെല്ലാമുള്ള രംഗപൂജയാണ് ഈ വന്ദനപാദമെന്ന് ഇതിൻെറ ഉള്ളടക്കം വ്യക്തമാക്കുന്നു.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മാർഗ്ഗംകളിപ്പാട്ടിൻെറ മൂലത്തിലെ ഒന്നാം പാദം, വന്ദനപാദമാക്കി പരിവർത്തനം ചെയ്തതു ഹാദൂസായാണ്.

രണ്ടാംപാദം, ആശയവും കളിയുടെ രീതിയും അടിസ്ഥാനമാക്കി ഒന്നും രണ്ടും പാദങ്ങളായി വിഭജിച്ചിരിക്കുന്നു. മൂന്നു മുതലുള്ള പാദങ്ങൾ മൂലത്തിലുള്ളതുപോലെതന്നെ അനുക്രമമായി ചേർത്തിരിക്കുന്നു.

*വന്ദനഗാനം*

മെയ്ക്കണിന്ത പീലിയും മയിൽപോൽത്തോന്നും മേനിയും
പിടിത്ത ദണ്ഡും കയ്യും മെയ്യും എന്നന്നേയ്ക്കും വാഴ്കവെ
വാഴ്ക വാഴ്ക നമ്മുടെ പരിഷയെല്ലാം ഭൂമിമേൽ
വഴികൂറായ് നടക്കവേണ്ടി വന്തവരോ നാമെല്ലാം
അഴിവുകാലം വന്നടുത്തു അലയുന്ന നിൻമക്കളെ
അഴിയായ്വണ്ണം കാത്തരുൾവാൻ
കഴിവു പേശുക മാർത്തോമ്മാൻ

മലമേൽനിന്നു വേദ്യനമ്പു ചാർത്തിമാറിലെന്നപോൽ
മയിൽമേലേറി നിന്ന നില കാണാകവേണം പന്തലിൽ
പട്ടുടൻ പണിപ്പുടവ പവിഴമുത്തു മാലയും
അലങ്കരിച്ച പന്തലിൽ വന്നുതകവേണം മാർത്തോമ്മാൻ
അലങ്കരിച്ച പന്തലിൽ വന്നെഴുന്തരുൾക മാർത്തോമ്മാൻ
അലങ്കരിച്ച പന്തലിൽ വന്നരുൾതരേണം മാർത്തോമ്മാൻ

*    *    *    *    *

മാർഗ്ഗം കളിപ്പാട്ടിൻെറ ആമുഖ പാദം രംഗപൂജയാണ് - മാർത്തോമ്മാ വന്ദനമാണ്. താളിയോലയിൽ കാണുന്നു:

മെയ്ക്കണിന്ത പീലിയും
മയിൽ പോൽ തോൻറും മേനിയും....

തോൻറും = തോന്നും

ഈ ഈരടികൾ തമിഴ് ഭാഷാ ശൈലിയിലുള്ളതാണ്. തമിഴ് ചിന്തുകളോടാണ് ഇതിനു സാദൃശ്യം കാണുന്നത്. വന്ദനപാദം കേരളത്തിൽ പോർച്ചുഗീസുകാരുടെ വരവിനുമുമ്പും ശേഷിച്ചഭാഗം അതിനു പിമ്പും രചിച്ചിട്ടുള്ളതാണെന്ന് മഹാകവി ഉള്ളൂർ അഭിപ്രായപ്പെടുന്നു.

"മയിൽപോൽ തോന്നും മേനിയും"
..............................................................
മയിൽമേലേറി നിന്ന നില കാണാകണം.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## *മയിലും മയിലാപ്പൂരും മാർത്തോമ്മായും*

മയിൽ പണ്ടും ഇന്നും മാലോകരുടെ മനംകവരുന്ന പക്ഷിയാണ്. മലവേടൻ കണ്ട ആദ്യ നൃത്തം മയിലിന്റേതായിരുന്നിരിക്കണം. സപ്ത സ്വരങ്ങളിൽ ആദ്യത്തേതു കേകാരവമാണല്ലോ - പുരാതനകാലങ്ങളിൽ ഇന്ത്യയിൽനിന്നു മറുനാട്ടുകാർ വാങ്ങിച്ചുകൊണ്ടുപായിരുന്ന പക്ഷി മയിലായിരുന്നു. വിദേശികളുടെ കണ്ണും കരളും കവർന്നിരുന്ന ഒരേയൊരു പക്ഷി മയിലായിരുന്നു; മഴവില്ലിന്റെ അഴകാർന്ന മയിൽപേട.

മയിലിന്റെ നാടാണ് മയിലാപ്പൂർ. പുരാതനകാലത്ത് മൈലാപ്പൂരിൽ നിന്നായിരിക്കണം മയിലുകളെ കയറ്റുമതി ചെയ്തിരുന്നത്. മഹാനായ സോളമന് സ്വർണ്ണത്തോടൊപ്പം കൊടുത്തിരുന്ന കാഴ്ചദ്രവ്യങ്ങളിൽ മയിലും പെടുന്നതായി ബൈബിളിലെ രാജാക്കൻമാരുടെ പുസ്തകത്തിലും "ദിനവൃത്താന്തത്തിലും" പറയുന്നുണ്ട്.

(1 രാജാ 19:22; 2 ദിനവൃത്താന്തം 9:21)

നിശകൊണ്ടു ശശിയും ശശിയെക്കൊണ്ടു നിശയും ശോഭിക്കുമെന്നു പറയുന്നതുപോലെ. മാർത്തോമ്മായെക്കൊണ്ടു മൈലാപ്പൂരും മൈലാപ്പൂരിനെക്കൊണ്ട് മാർത്തോമ്മായും ലോകമെങ്ങും കീർത്തിധാവള്യം പരത്തുന്നു. പ്രസിദ്ധസഞ്ചാരസാഹിത്യകാരന്മാരായ മാർക്കോ പോളോ, ജോൺ ദെ മരിണോളി, മാനുവൽ തോമസ്, ഗാസ്പർ കൊറെയ എന്നിവർ മാർത്തോമ്മായേയും അദ്ദേഹത്തിന്റെ ചുടുനിണം വീണുകുതിർന്ന മൈലാപ്പൂരിനെയും ബന്ധിപ്പിച്ചും പരാമർശിച്ചും സവിസ്തരമെഴുതിയിട്ടുണ്ട്. "ബാർബോസ" എന്ന പോർച്ചുഗീസ് ഗ്രന്ഥകാരൻ, തോമ്മാ ശ്ലീഹായെ മയിലിനോടു ബന്ധിപ്പിച്ചു പറയുന്നതിന്റെ പൊരുൾ വിവരിക്കുന്നുണ്ട്.

1922, '23, '27, '33 വർഷങ്ങളിൽ വിവിധ പ്രസിദ്ധീകരണങ്ങളിലായി വന്നിട്ടുളള മാർത്തോമ്മായെ സംബന്ധിച്ച എല്ലാ മയിൽക്കഥകളും സമ്പാദിച്ചു ഫാ: എച്ച്. ഹോസ്റ്റൻ ഒരു ലേഖനസമാഹാരം തന്നെ തയ്യാറാക്കിയിട്ടുണ്ട്.

ഈ ഗ്രന്ഥകാരന്മാരുടെ രചനകളിലെ ആശയം ഇങ്ങനെ സംഗ്രഹിക്കാം:

ശത്രുഭയം നിമിത്തം മർത്തോമ്മ മയിലുകളുടെ വിഹാരകേന്ദ്രമായ മൈലാപ്പൂരിൽ ചെന്നു വാസമുറപ്പിച്ചു. ഒരു ദിവസം അദ്ദേഹം വനാന്തരത്തിലൊരിടത്തിരുന്നു പ്രാർത്ഥിക്കുകയായിരുന്നു. അന്ന് അദ്ദേഹം മയിൽ



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പ്പീലികൊണ്ടുള്ള ഒരങ്കിയാണ് അണിഞ്ഞിരുന്നത്. പ്രാർത്ഥനാനിമഗ്ന യായിരുന്ന മയിൽവേഷധാരിയായ മാർത്തോമ്മായുടെ ചുറ്റും മയിലുകൾ വന്നു നിന്നിരുന്നു. കാനനമധ്യത്തിൽ നായാടിനടന്ന ഒരുവൻ മയി ലാണെന്നു തന്നെ കരുതി മാർത്തോമ്മായ്ക്കു നേരേ അമ്പെയ്തു! അമ്പേറ്റ തോമ്മാ അവിടെത്തന്നെ വീണു മരിച്ചു! മൈലാപ്പൂരിലെ ആളുകൾ തലമുറ തലമുറകളായി കൈമാറി വന്ന ഒരു പാരമ്പര്യ കഥയാണിത്. ഇതിനു ഒരു പാഠഭേദമുണ്ട്.

തദ്ദേശവാസികളിൽ ചിലർ പറഞ്ഞത്ര പാഠാന്തരം. ഹോസ്റ്റൻെറസ ഞ്ചാരക്കുറിപ്പുകളിലുണ്ട്.

മാർത്തോമ്മാ കാടിനുള്ളിൽ പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്ന തുകണ്ട ശത്രുപക്ഷത്തിൽപ്പെട്ട ഒരുവൻ അദ്ദേഹത്തിനു നേരെ അമ്പെയ്തു! അദ്ദേഹം മരിച്ചുവീഴുകയും ചെയ്തു. മാർത്തോമ്മായുടെ ശിഷ്യസഞ്ചയ ത്തിൽനിന്നു പ്രതികാരമുണ്ടാകുമെന്നു ഭയപ്പെട്ട കുറ്റവാളി താൻ മനഃപൂർ വ്വമല്ല, മയിലാണെന്നു തന്നെ വിചാരിച്ചാണു മാർത്തോമ്മായ്ക്കു നേരെ അമ്പെയ്തതെന്ന് ! ഒരു കള്ളക്കഥ തല്പരകക്ഷികൾ പറഞ്ഞുപരത്തി. കുറേപ്പേർ അതു വിശ്വസിച്ചു.

| | |
|---|---|
| മാർക്കോപോളോ | 'Milione" 1298 |
| ജോൺ ദെമരിഞ്ഞോളി | Sinica Franciscana I 1348 |
| മാനുവർ തോമസ്സ് | Silva Rigo, Documentacao India I, 1517 |
| ഗാസ്പെർ കൊറെയാ | Lendas de India 1950 |

കോട്ടയത്ത് യാക്കോബായ ക്നാനായ പള്ളിയിലെ മാർത്തോമ്മാ കുരിശിൻെറ ഇരുവശങ്ങളിലും ഓരോ മയിലിൻെറ രൂപം പ്രതിഷ്ഠിച്ചി ട്ടുണ്ട്.



*മാർത്തോമ്മാ കുരിശ്*



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



തോമ്മാശ്ലീഹായുടെ സ്മരണ ഉണർത്താൻ മയിലും മാർത്തോമ്മാ കുരിശും പണ്ടുകാലം മുതൽ ഉപയോഗിച്ചുവന്നിരുന്നു എന്ന് തെളിയിക്കുന്നതാണ് യാക്കോബായ ക്നാനായപള്ളിയിലെ ഈ കുരിശ്.

മയിൽ പറുദീസായുടേയും നിത്യജീവൻേറയും പ്രതീകമാണ്. ഇറ്റലിയിലെ റാവെന്നായിലും ഈജിപ്തിലും ചൈനയിലുമുള്ള പുരാതന ക്രിസ്തീയ ശവകുടീരങ്ങളിലും മയിലിൻെറ ചിത്രീകരണങ്ങൾ ഉണ്ട്. ഈ പ്രതീകത്തിൻെറ സൂചന മനുഷ്യൻ നിത്യ സൗഭാഗ്യം കണ്ടെത്തുമെന്നാണ്. ഇതിൽനിന്നും മാർത്തോമ്മായുടെ നടപടിയിൽ പറയുന്ന ഗുണ്ടഫർ ഒരു ചരിത്ര പുരുഷനാണെന്നും ഒരു കല്പിത കഥാപാത്രമല്ലെന്നും വ്യക്തമാകുന്നു. ഇതേ സ്വഭാവത്തിലുള്ള മറ്റൊരു പുരാണ കഥകൂടിയുണ്ട്. ആ കഥ മഹാഭാഗവത ബന്ധിയാണ്.

ഭഗവാൻ കൃഷ്ണൻ തൻെറ അവതാര കൃത്യങ്ങളെല്ലാം ഏകദേശം നിവൃത്തിയാക്കിയ കാലഘട്ടം. ഒരു ദിവസം ഭഗവാൻ വനപ്രദേശത്തുള്ള ഒരു പുൽത്തകിടിയിൽ പടർന്നു പന്തലിച്ചുനിൽക്കുന്ന ഒരു വൃക്ഷത്തിൻെറ ചുവട്ടിൽ കാലിൻമേൽ കാലുംകയറ്റി ചാരിക്കിടക്കുകയായിരുന്നു. തൽസമയം ആ വനത്തിൽ പക്ഷികളെ വേട്ടയാടി നടന്ന ഒരു കാട്ടാളൻ ശ്രീകൃഷ്ണൻ ഇരുന്ന കാട്ടുപ്രദേശത്തെത്തി. അയാൾ നോക്കുമ്പോൾ മരച്ചുവട്ടിൽ ഒരു അരിപ്രാവു! അയാൾ കണ്ടത് ഭഗവാൻെറ മൃദുല മോഹനമായ കാൽവെള്ളയായിരുന്നു. അതുകണ്ടപ്പോൾ പ്രാവുതന്നെയാണെന്നു നിനച്ച് വേടൻ അമ്പെയ്യുകയും ശ്രീകൃഷ്ണൻെറ കാൽവെള്ളയിൽത്തന്നെ അതു തറയ്ക്കുകയും ചെയ്തു. ആ വേടൻ ചെന്നു നോക്കുമ്പോൾ കാണുന്നത് മൃതപ്രായനായ ഭഗവാനെ!! അനേകം ക്ഷേത്രങ്ങളുള്ള കേരളത്തിൽ ജീവിച്ചിരുന്ന ക്രിസ്ത്യാനികൾ ചാക്യാർകൂത്തിൽനിന്നോ പുരാണ കഥാകഥനങ്ങളിൽനിന്നോ ഇക്കഥ കേട്ടിട്ടുണ്ടാവണം. അതുകൊണ്ടായിരിക്കാം മയിൽമേലേറിനിന്ന നിലയിൽ മാർത്തോമ്മായെ കാണാൻ മാർഗ്ഗംകളിപ്പാട്ടുകാരൻ ആഗ്രഹിക്കുന്നത്.

ശിവപുത്രനായ സുബ്രഹ്മണ്യൻെറ വാഹനമാണ് മയിൽ. മയിൽ വാഹനനായി സുബ്രഹ്മണ്യനെ കാണാൻ ആഗ്രഹിക്കുന്നവരാണല്ലോ ശൈവ ഭക്തർ. ഇക്കാര്യം മാർഗ്ഗംകളിപ്പാട്ടിൻെറ രചയിതാവിനെ സ്വാധീനിച്ചിട്ടില്ലെങ്കിൽ മാർത്തോമ്മായെ "മയിൽമേലേറി.... കാണവേണ"മെന്ന് തൽക്കർത്താവു പറയുകയില്ലായിരുന്നു.

*ഒന്നാം പാദം*

തമ്പുരാൻ മുമ്പാകെ കൊണ്ട പുകഴ്ച
താശിയാൽ മാർഗ്ഗം വിളയും നാട്ടിൽ
മൂവരൊരുവൻെറ കല്പനകൊണ്ട്



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മുൻപിനാലുണ്ടായ പള്ളിയിടത്ത്
ആദിയെ മുൻപു ശിലോമോൻ ചമച്ച
ആലയം ഭാഷയിൽ കണ്ടൊരു ചോഴൻ
ആയതുപോൽതന്നെ നമുക്കുമിങ്ങു
ആദരാലൊന്നു ചമയ്ക്കവേണം

*   *   *   *

***മൂവരുവൻെറ കല്പനയാൽ***

"പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ" എല്ലാ പ്രവൃത്തികളും ആരംഭിക്കുകയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി ചൊല്ലിക്കൊണ്ടവസാനിപ്പിക്കുകയും ചെയ്യുന്ന പതിവാണ് ക്രിസ്ത്യാനികൾക്കുള്ളത്. പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവമാണെന്നും ഈ മൂവരും ചേർന്നതാണ് ത്രിയേക ദൈവമെന്നും ക്രിസ്ത്യാനികൾ വിശ്വസിയ്ക്കുന്നു. ദൈവം ഒരുവനേയുള്ളു. ആ ദൈവത്തിൽ മൂന്നു ആളുകളുണ്ട് എന്ന വസ്തുത മനുഷ്യബുദ്ധിക്കതീതവും അഗ്രാഹ്യവുമായ ഒരു രഹസ്യമാണ്.

***ചോഴൻ***

മാർത്തോമ്മാ ഉത്തരേന്ത്യയിലും ദക്ഷിണേന്ത്യയിലും പ്രേഷിത പ്രവർത്തനാർത്ഥം വരുകയുണ്ടായിട്ടുണ്ട്. തോമ്മാ ശ്ലീഹാ ഇന്ത്യയിൽ വരാൻ ഹേതുഭൂതൻ ഗുണ്ടഫർ രാജാവാണെന്ന് ഉത്തരേന്ത്യ പാരമ്പര്യവും അതല്ല, ചോഴരാജാവാണെന്ന് ദക്ഷിണേന്ത്യൻ പാരമ്പര്യവും പഠിപ്പിക്കുന്നു. ഏതായാലും ഈ രണ്ടു രാജാക്കൻമാരും ഐതിഹ്യകഥാപാത്രങ്ങളല്ല; ചരിത്രപുരുഷൻമാരാണ്.

***ഗുണ്ടഫർ***

ഇന്ത്യയുടേയും ഇറാനിൻെറയും അതിർത്തിയിലുള്ള ഒരു പ്രദേശത്ത് ഗുണ്ടഫർ എന്നൊരു രാജാവു ഭരിച്ചിരുന്നുവെന്നതിന് അസന്നിഗ്ദ്ധമായ തെളിവുകൾ ഭൂഗർഭഗവേഷകൻമാർ അടുത്ത കാലത്തായി കണ്ടെത്തിയിട്ടുണ്ട്. ഗവേഷകരിൽ പ്രമുഖനായ ജയിംസ് ലൂയിസ് (James Lewis) എന്ന ഇംഗ്ളീഷുകാരൻ 1835-ൽ കാബൂൾ താഴ്‌വരയുൽ നിന്ന് 1565 ചെമ്പുനാണയങ്ങളും 14 വെള്ളി സ്വർണ്ണനാണ്യങ്ങളും കുഴിച്ചെടുക്കുകയുണ്ടായി. ഈ നാണ്യശേഖരത്തിൽ ഗുണ്ടഫർണസ് എന്നു ഗ്രീക്കിൽ രേഖപ്പെടിത്തിയിട്ടുള്ള നാണയങ്ങളുമുണ്ട്. ഈ നാണയങ്ങളുടെ ഒരു വശത്തു ഒരു പാർത്ഥിയ മനുഷ്യൻെറ മുഖമുദ്രയും അതിനുപുറമേ ചില ലിഖിതങ്ങ



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

margam
Digital Library of Christianity in India
www.marggam.com



ളുമുണ്ട്. രാജാക്കൻമാരുടെ രാജാവ്, രക്ഷകൻ ദൈവിക മനുഷ്യൻ, അജയ്യൻ എന്നിങ്ങനെയാണ് അതിലെ എഴുത്തുകൾ.

ക്രിസ്തുവർഷം 19 മുതൽ 26 വരെയോ 26 മുതൽ 64 വരെയോ ആണ് ഗുണ്ടഫറിന്റെ ഭരണകാലം എന്നു ചരിത്ര ഗവേഷകർ പറയുന്നു.

### *ശിലോമോൻചമച്ച ആലയം*

ദാവീദു രാജാവിന്റെ പുത്രനും വിജ്ഞാനിയുമായ സോളമൻ പണി കഴിപ്പിച്ച പ്രസിദ്ധമായ ജറുശലേ ദേവാലയത്തെക്കുറിച്ചു പറഞ്ഞറിഞ്ഞു കേട്ട ചോഴപ്പെരുമാൾ അതുപോലൊന്ന് തന്റെ രാജ്യത്തും പണിതുയർത്തണമെന്ന് ആഗ്രഹിച്ചു. തൽഫലമായാണ് വണീശ്വരനായ ഹാബാനെ മധ്യപൗരസ്ത്യ ദേശത്തുനിന്നും അതിവിദഗ്ധനായ ഒരു ശില്പിയെ കണ്ടെത്തുവാൻ ചോളമണ്ഡലാധിപൻ നിയോഗിക്കുന്നത്. ഈ വരികളിലെ ആശയത്തിന്റെ ആഴവും അഴകും മനസ്സിലാക്കണമെങ്കിൽ സോളമൻ പണികഴിപ്പിച്ച ആ കർത്തൃമന്ദിരത്തെക്കുറിച്ചും അതു സ്ഥിതിചെയ്തിരുന്ന ജെറുശലത്തെക്കുറിച്ചും ചില കാര്യങ്ങൾ ഗ്രഹിക്കേണ്ടതുണ്ട്.



*ജറുശലേം ദേവാലയം*

മഹാനായ ദാവീദ് ദൈവത്തിനായി ഒരാലയം പണിയണമെന്നു അതിയായി അഭിലഷിച്ചിരുന്നു. ആ അഭിലാഷം സാധിത പ്രായമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ പുത്രനും മഹാജ്ഞാനി



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



യുമായ സോളമനാണ് പിതാവിൻെറ ആഗ്രഹം സഫലീകരിക്കാൻ ഇറങ്ങി ത്തിരിച്ചത്.

സോളമൻെറയും ടയർരാജാവായ ഹീരാമിൻെറയും ശില്പികളും, ഗേബാൽക്കാരും ചേർന്നാണ ജറുശലേം ദേവാലയം പണിയാനുള്ള കല്ലും, മര ഉരുപ്പടികളും സജ്ജീകരിച്ചത്. ദേവദാരുവും, സരളമരവും കൊണ്ടുവന്നത് അയൽരാജ്യമായ ലബനിൽനിന്നും ആയിരുന്നു.

കെട്ടിട നിർമ്മാണ തൊഴിലാളികളുടെ എണ്ണം നോക്കൂ. ചുമടെ ടുക്കാൻ എഴുപതിനായിരം പേർ! കല്ലുവെട്ടാൻ എൺപതിനായിരം, കൂലി പ്പണിക്കാർ മുപ്പതിനായിരം. ഇതിനും പുറമെ മാസം തോറും ലബനിൽനിന്നും പതിനായിരം തൊഴിൽക്കാർ വീതം വന്നുകൊണ്ടിരുന്നു. ജോലിക്കാരുടെ മേൽനോട്ടം വഹിക്കാൻ മൂവായിരത്തി മുന്നൂറുപേരം ഉണ്ടായിരുന്നു.

സോളമൻെറ നാലാം ഭരണവർഷം, സീവീൽമാസത്തിൽ (മെയ് മാസം) ദേവാലയത്തിൻെറ പണി ആരംഭിച്ചു. അതിന് അറുപതുമുഴം നീളവും ഇരുപതു മുഴം വീതിയും, മുപ്പതു മുഴം ഉയരവുമുണ്ടായിരുന്നു. ആ കർത്തൃഭവനത്തിന് അനുയോജ്യമായ ഒരു പൂമുഖവും. തറ, സരളമ രപ്പലകൾകൊണ്ട്, തട്ടിട്ടതു ദേവദാരുകൊണ്ട്. കർത്തൃഭവനത്തിൻെറ ഉൾ വശം മുഴുവൻ കായ്കളും പൂക്കളും കൊത്തിയ ദേവദാരുപലകകൾ കൊണ്ട് പൊതിഞ്ഞിരുന്നു. വാഗ്ദാന പേടകം (പത്തു ദൈവ കല്പനകൾ ആലേഖനം ചെയ്ത ശിലാപാളികൾ സൂക്ഷിച്ചിരുന്ന പേടകം) വയ്ക്കു ന്നതിന് ഒരു ശ്രീകോവിലും പണിതിരുന്നു. ശ്രീകോവിലിനു കുറുകെ സ്വർണ്ണ ചങ്ങലയിട്ടിരുന്നു. ശ്രീകോവിലെ ബലിപീഠവും സ്വർണ്ണം കൊണ്ടു പൊതിഞ്ഞിരുന്നു. ദേവാലയത്തിൻെറപുറം ഭാഗം മുഴുവൻ സ്വർണ്ണപ്പോ ളകൊണ്ട് പൊതിഞ്ഞിരുന്നു!

ബൈബിളിലെ രാജാക്കൻമാരുടെ പുസ്തകത്തിലെ അഞ്ചും ആറും ഏഴും അധ്യായങ്ങൾ മുഴുവൻ ഈ ഭവന വർണ്ണനയാണ്. ഏഴുവർഷം കൊണ്ടാണ് ദേവാലയത്തിൻെറ പണി പൂർത്തീകരിക്കപ്പെട്ടത്.

സോളമൻെറ ജീവിതാഭിലാഷത്തിൻെറ മൂർത്തമൽഭാവമയിരുന്നു ജറുശലേം ദേവാലയം. അത് യഹൂദ ജനതയുടെ അഭിമാന ക്ഷേത്രവുമാ യിരുന്നു. നാനൂറ്റിപ്പത്തു വർഷം ആ ആരാധനാലയം ശില്പകലാ ചാതുര്യ ത്തിൻെറ വിജയ വൈജയന്തിയായി നിലനിന്നു. താമസംവിനാ ബാബിലോണിയായിലെ നെബുക്കദ്നേസർ രാജാവു അത് അഗ്നിക്കിര യാക്കി. ബി.സി.556-ൽ ആയിരുന്നു ആ ഉത്തുംഗദേവാലയം അഗ്നി പ്രളയത്തിൽ നശിച്ചത്.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അമ്പതു വർഷങ്ങൾക്കു ശേഷം അതായതു ബി.സി.532-ൽ ബാബിലോണിയൻ അടിമത്തത്തിൽനിന്നും മോചിതരായ ഇസ്രായേൽ ജനം (യഹൂദർ) ആദിദേവാലയം സ്ഥിതിചെയ്തിരുന്ന അതേ സ്ഥാനത്തു തന്നെ വീണ്ടുമൊരു ദേവാലയം പണിതുയർത്തി. 20 വർഷക്കാലം കൊണ്ടാണ് ദേവാലയത്തിന്റെ പണി മുഴുമിപ്പിച്ചത്.

ഈ ദേവാലയവും ഏറെക്കാലംകണ്ടു അഭിമാനവിജൃംഭിതരാകാൻ ഇസ്രായേൽ ജനങ്ങൾക്കു യോഗമുണ്ടായില്ല. ബി.സി.168-ൽ അന്ത്യോക്കസ് രാജാവ് രണ്ടാമത്തെ ജറുസലേ ദേവാലയവും നിലംപരിശാക്കിക്കളഞ്ഞു!

നഷ്ടപ്രതാപം വീണ്ടെടുത്തുകൊണ്ട് ഹേറോദേസിന്റെ കാലത്ത് യഹൂദജനം ആദിദേവാലയം നിന്ന അതേ സ്ഥാനത്തുതന്നെ പിന്നെയും ഒരു ദേവാലയം കെട്ടിപ്പടുത്തു. ബി.സി. 20 ലാണ് പണി ആരംഭിച്ചത്. അചിരേണ ദേവാലയത്തിന്റെ പണി പൂർത്തീകരിക്കപ്പെട്ടു.

മൂന്നാമത്തെ ദേവാലയവും ഏറെക്കാലം നിലനിന്നില്ല. യഹൂദജനതയുടെ നിർഭാഗ്യമെന്നു പറയട്ടെ ക്രിസ്തുവർഷം 70-ൽ ടൈറ്റസിന്റെ നേതൃത്വത്തിൽ റോമൻ സൈന്യം കല്ലിൻമേൽ കല്ലുശേഷിക്കാതെ ആ ദേവാലയവും തകർത്തു കളഞ്ഞു! നശിപ്പിക്കപ്പെട്ട ദേവാലയം .സ്ഥിതി ചെയ്തിരുന്ന അതേ സ്ഥാനത്തു തന്നെ ഇന്ന് ഒരു ബ്രഹ്മാണ്ഡ ദേവാലയം കാണാം. പക്ഷേ അത് യഹൂദരുടെ പള്ളിയല്ല, മുസ്ലീമുകളുടെ " മോസ്ക് ഓഫ് ഓമർ" (Mosque of Omar) ആണ്.

***ജെറുസലം (Jerusalem)***

ബൈബിളിൽ പ്രകീർത്തിക്കപ്പെടുന്നതും പാലസ്തീനായുടെ തലസ്ഥാന നഗരവുമാണ് ജെറുസലം. സമാധാനത്തിന്റെ അസ്ഥിവാരമെന്നാണ് ഈ പദത്തിന്റെ അർത്ഥം. അറബികൾ ഈ പട്ടണത്തെ വിശുദ്ധനഗരമെന്നാണു വിളിക്കുന്നത് (Holy Town).

മെഡിറ്ററേനിയൻ തീരത്തു നിന്ന് 33 മൈൽ കിഴക്ക് ചാവുകടലിന് (Dead sea) 11 മൈൽ പടിഞ്ഞാറു സമുദ്രനിരപ്പിൽ നിന്നും 2550 അടി ഉയരത്തിൽ ആണ് ഈ പട്ടണം സ്ഥിതി ചെയ്യുന്നത്. സോളമൻ ഈ നഗരത്തിലാണു പ്രസിദ്ധവും മഹത്വമാർന്നതുമായ ദേവാലയം പണികഴിപ്പിച്ചത്.

യേശുതന്റെ 12-ാമത്തെ വയസ്സിൽ തിരുനാളുകൂടാൻ ഈ ദേവാലയത്തിൽ വന്നിട്ടുണ്ട്. യേശുവിന്റെ ക്രൂശുമരണവും ഉയിർത്തെഴുന്നേൽപും സ്വർഗ്ഗാരോഹണവും നടന്നതും ജെറുസലത്തു വച്ചുതന്നെ.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



യേശുവിൻെറ കാലത്ത് ജറുസലം കേന്ദ്രമായുള്ള യൂദയാ ആയിരുന്നു യഹൂഗരുടെ ശക്തിദുർഗ്ഗം. അവർക്കാകെയുള്ള ഒരേയൊരു ദേവാലയമാണ് ജെറുസലം. ആണ്ടിലൊരിക്കൽ ആഘോഷിക്കുന്ന പെസഹാത്തിരുനാളിൽ ലോകത്തെമ്പാടുമുള്ള യഹൂദർ ഇവിടെ ഒത്തുചേരുന്നു.

ഈജിപ്പിനേയും ദക്ഷിണസിറിയായേയും തമ്മിൽ ബന്ധിപ്പിക്കുന്ന മെഡിറ്ററേനിയൻ തീരത്താണ് ക്രിസ്തു ജീവിച്ചിരുന്നത്. നൂറ്റാണ്ടുകളായി ആനാടിനു വിവിധ പേരുകളും വിഭിന്ന അതിരുകളുമുണ്ടായിട്ടുണ്ട്. പ്രസിദ്ധ പ്രാചീന ചരിത്രകാരനായ ഹെറഡോട്ടസ് ആണ് ആ ഭൂമിക്ക് പലസ്തീനാ എന്നു പേരിട്ടത്. ആ പേര് ഇന്നും നിലനിൽക്കുന്നു. നമ്മുടെ നാടിനോട് ബന്ധപ്പെടുത്തി പറഞ്ഞാൽ കേരളത്തിൻെറ മൂന്നിൽ രണ്ടു ഭാഗം വലിപ്പമിതിനുണ്ട്.

*രണ്ടാം പാദം*

എന്നതുറച്ചുടനൻപാൽ രാജൻ
ഏകിതു വേഗേന ആവാനോട്
തേനോടു പാലുമൊഴുകും നാട്
തേവരിപട്ടണമാകും ദേശം
തേറിയതിന്നു മേലില്ലഭൂമി
ദൈവമിരിപ്പിടമെന്നും ചൊല്ലാം
തെക്കുവടക്കൊരു പശ്ചിമദിക്ക്
ദണ്ഡനമസ്ക്കാരം ചെയ്യും ഭാഗം
ആയവിടത്തിനു നീ ചെന്നിട്ട്
ആകുലമെന്നിയെ തച്ചരെ നോക്ക്
കണ്ടവരഞ്ചിത്തെളിയും പോലെ
കൊണ്ടുപോകണം നീ വേണ്ടും തിരവിയം
എന്നിവ ചൊല്ലിക്കനകം നൽകി
എന്നിവരും വഴി പോവാനേകി
ആയതു കേട്ടുടനാവാൻ താനും
ആദരിച്ചമ്പോടെ വേണ്ടും കോപ്പ്
കൂട്ടിയടുപ്പിച്ചൊരാളോടേകി
കൂടി നിരൂപിച്ചു വേണ്ടും പോലെ
മാത്രയൊഴിയാതെ ചേർച്ചയാലെ
യാത്ര പുറപ്പെട്ടു നേർ വഴിക്കു

* * * *



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



"തേനോടു പാലും ......"

തേനും പാലും ഒഴുകുന്ന നാട്ടിലേയ്ക്കാണ് ചോഴരാജാവ് ഹാബാനെ പറഞ്ഞയക്കുന്നത്. തേനും പാലും ഒഴുകുന്ന നാടെന്നു ബൈബിൾ വിശേഷിപ്പിക്കുന്നത് കാനാൻ നാടാണ്. ഈജിപ്പിൽ അനേകവർഷം അടിമകളായികഴിഞ്ഞിരുന്ന ഇസ്രായേൽ ജനങ്ങളെ അവിടെനിന്നു മോചിപ്പിച്ചു കാനാൻ ദേശത്തേയ്ക്കു നയിച്ചതു ദീർഘദർശിയായ മോശയാണ്. മോശ ഇസ്രായേൽ ജനങ്ങളുമായി ഈജിപ്പിൽ നിന്നു പുറപ്പെട്ടതിന്റെ മൂന്നാം മാസം അവർ സീനായ് എന്ന മരുഭൂമിയിലെത്തി. സീനാമലയിൽ വച്ചാണ് ദൈവം ഇസ്രായേൽ ജനങ്ങൾക്കു പത്തു പ്രമാണങ്ങൾ നൽകിയത്. മോശയ്ക്കു ഇസ്രായേൽ ജനങ്ങളെ കാനാൻ ദേശത്ത് എത്തിക്കാനായില്ല. ജോഷ്വായാണ് അവരെ കാനാൻ നാട്ടിലെത്തിച്ചത്. ബി.സി 13-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഇസ്രായേൽ ജനം കാനാൻ ദേശത്തു പ്രവേശിച്ചുവെന്ന് കരുതപ്പെടുന്നു. യോർദ്ദാൻ നദിയുടെ മറുകരയിലാണ് ഈ നാട്. ദൈവം ഇസ്രായേൽ ജനങ്ങൾക്കു വാഗ്ദാനം ചെയ്ത ഭൂമിയാണിത്. അതു കൊണ്ടു ഇതിനു വാഗ്ദത്ത ഭൂമി എന്നും പേരുണ്ട്.

തിരവിയം = ദ്രവ്യം

### *മൂന്നാം പാദം*

കടലും കരയുമൊരുപോൽ വഴിയാൽ
കയ്യാർ മരുവുന്നവനെ തുണ നീ
കരുണക്കടലേ കടലിൽനിന്നെന്നെ
കരകൊണ്ടുതകേണം കാര്യമിതിനെ
ഇതുതരമായുള്ള വചനം ചൊല്ലി
സ്തുതി ചെയ്തരുളാലെ കപ്പൽ കരേറി.

കാറ്റോടു പെശർകൾ മറുതലയാതെ
കരചേർന്നരുളാൽ ഹിതമിയ നാട്ടിൽ
പുക്കതിലാരായ്‌വാൻ നൽവഴി കേട്ടൻപാൽ
തക്കവരോടു ചേർന്നണഞ്ഞു മാഹോസാ
ദിക്കുപുക്കതിലവരുഴലുന്നപ്പോൾ
തിറമോടെ കർത്താവു കാണപ്പെട്ടു.

* * * *

ശില്പിയെത്തേടി ഹാബാൻ ചെന്നെത്തിയത് മഹോസാ ദിക്കിലാണ്. പേർഷ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ സെലൂഷ്യാ -ടെസിഫോൺ നഗരത്തിന്റെ പ്രാന്ത പ്രദേശത്തുള്ള യഹൂദരുടെ ആധിവാസ കേന്ദ്രമാണ് മഹോസാ.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



### നാലാം പാദം

അരുൾചെയ്തിതാചാരമെങ്ങുനിന്നെന്നും
ആരെന്നുമതെന്തെന്നും മുതലേതെന്നും
അതിനിഹകാരണമെങ്ങനെയെന്നും
അതു പൊഴുതായവരറിയിച്ചപ്പോൾ
വിധമിത് നീയറിക അരചൻ ചോഴൻ
വിധിവിഷയം പ്രതി അടിയാർവന്നു
വിരവിലൊരാശാരി നല്ലോനേക്കാൺമാൻ
വിനയറുമറ്റു പണികൾക്കെന്നാൽ
കഴിവിതിനെവ്വനമെന്നരുൾ ചെയ്ക.
കരുതിയതിന്നൊരു വഴിയെ പോവാൻ
കഴിവിതിനാരിതു കാരണമെന്നും
കൈകരമില്ലാതുള്ള മനുവും ദിക്കിൽ
ഇവരിതു ചൊന്നതിനുത്തരമൻപാൽ
ഹിതം വരുമാറരുൾ ചെയ്തിതു മാറാൻ
ഇടമതിൽ നിന്നരനാഴിക മുൻപെ
ഇടമതിൽ നിന്നൊരു തച്ചനെ നൽകാം.

*  *  *  *

ഹാബാൻേറയും പരിവാരങ്ങളുടേയും മുൻപിൽ പ്രത്യക്ഷപ്പെട്ട യേശുവിനോടു തങ്ങളുടെ ആഗമനോദ്ദേശ്യം വിവരിച്ചുകൊണ്ട് "കൈകരമില്ലാതുള്ള മനു ഏതു ദിക്കിലാണെന്ന്" അവർ ആരാഞ്ഞു.

മനു. മനുഷ്യവർഗ്ഗത്തിൻെറ പിതാവാണു മനു. മനുവിൻെറ സന്താനമാണ് മനുഷ്യൻ.

" കേവലം മാനവന്മാരിൽ മുമ്പുള്ളവനാവിർഭവിച്ചാൻ മനു പ്രവരോത്തമൻ" എന്നു ഭാഗവതത്തിൽ പറയുന്നു.

മനു- അറിവുള്ളവൻ, എന്ന അർത്ഥത്തിനും ഇവിടെ പ്രസക്തിയുണ്ട്. കൈകരമില്ലാതുള്ള മനു - കയ്യും കണക്കുമില്ലാത്ത അറിവ് നേടിയവൻ. മയൻ എന്നൊരു ശില്പിയെക്കുറിച്ചു ഭാരതത്തിൽ പറയുന്നുണ്ട്. പാണ്ഡവന്മാർക്ക് ഇന്ദ്രപ്രസ്ഥം പണി ചെയ്തു കൊടുത്തത് മയനാണ്. മാർഗ്ഗംകളിപ്പാട്ടുകാരൻ ഉദ്ദേശിക്കുന്നത് മനുവിനെയാണോ? മയനെയാണോ എന്തോ?

മാറാൻ = സുറിയാനിപ്പദം. കർത്താവ് എന്നർത്ഥം



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



### അഞ്ചാം പാദം

മരമൊടു കല്ലുകൾ കനകം വെള്ളി
മനമിയലും പടി ചെമ്പുമിരുമ്പും
മറ്റും പലവക വേണ്ടും പണികൾ
മഹിമയൊടരിമകളെല്ലാം ചെയ്യും
മനുവിവനെതിരില്ലൊരുവൻ തച്ചൻ.
മറിവില്ലേതും പണികൾക്കഴകാൽ
ഇത്തരമുത്തരമായുള്ള വചനം
ഇഷ്ടവരും പടി കരുതിയുറച്ച്
ഇവരോടിതമായരുൾ ചെയ്യുമ്പോൾ
ഇമ്പമോടരൂപികൾ തിരുമനസ്സാലെ
ഇയൽവഴിയെത്തിയണഞ്ഞു റൂഹയിൽ
ഇണതാനായോനെയെടുത്താകാശേ
ദൂതരോടൊരുമിച്ചവ്വഴികൂടി
വിധമൊരു തച്ചനു സാദൃശമായി
വിരവോടെ അരനാഴിക മുമ്പെ
വിശ്വമിടങ്കയ്യിലായവനൊരുവൻ
വിധിയുടെ അരചൻ തിരുമുമ്പാകെ
വിധിപോലെ വന്നു നിന്നിതു തോമ്മാ.

* * * *

ഹാബാനും കൂട്ടരും ആഗ്രഹിക്കുന്നവിധമുള്ള ഒരു ശില്പിയെക്കുറിച്ച് കർത്താവു - യേശു - വർണ്ണിച്ചു പറയുന്ന അവസരത്തിൽ മാലാഖമാർ തോമ്മായേയും കൊണ്ടു ഈശോയുടെ സവിധത്തിൽ എത്തിച്ചേർന്നു.

*റൂഹാ*

റൂഹാ ഒരു സുറിയാനി വാക്കാണ്. പരിശുദ്ധാരൂപി, പരിശുദ്ധാത്മാവ് എന്നീ പദങ്ങളാണ് റൂഹായ്ക്കുപകരം ഇന്നു ഉപയോഗിക്കപ്പെട്ടു വരുന്നത്.

റൂഹാ എന്ന പദത്തിൻെറ അർത്ഥം കാറ്റ് എന്നാണ്. ദൈവത്തിൻെറ ശക്തിയും ചൈതന്യവുമാണ് റൂഹാ. എന്തെല്ലാം സത്കാര്യങ്ങൾ അറിഞ്ഞാലും അവയെ പ്രവർത്തിപഥത്തിൽ കൊണ്ടുവരാനുള്ള ശക്തി പ്രദാനം ചെയ്യുന്നതു പരിശുദ്ധാത്മാവാണെന്നു ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു.

സ്വർഗ്ഗാരോഹണത്തിനു മുൻപ് യേശു ശിഷ്യന്മാരോടുപറഞ്ഞു: പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തി



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പ്രാപിയ്ക്കും. ജറൂസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും.

യേശുവാഗ്ദാനം ചെയ്തതുപോലെ പന്തക്കുസ്റ്റാദിനം സമാഗതമായപ്പോൾ അഗ്നിജ്വാലകളുടെ രൂപത്തിൽ പരിശുദ്ധാത്മാവു ശിഷ്യന്മാരുടെ മേൽ ആവസിച്ചു. അതോടെ ധൈര്യസമേതം സുവിശേഷത്തെ പ്രതി ജീവാർപ്പണം ചെയ്യാൻ സന്നദ്ധരായി അവർ നാനാദിക്കുകളിലേയ്ക്കും പുറപ്പെട്ടു. എല്ലാ സത്കർമ്മങ്ങൾക്കും പ്രചോദനമേകുന്നതു റൂഹായാണ്.

ഇണതാനായോൻ - മാർത്തോമ്മാ. ഇരട്ടക്കുട്ടികളിൽ ഒരാളായിരുന്നു തോമ്മാ.

ഇയൽ വഴി = ശരിയായ വഴി.

### *ആറാം പാദം*

വിരവിലീവരവു കണ്ടാനന്ദിച്ചു
വിദഗ്ദ്ധനെന്നുറച്ചുള്ളിലാശകൊണ്ടു
വേസ്ഥവരുത്തിയിതാവാനാപ്പോൾ
അതു നിജതിരുമനസ്സാദരാലെ
അറിഞ്ഞുടൻത്ധടിതിയിലാവാനോട്
അരുൾചെയ്തിതാ വന്നാശാരിയെന്ന്
അവ്വനമരുൾവഴി കേട്ടിട്ടാവാൻ
അതുതെളിവരചനിലായിക്കൊണ്ട്
അറിയിച്ചു യാത്രകൽപ്പനവാചാൽ
വചനമിതരുളിയ തോമ്മായോട്
തരുവിതിനിഹ വേണ്ടുംവണ്ണം
വഴിപോലെ തിരിച്ചരുൾ ചെയ്യുമ്പോൾ
വചനമിതരുളിയതോർത്തുകേട്ടു
അകതാരിലിവരുടെ കോലം കണ്ട്
വാക്കുവശത്താലുള്ളു ഞടുങ്ങി
വഴങ്ങിയിതവനിയിൽ വീണുതോമ്മാ
വരുവതിൻ വിനകളിൽ കേണുനിന്നു
വലുതായിട്ടുള്ള പീഡകളിതുപോൽ.

* * * *

വേസ്ഥാ - വ്യവസ്ഥാ
അവ്വനം - അപ്രകാരം



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അകതാരിലിവരുടെ... ഉള്ളുനടുങ്ങി!

ഇന്ത്യയിലെ അപരിചിത ജനങ്ങളെ തൻ്റെ മനോനേത്രങ്ങളിൽ കണ്ട്കൊണ്ടു ദുഃഖിച്ചു.

*ഏഴാം പാദം*

എന്നെ നീ കാത്തല്ലോ ഏറ്റങ്ങളേശാതെ
എന്നതും പാഴായിട്ടേകുന്നു ദൈവമേ!
ഹിന്തുവെന്നുള്ള നാടേറിയ സർപ്പങ്ങൾ
എന്നിവയെന്നിയെ ഏറ്റമാം ജന്തുക്കൾ
നാണമില്ലാതുള്ള നായനുണ്ടാദിക്കിൽ
നാളില്ലെ കോളില്ലെ നന്നായി ചൊല്ലില്ലെ
നാടെല്ലാം കാടല്ലൊ നായനെയെന്നെ നീ
നന്നായി കൈവിട്ടോ നാടിട്ടേച്ചാഴത്തിൽ

മാറാനെ ഹിന്തുവിൽ മാനുഷരല്ലല്ലൊ
മാനുഷരെന്നപോൽ മനതാരിലില്ലല്ലോ
മണ്ണിലെ. മണ്ണുപോൽ മാറ്റമില്ലെങ്ങുമേ
മറ്റെല്ലാം നാടോടെ മാർഗ്ഗങ്ങളെന്നില്ല

ചത്ത ചവത്തിന് ചന്തമായ് വേൾക്കുന്നു
ചത്താലോ മത്സ്യം പോൽ ചുട്ടല്ലൊ മൂടുന്നു
മക്കളെന്നൽപില്ല മാൽചെയ്യും തങ്ങളിൽ
മക്കൾക്കമവ്വണ്ണം മനതാരിലില്ലല്ലോ
മറ്റെല്ലാ നാട്ടിലും മാറാനേയീരണ്ടു
മാറ്റവൻമാരെല്ലൊ മാറാതെ പോകുന്നു.
മാറാനെപ്പോലെന്നെ മായോനെ കല്പിച്ചോ
മാറ്റവൻ കൂറ്റനായ് മാലൊഴിപ്പോരില്ലെ.

* * * *

തോമ്മാശ്ളീഹാ ഇന്ത്യയിൽ വരുന്നതിനുമുൻപ് ഈ രാജ്യത്തിലെ ജനങ്ങളുടെ വിശ്വാസാചാരങ്ങളെക്കുറിച്ചു അദ്ദേഹത്തിനു കേവലം കേട്ടറിവു മാത്രമാണുണ്ടായിരുന്നത്. അദ്ദേഹം അറിഞ്ഞിട്ടുള്ളതോ ഭീതിജനകമായ കാര്യങ്ങളും.

ചേരമാൻ പെരുമാൾ ക്രിസ്ത്യാനികൾക്കു 72 പദവികൾ കല്പിച്ചനുവദിച്ചുകൊണ്ട് ക്നാനായ ക്രിസ്ത്യാനികളുടെ നായകനായ ക്നായിത്തോമ്മായ്ക്കു ഒരു ചെപ്പേടു നൽകുകയുണ്ടായല്ലോ. അനുവദിക്കപ്പെട്ട ആ പദവികളോരോന്നും നോക്കുമ്പോൾ ആ കാലഘട്ടത്തിനു മുൻപുള്ള ഇവിടത്തെ സാധാരണ ജനങ്ങളുടെ പരമ ദയനീയമായ പാപ്പരത്വം മനസ്സിലാക്കാം. തിരുവായ്ക്കെതിർവായില്ലാത്ത കാലമായിരുന്നു അത്.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



സ്ത്രീകൾക്കു തലയിൽ പൂ ചൂടാനോ, കരങ്ങളിൽ വളയിടാനോ എന്തിന് ? മാറുമറയ്ക്കാനോപോലുമുള്ള അവകാശം ഇല്ലായിരുന്നു! കല്യാണത്തിനു പന്തലിടാനോ ചെണ്ടകൊട്ടാനോ ഒന്നും അനുവദിക്കപ്പെട്ടിരുന്നില്ല. ഉയർന്ന ജാതിക്കാർ സഞ്ചരിക്കുന്ന യാത്രാമാധ്യമങ്ങൾ താഴ്ന്ന ജാതിക്കാർ ഉപയോഗിക്കുന്നതു ശിക്ഷാർഹമായിരുന്നു!

ഇന്നു ഭരണാധിപൻമാരും, ഉന്നതസ്ഥാനീയരും സമ്പന്നരും, കാറുകളിലോ, വിമാനങ്ങളിലോ, തീവണ്ടിയിലെ ഫസ്റ്റ് ക്ലാസ് A/c കമ്പാർട്ടുൻറുകളിലോ സഞ്ചരിക്കുന്നു. പണമുണ്ടെങ്കിൽ ഇവിടെ തൂപ്പുകാരനും, ചുമട്ടുകാരനും പട്ടികജാതിക്കാരനും പട്ടികവർഗ്ഗക്കാരനുമൊക്കെ ആരുടെയും അനുമതികൂടാതെ ഇതേ വാഹനങ്ങളിൽ യാത്രചെയ്യാം. ഇന്ത്യയിലെ ഇന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയിൽ ജീവിക്കുന്നവർക്ക് ഇന്ത്യതനികാടൻമാരുടെ രാജ്യമാണെന്ന് തോമ്മാ പറയുന്നതു കേൾക്കുമ്പോൾ തോമ്മാശ്ലീഹായോട് അമർഷം തോന്നാം.

മൃതശരീരത്തിൽ താലിചാർത്തുന്നതും മൃതദേഹം ദഹിപ്പിക്കുന്നതും ഉടന്തടിചാടുന്നതുമൊക്കെ ഹീനകർമ്മങ്ങളായിട്ടാണു മറുനാട്ടുകാർ കണ്ടിരുന്നത്. ഈ കാഴ്ചപ്പാട് ഇന്നത്തേതല്ലെന്നും 19 നൂറ്റാണ്ടുകൾക്കുമുമ്പുള്ളതാണെന്നും കൂടി ദേശാഭിമാനികൾ ചിന്തിക്കേണ്ടതുണ്ട്.

കന്യകയായി മരിക്കുന്നത് ഹിന്ദുധർമ്മപ്രകാരം നിഷിദ്ധമാകയാൽ ചരമഗതിയടഞ്ഞ കന്യകയുടെ കഴുത്തിൽ പണ്ടു ആരേക്കൊണ്ടെങ്കിലും താലികെട്ടിക്കുമായിരുന്നു. കാര്യത്തിൻെറ കാതലറിയാത്ത വിദേശികൾക്കു ഈ താലികെട്ട് ചത്തശവത്തിനെ വേൾക്കുന്ന ഏർപ്പാടായിട്ടല്ലേ തോന്നൂ ? മൃതശരീരം മണ്ണിൽ മറവുചെയ്യുന്ന മറുനാട്ടുകാർ ശവദാഹത്തെയും ഒരു പ്രാകൃതാചാരമായിട്ടാണ് കരുതിയിരുന്നത്.

നായൻ = നായകൻ

രാജവാഴ്ചക്കാലത്തു നായൻമാർ ലജ്ജാകരമായ പ്രവൃത്തികൾ ചെയ്യുന്നതിൽ കൂസലുള്ളവരായിരുന്നില്ല. പണ്ട് ഓരോ ദേശത്തു ചെല്ലുമ്പോൾ അവിടെ കാണുന്ന ശ്രേഷ്ഠമായതെന്തും രാജ്യനായകനുള്ളതായിരുന്നല്ലോ. " എല്ലാ രത്നങ്ങളും നാടുവാഴിക്ക് " എന്നതായിരുന്നു പഴയ നാട്ടുനടപ്പ്. അങ്ങനെ എത്രയോ സ്ത്രീ രത്നങ്ങൾ രാജാക്കൻമാരുടേതായിതീർന്നിരിക്കുന്നു! ഈ ധാരണകൾ കൊണ്ടാവണം നായന് നാണമില്ലാത്ത എന്ന വിശേഷണം ചേർത്തിരിക്കുന്നത്.

കാടുംമലയും കാട്ടുമൃഗങ്ങളും കാട്ടുജാതികളും നിറഞ്ഞ ഇന്ത്യയിലേക്ക് താൻ എന്തായാലും പോകുകയില്ലെന്നാണല്ലോ തോമ്മാശ്ലീഹാ ശഠിക്കുന്നത്. മറ്റുള്ളവർ പോകേണ്ട ദേശങ്ങൾ എന്തുകൊണ്ടും ഇന്ത്യ



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



യെക്കാൾ ഭേദമെന്നാണ്ആ ക്രിസ്തു ശിഷ്യൻെറ പക്ഷം. (ആറാം അദ്ധ്യായം കാണുക)

*എട്ടാം പാദം*

എന്നിവയെല്ലാം കണ്ണുനീരാലെ
തോമ്മായുണർത്തിച്ച നേരം
എങ്ങും വിളങ്ങുന്ന നായൻ മിശിഹാ
പേർത്തരുൾ ചെയ്‌വാൻ തുടങ്ങി:
നീയൊരുവൻ താനെന്നൊരു ചിന്ത
ഉള്ളിൽ നിനക്കഴൽ വേണ്ടാ
മാനുഷരെല്ലാ ജാതികളും പിന്നെ
മാൽപെയ്യും ജന്തുക്കളല്ലോ
നിന്നുടെ വാക്കും നിനവുകളും
നോക്കും ഭാഷയറിഞ്ഞു തകിടും
നിൻ നിനവെല്ലാമെൻനിനവല്ലോ
നീയുറയ്ക്കാകുലം വേണ്ട
എന്നതിനാലിപ്പോൾ ഞാനിന്നു നിന്നെ
വിറ്റു വില വാങ്ങിയെന്നാൽ
ഏഴുമൊഴികളേയും തികപ്പാനയ്
ചീട്ടുകൊടുക്കുന്നു വേറെ
ഈ മൊഴിയാവാൻ കേട്ടുടനൻപിൽ
ആദിപെരിയോനെ നോക്കി
ഈടേറ്റം കൊൾവാൻ കാശുകൊടുത്തു
കയ്യെഴുത്തൻപോടെ വാങ്ങി
ത്രിലോകനാഥൻ കാശെടുത്തൻപാൽ
തോമ്മാടെ പക്കൽകൊടുത്തു
തൃപ്തിവരുമ്പോലൻപാലരുൾചെയ്ത
യാത്രാവിധിച്ചഴകാലെ
അരുൾകേട്ടൻപാലൊത്തു നടന്നു
യാനപാത്രമതിലേറി.
ആരുയിരോൻെറ കാരുണ്യത്താലെ
ചോഴനിരിപ്പിടത്തായി
കണ്ടുപറഞ്ഞ വാക്കുവശത്താൽ
ഇണ്ടലൊഴിഞ്ഞതു ചോഴൻ
കാൺകെവരച്ചുടൻ കയ്യാലെ
രൂപം ശ്ലേമോൻ ചമച്ചൊരു കോവിൽ
ചിന്തതെളിഞ്ഞീടുവാനൊരുവേലകൾ



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഇല്ലിതുപോൽമറ്റും പാരിൽ
ചിത്രമടക്കമായ് കാഴ്ചയിതെല്ലാം
കാണുന്ന ലോകർ മയങ്ങും
ആയതിലേറ്റമായന്നിവർ കണ്ടുടൻ
സന്തോഷമായിതു ചോഴൻ
ആകുലമെന്നിയെയിപ്പണികൾക്കായി
പോരുമിവനെന്നുകണ്ടു
ചൊല്ലുന്നതെല്ലാം കേൾപ്പതിനായി
തോമ്മായൊടൊത്തുരചെയ്തു
ചോഴൻ പറഞ്ഞ വാക്കുകളെല്ലാം
കേവലമായിതു കേട്ട്
കാര്യങ്ങളെല്ലാം കാൺമതിനായി
പാടാക്കി ചോഴനെ തോമ്മാ
കാണവും കയ്യാലെ വേണ്ടും പടിയെ
മറ്റാലസ്യമുള്ളവർക്കെല്ലാം
ആയതും തീരുപടിപോലെമറ്റും
വേണ്ടവിധങ്ങളും പേശി
ആവോളം നല്ല കല്ലും മരങ്ങളും
ആളാലെ കൂട്ടിയടുപ്പാൻ
ആയതിലേതും ബലമായ ദണ്ണങ്ങൾ
ചെയ്യരുതെന്നെക്കുറിച്ച്
ഏറിയാലാണ്ടു തികയുന്നതിനുമുൻപേ
ഞാനവിടേയ്ക്കു വരുവേൻ
ഇപ്പണികൾക്കായിവേണ്ടും കരുവുകളെന്നാലെ
വേണ്ടുന്നതെല്ലാം
ഈഴലൊഴിഞ്ഞുടൻ കൊണ്ടുവരുവേൻ
എന്നുരചെയ്തതു കേട്ടു

*　　*　　*　　*

ശ്ലേമ്മോൻ = സോളമൻ
പാടാക്കി = വശത്താക്കി

ഇന്ത്യയിലേക്കു തനിച്ചു പോകാനുള്ള ഭയവും വൈമനസ്യവും പ്രകടിപ്പിച്ച തോമ്മായെ യേശു സമാധാനിപ്പിക്കുന്നു. "നീയൊരുവൻ..... ഞാനുണ്ടു കൂട്ട്" എന്ന വരികളിൽ യേശു ശിഷ്യൻമാർ നൽകിയ പ്രേഷിത ദൗത്യമാണ് അന്തർലീനമായിരിക്കുന്നത്. പ്രസിദ്ധമായ ആ വാക്യങ്ങൾ സെൻറ്. മാത്യുവിൻെറ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾപോയി എല്ലാ ജനങ്ങളേയും ശിഷ്യപ്പെടുത്തുവിൻ.

"ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ ലോകാവസാനംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും." (മത്തായി 28:16 - 200)

*ഞാനിന്നു നിന്നെ വിറ്റു വിലയാക്കി.*

യേശു മാർത്തോമ്മായെ ഹാബാനുകൊടുക്കുകയല്ല ചെയ്തത് പ്രത്യുത വിൽക്കുകയായിരുന്നു; വിറ്റുകിട്ടിയ പണം തോമ്മായെ തന്നെ ഏല്പിച്ചുവെങ്കിലും നടന്നത് വില്പനയായിരുന്നു.

നിരപരാധികളും നിഷ്കളങ്കരുമായ ഇരുവരെ വിറ്റു വിലവാങ്ങിയ രണ്ടു സംഭവങ്ങൾ ബൈബിളിലുണ്ട്. ഒന്ന് പഴയ നിയമ ഗ്രന്ഥത്തിലും മറ്റൊന്ന് പുതിയ നിയമത്തിലും.

പൂർവ്വ പിതാവായ യാക്കോബിനു പന്ത്രണ്ടു പുത്രൻമാരുണ്ടായിരുന്നു. അവരിൽ വാർദ്ധക്യത്തിൽ തനിക്കു ജനിച്ചവനായ ജോസഫിനോടായിരുന്നു യാക്കോബിന്ഏറ്റവും സ്നേഹം. ജോസഫിനോട് പിതാവ് അളവറ്റ വാത്സല്യം കാണിക്കുന്നതിൽ മറ്റു പുത്രൻമാർ അസഹിഷ്ണുക്കളായിരന്നു. അവർ ജോസഫിൻെറ നാശം ആഗ്രഹിച്ചു. ജോസഫിൻെറ പതിനൊന്നു സഹോദരൻമാരും തങ്ങൾ പാർത്തിരുന്ന കാനാൻ ദേശത്തുനിന്നും കുറച്ചകലമുള്ള ഷെക്കേനിലേക്ക് ആടുകളെ മേയ്ക്കാൻ പോയി. ഒരു ദിവസം സഹോദരൻമാരുടെ ക്ഷേമവിവരം അറിഞ്ഞുകൊണ്ടുവരാൻ പിതാവായ യാക്കോബ് ജോസഫിനെ നിയോഗിച്ചു. ജോസഫ് ചെന്ന് സഹോദരൻമാരെ കണ്ടു. ജോസഫിനെക്കണ്ടപ്പോൾതന്നെ അവനെ കൊല്ലണമെന്ന് അവർ തീരുമാനിച്ചു. എന്നാൽ റൂബൻ എന്ന ജ്യേഷ്ഠൻെറ നിർബന്ധം നിമിത്തം അവർ അവനെ വധിക്കാതെ ആഴമേറിയ ഒരു പൊട്ടക്കിണറ്റിൽ തള്ളിയിട്ടു.

അപ്പോൾ കുറെ മിദിയാൻ കച്ചവടക്കാർ ആ വഴിവന്നു. സഹോദരൻമാർ ജോസഫിനെ പൊട്ടക്കിണറ്റിൽനിന്നും കരകയറ്റി ആവണിക് സംഘത്തിനു 20 വെള്ളിക്കാശിനു വിറ്റു. (ഉല്പത്തി പുസ്തകം 37-ാം അധ്യായത്തിൽ ഈ സംഭവം വളരെ വിശദമായി പ്രതിപാദിക്കുന്നുണ്ട്.)

മറ്റൊരു സംഭവമുള്ളതു സുവിശേഷങ്ങളിലാണ്. നാലു സുവിശേഷകൻമാരും രേഖപ്പെടുത്തിയിട്ടുള്ളതാണ് ഈ സംഭവം.

ക്രിസ്തുവിരോധികളായ പ്രധാനപുരോഹിതൻമാരും ജന പ്രമാണികളും പ്രധാനാചാര്യനായ കയ്യാഫാസ്സിൻെറ കൊട്ടാരത്തിൽ സമ്മേ



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ളിച്ചു. യേശുവിനെ ചതിവിൽ പിടികൂടി വധിക്കാൻ ആലോചിച്ചുകൊണ്ടിരുന്ന കാലയളവിൽ 12 ശിഷ്യൻമാരിൽ ഒരുവനായ യൂദാസ്, പ്രധാന പുരോഹിതൻമാരുടെയടുത്തു ചെന്നു യേശുവിനെ ഒറ്റിക്കൊടുത്താൽ എന്തുതരുമെന്ന് ചോദിച്ചു. അവർ അവന് മുപ്പതു വെള്ളിനാണയം വാഗ്ദാനം ചെയ്തു.

പെസഹാ തിരുന്നാളിനു ശേഷം യേശു ഗദ്സമേനിയിൽ പ്രാർത്ഥിക്കുവാൻ പോയി. ശിഷ്യൻമാരും കൂടെയുണ്ടായിരുന്നു. രക്തം വിയർക്കുമാറ് അവിടുന്ന് പ്രാർത്ഥിച്ചു. പ്രാർത്ഥനാനന്തരം യേശു ശിഷ്യഗണങ്ങളോടു സംസാരിച്ചുകൊണ്ടിരിക്കെ യൂദാസ് അവിടെയെത്തി. അവൻെറ നിർദ്ദേശാനുസരണം പ്രധാനപുരോഹിതരുടേയും ജന പ്രമാണികളുടേയും അടുക്കൽനിന്നും വാളും വടികളുമായി ഒരു സംഘം ആളുകളും അവൻെറ പിന്നാലെ ഉണ്ടായിരുന്നു. "ഞാൻ ആരെ ചുംബിക്കുന്നുവോ അവനെ നിങ്ങൾ പിടിച്ചുകൊള്ളണ"മെന്നായിരുന്നു ആ ജനക്കൂട്ടത്തിനു യൂദാസ് കൊടുത്തിരുന്ന നിർദ്ദേശം.

യൂദാസ് പെട്ടെന്ന് യേശുവിൻെറ അടുത്തുചെന്ന് "ഗുരോ സ്വസ്തി" എന്നു പറഞ്ഞ് അവിടുത്തെ ചുംബിച്ചു. അപ്പോൾ പുരോഹിതൻമാരുടെ കൂലിപ്പട അവിടുത്തെ പിടിച്ചുകൊണ്ടുപോയി. യൂദാസിനു മുപ്പതു വെള്ളിക്കാശും കിട്ടി. (മത്തായി 26:15)

നിർദ്ദോഷികളെ വിറ്റു കാശാക്കിയ ഈ സംഭവങ്ങൾ ഉപബോധക മനസ്സിൽ പതിഞ്ഞിരുന്നതിനാലായിരിക്കണം മാർഗ്ഗം കളിപ്പാട്ടിൻെറ കർത്താവ് നിർമ്മലനായ തോമ്മായെ ഹാബാനു വിറ്റതായി പാടിയിരിക്കുന്നത്.

പുരാണത്തിലും മനുഷ്യനെ പണത്തിനായി മാത്രംവിറ്റ സംഭവചിത്രീകരണമുണ്ട്. സത്യത്തിൻെറ പര്യായമായി ഭാരതമനസ്സുകളിൽ സ്ഥാനം പിടിച്ചിട്ടുള്ള ഹരിശ്ചന്ദ്രൻെറ കഥയാണത്.

വിശ്വാമിത്ര മഹർഷിക്കു രാജസൂയ യാഗത്തിനു വേണ്ട ദക്ഷിണ നൽകാമെന്നു ഒരിക്കൽ ഹരിശ്ചന്ദ്രൻ വാഗ്ദാനം ചെയ്യുകയുണ്ടായി. വിശ്വാമിത്രൻ ചോദിച്ചതാകട്ടെ രാജ്യവും ധാന്യപ്പുരയും, ഭണ്ഢാരവും ഉൾപ്പെടെ ഹരിശ്ചന്ദ്രനുള്ള സർവ്വസ്വവുമായിരുന്നു! രാജാവ് അവയെല്ലാം വിശ്വാമിത്രനായി ഉപേക്ഷിച്ചു. അദ്ദേഹത്തിൻെറ നോട്ടത്തിൽ സത്യത്തിനുള്ളിടത്തോളം വില രാജ്യത്തിനും രാജഭണ്ഠാരത്തിനുമുണ്ടായിരുന്നില്ല!

ഇവയെല്ലാം കിട്ടിയിട്ടും രാജസൂയ യാഗത്തിനു പണം പിന്നെയും വേണ്ടിവന്നു! ആ പണം കൊടുത്തു തീർക്കാൻ ഒരു മാസത്തെ കാലാവധിയാണ് മഹർഷി രാജാവിനു അനുവദിച്ചിരുന്നത്. ഹരിശ്ചന്ദ്ര മഹാ



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



രാജാവ് ഭാര്യയായ - ശൈബ്യയോടും പുത്രൻ രോഹിതാശനോടും കൂടി രാജ്യംവിട്ടു.

പറഞ്ഞ കാലാവധിയായപ്പോൾ വിശ്വാമിത്രൻ വീണ്ടും രാജാവിൻെറ മുമ്പിൽ കൈക്കുമ്പിൾ നീട്ടി. തെരുവിലൂടെ പരമ നിർദ്ധനനായി രാജഭോഗങ്ങൾ വെടിഞ്ഞ് നടക്കുന്ന ഹരിശ്ചന്ദ്രനെക്കണ്ടിട്ടോ കണ്ണീരൊഴിക്കിക്കൊണ്ട് ഉടുവസ്ത്രം മാത്രമയി അദ്ദേഹത്തെ പിന്തുടരുന്ന ഭാര്യയേയും മകനേയും കണ്ടിട്ടോ കൗശികന് യാതൊരു വികാരഭേദവുമുണ്ടായില്ല. ഒടുവിൽ ഗത്യന്തരമില്ലാതെ പ്രിയപത്നിയേയും ഓമനപ്പുത്രനേയും ഒരു വൃദ്ധ ബ്രാഹ്മണനു വിറ്റു. ആ പണവും വിശ്വാമിത്രനുകൊടുത്തു. എന്നിട്ടും പണം തികഞ്ഞില്ലത്രെ! അവസാനം ആ പണം തികയ്ക്കുവാൻ തന്നെത്തന്നെ ഒരു ചണ്ഡാലനു ഹരിശ്ചന്ദ്രൻ വിറ്റു. നിവർത്തികേടു കൊണ്ടുള്ള വില്പന!

മിശിഹാ, ശിഷ്യോത്തമനായ തോമ്മായെ ഹാബാനു വിറ്റതും ഹരിശ്ചന്ദ്രൻ ഭാര്യയേയും മകനേയും വിറ്റതും ഗത്യന്തരമില്ലാത്തതുകൊണ്ടുള്ള വില്പനകളാണ്, മഹാ ത്യാഗങ്ങളുമാണ്. ഹരിശ്ചന്ദ്രചരിതത്തിൻേറയും ക്രിസ്തുദേവ ചരിതത്തിൻേറയും പശ്ചാത്തലത്തിൽ നിന്നുകൊണ്ടുള്ള ഒരു വിലാപമാണ് "ഞാനിന്നുനിന്നെയും വിറ്റുവില വാങ്ങി" എന്നത്. ഈ വില്പനകൾ മഹത്തരഫലങ്ങളാണ് സംജാതമാക്കിയത്, ഹരിശ്ചന്ദ്രനു മോക്ഷവും ഭാരതീയർക്കു മോക്ഷമാർഗ്ഗവും.

"ഏഴുമൊഴികളേഴും തികപ്പാനായി ചീട്ടുകൊടുക്കുന്നു"

***ഏഴുമൊഴികൾ***

"നീയൊരുവൻ താനെന്നൊരുചിന്ത..... വിറ്റുവിലവാങ്ങി" ഈ ഭാഗത്തിനുള്ളിൽ അന്തർഭവിച്ചിട്ടുള്ള ഏഴുകാര്യങ്ങളാണ് ഏഴുമൊഴികൾ. അപ്പസ്തോലൻമാർക്കു ലഭിച്ച ഭാഷാവരം ഇവിടെ സൂചിപ്പിക്കപ്പെടുന്നു.

വിവിധ രാജ്യങ്ങളിൽനിന്നുമുള്ള ജനങ്ങൾ പറഞ്ഞു:

ഈ സംസാരിക്കുന്നവരെല്ലാവരും ഗലീലിയക്കാരല്ലേ? നാമെല്ലാവരും, താന്താങ്ങളുടെ മാതൃഭാഷയിൽ അവർ പറയുന്നതു ശ്രവിക്കുന്നതെങ്ങനെ? പാർത്തിയാക്കാരും, മെസ്സപ്പൊട്ടോമിയൻ നിവാസികളും യൂദയായിലും ഏഷ്യായിലും താമസിക്കുന്നവരും ലിബിയാക്കാരും റോമാക്കാരും അറേബ്യരുമായ നാമെല്ലാം നമ്മുടെ മാതൃഭാഷകളിൽ അവർ വിവരിക്കുന്നതു കേൾക്കുന്നുണ്ടല്ലോ.

(അപ്പോസ്തോല പ്രവർത്തനങ്ങൾ 2, 4-11)

പന്തക്കുസ്ത ദിവസം അപ്പോസ്തോലർക്കു പരിശുദ്ധാത്മാവ് പ്രദാനം ചെയ്ത ഭാഷാവരം തോമ്മായ്ക്കു ലഭിച്ചിരുന്നു. തൻനിമിത്തം, ഇന്ത്യാ



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ക്കാരുടെ ഭാഷയറിഞ്ഞുകൂടല്ലോ എന്നു വിചാരിച്ച് വിഷമിക്കേണ്ടന്നുള്ള ആശയവും ഈ ഈരടികൾ പ്രതിഫലിപ്പിക്കുന്നുണ്ട്.

### *നിന്നുടെ വാക്കും നിനവുകളും*

പ്രവൃത്തിതന്നെയാണല്ലോ ഏറ്റവും വലിയ പ്രസംഗം. അതിനാൽ ഇന്ത്യാക്കാരുടെ ഭാഷ അറിഞ്ഞുകൂടെങ്കിലും നിന്റെ വാക്കുകളും വിചാരങ്ങളും നിന്റെ നോട്ടവും നീ പറയുന്നതു മനസ്സിലാക്കാൻ അവർക്കു ഉപകരിക്കും എന്നാണ് യേശു തോമ്മായെ ധൈര്യപ്പെടുത്തുന്നത്. പ്രവൃത്തികൂടാത്ത പ്രസംഗം എത്ര പണ്ഡിതോചിതമായാലും അത് ചത്തതിനു തുല്യമായിരിക്കുമല്ലോ. (യാക്കോബിന്റെ ലേഖനം 2:20) ക്രിസ്തുവിന്റെ പ്രധാനപ്പെട്ട ഉപദേശം മറ്റുള്ളവരെ – അവർ ശത്രുക്കളാകട്ടെ മിത്രങ്ങളാകട്ടെ വിരൂപനാകട്ടെ സുന്ദരനാകട്ടെ അരോഗദൃഢഗാത്രനാവട്ടെ രോഗാതുരനാകട്ടെ - സ്നേഹിക്കുവാനും അവർക്ക് ആവശ്യമുള്ള സേവനങ്ങൾ അർപ്പിക്കുന്നവനുമാണ്. ആ സ്നേഹ സേവനങ്ങൾ ആർക്കും മനസ്സിലാക്കാവുന്ന വിശ്വഭാഷയാണ്. ഏതു രാജ്യക്കാരനും ഏതു ഭാഷ സംസാരിക്കുന്നവനും ഊമനും ബധിരനുമെല്ലാം അതു മനസ്സിലാകും. അതിനാലാണ് ഭാഷ ഒരു പ്രശ്നമെന്നു കരുതി പ്രേഷിത പ്രവർത്തനത്തിനു പോകാൻ വിമുഖനാകേണ്ടന്ന് യേശു മാർത്തോമ്മായെ ഉപദേശിക്കുന്നത്. പിഞ്ചു ശിശുക്കൾ മാതൃസ്നേഹം അറിയുന്നതു ഭാഷയുടെ സാഹായ്യം കൊണ്ടല്ലല്ലോ മാറോടു ചേർത്തുമുലയൂട്ടുകയും മതിവരാതെ ഉമ്മവയ്ക്കുകയും കെട്ടിപ്പിടിച്ചുകൂട്ടത്തിൽ കിടത്തുകയും ചെയ്യുന്നതു കൊണ്ടല്ലേ? പരസ്പരം മനസ്സിലാക്കുന്നതിനുള്ള അതിശക്തമായ മാധ്യമമാണു സ്നേഹവും സേവനവും.

പരിശുദ്ധാത്മാവിന്റെ ഭാഷാവരം ക്രിസ്തു ശിഷ്യൻമാർക്കു ലഭിച്ചശേഷം അവർ ജറുശലേത്തു വന്നുകൂടിയിരുന്ന ജനങ്ങളോട് ആവേശപൂർവ്വം പ്രസംഗിക്കുകയുണ്ടായി. ഗലീലിയരായ അപ്പോസ്തോലൻമാർ തങ്ങൾ ഓരോരുത്തരുടേയും, ഭാഷയിൽ സംസാരിക്കുന്നതുകേട്ട് ആ ജനം അത്ഭുതസ്തിമിതരായതായി അപ്പോസ്തോല പ്രവർത്തനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

### *ഒൻപതാം പാദം*

ചിന്ത തെളിഞ്ഞിതു ചോഴനുമാവാനും
തന്നുടെ മന്തിരിമാരും
ചിക്കനെ വന്ദിച്ചു യോഗമൊരുമ്പെട്ടു
ദൈവം ശരണമിതെന്ന്
ചൊല്ലിയൊരുപോൽ നടത്തി നടന്നിതു

marggam
Digital Library of Christianity in India
www.marggam.com



തോമ്മായരുൾവഴി പോലെ!
ചോഴൻപ്രകാശിക്കും നാടു കടന്നുടൻ
മാർഗ്ഗമറിയിച്ച ശേഷം
പോലിൻെറ പുത്രിയെ വേളികഴിച്ചതാ-
മായൊരു കല്യാണം കൂടി
പോരും വഴിക്കുള്ള വാഴ്‌വു കൊടുത്തതി-
നേതും തെളിഞ്ഞില്ലക്കാവ്യർ
എന്നനിമിത്തമായേകനടിച്ചതു
മാർത്തോമ്മാൻ തൻെറ കവളേൽ
എത്തിയടിച്ചായവൻെറ വലത്തെകൈ
വ്യാഘ്രം കടിച്ചു തകർത്തു.
അന്നു പാണിയേയും നായ് കടിച്ചങ്ങനെ
തൂക്കിയിവിടെ വരുത്തി
ഇപ്പടി കണ്ടൊരു പോലുമവനുടെ
നാടതിലുള്ള ജനവും
ഒത്തു നിരൂപിച്ചു വിശ്വസിച്ചൻപാലെ
മാമ്മോദിസായും മുഴുകി
ഒത്തുതിരിച്ച തിരിഞ്ഞതകാവ്യൻെറ
കയ്യും മുറികൂട്ടി തോമ്മാ
മറ്റും പലദിക്കും മ്ലാക്കായും ചീനവും
മാർഗ്ഗമറിയിച്ച ശേഷം
മന്നവൻ ചോഴനിരിപ്പിടമായൊരു
മയിലാപ്പൂ നാട്ടീന്നുചെന്നു
മുൻപിൽ പറഞ്ഞൊത്ത വാക്കിനൊരന്തരം
തോന്നാതിരിപ്പതിനായി
മൂടലൊഴിഞ്ഞവൻ ബോധിക്കത്തക്കപോൽ
വാക്കോടുവേലയും ചെയ്തു.
കാലം കഴിഞ്ഞുടൻ വീണ്ടും പുറപ്പെട്ട്
കേരള നാടെന്നു കേട്ട്
കാരണമായുള്ള കേൾവികളോടൊത്ത്
കൂടിയൊരുമിച്ചു ചെന്ന്
ഊരടുത്തുള്ള മാലിയാവുംകരെ
ചെന്നിവിടത്തിലിരുന്ന്
ഊരാളരോടറിയിച്ചിതു മാർഗ്ഗവും
കേട്ടവരായതിലായി
എപ്പൊഴുമെന്നേയ്ക്കും കാത്തരുൾവാനായി
അത്തലണയാതെ കണ്ട്



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ദിനമിവർ കുമ്പിട്ടു വന്ദിക്കത്തക്കപോൽ
വച്ചരുളാലെ കുരിശ്
ഉത്തമനിരുവർക്കു കല്പിച്ചു പട്ടവും
മാർഗ്ഗം നടത്തും പടിയെ
ഉത്സാഹമേറിപ്പുറപ്പെട്ടു പിന്നെയും
ദക്ഷിണദിക്കിന്നു യാത്ര
ചെമ്മെതിരിച്ചു നടന്നിട കണ്ടതിൽ
ആയതിൽ വേണ്ടുന്നതെല്ലാം
ചെമ്മെ വരുമ്പോൾ അറിയിച്ചു കുരിശതും
വച്ചിതു വേറുവേറായി
ഇങ്ങനെ മാർഗ്ഗമറിയിച്ചതിൻശേഷം
തീർത്തു കുരിശിതു കൊല്ലം,
നിരണവും, കോക്കമംഗലം, കോട്ടക്കായൽ
മലംപ്രദേശമായ ചായൽ
പാലൂരും പിന്ന രാജാവിന്നിരിപ്പിടം
കൊടുങ്ങല്ലൂരെന്നിവയേഴും
കർത്താവിൻ നാമത്തെ കെല്പോടെതോമ്മായും
ഉത്സാഹാൽ അറിയിച്ചീടുമ്പോൾ
അക്കാലം ചോഴൻ കുടികളടിയാരും
പേപിടിച്ചന്യവഴിക്ക്
ആകെയൊരിമ്പിട്ടു കുറ്റങ്ങൾ അധികമായ്
തോമ്മായെക്കൊണ്ടവർ ചൊല്ലി
അറിയിച്ചറിഞ്ഞതിൽ കോപിച്ചു ചോഴനും
ആളയച്ചെങ്ങുമേ നീളെ
ആയതറിഞ്ഞവനൊന്നിലുമഞ്ചാതെ
നേരെ പുറപ്പെട്ടു തോമ്മാ
കണ്ടുപറഞ്ഞവർ കൊണ്ടു പുറപ്പെട്ടു
ചോഴനരികത്തണഞ്ഞു
കാര്യവഴിക്കല്ലൽ തീണ്ടാതെ പോലുള്ള
വാക്കുകൾ ചോഴൻ പറഞ്ഞു
കാലം പെരികച്ചെന്നെത്തി കനകവും
കല്ലും മരങ്ങൾക്കും വേണ്ടി
കണ്ടില്ലടിസ്ഥാനം പോലുമതിന്നൊരു
രൂപം തിരിഞ്ഞതുമില്ല
കല്ലും മരങ്ങളും കണ്ടുമുഷിഞ്ഞിതേ
കുന്നും മലകളുംപോലെ
കാണും ജനങ്ങളും ഭാഷിച്ചു ചൊല്ലുന്നു

marggam
Digital Library of Christianity in India
www.marggam.com



ചോഴന്റെ കോവിലിതെന്ന് !
കണ്ടുമരിപ്പതിന്നാശയെനിക്കുണ്ട്
കോവിലുതീരും പടിയെ
കാരുണ്യമെന്നിൽ നിനക്കുണ്ടെന്നാലിപ്പോൾ
താമസിയാതിതു ചെയ്ക !
ഇപ്പടി ചോഴൻ പറഞ്ഞതുകേട്ടുടൻ
തോമ്മാ പറഞ്ഞു തുടങ്ങി:
ഈഴലൊഴിഞ്ഞിതു കേൾക്കണമിന്നെന്നെ
കോപങ്ങൾകൂടാതെ കണ്ട്
കല്ലും മരങ്ങൾക്കുമായ കനകങ്ങൾ
കൊണ്ടു നിനക്കൊരു കോവിൽ
കണ്ടാൽ മതിവരുംപോലുണ്ടുതീരുന്നു
കാണാം നിനക്കെന്നറിക
ചിത്രം വിചിത്രങ്ങളെത്രമനോഹരം
ആയതിലുണ്ടല്ലോ കാൺമാൻ
ചിന്തതെളിയുംപടിയുള്ള വാതൽകൾ
മുത്തോടു വൈരം പതിച്ച്
അൻപരിലൻപനിരിക്കുമക്കോയിക്കൽ
ഒൻപതു തട്ടുകളുണ്ട്
അന്തിയൊരിക്കലുമില്ലേയക്കോയിക്കൽ
ചെന്നിട കൂടുന്നവർക്കു
മൃത്യുവഴിയായി മർത്യരതിൽ ചെന്നാൽ
അല്ലലില്ലാ മഹാഭാഗ്യം
ആദിത്യ രശ്മിയും നാണിക്കുമാറതിൽ
മാണിക്യമായൊരു ദീപം
അതിനൊരുമന്ദമൊരിക്കലുമില്ലവേ
നീയറിചോഴായിതെല്ലാം
ആധി തുടങ്ങിയൊരാർത്തിയതിൽ പൂക്കാൽ
ഇല്ലേ മനുവതിൽ പാർത്താൽ
നിശീതീയിലെന്നൊരു ഭീതികളില്ലതിൽ
അത്തൽവരും വഴിയേതും
കോയിക്കലായതിൽ പോകുവതിന്നായി
ട്ടൊണ്ടു വഴികളും പത്ത്
ഗോപുരമായതിലേറുവതിന്നായി
ഏഴൊണ്ട് കോവണിചേർന്ന്
ഇത്ഥമാം വാക്കുകൾ കേട്ടിട്ടു രാജനും
ഉത്തരമായരുൾചെയ്തു



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഇഛരയിനിക്കൊണ്ട് നിന്നുടെ വാക്കുകൾ
കേൾപ്പതിനിനിയുമേറെ
നേരവുമുണ്ടതിനാക്കംതരും ദൈവം
നാളെയുമാവുന്നതല്ലോ
നേരെ തിരിച്ചു നടക്കണന്നാമിപ്പോൾ
ചെന്നടുത്താ വീടുകാൺമാൻ
ഇന്നല്ല നാളയതെന്നു നീ ചൊല്ലുകിൽ
ഇഷ്ടമെനിക്കില്ല നിന്നെ
ഇഷ്ടമെനിക്കുണ്ടു നിന്നെക്കുറിച്ചുള്ളിൽ
ദയവൊണ്ടു മാനവുമെന്നാൽ
നിഷ്ഫലമായിതു വന്നുകഴിയുമെ
യിനിയര നാഴിക പാർത്താൽ
നിമിഷമെടുക്ക നീ വേണ്ടുന്നവയെല്ലാം
താമസമേതുമരുത്.
ഇഛരയിലല്ലിവൻ ചൊല്ലുന്ന വാക്കുകൾ
എന്നുറച്ചാനേരം തോമ്മാ
ഇച്ഛകൊടുക്കിലും ഈർച്ചവരുകിലും
നേരുപറയണമെന്ന്
വിശ്വാസമുള്ളുറച്ച പ്രിയമെന്നിയെ
കേൾപ്പിച്ചു ചോഴനോടപ്പോൾ
നീ പിടഞ്ഞാലിന്നു കാണുന്നദിവസവും
കൈയടുത്തില്ലെന്നറിക
കാണാമാകോയിക്കൽ നീ മരിച്ചാലുടൻ
പൂക്കതിലായിക്കൊള്ളാമെ
കാരണമായ ഭവനമതുതന്നെ
കാണം കൊടുത്തു നീ തേടി
ഈ മൊഴി കേട്ടുടനൊന്നും പറയാതെ
മന്തിച്ചുനിന്നൊരു ചോഴൻ
ഇപ്പടി മന്ദിച്ചൊരാലസ്യം തീർന്നുടൻ
സിംഹമലറുന്ന പോലെ
കോപിച്ചു ചൊല്ലി പിടിപ്പിച്ചു തോമ്മായെ
കൊണ്ടേവിലങ്ങിടത്താക്കി
കൊല്ലണമെന്നിട്ടു കൂടെ പിടിപ്പിച്ചോ
രാവാനും വിലങ്ങിടത്തായി

*  *  *  *

| | | |
|---|---|---|
| മ്ളാക്കാ | = | മലാക്കാ |
| മാർഗ്ഗം | = | ക്രിസ്തുമാർഗ്ഗം |


www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കോയിക്കലായതിൽ.. വഴികളും പത്ത് :
പത്തുവഴികൾ = പത്തുപ്രമാണങ്ങൾ
"ഏഴൊണ്ടു കോവണിചേർന്ന് = ഏഴുകൂദാശകൾ
വാക്കോട്ടുവെല = സുവിശേഷ പ്രഘോഷണ ദൗത്യം
ഉയർത്തു = ഉയിർത്തെണീറ്റു, ഉത്ഥാനംചെയ്തു

തന്നെക്കുറിച്ചുതന്നെ വെളിപ്പെടുത്തികൊണ്ട് ക്രിസ്തുപറഞ്ഞിരിക്കുന്നത് "ഞാൻ മാർഗ്ഗവും സത്യവും ജീവനുമാകുന്നു" എന്നാണ്. ക്രിസ്തുവാണ് സത്യവും ജീവനും വഴിയുമെന്ന് വിശ്വസിച്ചുകൊണ്ടുള്ള ഒര ജീവിത സരണി തിരഞ്ഞെടുക്കുന്നവരെയാണ് മാർഗ്ഗം കൂടുന്നവർ എന്നു പറയുന്നത്.

മൈലാപ്പൂരിൽ നിന്ന് തോമ്മാശ്ലീഹാ മാല്യങ്കരയിൽ വന്നെത്തി. ചരിത്രത്തിൽ കേരളത്തിൻെറ പേരു മലനാട്, മാല്യങ്കര എന്നിങ്ങനെയായിരുന്നു. അറേബ്യയിൽ നിന്നും പേർഷ്യയിൽ നിന്നും കച്ചവടത്തിനായി കേരളത്തിൽ വന്ന കച്ചവടക്കാരാണ് ഇന്നാടിനെ മാല്യംകര എന്നു വിളിച്ചത്. മാല്യംകര എന്നൊരു സ്ഥലം കൊടുങ്ങല്ലൂരിനടുത്തുണ്ട്. അവിടെയാണ് തോമ്മായും ഹാബാനുംമറ്റും കപ്പലിറങ്ങിയത്.

## *പോലിൻെറ പുത്രിയെ വേളി...*

മാർത്തോമ്മാ കേരളത്തിൽ വരുന്ന കാലത്ത് ഇവിടെ സംഘകാല സംസ്കാരമായിരുന്നു നിലവിലിരുന്നത്. മധുര ആസ്ഥാനമാക്കി വസിച്ചിരുന്ന തമിഴ്സംഘം, തമിഴ് സാഹിത്യ കൃതികൾക്ക് പ്രോത്സാഹനം നൽകിയിരുന്ന കാലത്തെയാണ് സംഘകാലം എന്നു വിളിക്കുന്നത്. ക്രിസ്തുവർഷം അഞ്ചാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടമാണ് സംഘകാലം.

മാർത്തോമ്മാ മലനാട്ടിൽ വരുമ്പോഴത്തെ മലനാടിൻെറ ഗതിവിഗതികൾ മനസ്സിലാക്കിത്തരുന്നത് സംഘകാല കൃതികളാണ്. പതിറ്റിപ്പത്ത്, മധുരൈ കാഞ്ചി, തിരുക്കുറൾ, തോൽക്കാപ്പിയം, ചിലപ്പതികാരം, മണിമേഖല തുടങ്ങിയവയാണ് സംഘകാല കൃതികൾ.

(ഇന്ത്യാ ചരിത്രം, എ. ശ്രീധരമേനോൻ P 148)

സംഘകാലത്തെ ജനങ്ങളിൽ ഭൂരിപക്ഷത്തിനും ക്രിസ്തുവർഷം 300 വരെ പ്രത്യേക മതമൊന്നും ഉണ്ടായിരുന്നില്ല. ദ്രാവിഡാചാരങ്ങളായിരുന്നു അവരെ നയിച്ചിരുന്നത്, മത നിയമങ്ങളായിരുന്നില്ല. ജനതയുടെ സാംസ്കാരിക പുരോഗതിക്ക് അവശ്യമായ അടിസ്ഥാനഘടകങ്ങളെല്ലാം സംഘകാലത്തെ സാമൂഹ്യ വ്യവസ്ഥിതിയിൽ ഉൾക്കൊണ്ടിരുന്നു. തൊഴി



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ലിന്റെ മഹത്വം അന്ന് അംഗീകരിക്കപ്പെട്ടിരുന്നു. അധ്വാനത്തിന്റെ "സുവിശേഷം" എല്ലാവരും ഗ്രഹിച്ചിരുന്നു. ദ്രാവിഡർ അക്കാലത്ത് വേട്ട, കൃഷി, വ്യവസായം, കച്ചവടം, നെയ്ത്ത് മുതലായവയിൽ ഏർപ്പെട്ടിരുന്നു. സമുദ്രഗതാഗതം ദ്രാവിഡർക്കു സുപരിചിതമായിരുന്നു. ആ പരിചയമായിരുന്നിരിക്കാം സമുദ്ര സഞ്ചാരികളും വ്യാപാരികളുമായ യഹൂദരോട് അവരെ അടുപ്പിച്ചത്. യഹൂദ വ്യാപാര കേന്ദ്രമായ കൊടുങ്ങല്ലൂരിലാണല്ലോ തോമ്മാശ്ലീഹാ വന്നെത്തുന്നത്. യഹൂദൻമാരും സമുദ്രവ്യാപാരികളായ ദ്രാവിഡരും തമ്മിൽ ഇടപഴകി ജീവിച്ചിരുന്നതിനാൽ നാട്ടുകാരുടെ താല്പര്യമാർജ്ജിക്കുവാനും അവർക്കു സ്നേഹ സേവനങ്ങൾ അർപ്പിക്കുവാനും തോമ്മാശ്ലീഹായ്ക്ക് ബുദ്ധിമുട്ടുണ്ടായിക്കാണുകയില്ല.

ഒരു ദേശാധിപനായ പോലിന്റെ പുത്രിയുടെ വിവാഹവേളയിൽ ഒരു സേവകന്റെ വേർപെട്ടുപോയ കയ്യ് വിവാഹ പന്തലിൽവെച്ചുതന്നെ കൂട്ടിച്ചേർത്തു സുഖപ്പെടുത്തിയ അത്ഭുത സംഭവം നേരിൽകണ്ട ജനങ്ങൾ വിശ്വസിച്ചു മാമ്മോദീസാ സ്വീകരിച്ചതായി പറയുന്നുണ്ടല്ലോ.

അവർ എന്താണ് വിശ്വസിച്ചത്.

പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും, കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ് വിശ്വാസമെന്ന് വിശുദ്ധ ഗ്രന്ഥം പറയുന്നു.

(ഹെബ്രായർക്കുള്ള ലേഖനം 11, 1-2)

ക്രിസ്തു മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ മിശിഹാ (രക്ഷകൻ) ആണെന്നും അവിടുന്ന് ക്രൂശിതനായി മരിച്ചശേഷം പുനരുത്ഥാനം ചെയ്തുവെന്നും ലോകാവസാനം അവിടുന്നു വീണ്ടും അന്ത്യവിധിക്കായി സമാഗതനാകുമെന്നുള്ളതാണ് ക്രൈസ്തവ വിശ്വാസത്തിന്റെ അന്തസത്ത. മരിച്ചവർ ഉയർപ്പിക്കപ്പെടുമെന്നുള്ളതും ക്രൈസ്തവ വിശ്വാസത്തിന്റെ അനുപേക്ഷണീയമായ ഘടകമാണ്.

"ക്രിസ്തു ഉയർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" എന്നാണ് സെൻറ് പോൾ പ്രഖ്യാപിക്കുന്നത് (1 കൊറി 15, 14 - 15)

## *മാമ്മോദീസ*

ക്രിസ്തു തന്റെ ശിഷ്യൻമാർക്കു നൽകുന്ന കല്പനതന്നെ "നിങ്ങൾ ലോകമെങ്ങും പോയി ഞാൻ കല്പിച്ചിട്ടുള്ളവയെല്ലാം അനുസരിക്കുവാൻ പഠിപ്പിക്കുവിൻ. അവരെ ശിഷ്യപ്പെടുത്തുവിൻ... അവർക്കു മാമ്മോദീസ നൽകുവിൻ" എന്നാണ് (മത്തായി 28 -20) ഒരുവൻ ക്രിസ്ത്യാനിയായി



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഭവിക്കുന്നത് മാമ്മോദീസായോടു കൂടിയാണ്. മാമ്മോദീസ എന്നതിൻെറ മലയാളവാക്ക് ജ്ഞാനസ്നാനം എന്നാണ്.

ക്രിസ്തു സ്ഥാപിച്ച കൂദാശകളിലൊന്നാണ് മാമ്മോദീസ "കൂദാശ". ഒരു സുറിയാനി വാക്കാണ്. അതിൻെറ അർത്ഥം "വിശുദ്ധീകരിക്കുന്ന കർമ്മം" എന്നാണ്. അദൃശ്യമായ പ്രസാദവരത്തെ സൂചിപ്പിക്കുകയും നൽകുകയും ചെയ്യുന്ന അടയാളമാണ് കൂദാശ. തൻെറ രക്ഷാകര കർമ്മത്തിൻെറ ഫലം സഭവഴി എല്ലാവരിലേക്കും വർഷിക്കുന്നതിനു വേണ്ടിയാണ് യേശു കൂദാശകൾ സ്ഥാപിച്ചത്. ആകെ ഏഴു കൂദാശകളുണ്ട്. അവയിൽ പ്രഥമവും പ്രധാനവും മാമ്മോദീസായാണ്. കൂദാശകളിലൂടെ പ്രവർത്തിക്കുന്നത് ക്രിസ്തു തന്നെയാണ് എന്ന് ക്രൈസ്തവർ വിശ്വസിക്കുന്നു. കൂദാശകൾ യേശുവുമായി കണ്ടുമുട്ടുന്ന ഒരു വേദിയായി ക്രൈസ്തവർ കാണുന്നു.

ആദിമനുഷ്യർ, ക്രിസ്തീയ വീക്ഷണത്തിൽ, ആദവും ഹവ്വായുമാണ്. പറുദീസായിൽ കഴിഞ്ഞിരുന്ന ഇവർ ദൈവത്താൽ നിരോധിക്കപ്പെട്ട കനി തിന്ന് ദൈവാജ്ഞ ലംഘിക്കയാൽ പാപപങ്കിലരായിത്തീർന്നു. ആദിമനുഷ്യൻ പാപം ചെയ്തതു നിമിത്തം അവരുടെ അനന്തര തലമുറകളിലേക്കും ആ പാപം പ്രവേശിച്ചു. അങ്ങനെ ജൻമനാ തന്നെ ആദത്തിൻെറ സന്താനങ്ങൾ പാപത്തിൻെറ അവകാശികളായിത്തീർന്നു. ഇതാണ് ഉത്ഭവ പാപം. സകലമനുഷ്യരും ഉത്ഭവത്തിലേ പാപികളാണെന്നാണ് ക്രൈസ്തവ വിശ്വാസം. ഈ ഉത്ഭവ പാപത്തെ നീക്കിക്കളയുന്ന കൂദാശയാണ് മാമോദീസ.

### മാമോദീസ - ഒരു സ്നാനം

മാമ്മോദീസയിലെ പ്രധാന പ്രതീകം ജലമാണ്. ജലവും ജലത്തിലുള്ള സ്നാനവും ആ സമയത്തു പുരോഹിതൻ ചൊല്ലുന്ന നിർദ്ദിഷ്ട വചനങ്ങളുമാണു മാമ്മോദീസ്സായിലെ അടയാളങ്ങളും അനുഷ്ഠാനങ്ങളും.

സ്നാനം വഴി മനുഷ്യൻ ദൈവമക്കൾ എന്ന പദവിയിലെത്തിച്ചേരുകയും ദൈവമക്കൾ എന്ന നിലയിൽ സ്വർഗ്ഗത്തിന് അവകാശികളുമായി ഭവിക്കുകയും ചെയ്യുന്നു. മാമോദീസ സ്വീകരിക്കുമ്പോൾ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിതൈ്വക ദൈവം അതു സ്വീകരിക്കുന്ന വ്യക്തിയിലേക്കു കടന്നു വരുന്നു.

ഇക്കാര്യങ്ങളാണു മാമ്മോദീസായെക്കുറിച്ചുള്ള ക്രൈസ്തവ ദർശനത്തിൻെറ സാരസംഗ്രഹം.

ജീവനെ നിലനിർത്താനും മാലിന്യമകറ്റാനും ക്ഷീണം മാറ്റാനും ഉൻമേഷം വീണ്ടെടുക്കാനുമെല്ലാം ജലം ഉപകരിക്കുന്നുണ്ടല്ലോ?



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ജീവനുള്ള ജനത്തിനു
ജീവനായതു ജീവനം

എന്ന ചൊല്ലു എത്ര അന്വർത്ഥം. പൗരാണിക കാലം മുതലേ ജലത്തിനു പാപമോചകമായൊരു പ്രാധാന്യം പൗരസ്ത്യർ കല്പിച്ചുപോന്നിരുന്നു. ക്രിസ്തുസഭയുടെ ആദ്യശതകങ്ങളിൽ ഒഴുകുന്ന ജലത്തിൽ മുക്കിയുള്ള മാമോദീസായാണ് നൽകിയിരുന്നത്. തലയിൽ വെള്ളം ഒഴിച്ചുള്ള സ്നാനവും അന്നു നടന്നിരുന്നു. ഇന്ന് പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും പേരുചൊല്ലി മൂന്നുപ്രാവശ്യം സ്നാനാർത്ഥിയുടെ ശിരസ്സിൽ ജലമൊഴിക്കുന്ന രീതിയാണുള്ളത്.

ശുദ്ധജലപ്രവാഹികളായ നദികളെയും ജലാശയങ്ങളെയും ഭക്ത്യാദരപൂർവ്വം വീക്ഷിക്കുന്നവരാണ് ഭാരതീയർ. തീർത്ഥസ്നാനം പാപമോചകമാണെന്ന് അവർ കരുതുന്നു. ദേവാലയങ്ങളോടും ക്ഷേത്രങ്ങളോടും അടുത്തുള്ള ചില നീരുവകളിലെ ജലം ഏതു രോഗത്തിനുമുള്ള ഒരു സിദ്ധൗഷധമായും ഭാരതീയർ കരുതുന്നുണ്ട്. പിതൃദേവപ്രീതിക്കായി അർപ്പണം നടത്തുന്ന പതിവും ഹൈന്ദവരുടെയിടയിലുണ്ട്. കപിലമുനിയുടെ ശാപത്താൽ ദഹിച്ചുപോയ സഗരപുത്രൻമാരായ പിതൃക്കളുടെ സൽഗതിക്കുവേണ്ടിയാണല്ലോ ഭഗീരഥൻ ആകാശഗംഗയെ ഭൂമിയിൽ അവതരിപ്പിച്ചത്. മാലിന്യമേശാത്ത പുണ്യജലത്തിനുവേണ്ടിയുള്ള ഭാരതീയരുടെ അദമ്യമായ ദാഹത്തെ വ്യക്തമാക്കുന്നതാണല്ലോ ഗംഗയെ ഭൂമിയിൽ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഭഗീരഥപ്രയത്നം! കാവേരി, യമുന, ബ്രഹ്മപുത്ര തുടങ്ങിയ നദികളെ ഹൈന്ദവഭക്തർ സ്വർഗ്ഗഗംഗയുടെ പുത്രിമാരായിട്ടാണ് പരിഗണിച്ചു പോരുന്നത്. വിഷ്ണു ശയിക്കുന്നതുതന്നെ പാലാഴിയിലാണല്ലോ. പാലാഴിമങ്കയാണല്ലോ മഹാലക്ഷ്മി.

പുണ്യനദികളിൽ കുളിക്കുന്നതോടെ തങ്ങളുടെ പാപക്കറകൾ നീങ്ങിക്കിട്ടുമെന്നു ഭാരതത്തിലെ സനാതനമതാനുയായികൾ വിശ്വസിച്ചുപോരുന്നു. ഏതാദൃശമായ ഒരു സംസ്ക്കാര പാരമ്പര്യം മധ്യപൗരസ്ത്യദേശങ്ങളിലും നിലനിന്നിരുന്നു. യൂഫ്രട്ടീസ്, നൈൽ, യോർദ്ദാൻ തുടങ്ങിയവ വിശുദ്ധ സ്നാനത്തിനായി ഉപയോഗിക്കപ്പെട്ടിരുന്ന നദികളാണ്. സ്നാനം ചെയ്യുന്നതു മനോമാലിന്യത്തെക്കൂടി ഉൻമൂലനം ചെയ്യുന്നതിന് സഹായിക്കുമെന്നതാണ് യഹൂദപാരമ്പര്യം.

ജലാശയോപരി വിഷ്ണു ശയിക്കുന്നുവെന്നു പറയുന്നതിനു സദൃശമായ പ്രസ്താവം ബൈബിളിലുമുണ്ട്. ബൈബിളിലെ ആദ്യ ഗ്രന്ഥമായ ഉൽപ്പത്തിയിൽ പറയുന്നു:



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

margGam
Digital Library of Christianity in India
www.marggam.com



ആദിയിൽ ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു. ആഴത്തിനുമുകളിൽ അന്ധകാരം വ്യാപിച്ചിരുന്നു. ദൈവത്തിൻെറ ചൈതന്യം - പരിശുദ്ധാരൂപി - വെള്ളത്തിനുമീതേ ചലിച്ചുകൊണ്ടിരുന്നു.

പുരാണങ്ങളിലെയും ബൈബിളിലെയും ഈ പ്രസ്താവങ്ങൾ സമുദ്രമാണു ജീവൻെറ പിള്ളത്തൊട്ടിൽ എന്ന ശാസ്ത്രാധിഷ്ഠിതമായ അനുമാനത്തിനു വക നൽകുന്നുണ്ടല്ലോ. ഗംഗാസ്നാനവും ജ്ഞാനസ്നാനവുമെല്ലാം കേവലം മതാന്ധരുടെ വികത്ഥനങ്ങളല്ല.

*പത്താംപാദം*

ഈവണ്ണം കെട്ടും കീഴായവാറെ
ഇവരെക്കൊണ്ടെവ്വണ്ണം വേണമെന്ന്
ഇണ്ടൽപെരുത്തു വിളിച്ചു ചോഴൻ
തമ്പിയേ തമ്പിവാ അണയത്തെന്ന്
തമ്പിയും താനുമായ് വേണ്ടുവോളം
കാര്യകാര്യങ്ങളെ ചിന്തിക്കുന്നു.
അല്ലലായ് രാജനീവണ്ണം ചൊന്നാൻ
എന്നുടെ തമ്പി നീ കേൾക്കവേണം
തരമിപ്പോൾ നമ്മുടെ വാഴ്ചക്കാലം
പെട്ടപോൽ പെട്ടിട്ടില്ലാർക്കും മുമ്പേ.
നാടുവാഴുന്ന നൃപൻമാർക്കാർക്കും
നാണക്കേടിതുപോലെ വന്നിട്ടില്ല!
നാടിനി ഞാൻ വാഴ്വാൻ യോഗ്യം പോരാ
തമ്പി നീ വേണ്ടുംപോൽ പരിപാലിക്ക
അന്നേരം തമ്പിയും അല്ലലോടെ
അത്തൽപ്പെട്ടൊരു ദണ്ണം ഉള്ളിലായ്
അതുതന്നെ ആധിയായ് ദണ്ണങ്ങളും
ചിക്കനെ ചേർന്നു വശം കെട്ടുള്ളിൽ
അരുളാലെ നാൾതോറും വർദ്ധിച്ചേറി
ആത്മാവു മാലാഖമാരെടുത്ത്
ആകാശെ കൊണ്ടങ്ങുചെന്നായവാറെ
ചോഴൻെറപേർക്കില്ലം കുറിയിൽ കണ്ടു
അക്കുറി വായിച്ച് അറിഞ്ഞശേഷം
അകംപുക്കു കണ്ടവനതിൽനിന്നെല്ലാം
അമ്പോടെ മൂന്നിങ്ങുമിമ്പംപോലെ
ആവോളം തരമുണ്ടേ പേർത്തു ചൊൽവാൻ
മാനുഷജാതിക്കകപ്പെടുന്നു



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മാലെല്ലാമതു ചെന്നുകണ്ടാൽത്തീരും
മതിപോരും രാജാക്കൾവാഴും കോയിൽ
എന്നെല്ലാം നന്നായിക്കണ്ടോരാത്മം.

* * * *

രാജാവിൻെറ തമ്പിയുടെ ആത്മാവാണല്ലോ അണ്ണനുവേണ്ടി പണി തീർത്ത സുന്ദരമന്ദിരം കാണുന്നത്.

സ്വർഗ്ഗത്തിൽ സുകൃതികൾക്കായി പല മാളികകൾ ഉണ്ടെന്ന് സുവിശേഷത്തിൽ സൂചനകളുണ്ട്. ഭൂമിയിലേതുപോലെയുള്ള മാളിക എന്ന് ആ പ്രസ്താവത്തിനർത്ഥമില്ല. സ്വർഗ്ഗരാജ്യം ഭൂമിയിലെ രാജ്യങ്ങൾപോലെ ഒരു രാജ്യവുമല്ല. ക്രിസ്തുവിൻെറ നീതിയും സത്യവും സ്നേഹവും സമാധാനവും പുലരുന്ന ഒരു വ്യവസ്ഥിതിയാണത്.

ദൈവത്തെ മുഖാമുഖം ദർശിക്കുവാൻ കഴിയുന്നതാണ് സ്വർഗ്ഗഭാഗ്യം. സാധാരണക്കാരായ ആളുകൾ ചിന്തിക്കുന്നത് ഈ ഭൂമിയിലെ കോടാനുകോടി മനുഷ്യരെ ഉൾക്കൊള്ളാൻ മാത്രം അത്ര വിപുലവും വിശാലവുമായ രമ്യഹർമ്യമാണ് സ്വർഗ്ഗം എന്നാണ്. ഈ ചിന്താഗതി ഭരിച്ചിരുന്ന മാർഗ്ഗംകളിപ്പാട്ടുകാരൻ സ്വർഗ്ഗത്തിലൊരിടത്ത് ചോഴരാജാവിനും ഇല്ലം ഉള്ളതായി ഭാവനചെയ്യുകയാണ്. അതിനാധാരം സുവിശേഷങ്ങളിലുള്ള വാക്യമാണ്. "എൻെറ പിതാവിൻെറ ഭവനത്തിൽ പല വാസസ്ഥലങ്ങളുമുണ്ട്" (സെൻറ് ജോൺ 14:2)

പൗരാണിക ഭാവനയിൽ സ്വർഗ്ഗവും ഭൂമിയും തമ്മിലും, സ്വർഗ്ഗവാസികളും ഭൂവാസികളും തമ്മിലും വലിയ അകലമോ അകൽച്ചയോ ഒന്നുമില്ല. ദേവാസുരയുദ്ധത്തിൽ പങ്കെടുക്കുവാൻപോയത് അയോധ്യാരാജാവായ ദിലീപനാണ്! ദമയന്തീസ്വയം വരത്തിന് നളനോടൊപ്പം സ്ഥാനാർത്ഥികളായി സ്വയംവരം മണ്ഡപത്തിൽ ദേവൻമാരുമുണ്ടായിരുന്നല്ലോ! സ്വപ്നാടനത്തിലാണെങ്കിലും സ്വർഗ്ഗലോകം കണ്ടവരായിരുന്നു പൗരാണികർ.

അമൂല്യവും അത്യാകർഷകവും അനശ്വരവുമാണ് സ്വർഗ്ഗസൗധമെന്നു പറഞ്ഞാൽ കണ്ണടച്ചു തുറക്കുമ്പോൾ തീരാൻ മാത്രമുള്ള ഈ ജീവിതത്തിനിടയ്ക്ക് ഒട്ടേറെ വാരിക്കൂട്ടാൻ നടത്തുന്ന അധർമ്മങ്ങൾക്ക് ഒട്ടൊരു ശമനം ഉണ്ടാവാമെന്നു കരുതിയാവാം "നല്ലവനു" കൊടുത്ത ദാനം സ്വർഗ്ഗ മാളിക തീർക്കാൻ ഉപകരിച്ചുവെന്നുള്ള പ്രസ്താവം.

മാലാഖമാരാണ് രാജാവിൻെറ സഹോദരൻെറ ആത്മാവിനെ ആകാശത്തിലേക്കാനയിച്ചത്. അയാളുടെ മൃതശരീരം ഇങ്ങു ഭൂമിയിൽ, ആത്മാവു സ്വർഗ്ഗത്തിലും.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## *ആത്മാവ്*

മനുഷ്യരുടെ ആത്മരക്ഷാർത്ഥമാണ് മതങ്ങളുടെയെല്ലാം പ്രവർത്തനം. ആരാണു ഞാൻ എന്ന അന്വേഷണത്തിൽ നിന്നാണ് മനുഷ്യൻ ആത്മാവിനെ കണ്ടെത്തിയത്. ക്രിസ്തുവിനു മുമ്പ് നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രസിദ്ധ തത്വജ്ഞാനിയായ ഡയോജനിസ് മുതലുള്ള തത്വജ്ഞാനികൾ മനുഷ്യനെ കണ്ടെത്താൻ- ഞാൻ ആരാണെന്നറിയാൻ യത്നിച്ചിട്ടുണ്ട്. നാം നമ്മുടെ തലയോ കൈയോ കാലോ കാണിച്ചിട്ട് ഇതാണ് ഞാൻ എന്നു പറയുകയില്ലല്ലോ? സ്വാഭാവിക മരണം പ്രാപിച്ചയാളുടെ ബാഹ്യാവവയങ്ങളെല്ലാം മരണശേഷവും ജീവനുണ്ടായിരുന്ന അവസ്ഥയിലേതുപോലെതന്നെ നാം കാണുന്നു. അതുപോലെതന്നെ അയാളുടെ ആന്തരാവയവങ്ങളും. പിന്നെ മരണത്തോടെ എന്താണ് അപ്രത്യക്ഷമായത് ? നമ്മെ ചലിപ്പിച്ചതും വ്യാമോഹിപ്പിച്ചതും ചിന്തിപ്പിച്ചതും ആനന്ദിപ്പിച്ചതും എന്തായിരുന്നുവോ ആ ഒന്ന് നഷ്ടപ്പെട്ടുപോയിരിക്കുന്നു! ആ ഒന്നിനെയാണ് നാം ജീവൻ എന്നോ പ്രാണൻ എന്നോ ആത്മാവെന്നോ പറയുന്നത്. അതാണ് നമുക്കു സൗന്ദര്യവും പ്രസന്നതയും ആമരണം പ്രദാനം ചെയ്യുന്നത്. അരൂപികളായ മാലാഖമാർ രാജസോദരന്റെ അരൂപിയായ ആത്മാവുമായാണ് ആകാശത്തേക്കു പ്രയാണം ചെയ്തത്

### *പതിനൊന്നാം പാദം*

ആനന്ദം വരുമാറുമാലാഖമാർ
ആകാശെ നിന്നിങ്ങു ലോകം ചേർന്നു
ആചാര ജഢരമടക്കുംപോലെ
ആകെയാൽക്കൂടി പൊതിയുന്നപ്പോൾ
ആത്മാവു ജഢരത്തിൽ പൂരിച്ചുടൻ
ആലസ്യം കൂടാതുയർത്തു രാജൻ
ആരുയിരായോനെ സ്തുതിചെയ്തവൻ
ആരോടു ചൊല്ലാതവനിൽനോക്കി
അതുപൊഴുതണ്ണന്റെ മുമ്പിൽചെന്നു
ആദരാൽ നിന്നവൻ കൈകൾകൂപ്പി!
അതു നേരം വന്നിങ്ങണഞ്ഞു ചോഴൻ
ഇച്ഛയാലോർത്തു തഴുകിക്കൊണ്ട്
കീർത്തിച്ചു വഴിപോൽ അറിയിച്ചാറെ
കൃത്യമിതെല്ലാർക്കും വേണമെന്നു



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കീർത്തിയാൽ ചെന്നു വിലങ്ങുംവീട്ടിൽ
കഷ്ടങ്ങൾ ദുഷ്ടർക്കു പെട്ടപോലെ
പെട്ടൊരു മുനിവരൻ തന്നെക്കണ്ട്
കാക്കൽവീണഴുതു പിഴയും ചൊല്ലി
കുമ്പിട്ടുനിന്നവൻ കെട്ടും നീക്കി.

* * * *

പുരാണേതിഹാസങ്ങളിൽ മനുഷ്യരുമായി ഇടപെടുന്നത് ദേവൻമാരും അസുരൻമാരുമാണെങ്കിൽ ക്രൈസ്തവ ഗ്രന്ഥങ്ങളിൽ മാലാഖമാരും പിശാചുക്കളുമാണ് അക്കാര്യം നിർവഹിക്കുന്നത്. അഭ്യസ്തവിദ്യരായ ആധുനികർക്കു വേണമെങ്കിൽ ദേവൻമാരും മാലാഖമാരും അസുരൻമാരും പിശാചുക്കളും ഇല്ലെന്നു ചിന്തിക്കാം? എന്നാലും മാലാഖ ദേവസങ്കല്പം മനോജ്ഞവും ആലോചനാമൃതവുമാണ്. മരണാനന്തരം ശരീരം വെടിഞ്ഞുപോകുന്ന ആത്മാവ് അദൃശ്യവും അരൂപവുമാണ്. അങ്ങനെയുള്ള ആത്മാവിനെ കാണാനോ കൊണ്ടുപോകാനോ ശരീരികളായ മനുഷ്യർക്ക് സാധ്യമല്ലല്ലോ. ആ സ്ഥിതിക്കു പിന്നെ ആര് ആത്മാക്കളെ കൊണ്ടുപോകും? അതിനു യുക്തരായവർ അദൃശ്യരും അരൂപികളുമായ വാനാരൂപികൾതന്നെ. ക്രൈസ്തവ സങ്കല്പങ്ങൾ കുടികൊണ്ടിരുന്ന മാർഗ്ഗംകളിപ്പാട്ടുകാരൻ ചോഴന്റെ സഹജന്റെ ആത്മാവിനെ കൊണ്ടുപോകാൻ ഒരുപറ്റം മാലാഖമാരെതന്നെ കണ്ടെത്തിയിരിക്കുന്നു!

*പന്ത്രണ്ടാം പാദം*

കൊണ്ടുനടക്കുന്ന നേരം പലരും
കോയിക്കലുണ്ടതു കാൺമാൻ ഇതെന്നും
കൊണ്ടെക്കുലചെയ്‌വേനെന്നും ചിലർ
കൊണ്ടെ വിലങ്ങിടത്തിടുവാനെന്നും
തല്ലിമുറിച്ചുതച്ചീടുവാനെന്നും
താമസമില്ലിപ്പോളറിയാമെന്നും
പോരുമിച്ചോരന്റെ പണികളെന്നും
പോരുവിനെന്തു നമുക്കിതിലെന്നും
പോകാതെ നില്ലുനില്ലെന്നും ചിലർ
ഇത്തരമോരോന്നും കണ്ടവരോരോ
വിസ്താരമായവർ ചൊല്ലുംനേരം
കൊണ്ടക്കൊല ചെയ്‌വാനിതെന്നും ചിലർ
കൊല്ലാതെ കൊണ്ടുപോയികളവാനിതെന്നും
അങ്ങനെ മാനുഷർ പേശുന്ന നേരം



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വേണ്ടുംതരമുള്ള സ്നേഹങ്ങളാലെ
കൊണ്ടുചെന്നവരെ കോവിലകത്തു
ഗോപുരമേറ്റിയിരുത്തുന്നേരം
രോഷമൊഴിഞ്ഞൊരു ശ്ലീഹൻതോമ്മാ
കോളതിലില്ലാതെ പ്രിയമുറച്ചു
ചൊല്ലിയറിയിച്ചറിഞ്ഞവർമാർഗ്ഗം
ചോഴരിരുവരും ആവാനും പിന്നെ
മാറിയൊഴിഞ്ഞുള്ള മാനുഷരെല്ലാം
ഘോഷമൊഴിയാതെ മറ്റു പലരും
ആവോളം നല്ല ബഹുമാനത്താലെ
സന്തോഷമായൊരു മാമ്മോസായും
മൂവരൊരുമായാലൊത്തു മുഴുകി
മൂടലൊഴിഞ്ഞവർ മാർഗമെടുത്തു

* * * *

| | | |
|---|---|---|
| മാമ്മോസ | = | മാമ്മോദീസ |
| മാർഗ്ഗമെടുത്തു | = | ക്രിസ്തുമാരഗ്ഗം സ്വീകരിച്ചു; സഭാംഗമായിത്തീർന്നു |

ക്രിസ്തു സ്ഥാപിച്ച 7 കൂദാശകൾ പരികർമ്മം ചെയ്യാൻ നിയുക്തമായിട്ടുള്ള സഭയാണ് ക്രിസ്തു സഭ. മാമ്മോദീസ സ്വീകരിച്ച ദൈവജനങ്ങളുടെ സമൂഹമാണ് സഭ. മാമ്മോദീസായോടുകൂടി ഒരാൾ സഭാംഗമായി പരിണമിക്കുന്നു.

### *പതിമൂന്നാം പാദം*

മാണിക്കക്കല്ലായ മാർഗ്ഗം,
നാളിൽനാളിൽ തെളിയുന്നു
മാറ്റുള്ള നിവ്യാളൻമാർ
മെല്ലെമെല്ല ചവളുന്നു
മാമ്മോദീസാ മുഴുകുന്നവരും
നാളിൽ നാളിൽ പെരുകുന്നു
മാർഗ്ഗം നേടാക്കാവ്യരെല്ലാം
കാണക്കാണ കുറയുന്നു
ലോകവീതിനീളെ
മാർഗ്ഗമേറിയേറ്റംവളരുന്നു
ലൗകികങ്ങൾ നീളെ നീളെ
ചൊല്ലിപ്പലരും ചേരുന്നു.



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

എന്നതിനാലെബ്രാൻമാരു
മേറിയേറ്റം മുതിരുന്നു
എങ്ങുമൊക്കെ മാർത്തോമ്മാനെ
തേടിക്കാണാഞ്ഞുഴലുന്നു
കണ്ടില്ലെന്നു ചൊല്ലുന്നവരെ
കണ്ടാലധികം ചീറുന്നു
കണ്ടും കൊണ്ടും ചൊല്ലാനിഷ്ടൻ
മാരൊടൊക്കെ ചീറുന്നു
അക്കാലത്തിൽ മാർത്തോമ്മാനും
ദൈവ കൃത്യാലൊരുകാവിൽ
ആവഴിക്കുപോവാനായി
ചെന്നു കണ്ടവരതുനേരം
കണ്ണിമാരിടയിലൊക്കെ
ക്കൂടിച്ചേർന്നവരൊരുപോലെ
കാരിരുളിലായ പഞ്ച
മഞ്ചും തെളിവാൽ ചൊല്ലുന്നു
കുമ്പിട്ടു നീ കാളിയാരെ
കൂപ്പി കൈകളടിവീണാൽ
കൂട്ടിത്തരാം പായസവും
തിന്നുംകൊണ്ടുവഴിപോവാം
എന്നനേരം മാർത്തോമ്മാനും
കോപിച്ചവരോടു ചൊല്ലുന്നു
എന്നനേരം മാർത്തോമ്മാനും
ചൊല്ലി മനസ്സില്ലെന്ന്
എന്നതെന്യേ കുമ്പിടുകിൽ
തീവീണഴിയും കാവെല്ലാം
കുമ്പിടുകയില്ല ഞാനും
കാളിയാരെ ഒരുനാളും.
കാവഴിയുമെന്ന വാക്കിൽ
ശാസിച്ചവരും ചൊല്ലുന്നു
കാണവേണം കാവഴികിൽ
നേരു പറഞ്ഞതു നീയല്ലോ
അപ്പോളാശു മാർത്തോമ്മാനും
പെട്ടെന്നുടനെ കാളിയെ
ആക്കമേറി നോക്കിക്കൊണ്ടു
കല്പിച്ചാക്കാവെരിവാനായി
കേട്ടനേരം സാത്താനായും

marggam
Digital Library of Christianity in India
www.marggam.com



കത്തിച്ചാക്കാവെരിതീയാൽ
കാളിയാരും മാർത്തോമ്മാൻെറ
കാൽക്കൽവന്നൊരു നായെപ്പോൽ
എന്നതെല്ലാം കണ്ടാലോക
രാകെ ചാടിയോടുന്നു
എമ്പ്രാൻമാരും ചാടാതോടാ
തേറ്റം കാവൽതോമ്മായെ
കാത്തുനോക്കി പേർത്തുപേർത്തു
സൂക്ഷ്മമേറിയേറ്റവും
കാൽക്കൽ വീണ കാളിയാരും
മാറിയോടിപ്പോകുന്നു
കാവും തീയും കാറ്റുംകൂടെ
കോടാതേറ്റം കാളുന്നു
കായംതേടിയോടുന്നവരും
കാളിയാരെ പിരാകുന്നു
ദീനമേറിയുള്ളവരും
തീയോടേററം തീണ്ടാതെ
സീമകൂടാതോരോകൂട്ട
മോർത്തുകേട്ടു കോപിച്ചു
തീയിൽവീണു വീണ്ടും തീയിൽ
വിഴവേണ്ടവരൊക്കവേ
തീയാൽ വേകുന്നേകൻ ചാടി
പേശവേണ്ട മാർവത്ത്
പൂണ്ടു നീണ്ട മൂർച്ചക്കോലും
വാങ്ങിനിന്നങ്ങോങ്ങുമ്പോൾ
ഭൂമിവാനം തേടിയോനെ
കാൺമാറായി മുമ്പാകെ

* * * *

| | | |
|---|---|---|
| മാറ്റുള്ള | - | മറ്റുള്ള, |
| നിവ്യാളൻമാർ | - | പ്രവാചകൻമാർ, മത പ്രബോധകൻമാർ |
| ചവളുന്നു | - | നിഷ്പ്രഭരാകുന്നു |
| ദൈവകൃത്യായാൽ | - | ദൈവഗത്യം |

പെട്ടന്നുടനെ കാളിയെ
ആക്കമേറി നോക്കിക്കൊണ്ട്
കല്പിച്ചാക്കാ വെരിവാനായ്



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പഞ്ചമഞ്ചും - രണ്ടുകാലും രണ്ടുകയ്യും തലയും തറയിൽതൊടത്തക്കവണ്ണമുള്ള നമസ്കാരം

സ്ത്രീകൾ പഞ്ചാംഗനമസ്കാരവും പുരുഷൻമാർ സാഷ്ടാംഗനമസ്കാരവുമാണ് ചെയ്യുന്നത്.

ഭദ്രകാളി പ്രതിഷ്ഠയുള്ള കാവുകളെരിഞ്ഞുപോകട്ടെ എന്ന് ശാപോക്തി മാർത്തോമ്മായിൽ നിന്നുമുണ്ടായി.

## *ഭദ്രകാളി*

ഉമയെന്നോ, പാർവ്വതിയെന്നോ, ഭദ്രയെന്നോ കേൾക്കുമ്പോഴുണ്ടാകുന്ന സൗകുമാര്യസമ്മിളിതമായ മാതൃ നിർവിശേഷ മനോഭാവമല്ല; കാളിയെന്നു കേൾക്കുമ്പോൾ ഹൈന്ദവേതര ജനതകൾക്കുണ്ടാവുന്നത്. കിരാത രൂപിണിയായ കാളി ഭീകരതയുടെ ഒരു പ്രതീകമാണ് ഇവർക്കു. ഹൈന്ദവർ ഭക്തിപൂർവ്വം കാളീരൂപത്തിനു മുമ്പിൽ അഞ്ജലീബദ്ധരായി നിൽക്കുന്നതുപോലെ ഹൈന്ദവരല്ലാത്തവർക്കു ആ രൂപം നോക്കി നിൽക്കാൻ ആവുകയില്ല. ഉമയും പാർവ്വതിയുമൊക്കെ സൗന്ദര്യബോധം വ്യഞ്ജിപ്പിക്കുന്ന പേരുകളാണ്. കാളി അങ്ങനെയല്ലല്ലോ. കാളിയെക്കുറിച്ചുള്ള ഹൈന്ദവ വിശ്വാസം എന്താണെന്നു മനസ്സിലാക്കാൻ ഇതര മതസ്ഥർ ശ്രമിക്കാറില്ല. തൽഫലമായാണ് മാർഗ്ഗംകളിപ്പാട്ടിന്റെ കർത്താവ് കാളിക്കോ, കാളീകാവിനോ അപകർഷ പരിവേഷം ചാർത്തുന്ന വരികൾ എഴുതിയിട്ടുള്ളത്.

ശിവന്റെ ധർമ്മദാരമാണ് കാളി. പാർവ്വതി, ഉമ, ഭദ്ര എന്നിങ്ങനെ കാളി അറിയപ്പെടുന്നു. കാളി ഭീകരയും ദിഗംബരയുമാണ്. എന്തുകൊണ്ടെന്നാൽ മഹാ ശക്തിയുടെ സീമാതീതമായ പ്രതീകമാണ് അവൾ. പ്രിയതമനായ പരമശിവന്റെ നിർജ്ജീവാവസ്ഥയിലുള്ള ധവളാഭമായ മൃദുമേനിയിൽ നിന്നുകൊണ്ടുള്ളതാണ് കാളീതാണ്ഡവം! പരമാത്മാവിന്റെ നിശ്ചലാവസ്ഥയുടെ പരിണാമ രൂപമാണ് കാളി. നൃത്തദേവതയായ കാളി, ജാതി, ലയം തുടങ്ങി 216 നാട്യാംഗലക്ഷണങ്ങൾ ശിവാചാര്യർക്കു ഉപദേശിച്ചുകൊടുക്കുകയുണ്ടായത്രെ.

പ്രപഞ്ചത്തിന്റെ നശീകരണാവസ്ഥയിൽ സമസ്തശക്തികളേയും തന്നിലേക്കാകർഷിച്ച് തന്നിൽ ലയിപ്പിച്ച ഉഗ്രമൂർത്തിയായ കാളിയുടെ നൃത്തം, സമസ്ത ഭൗതിക മോഹങ്ങളേയും എരിച്ചു കളയുന്നുവെന്ന് കാളീ ഭക്തർവിശ്വസിക്കുന്നു.

കാളീ ഭക്തരുടെ ഹൃദയഗതി, ഹൈന്ദവ സംസ്കാരവുമായി ബന്ധപ്പെടാത്ത മാർത്തോമ്മായ്ക്ക് മനസ്സിലാകാൻ ഇടയില്ലല്ലോ. കാവു എരിഞ്ഞുപോകട്ടെയെന്ന് പറയുമ്പോൾ ഒരു തിൻമയെ ഉച്ചാടനം ചെയ്യുന്നുവെന്ന ചിന്തയേ ആ ക്രിസ്തു ശിഷ്യനെ ഭരിച്ചിട്ടുണ്ടാവുകയുള്ളൂ.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പതിന്നാലാം പാദം

മനഗുണമുടയനവനരുളാൻ വാനവർ
മഹിമയടെത്തിയണഞ്ഞുടനെ
മറുതല നെറികെടുമതിനൊരു തേരതിൽ
മംഗലമായവർ പൂകിച്ചേ
കൈക്കൊണ്ടവരൊരു ഞൊടിയളവാൽ
ചെന്നറിയിച്ചവർ ചിന്നമലയ്ക്കെ
കരുണയോടിതുവഴി ചൊല്വതിനഴകാൽ
അങ്ങുമിങ്ങുമനസ്സിതു പരിചേ
നലമൊടു പലവക കിന്നരമഴകാൽ
നന്തുണിയും കുഴൽ പലതരമേ
നൻമവരും വക പലമൊഴിയൊരു സ്തുതി
നന്നായ് മലുക്കുകൾ പുലമ്പിതേ
ഉടമ്പിൽ നിന്നുയിരെടുത്താകാശേ
ഉയിരവനിരിപ്പിടം പൂകിച്ചേ
ഉടമയിലുടയവനുടമ്പെടുത്തഴകാൽ
നൻമനിറഞ്ഞൊരു പള്ളിയിലെ
വച്ചിതു ധനമിതു മക്കളുമനുദിനം
അരുളുവഴിക്കു നടപ്പവരെ
നിൻവിനയൊഴിയപ്പെരിയവനരുൾവഴി
തിറമൊടു തേടിപ്പുലരാമേ

* * * *

| | | |
|---|---|---|
| കാവ് + അഴിയും | = | കാവഴിയും |
| മലക്കുകൾ | = | മാലാഖമാർ |
| ഉടമ്പ് | = | ശരീരം |

ചരമമടഞ്ഞ മാർത്തോമ്മായുടെ ദേഹി സ്വർഗ്ഗലോകത്തേക്കും ദേഹം മൈലാപ്പൂരിലേക്കുമാണല്ലോ സംവഹിക്കപ്പെട്ടത്.

മാർത്തോമ്മായുടെ ഭാരത പര്യടനത്തിലെ പ്രധാനകണ്ണി മൈലാപ്പൂരാണ്. മൈലാപ്പൂരിനെ കേന്ദ്രീകരിച്ചുകൊണ്ടാണ് ഗവേഷണങ്ങളും, ചരിത്രാന്വേഷണങ്ങളും, ഗ്രന്ഥരചനകളുമെല്ലാം നടന്നിട്ടുള്ളത്. കേരളത്തിൽനിന്നുമാണ് അദ്ദേഹം മൈലാപ്പൂർക്കുപോയത്. തക്ഷശില യിൽവെച്ച് ക്രിസ്തുമതം സ്വീകരിച്ച ഗുണ്ടഫർ രാജാവ് പാർത്ഥ്യ രാജ വംശത്തിൽപ്പെട്ടവനയിരുന്നു. ആ രാജവംശത്തിൽപ്പെട്ടവരായിരന്നു ചന്ദ്രപുരിയിലെ - (മൈലാപ്പൂരിലെ) രാജാക്കൻമാർ. പാർത്ഥ രാജവംശ



www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ത്തിൽപ്പെട്ടവരെ ഉത്തരേന്ത്യക്കാർ പഹലൻമാരെന്നും, ദക്ഷിണെന്ത്യർ പല്ലവരെന്നും വിളിച്ചിരുന്നു.

(ഇന്ത്യാചരിത്രം എ. ശ്രീധരമേനോൻ P 224)

മൈലാപ്പൂരിൽ മാർത്തോമ്മാ ക്രിസ്തീയ സഭ സ്ഥാപിച്ചിരുന്നു. ചന്ദ്രപുരിയിലെ രാജകുടുംബം മാർത്തോമ്മായുടെ ശവകുടീരത്തിങ്കൽ ഏറെനാൾ പ്രാർത്ഥനിരതരായി കഴിച്ചുകൂട്ടി.

റോമൻ മാർട്ടിറോളജിയിലും ലത്തീൻ കാനോനാ നമസ്കാരത്തിലും പറയുന്നത് തോമ്മാശ്ലീഹാ ഇന്ത്യയിലെ "കലമീന" എന്ന സ്ഥലത്തുവെച്ച് വധിക്കപ്പെട്ടുവെന്നാണ്. കലമീന എന്നുപറയുന്നത് ചിന്നമലയാണ്.

ക്രിസ്തുവർഷം 72 ജൂലൈ 3-ാം തീയതി ചിന്നമലയിൽവെച്ചു മാർത്തോമ്മായുടെ ജീവിത ഗാനം പരിസമാപ്തിയിലെത്തുന്നു. മാർഗ്ഗം കളിപ്പാട്ടും ഇവിടെ അവസാനിക്കുന്നു.

## *മാർഗ്ഗം കളി നൃത്തമായി അവതരിപ്പിക്കുമ്പോൾ*

മാർഗ്ഗം കളിപ്പാട്ടിൽ യതികളും കലാശങ്ങളും കൂട്ടിച്ചേർത്താണ് കളിക്കുമ്പോൾ പാടുന്നത്. ഉദാഹരണം കാണുക.

### *പതിനാലാം പാദം*

മനഗുണമുടയവനരുളാൽ വാനവർ
മഹിമയൊടെത്തിയണഞ്ഞുടനെ, ഇതതീത്തീതെയ്
മറുതലനെറികെടുമതിനൊരു തേരതിൽ
മംഗലമായവർ പൂകിച്ചേ, ഇത തീത്തീത്തെയ്
കൈക്കൊണ്ടവരൊരു ഞൊടിയളവാൽ
ചെന്നറിയിച്ചവർ ചിന്നമലയ്ക്കെ ഇത തീത്തീതെയ്
കരുണയോടിതുവഴി ചൊൽവതിനഴകാൽ
അങ്ങുമിങ്ങുമ്മനസ്സിതു പരിചേ ഇത തീത്തീത്തെയ്
നലമൊടു പലവക കിന്നരമഴകാൽ
നന്തുനീയും കുഴൽ പലതരമേ
തീത്തീത്തകതക തീത്തീത്തകതക
തീത്തീത്തകതക തീത്തീത്തെയ്
നന്മവരും വക പലമൊഴിയൊരു സ്തുതി
നന്നായ് മലുക്കുകൾ പുലമ്പിതേ
തീത്തീത്തകതക തിത്തീത്തകതക
തീത്തീത്തകതക തിത്തീത്തെയ്
ഉടമ്പിൽ നിന്നുയിരെടുത്താകാശെ
ഉയിരവനിരിപ്പിടം പൂകിച്ചെ ഇത തീത്തീത്തെയ്





www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഉടമയിലുടയവനുടമ്പെടുത്തഴകാൽ
നന്മനിറഞ്ഞൊരു പള്ളിയിലെ ഇത തീത്തീത്തെയ്
വച്ചിതു ധനമിതു മക്കളുമനുദിനം
അരുളു വഴിക്കു നടപ്പവരേ
തീത്തീത്തകതക തീത്തീത്തകതക
തീത്തീത്തകതക തീത്തീത്തെയ്
വൻ വിനയൊഴിയപ്പെരിയവനരുൾ വഴി
തിറമൊടു തേടിപ്പുലരാമെ
തീത്തീത്തകതക തീത്തീത്തകതക
തീത്തീത്തകതക തീത്തീതെയ്
തിത്തത്തകത തികിതത്താം
തികിതക തകത തികിതത്താം
കർകു തിത്തത്താം കർകു തിന്തത്താം
കർകു തിത്തത്തത്താ തിത്താ തിമൃതത്തയ്

## BIBLIOGRAPHY

1. ചുമ്മാർ - വെള്ളിയാൻ, *മാർഗ്ഗംകളി ആട്ടപ്രകാരം*, കോട്ടയം 1985
2. Longworth Dames M., *The Book of Duarte Barbosa II*, Londoan 1921 pp 126-129.
3. Schurhammer George, *The Peacock Story of St. Thomas*, Placid Sapthathy, Alleppety, 1970, pp. 19-28
4. Werner CMI, *Kodungallor: The City of St. Thomas*, Kodungalloor 1987.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com







ക്നാനായ വിവാഹത്തിൽ
വധൂവരൻമാർ അണിഞ്ഞിരുന്ന
[illegible]

www.knanayology.org



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org